## നിയമനിർമ്മാണകാര്യം

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും**

(1) 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: മുഖ്യമന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് ഒരു ചെറിയ അമെന്റ്മെന്റാണ്. മുനിസിഫ് കോടതികളുടെ pecuniary jurisdiction നിവിലുള്ളത് 1 ലക്ഷം രൂപയാണ്. അത് 7,50,000 രൂപയായി ഉയർത്താനും ജില്ലാ കോടതികളുടെ അപ്പീൽ കേൾക്കുന്നതിനുള്ള ജൂറിസ്ഡിക്ഷൻ 2 ലക്ഷം രൂപയിൽനിന്ന് 20 ലക്ഷം രൂപയായി ഉയർത്താനുമാണ് ഈ ബില്ലിലെ നിർദ്ദേശം. ഇപ്പോഴത്തെ സാമ്പത്തികനിലയിൽ ഇത് തികച്ചും ആവശ്യമാണെന്ന് കാണുകയും അത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ വരികയും ചെയ്തതുകൊണ്ടാണ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നത്. ഈയൊരു മാറ്റം മാത്രമേ ഇതിൽ ഉദ്ദേശിക്കുന്നുള്ളൂ. ഇത് അംഗീകരിക്കണമെന്ന് സഭയോട് അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ:</u> ബില്ല് ചെറുതാണെങ്കിലും അഞ്ച് പേർ സംസാരിക്കാനുണ്ട്. സമയത്തിന്റെ കാര്യത്തിൽ സ്വയം നിയന്ത്രണമുണ്ടാകണമെന്ന് എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1957-ലെ കേരള സിവിൽ കോർട്ട് ആക്ടിനുള്ള ഭേദഗതിയാണ്. ഈ നിയമത്തിലെ പതിനൊന്ന്, പതിമൂന്ന് വകുപ്പുകളാണ് ഇവിടെ ഭേദഗതി ചെയ്യുന്നത്. പതിനൊന്നാം വകുപ്പനുസരിച്ച് ആദ്യ വ്യവഹാരങ്ങളിൽ ജില്ലാ കോടതിയുടെയും സബോർഡിനേറ്റ് ജഡ്ജിയുടെ കോടതിയുടെയും അധികാര പരിധി നിശ്ചയിച്ചിട്ടുണ്ട്. അതുപ്രകാരം ജില്ലാ കോടതിയുടെയോ സബോർഡിനേറ്റ് ജഡ്ജിയുടെ കോടതിയുടേയോ അധികാര പരിധി 1908 -ലെ സിവിൽ നടപടി നിയമത്തിലെ നിബന്ധനകൾക്ക് വിധേയമായി സിവിൽ സ്വഭാവമുള്ള എല്ലാ ആദ്യ വ്യവഹാരങ്ങൾക്കും നടപടികൾക്കും സംബന്ധിക്കുന്നതാണെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരമാണ് മുനിസിഫ് കോടതിയുടെ അധികാരപരിധി വിവാദ വിഷയത്തിന്റെ തുകയോ സലയോ 5000 രൂപയിൽ കവിയാത്തതും മറ്റ് തരത്തിൽ അതിന്റെ വിചാരണയിൽനിന്ന് ഒഴിവാക്കപ്പെടാത്തതും അതുപോലുള്ള എല്ലാ വ്യവഹാരങ്ങൾക്കും നടപടികൾ സംബന്ധിച്ചും വ്യവസ്ഥപ്പെടുത്തിയത്. അതിനുശേഷം ഭേദഗതികൾ വന്നു. അതിന്റെ അടിസ്ഥാനത്തിലാണ് സിവിൽ കോടതിയുടെ അധികാരപരിധി ഒരു ലക്ഷം രൂപ എന്നതിനുപകരം ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ എന്ന് ഭേദഗതി ചെയ്യുന്നത്. ഇതുപോലെ തന്നെയാണ് പതിമൂന്നാം വകുപ്പ്. ജില്ലാ കോടതിയുടെയും സബോർഡിനേറ്റ് ജഡ്ജിയുടെ കോടതിയു

ടേയും അധികാരപരിധി സംബന്ധിച്ച് നിയമത്തിലുള്ള വ്യവസ്ഥയിലും മാറ്റ ങ്ങൾ വന്നു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടുലക്ഷം രൂപ എന്നത് 20 ലക്ഷം രൂപ എന്നായി ഭേദഗതി ചെയ്യുകയാണ്. ഇത് ഹൈക്കോടതിയുടെ ഒരു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വന്നതാണെന്ന് വിശദീകരണ നോട്ടിൽ പറഞ്ഞിട്ടുണ്ട്. ഭൂമിയുടെ വില അനിയന്ത്രിതമായി വർദ്ധിച്ച സാഹചര്യത്തിൽ ഇത്തരത്തിലൊരു മാറ്റം കോടതിയുടെ നിർദ്ദേശപ്രകാരമാണ് ഇവിടെ വ്യവ സ്ഥപ്പെടുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ കോടതി ഭൂമിയുടെ വില വർദ്ധിച്ചു എന്നുപറയുന്നതിൽ ഞങ്ങൾ ഡിസെന്റ് എഴുതിയിട്ടുള്ള അംഗങ്ങൾ ഇതിൽ പറയുന്നത് തുക വർദ്ധിപ്പിക്കണമെന്നാണ്. കോടതിതന്നെ ഇത് സൂചി പ്പിച്ച സാഹചര്യത്തിൽ അനിയന്ത്രിതമായി ഭൂമിയുടെ വില വർദ്ധിക്കുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ 7,50,000 എന്നത് 10 ലക്ഷമായിട്ടെങ്കിലും ഉയർത്തണമെന്നും 13-ാം വകുപ്പിൽ 20 ലക്ഷമെന്നത് 25 ലക്ഷം രൂപയായും വർദ്ധിപ്പിക്കണമെന്നാണ് ഞങ്ങൾ ഇതിന്റെ ഭാഗമായി ചൂണ്ടിക്കാണിച്ചിട്ടു ള്ളത്. ഇതിൽ സിവിൽ കോടതികളെ സംബന്ധിച്ച് പറയുന്ന സന്ദർഭത്തിൽ നമ്മുടെ കോടതികളിലൊക്കെ കേസുകൾ ധാരാളമായി കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇത് കേരളത്തിൽ മാത്രമുള്ള സ്ഥിതിവിശേഷമല്ല. കേരളത്തിൽ 418 കീഴ്ക്കോടതികളിൽ 11 ലക്ഷത്തോളം കേസുകൾ കെട്ടിക്കി ടക്കുന്നുണ്ടെന്നാണ് പറയുന്നത്. നമ്മുടെ രാജ്യത്തിൽ 3 കോടിയിലേറെ കേസുകൾ കെട്ടിക്കിടക്കുന്നുവെന്ന് കഴിഞ്ഞ ദിവസം കേന്ദ്രനിയമ വകുപ്പു മന്ത്രി ശ്രീ. അശ്വിനികുമാർ പ്രഖ്യാപിച്ചതായി കണ്ടു. ഇതിന് കാരണം ആവ ശ്യത്തിന് കോടതികളും ന്യായാധിപന്മാരും അവരെ

സഹായിക്കാനാവശ്യമായ ജീവനക്കാരുമില്ലാത്തതാണ്. ഇതുകൊണ്ടാണ് കോടതികളിൽ കേസുകൾ തീർപ്പുകൽപ്പിക്കാതെ കാലതാമസം നേരിടുന്നത്. ഇതോടൊപ്പംതന്നെ ജുഡീഷ്യൽ സംവിധാനം നമ്മുടെ രാജ്യത്ത് കാര്യക്ഷമ മായി പ്രവർത്തിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല. ജുഡീഷ്യൽ സംവിധാന ത്തിൽ ഒരു അഴിച്ചുപണി അത്യന്താപേക്ഷിതമാണെന്ന് കേന്ദ്രമന്ത്രി തന്നെ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു. നമ്മുടെ രാജ്യത്തെ കോടതിമുറികളോട് ചേർന്നുള്ള റിക്കോർഡ് മുറികളൊക്കെ ഇപ്പോൾ കേസുകെട്ടുകൾകൊണ്ട് നിറഞ്ഞുകവിഞ്ഞു എന്നാണ് വാർത്തകളിൽ കാണുന്നത്. കോടതികളിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ഇതിന്റെ ഫലമായി കോടതിമുറികളോടനുബന്ധിച്ചുള്ള എല്ലാ റൂമുകളും കേസുകെട്ടുകളുടെ ഗോഡൗണായി മാറിയിരിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ജുഡീഷ്യൽ സംവിധാനത്തിൽ സാങ്കേതിക വിദ്യ ഇനിയും വേണ്ടത്ര പ്രയോഗിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ജയിലുകളെയും കോടതികളെയും ബന്ധപ്പെടുത്തി ക്കൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് എൽ.ഡി.എ ഫ്. ഗവൺമെന്റിന്റെ കാലത്ത് തുടക്കം കുറിച്ചിരുന്നു. അതിനിയും ഇവിടെ പൂർത്തീകരിച്ചിട്ടില്ല, ആ സംവിധാനം ഇപ്പോഴും കാര്യക്ഷമവുമല്ല. ആഭ്യന്തര വകുപ്പുമന്ത്രിയെ ഇവിടെ കാണുന്നില്ല. അദ്ദേഹമാണ് അത് ചെയ്യേണ്ട ആൾ. ഇത് പൈലറ്റ് ചെയ്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കുന്നുമില്ല, ആഭ്യ ന്തര വകുപ്പുമന്ത്രി സ്ഥലത്തുമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കേൾക്കുന്നുണ്ട്; നോട്ട് ചെയ്യുന്നുമുണ്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, 5 പേരുടെ നിവേദനം ഒന്നിച്ചുവാങ്ങുമ്പോൾ അങ്ങേയ്ക്ക് ഇതെങ്ങനെ

കേൾക്കാൻ സാധിക്കും; നോട്ട് ചെയ്യുന്നില്ലെന്ന് നമുക്കറിയാമല്ലോ; നിയമ നിർമ്മാണം കാര്യക്ഷമമായി നടക്കണമെങ്കിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിയെങ്കിലും കേൾക്കണ്ടേ; ജുഡീഷ്യൽ സംവിധാനം കാര്യക്ഷമമല്ലാത്തതുകൊണ്ട് ആധുനികവൽക്കരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ആരംഭിച്ച പ്രക്രിയപോലും മുടങ്ങിക്കിടക്കുകയാണ്. വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഇപ്പോൾ നിശ്ചലമായിരിക്കുകയാണ്. അതിന്റെ ഒരു തുടർ പ്രവർത്തനവും നടത്താത്ത  പ്രശ്നം ഉയർന്നുവന്നിരിക്കുകയാണ്. കോടതിയിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ വേഗം തീർപ്പുകൽപ്പിക്കണമെങ്കിൽ പുതിയ കോടതികൾ വേണം. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രജിസ്ട്രാർ സുപ്രീംകോടതിയോട് ആവശ്യപ്പെട്ടിട്ടുള്ളത് 104 പുതിയ കോടതികളെങ്കിലും കേരളത്തിൽ സ്ഥാപിക്കണമെന്നാണ്. അതിന്റെ പേരിൽ യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. ഏറ്റവും കൂടുതൽ കേസ്സുകൾ കെട്ടിക്കിടക്കുന്നത് എറണാകുളം ജില്ലയിലാണ്.  15 മജിസ്ട്രേറ്റ്  കോടതികളെങ്കിലും പുതിയതായിട്ടുണ്ടെങ്കിൽ മാത്രമേ എറണാകുളം ജില്ലയിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പുകൽപ്പിക്കാൻ കഴിയുകയുള്ളു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പുതിയ ചില കോടതികൾ അനുവദിച്ചു. ആ കോടതികൾ ഇനിയും തുടങ്ങിയിട്ടില്ല. കരുനാഗപ്പള്ളി ഉൾപ്പെടെയുള്ള ചില സ്ഥലങ്ങളിലാണ് ഇപ്പോൾ കോടതികൾ ആരംഭിച്ചത്. 30 ഗ്രാമന്യായാലയങ്ങൾ തുടങ്ങണമെന്ന് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചതാണ്. കേരളാ ഗവർണ്ണറായിരുന്ന ശ്രീ. എച്ച്. ആർ. ഭരദ്വാജ് കേന്ദ്രഗവൺമെന്റിൽ നിയമവകുപ്പുമന്ത്രിയായിരുന്ന കാലത്ത് കൊണ്ടുവന്ന പ്രധാനപ്പെട്ട പദ്ധതിയായിരുന്നു ഗ്രാമന്യായാലയങ്ങൾ ആരംഭിക്കുകയെന്നുള്ളത്. അതിനുവേണ്ടി

അദ്ദേഹം വിളിച്ചുകൂട്ടിയ കോൺഫറൻസിൽ അന്നത്തെ ആഭ്യന്തരവകുപ്പു മന്ത്രിയെന്നുള്ള നിലയിൽ എനിക്ക് പങ്കെടുക്കാനുള്ള അവസരം ഉണ്ടായിട്ടുണ്ട്. അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസ് വകുപ്പുകൂടി കൈകാര്യം ചെയ്ത മന്ത്രിയെന്നുള്ള നിലയിൽ ആ കോൺഫറൻസിൽ ഞാൻ പങ്കെടുത്തിരുന്നു. ഗ്രാമന്യായാലയങ്ങൾ ആരംഭിക്കാൻ കേന്ദ്രഗവൺമെന്റ് അദ്യം ഒരു തുക സംസ്ഥാന ഗവൺമെന്റിന് നൽകുന്നുണ്ട്. അതുപയോഗിച്ച് 30 ഗ്രാമന്യായാലയങ്ങൾ ആരംഭിക്കാൻ അന്ന് തീരുമാനിച്ചിരുന്നു. അന്നത്തെ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി സംസാരിച്ച് 30 സ്ഥലങ്ങൾ നോട്ടിഫൈ ചെയ്തു. അതിന്റെ തുടർപ്രക്രിയ ഇനിയും നടപ്പാക്കാത്തതുകൊണ്ട് ആ ഗ്രാമന്യായാലയങ്ങൾ തുടങ്ങാൻ സാധിച്ചിട്ടില്ല. ആ ഗ്രാമന്യായാലയങ്ങൾ തുടങ്ങിയാൽത്തന്നെ ഇന്ന് മജിസ്ട്രേറ്റ് കോടതികളിലും മുനിസിഫ് കോടതികളിലും കെട്ടിക്കിടക്കുന്ന കുറേയധികം കേസ്സുകൾ വേഗം തീർപ്പുകൽപ്പിക്കാൻ സാധിക്കും. ആ കാര്യത്തിന് യാതൊരു നടപടികളും ഇവിടെ സ്വീകരിച്ചതായി കാണുന്നില്ല. ജഡ്ജിമാർ ഇല്ലാത്തതുകൊണ്ട് കോടതികൾ പ്രവർത്തിക്കുന്നില്ലെന്ന റിപ്പോർട്ടുകളും കേരളത്തെ സംബന്ധിച്ച് പുറത്തുവന്നിരിക്കുകയാണ്. ജഡ്ജിമാരുടെ ധാരാളം ഒഴിവുകൾ ഇപ്പോഴുമുണ്ട്. ആ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികളില്ല. ജീവനക്കാരുടെ ഒഴിവുകൾ വളരെ കൂടുതലാണെങ്കിലും കോടതിയുമായി ബന്ധപ്പെട്ട് ജീവനക്കാരില്ല. ജീവനക്കാർ ഇല്ലാതെ വരുന്നതിനാൽ പ്രവർത്തിക്കാൻ സാധിക്കാത്ത സ്ഥിതിയാണ് ഇന്ന് കേരളത്തിലെ പല കോടതികളിലുമുള്ളത്. അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ (എ.പി.പി.) മാരുടെ ഒഴിവ് നികത്തുന്നില്ല. എ.പി.പി. മാരുടെ ഒഴിവുകൾ കാരണം പല കേസ്സുകളും കോടതികളിൽ കൃത്യമായി നടക്കുന്നില്ലെന്ന

റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്. ചില ജില്ലാ കോടതികളിൽ പി.പി. മാരുടെ നിയമനവും നടന്നിട്ടില്ലെന്ന റിപ്പോർട്ടുകളുണ്ട്. ജുഡീഷ്യൽ സംവിധാനത്തിൽ സർക്കാർ കൊടുക്കേണ്ട സഹായം യഥാസമയം കൊടുക്കുന്നില്ലെന്നുള്ള പ്രശ്നമാണ് ഇതിന്റെ ഭാഗമായി ഉയർന്നുവന്നിരിക്കുന്നത്. കോടതികളിൽ കേസ്സുകൾ യഥാസമയം തീർപ്പുകൽപ്പിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആളുകൾക്ക് എങ്ങനെയാണ് നീതി കിട്ടുന്നത്? കോടതികളിലെ സൗകര്യങ്ങൾ ഇന്ന് വളരെ കുറവാണ്. കോടതികളിൽ ദിവസവും എത്തുന്ന നിരവധി ആളുകൾക്ക് മൂത്രപ്പുര സൗകര്യം പോലുമില്ല. നമുക്കത് ഉണ്ടാക്കിക്കൊടുക്കാൻ കഴിയുന്നില്ല. ഇതിനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നില്ല. കോടതികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കുന്നില്ല. വക്കീലന്മാർക്കും സാക്ഷികൾക്കും മറ്റുള്ളവർക്കും ഇരിക്കാൻ ബഞ്ചോ കസേരയോ പോലുമില്ലാത്ത സ്ഥിതിയാണ് പല കോടതികളിലുമുള്ളത്. വക്കീലന്മാരുടെ എണ്ണം ഇന്ന് വളരെ കൂടുതലാണ്. ഓരോ വർഷവും എത്ര ആളുകളാണ് അഭിഭാഷകരായി എൻറോൾ ചെയ്യുന്നത്. ഇവരെല്ലാം കോട്ടുമിട്ട് കോടതികളിൽ പോയിരിക്കുകയാണ്. അവർക്ക് അവിടെ ഇരിക്കാൻ പോലുമുള്ള സൗകര്യം കോടതികളിലില്ല. കോടതികളിൽ അഭിഭാഷകരായി ആദ്യം പോകുന്ന ആളുകൾക്ക് കേസ്സൊന്നും ഉണ്ടാകില്ല. എന്നാൽ അവർക്കൊന്നിരുന്ന് കേസ് പഠിക്കാനുള്ള സൗകര്യം കോടതികളിലില്ല. കോടതിക്ക് പുറത്തുനിന്ന് കേസ് കേൾക്കേണ്ടുന്ന സ്ഥിതിയാണ് പല കോടതികളിലുമുള്ളത്. ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കിക്കൊടുക്കുന്നില്ലെങ്കിൽ, കോടതികളിൽ നിന്ന് നീതി ലഭിക്കാത്ത അസംതൃപ്തമായ സ്ഥിതി വിശേഷത്തിൽ എങ്ങനെയാണ് ജുഡീഷ്യൽ സർവ്വീസ് കാര്യക്ഷമമായി പ്രവർത്തിക്കാൻ പോകുന്നത്? കോടതികളിൽ ഇത്തരം സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയെന്നതുകൂടി

ഇതിന്റെ ഭാഗമായി ഗവൺമെന്റ് പരിഗണിക്കേണ്ടതാണ്. ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് നിയമഭേദഗതി കൊണ്ടുവന്ന് പാസ്സാക്കിക്കൊടുക്കുമ്പോൾ ഇത്തരത്തിലുള്ള അടിയന്തര പ്രശ്നങ്ങൾ കൂടി ജുഡീഷ്യറിയുടെ ഭാഗമായി നമ്മൾ ചിന്തിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യത്ത് വലിയ മാറ്റങ്ങൾ വരാത്ത മേഖല ജുഡീഷ്യൽ സംവിധാനമാണ്. ലെജിസ്ലേച്ചറിൽ നിയമനിർമ്മാണത്തിൽ ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്. ഗവൺമെന്റിലും എക്സിക്യൂട്ടീവിലും വലിയ മാറ്റങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. എന്നാൽ അതിനനുസരിച്ചുള്ള മാറ്റം വരാത്ത മേഖലയാണ് ജുഡീഷ്യൽ സംവിധാനം. ജുഡീഷ്യൽ സംവിധാനത്തിൽ കൂടി മാറ്റം വന്നാൽ മാത്രമേ നമ്മുടെ ജനാധിപത്യ പ്രക്രിയ പൂർത്തീകരിക്കപ്പെടുകയുള്ളു. ജുഡീഷ്യൽ സംവിധാത്തിൽ മാറ്റം വരണമെന്ന് സുപ്രീംകോടതി ജഡ്ജിമാർ ഉൾപ്പെടെ ഉറക്കെ പറയാൻ തുടങ്ങിയിരിക്കുന്ന കാലഘട്ടമാണിത്. ജഡ്ജിമാരുടെ നിയമനത്തിൽത്തന്നെ യാതൊരു വ്യവസ്ഥയുമില്ല. ജഡ്ജിമാരുടെ കൊളീജിയമാണ് പുതിയ ജഡ്ജിമാരെ തീരുമാനിക്കുന്നത്. ഹൈക്കോടതിയിൽ ആരൊക്കെ പുതിയ ജഡ്ജിമാരായി വരണമെന്ന് ഹൈക്കോടതിയിലെ കൊളീജിയമാണ് തീരുമാനിക്കുന്നത്. അതിലൊന്നും ആർക്കും ഇടപെടാൻ സാധിക്കാത്ത സ്ഥിതി വന്നിരിക്കുകയാണ്. ജഡ്ജിമാരെ നിയമിക്കുന്നതിനായി ജുഡീഷ്യൽ കമ്മീഷൻ വേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. നമ്മുടെ മുൻസിഫുമാരേയും മജിസ്ട്രേറ്റുമാരേയും നിയമിച്ചിരുന്നത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ്. അതൊരുഘട്ടത്തിൽ ഹൈക്കോടതി ഏറ്റെടുത്തു. ഇപ്പോൾ അതിൽ യാതൊരു ഇടപെടലും നടത്താൻ ഗവൺമെന്റിന് സാധിക്കുന്നില്ല. സാമുദായിക സംവരണം പാലിക്കുന്നില്ലെന്ന ആക്ഷേപങ്ങൾ ഇതിന്റെ ഭാഗമായി ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഹൈക്കോടതിയിൽ തന്നെ

ജഡ്ജിമാരുടെ നിയമനത്തിൽ വിവേചനമുണ്ടെന്ന് കഴിഞ്ഞ ദിവസം റിട്ടയർ ചെയ്ത ജസ്റ്റിസ് പി.എസ്. ഗോപിനാഥൻ പറയുകയുണ്ടായി. അദ്ദേഹം നിയമ സഭയുടെയും നിയമവകുപ്പിന്റെയും സെക്രട്ടറിയായി പ്രവർത്തിച്ച ആളാണ്. ഹൈക്കോടതി ജഡ്ജിമാരുടെ നിയമനത്തിൽ വിവേചനമുണ്ടെന്ന് അദ്ദേഹം പറയാൻ കാരണം, ജുഡീഷ്യൽ സർവ്വീസിൽ നിന്നുള്ളവർക്ക് ഹൈക്കോടതി ജഡ്ജിമാരാകാൻ രണ്ടാം പരിഗണനയാണ് നൽകുന്നത്. ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുന്ന കാര്യത്തിൽ നിശ്ചിത ക്വാട്ടയുണ്ട്. എന്നാൽ അത് പലപ്പോഴും പാലിക്കപ്പെടാറില്ല. ഇതുസംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ മുമ്പും വന്നിട്ടുണ്ട്. ഇപ്പോഴുമുള്ള ആക്ഷേപങ്ങളാണ് റിട്ടയർ ചെയ്ത ഹൈക്കോടതി ജസ്റ്റിസ് പി.എസ്. ഗോപിനാഥന്റെ അഭിപ്രായമായി പുറത്തുവ ന്നത്. കീഴ്ക്കോടതികളിലെ ന്യായാധിപന്മാരുടെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കാൻ ഹൈക്കോടതി വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്നും റിട്ടയേർഡ് ഹൈക്കോടതി ജസ്റ്റിസ് പി.എസ്. ഗോപിനാഥന്റെ അനുഭവം വ്യക്തമാക്കി പറ ഞ്ഞിരിക്കുകയാണ്. ജുഡീഷ്യൽ സർവ്വീസിലുള്ള ആളുകളുടെ അഭിപ്രായ മാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്; പലരും പറയുന്നില്ലെന്നുമാത്രം. ജുഡീ ഷ്യറിയിലെ ഇത്തരത്തിലുള്ള ആളുകളുടെ പ്രശ്നങ്ങൾ വേണ്ടത്ര പരിഗ ണിച്ച് നമുക്ക് ഇടപെടാൻ കഴിയുന്നില്ലെങ്കിൽ ......

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : അങ്ങ് ജഡ്ജിമാരുടെ കാര്യമാണ് പറ യുന്നത്. വർഷങ്ങൾക്ക് മുമ്പ് ചീഫ് ജസ്റ്റിസ് മുഖ്യമന്ത്രിയുമായി കൺസൾട്ട് ചെയ്യുന്ന സംവിധാനമുണ്ടായിരുന്നു. ഇപ്പോൾ ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസും രണ്ട് ജഡ്ജിമാരും അടങ്ങുന്ന കൊളീജിയവും സുപ്രീകോടതി യിൽ ചീഫ് ജസ്റ്റിസും രണ്ട് ജഡ്ജിമാരും അടങ്ങുന്ന കൊളീജിയവുമാണു ള്ളത്. അത്തരത്തിൽ മൂന്നോ നാലോ വ്യക്തികൾ അടങ്ങുന്നവരുടെ കൈക

ളിലേയ്ക്ക് ഹൈക്കോടതി ജഡ്ജിമാരുടെ നിയമനം മാറിയിരിക്കുന്നുവെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ; അതുകൊണ്ട് ജഡ്ജിമാരെ നിയമക്കാൻ ഒരു ജുഡീഷ്യൽ കമ്മീഷന്റെ ആവശ്യമില്ലേ; എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രസക്തമാണ്. ഇപ്പോൾ ആരാണ് ജഡ്ജിമാരായി വരേണ്ടതെന്ന് കൊളീജിയം തീരുമാനിക്കുകയാണ്. ഇത് എവിടെയും കാണാത്ത പ്രക്രിയയാണ്. അതിന്റെ ഭാഗമായി ചീഫ് ജസ്റ്റിസ് മുഖ്യമന്ത്രിയുമായി ചർച്ച ചെയ്യുന്ന സംവിധാനം നേരത്തേ ഉണ്ടായിരുന്നതായാണ് മനസ്സിലാക്കുന്നത്. അതെല്ലാം നിന്നിരിക്കുകയാണ്. ഇപ്പോൾ കൊളീജിയം തീരുമാനിക്കുന്ന ആളിന്റെ പേര് ഗവൺമെന്റിനെ അറിയിക്കുന്നുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ജസ്റ്റിസിന്റെ പരിഗണനയിലത് വരുമെന്നാണ് കഴിഞ്ഞ തവണ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. നമുക്കതിൽ ഒന്നും ചെയ്യാൻ സാധിക്കില്ല. അത് അംഗീകരിച്ച് കൊടുക്കുക മാത്രമേ വഴിയുള്ളു. എന്തെങ്കിലും വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ അവരെ അറിയിക്കാം. പക്ഷേ അവരത് മാറ്റാൻ പോകുന്നില്ല. ഇതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംവിധാനം. ഇതുതന്നെയാണ് സുപ്രീംകോടതിയിലുമുള്ളത്. അതുകൊണ്ട് ജഡ്ജിമാരുടെ നിയമനത്തിൽ ഒരു ജുഡീഷ്യൽ കമ്മീഷൻ വേണമെന്നത് ശക്തമായ അഭിപ്രായമായി മാറിയിരിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഏത് തസ്തികയ്ക്കും റിട്ടൺ ടെസ്റ്റുണ്ട്. അസിസ്റ്റന്റിനെ നിയമിക്കണമെന്നുണ്ടെങ്കിൽ റിട്ടൺ ടെസ്റ്റും ഇന്റർവ്യൂം കഴിഞ്ഞ് മാത്രമേ റാങ്ക് ലിസ്റ്റ് ഉണ്ടാക്കാൻ കഴിയുകയുള്ളു. പക്ഷേ, റിട്ടൺ ടെസ്റ്റ് ആവശ്യമില്ലാത്ത ഒരു പോസ്റ്റാണ്

ജഡ്ജിമാരുടേത്. ജില്ലാ ജഡ്ജിമാർ മുതൽ മുകളിലോട്ടുള്ള ഒരു തസ്തികയിലേയ്ക്കും റിട്ടൺ ടെസ്റ്റില്ല. ഇന്റർവ്യൂ മാത്രമേയുള്ളു. ഇതെങ്ങനെയാണ് മെറിറ്റടിസ്ഥാനത്തിലുള്ള നിയമനമായി കണക്കാക്കാൻ കഴിയുന്നത്; അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ജുഡീഷ്യൽ സർവ്വീസിലേക്കുള്ള നിയമനങ്ങളെ സംബന്ധിച്ച് ഒരു പുനഃപരിശോധന അത്യന്താപേക്ഷിതമാണ്. സാധാരണഗതിയിൽ ഐ.പി.എസ്സ്, ഐ.എ.എസ്സ്. എന്നീ പോസ്റ്റുകളുൾപ്പടെ ഏത് സർവ്വീസിൽ എടുക്കുമ്പോഴും, ടെസ്റ്റ് നടത്താറുണ്ട്. ജുഡീഷ്യൽ സർവ്വീസിലെ മാനദണ്ഡങ്ങൾ എങ്ങനെയാണ് എന്നുള്ളതിനെക്കുറിച്ച് ആർക്കും ഒരു നിശ്ചയവുമില്ല. അതിന്റെ ഫലമായാണ് ഈ തരത്തിലേക്ക് ജൂഡീഷ്യൽ സർവ്വീസ് മാറിക്കൊണ്ടിരിക്കുന്നത്. ഏറ്റവും നല്ല കഴിവുള്ള ആളുകളെയാണ് ജുഡീഷ്യൽ സർവ്വീസിലേക്ക് എടുക്കേണ്ടത്. അതിനുപകരം ഇത്തരത്തിലുള്ള ഒരു നിയമനപ്രക്രിയ തുടരുന്നിടത്തോളം കാലം ഏറ്റവും കഴിവുള്ള ആളുകളെ ജുഡീഷ്യൽ സർവ്വീസിലേക്ക് ആകർഷിക്കാൻ കഴിയുമോ എന്നുള്ള സംശയം ഉയർന്നുവന്നിരിക്കുകയാണ്. അതുകൊണ്ടാണ് ഒരു ജുഡീഷ്യൽ കമ്മീഷൻ വേണമെന്ന ആവശ്യം ഇവിടെ പ്രസക്തമായിത്തീർന്നിരിക്കുന്നത്. ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞത് വളരെ ശരിയായിട്ടുള്ള നിരീക്ഷണമാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് ജുഡീഷ്യൽ സർവ്വീസിലിരിക്കുന്നവരുടെ നിയമനത്തെക്കുറിച്ചാണ് പറയുന്നത്. അത് വളരെ ശരിയായ ഒരു കാര്യമാണ്. അതോടൊപ്പം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരെ

നിയമിക്കുന്ന കാര്യത്തിൽ ഡിസെബിലിറ്റി ആക്ട് പ്രകാരം 3% വികലാംഗരുടെ സംവരണം നിയമപ്രകാരം പാലിക്കേണ്ടതാണ്. പക്ഷെ സർക്കാർ നോട്ടിഫിക്കേഷൻ വന്നപ്പോൾ ഡിസെബിലിറ്റി ആക്ട് പ്രകാരമുള്ള അർഹതപ്പെട്ട ആളുകളെ ഉൾപ്പെടുത്താതെയാണ് വന്നിരിക്കുന്നത്. ജുഡീഷ്യറി പോസ്റ്റുപോലെ പ്രധാനപ്പെട്ട എ.പി.പി. പോസ്റ്റിലും സർക്കാർതന്നെ ഈ പറയുന്ന സംവരണ തത്വങ്ങൾ പാലിക്കാതെയിരിക്കുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, സംവരണതത്വം ഇത്തരം പ്രശ്നങ്ങളിൽ പാലിക്കുന്നില്ല എന്നുള്ളത് ഇപ്പോൾ പരക്കെ ആക്ഷേപമായി ഉയർന്നുവന്നിരിക്കുകയാണ്. എ.പി.പി.മാരുടെ നിയമനം നമ്മൾ പി.എസ്സ്.സി.ക്ക് വിട്ടുകഴിഞ്ഞതാണ്. പി.എസ്സ്.സി.ക്ക് വിട്ടുകഴിഞ്ഞ പ്രക്രിയ പൂർത്തിയാകാത്തതുകൊണ്ടാണെന്നുതോന്നുന്നു, ആ നിയമനവും ഇപ്പോൾ നടക്കുന്നില്ല. ഈ കാര്യത്തിലെല്ലാംതന്നെ ജുഡീഷ്യൽ മേഖലയിൽ സമഗ്രമായ ഒരു മാറ്റം അത്യന്താപേക്ഷിതമായി തീർന്നിരിക്കുകയാണ്. ഗവൺമെന്റിന്റെ കാര്യത്തിൽ ജുഡീഷ്യറിക്ക് ചെയ്യേണ്ടുന്ന സഹായം നമുക്ക് യഥാസമയം ചെയ്യാൻ കഴിയണം. അതിന് കഴിയാതെവരുമ്പോൾ ജുഡീഷ്യൽ സർവ്വീസ് കാര്യമായിട്ട് നമുക്ക് പ്രവർത്തിപ്പിക്കാൻ കഴിയില്ല. കോടതിയിൽ അത്യാവശ്യമായിട്ടുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. പശ്ചാത്തലസൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ആധുനിക കാലഘട്ടത്തിനനുസരിച്ചിട്ടുള്ള കോടതികളായി നമ്മുടെ കോടതികളെ മാറ്റണം. ഹൈക്കോടതിയിൽ വലിയ സൗകര്യങ്ങളുണ്ട്. ഹൈക്കോടതിയുടെ കെട്ടിടങ്ങൾ ഏറ്റവും വലിയ സൗകര്യമുള്ള കെട്ടിടങ്ങളാണ്. എന്നാൽ കീഴ്കോടതി

കളിലേക്ക് നമ്മൾ ചെല്ലുമ്പോഴാണ് ഈ അഭാവം നിഴലിക്കുന്നത്. അതുകൊണ്ട് ഈ പറയുന്ന തരത്തിലുള്ള മാറ്റങ്ങൾക്ക് ജുഡീഷ്യൽ സർവ്വീസിനിടപെടാൻ ഗവൺമെന്റിനുകഴിയണമെന്ന് ചൂണ്ടിക്കാണിച്ചു കൊണ്ടും ഈ ഭേദഗതി അംഗീകരിക്കുന്നില്ല എന്നതുകൊണ്ടാണ് വിയോജന കുറിപ്പ് എഴുതേണ്ടിവന്നത് എന്ന കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u> സർ, ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്. ഇതിന്റെ പ്രിൻസിപ്പിൾ ആക്ടിലെ 13-ാം വകുപ്പിൽ ഒരു നിർദ്ദേശമുള്ളത് നിലവിലുള്ള രണ്ട് ലക്ഷം രൂപയെന്നുള്ളത് 20 ലക്ഷം രൂപയാക്കണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുന്നത്. ഞങ്ങൾ ഡിസെന്റിംഗിൽ അത് 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുകയാണ്. അതുപോലെതന്നെ 1 ലക്ഷം രൂപയെന്ന പരിധി വർദ്ധിപ്പിച്ച് 7.50 ലക്ഷം രൂപയാക്കണമെന്നുള്ള നിർദ്ദേശത്തേയും ഞങ്ങൾ 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുകയാണ്. കേരളത്തിൽ ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നുവെന്നുള്ള യാഥാർത്ഥ്യം ഹൈക്കോടതി മനസ്സിലാക്കിയിരിക്കുന്നു. എന്നാൽ അതിനൊരു നിയന്ത്രണം വേണമെന്നുള്ളതുകൊണ്ടാണ് ഹൈക്കോടതി ചില തുകകൾതന്നെ വ്യക്തമായി പറഞ്ഞിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ തീർച്ചയായിട്ടും ഞങ്ങളുടെ ഈ ഡിസെന്റിംഗ്, ഡിസെന്റിംഗല്ല ഇത് അംഗീകരിക്കപ്പെടേണ്ട ഒരു നിർദ്ദേശമാണ്. ഡിസെന്റിംഗ് ആയി ഇതിനെ കണക്കാക്കരുത്. ക്രമാതീതമായി ഭൂമിക്ക് വില വർദ്ധിച്ചിരിക്കുന്നുവെന്ന് ഹൈക്കോടതി കണ്ടതിനുശേഷം

ഹൈക്കോടതിതന്നെ പരിധി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്തിരിക്കുകയാണ്. ഒരു ലക്ഷം രൂപയെന്നുള്ളത് 7.5 ലക്ഷം രൂപയാക്കണം എന്നത് ഞങ്ങൾ 10 ലക്ഷം രൂപയാക്കണമെന്ന് പറഞ്ഞിട്ടുള്ളതേയുള്ളൂ. അതുകൊണ്ട് ഭൂമിയുടെ വിലയുടെ പരിധി നിശ്ചയിക്കുന്നതിൽ ഹൈക്കോടതി കുറേക്കഴിഞ്ഞ് വീണ്ടും പുതിയ നിർദ്ദേശങ്ങൾ കൊണ്ടുവന്നേക്കാം. ഇവിടെ പറഞ്ഞതുപോലെ ഈ കോടതികൾ എല്ലാകാര്യത്തിലും നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. അതനുസരിച്ച് ലെജിസ്ലേഷൻ മൂവ് ചെയ്യണമെന്നുള്ള ഒരു സ്ഥിതി വന്നിരിക്കുകയാണ്. നമ്മുടെ നിലവിലുള്ള വ്യവസ്ഥകളും പാരമ്പര്യവും കീഴ്വഴക്കവുമനുസരിച്ച് നിയമനിർമ്മാണസഭകൾ പാസ്സാക്കുന്ന നിയമങ്ങൾ ഇംപ്ലിമെന്റ് ചെയ്യുന്നുണ്ടോ എക്സിക്യൂട്ട് ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കേണ്ട ജുഡീഷ്യറിയാണ് ഇപ്പോൾ നിയമനിർമ്മാണരംഗത്ത് നേരിട്ട് കടന്ന് ഇന്ന രീതിയിൽ ഈ നിയമം ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. ഇത് ലെജിസ്ലേഷനോടുള്ള ജുഡീഷ്യറിയുടെ ഒരു കടന്നുകയറ്റമാണ് എന്നാണ് നമ്മുടെ അനുഭവത്തിൽനിന്നും മനസ്സിലാകുന്നത്. ഇതുമാത്രമല്ല, ഇപ്പോൾ സമൂഹത്തെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും ഒരു ആജ്ഞാശക്തിപോലെ ജനപ്രതിനിധികളെയും ജനപ്രതിനിധി സഭയേയുമെല്ലാം പരാജയപ്പെടുത്തിക്കൊണ്ട് കോടതികൾ അവരുടെ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. അത് വ്യാപകമായ ജുഡീഷ്യറിയെ സംബന്ധിച്ച അവർ എടുക്കുന്ന നിലപാടുകൾ, നമ്മുടെ അഭിഭാഷകന്മാർ ഒരുപാടുള്ള ഒരു സഭയാണ്, ഈ നിയമസഭയ്ക്കാണോ ഇതിൽ പ്രധാനപ്പെട്ട റോൾ....

ശ്രീ. പി. സി. ജോർജ്ജ്: സർ, ഈ ഭരണഘടനപ്രകാരം ജുഡീഷ്യറിയും എക്സിക്യൂട്ടീവും ലെജിസ്ലേഷനും പാരലൽ ആയി പോകേണ്ടതും ഒന്ന് ഒന്നിന്റെ അധികാരത്തെ കവരാൻ പാടില്ലെന്നതുമാണ്. എപ്പോഴൊക്കെ എക്സിക്യൂട്ടീവിന്റെ അല്ലെങ്കിൽ ലെജിസ്ലേഷന്റെ പവർ കുറയുന്നോ അപ്പോൾ സ്വാഭാവികമായിട്ടും ജുഡീഷ്യറി മുകളിൽ കയറും. എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതു കൊണ്ടാണ് ജുഡീഷ്യറി അവരുടെ അധികാര പ്രബുദ്ധത കാണിക്കുന്നതെന്ന വസ്തുത അംഗീകരിച്ചുകൊണ്ട് ലെജിസ്ലേച്ചർ ലെജിസ്ലേച്ചറിന്റെ ജോലിയും എക്സിക്യൂട്ടീവ് എക്സിക്യൂട്ടീവിന്റെ ജോലിയും ചെയ്യുന്ന സാഹചര്യമുണ്ടാക്കിയാൽ ജുഡീഷ്യറിയുടെ കടന്നുകയറ്റം അവസാനിപ്പിക്കാൻ കഴിയുമെന്ന അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ?

ശ്രീ. സി. ദിവാകരൻ: സർ, ജുഡീഷ്യറി ജുഡീഷ്യറിയുടെ ചുമതല നിർവ്വഹിക്കണം, എക്സിക്യൂട്ടീവ് എക്സിക്യൂട്ടീവിന്റെ ചുമതല നിർവ്വഹിക്കണം, ലെജിസ്ലേഷൻ നിയമ നിർമ്മാണ ചുമതല നിർവ്വഹിക്കണം. അതിലൊന്നും ഇവിടെ അഭിപ്രായവ്യത്യാസമില്ല. അങ്ങ് പറഞ്ഞതുപോലെ ഇത് ഒന്ന് മറ്റൊന്നിന്റെ പുറത്തുള്ള കടന്നുകയറ്റമാകാൻ പാടില്ല എന്നുള്ളതു മാത്രമേയുള്ളൂ. ഇവിടെ കഴിഞ്ഞ കുറേകാലമായി കേരളത്തിൽ നടക്കുന്നത് എല്ലാ വിഷയങ്ങളിലും കോടതിയുടെ ഉത്തരവുകൾ നടപ്പിലാക്കാൻ ബാദ്ധ്യസ്ഥമായിത്തീരുന്നു. അതിലൊരു കാരണവും വേണ്ട. ഇപ്പോൾതന്നെ റോഡിൽ വാഹനങ്ങൾ എവിടെയാണ് പാർക്ക് ചെയ്യേണ്ടത്; ഓട്ടോറിക്ഷ എവിടെ പാർക്ക് ചെയ്യണം, കാർ എവിടെ പാർക്ക് ചെയ്യണം, ബസ് എവിടെ പാർക്ക് ചെയ്യണം, രാഷ്ട്രീയ പാർട്ടികൾ യോഗം എവിടെ നടത്തണം, എവിടെ നടത്താൻ പാടില്ല, എങ്ങനെയാണ് അതിന്റെ സ്റ്റേജ് കെട്ടേണ്ടത്;

അത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകും എന്നിവയെല്ലാം കോടതി Suo Motto തീരുമാനിക്കുകയാണ്. രാഷ്ട്രീയ പാർട്ടികളും സമൂഹവുമെല്ലാംകൂടി ചേരുന്നതാണ് പൊതുജനങ്ങളെന്നുപറയുന്നത്. ഏതോ ദന്ത ഗോപുരങ്ങളിൽ പണ്ടിരുന്നതുപോലെതന്നെ ഇപ്പോഴും ജനകീയ കോടതികളായി ജനാധിപത്യ പരമായ കാര്യങ്ങൾ കാണാതെ ഐവറി ടവറിൽ ഇരിക്കുന്ന ഒരു ജുഡീഷ്യറി ഉണ്ടാവുകയെന്നുപറയുന്നത് നമ്മുടെ സ്വതന്ത്ര ഭാരതത്തിന്റെ ജനാധിപത്യ അവകാശങ്ങൾക്കുതന്നെ ബുദ്ധിമുട്ടുകളുണ്ടാക്കും.

<u>ശ്രീ. പി. സി. ജോർജ്ജ്</u>: സർ, നിയമലംഘനത്തിലൂടെയാണ് ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം മഹാത്മ ഗാന്ധി നേടിത്തന്നത്. അപ്പോൾ നിയമ പരമായ സമരം എന്നുപറയുന്ന ഒരു സമരം ഞാൻ കേട്ടിട്ടില്ല. ജുഡീഷ്യറി ഇങ്ങനെയൊരു വിധി പറഞ്ഞപ്പോൾ അതിനെതിരെ തന്റേടത്തോടുകൂടി സമരം നടത്താനുള്ള തയ്യാറെടുപ്പ് ഇവിടത്തെ ഒരു രാഷ്ട്രീയ പാർട്ടിയും കാണിച്ചില്ല. റോഡിൽ സമ്മേളനം നടത്താൻ പാടില്ലെന്നത് ശരിയാണ്. പക്ഷെ, ഒരു പൊതുയോഗം നടത്താതിരിക്കാൻ പറ്റുമോ? ഒരു രാഷ്ട്രീയ പാർട്ടിയുണ്ടെങ്കിൽ പൊതുയോഗം ഇത്ര അടി അകലെകൊണ്ടുപോയി നടത്ത ണമെന്നുപറയാൻ ആർക്കാണ് അവകാശം? ജനസമൂഹത്തോട് കാര്യങ്ങൾ ജനാധിപത്യപരമായി പറഞ്ഞുമനസ്സിലാക്കാൻ ബാധ്യതയുള്ള രാഷ്ട്രീയ നേതാക്കന്മാരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഉത്തരവുവന്നപ്പോൾ എന്തു കൊണ്ട് നിയമപരമായി.... നിയമപരമായി സമരമുണ്ടോ; ആ നിയമം ലംഘി ക്കാനാണ് രാഷ്ട്ര പിതാവ് നമ്മളോട് പറഞ്ഞിരിക്കുന്നത്. ബ്രിട്ടീഷുകാരുടെ തെറ്റായ നിയമങ്ങൾ ലംഘിച്ചില്ലേ, ഉപ്പു സത്യാഗ്രഹം അതല്ലേ? ആ നിയമത്തെ ലംഘിച്ചുകൊണ്ട് അതിനെ തകർക്കുന്നതിനുപകരം ഇവിടെയുള്ള

ഞാൻ ഉൾപ്പെടുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളും ഓച്ഛാനിച്ചുനിന്ന് അതു കേട്ടുവെന്നുള്ളതാണ് പരാജയം. ആ പരാജയം നമ്മൾ സ്വയം അംഗീകരിക്കണ്ടേ?

ശ്രീ. സി. ദിവാകരൻ: സർ, അത് പരാജയമല്ല. നിയമവാഴ്ചയോട് കൂറ് ഉള്ളതുകൊണ്ടാണ് കോടതി അനാവശ്യമായിട്ടുള്ള ഇടപെടലുകൾ നടത്തുമ്പോഴും, കോടതിയെക്കാൾ ജനപ്രതിനിധികൾക്ക് ജനങ്ങളോടും ജനാധിപത്യത്തോടും താൽപ്പര്യമുള്ളതുകൊണ്ടാണ്. അല്ലാതെയല്ല. കോടതിക്ക് ഒരു വിധി പ്രഖ്യാപിച്ചാൽ മതി. പക്ഷെ ജനപ്രതിനിധികൾ നിയമ സഭയോടും ലെജിസ്ലേഷനോടും പബ്ലികിനോടും കൂടുതൽ കടപ്പാടുള്ളവരാ യതുകൊണ്ടാണ്. അത് ദൗർബ്ബല്യമായി കോടതിയോ ആരെങ്കിലും കണക്കാക്കുന്നുണ്ടെങ്കിൽ അത് നിർഭാഗ്യകരമാണ് എന്നേ പറയാനുള്ളൂ. ജനാധിപത്യ അവകാശങ്ങളൊന്നുംതന്നെ കോടതികളുടെ വിധികളിൽ തടഞ്ഞുനിർത്താൻ കഴിയുന്നതല്ല. അതുതന്നെയാണ് മഹാത്മ ഗാന്ധി പഠിപ്പി ച്ചിട്ടുള്ളതും. ബ്രിട്ടീഷുകാരുടെ നിയമംപോലും ജനവിരുദ്ധമായി വന്നപ്പോൾ അതിനെതിരായി വലിയ പോരാട്ടം നടത്തിയ പാരമ്പര്യമുള്ള നമ്മുടെ രാജ്യത്തെ കോടതികൾ ഇതൊന്നും ഇപ്പോൾ കാണുന്നില്ല. കോടതികൾ നീതി നിർവ്വഹിക്കുമെന്നാണ് നമ്മുടെയെല്ലാം പ്രതീക്ഷ. സുപ്രീംകോടതി യിലെ റിട്ടയർ ചെയ്ത ചീഫ് ജസ്റ്റിസ് ഇന്നലെ ദി ഹിന്ദു പത്രത്തിലൊരു ലേഖനമെഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നത്, 14 വയസ്സിൽ ഒരു അനാവശ്യമായ കുറ്റം ചുമത്തി തീഹാർ ജയിലിലാക്കിയ ഒരു ചെറുപ്പക്കാ രനെ 17 വർഷം കഴിഞ്ഞിട്ട് നിരപരാധിയാണെന്നുപറഞ്ഞ് വെറുതെ വിട്ടിരിക്കുന്നുവെന്ന്. ജുഡീഷ്യറിയുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഊല

ഖൗശേരല എന്നുള്ളതാണ്. വിചാരണ കൂടാതെ ഇന്ത്യയിലെ ജയിലുകളിൽ എത്ര നിരപരാധികളാണ് കിടക്കുന്നത്. അവർ ഇതുവരേയും കുറ്റവാളിക ളായി തെളിയിക്കപ്പെട്ടിട്ടില്ല. ഒരു സുപ്രഭാതത്തിൽ കേസൊന്നുമില്ല എന്നുപ റഞ്ഞ് അവരെ വെറുതെ വിടുകയാണ്. കോടതി ഇപ്പോൾ സ്ഥലത്തിന്റെ പരിധി ഒരു ലക്ഷം ഏഴര ആക്കണം, 2 ലക്ഷം 20 ആക്കണമെന്നൊക്കെ തീരു മാനിക്കുന്നത് നല്ല കാര്യമാണ്. പക്ഷെ ജുഡീഷ്യറിയിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്നത് നീതിയാണ്. ഉലഹമ്യ ശല റലിശമഹ ീള ഷൗശേരല എന്നല്ലേ നീതിശാസ്ത്രത്തെക്കുറിച്ച് പറയുന്നത്. 17 വർഷം കഴിഞ്ഞതിനു ശേഷം അവന് നീതി കിട്ടി. എന്താണ് കുഴപ്പം, ഒരു കുഴപ്പവുമില്ല. വല്ല തെറ്റും ചെയ്തോ, ഒരു തെറ്റും ചെയ്തില്ല. ശിക്ഷ വല്ലതുമുണ്ടോ, ഒരു ശിക്ഷ യുമില്ല. ഇത് ഇന്ന് ജൂഡീഷ്യറി നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ കോടതികളിൽ ആവശ്യമായ സ്റ്റാഫില്ല, സ്റ്റെനോയില്ല, ടൈപ്പിസ്റ്റില്ല, ജഡ്ജ്മെന്റ് എഴുതാൻ കഴിയുന്നില്ല എന്നൊക്കെ യുള്ള തൊഴിൽ ന്യായങ്ങൾ പറഞ്ഞ് നീതി നിഷേധിക്കാമോ? കോടതിക ളുടെ സൗകര്യമനുസരിച്ചേ നീതി കിട്ടുകയുള്ളൂവെന്നാണോ? ആയിരക്കണ ക്കിന് കേസുകൾ കോടതികളിൽ കെട്ടികിടക്കുന്നതിനുത്തരവാദി പൊതുജന ങ്ങളാണോ; നികുതി കൊടുക്കുന്നവരാണോ? ഈ കേസുകൾ കെട്ടികിടക്കു ന്നതിനെക്കുറിച്ച് ചോദിച്ചാൽ, ജഡ്ജിമാരില്ല, അവർക്ക് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റി ഇല്ല, അവർക്ക് ഫങ്ഷൻ ചെയ്യാൻ കഴിയുന്നില്ല എന്നു പറയും. അതുകൊണ്ട് കേസുകൾ മാറ്റിവയ്ക്കുകയാണ്. നിരവധി കേസു കൾക്കുവേണ്ടി കോടതിയിൽ പോയിട്ടുള്ള ഒരാളെന്ന നിലയിൽ പറയുകയാ ണ്; രാവിലെ 10 മണിക്ക് കോടതി വരാന്തയിൽ പോയാൽ 4 മണിയാകു

മ്പോൾ വക്കീലന്മാർ പറയും, കേസ് മാറ്റി വച്ചിരിക്കുകയാണെന്ന്. ഒരു മാസം കഴിഞ്ഞ് അടുത്ത ഡേറ്റിന് വീണ്ടും ചെന്നാൽ വക്കീൽ പറയും, ഇന്ന് മിക്കവാറും സാറിന്റെ കേസ് എടുക്കും. എന്നാൽ അന്ന് മൂന്നര മണിയാകുമ്പോൾ പറയും, മൂന്നുമാസത്തേക്ക് കേസ് മാറ്റിവച്ചിരിക്കുകയാണെന്ന്. ഇങ്ങനെ പത്തും പന്ത്രണ്ടും വർഷം കോടതി വരാന്തയിൽ കയറിയിറങ്ങുന്ന ആളുകളുണ്ട്. അവരോട് നീതി കാണിക്കുന്നുണ്ടോ? ഒരു പരിഷ്കൃത സമൂഹത്തിന് അനുയോജ്യമല്ലാത്ത സംവിധാനങ്ങളാണ് ഏറ്റവും വലിയ പുരോഗതി കൈവരിച്ച നമ്മുടെ രാജ്യത്ത് നിർഭാഗ്യവശാൽ ഇപ്പോഴും നടക്കുന്നത്. ഒരു ഏകാധിപത്യ ഭരണകൂടത്തിലാണെങ്കിൽ ട്രയൽ കൂടാതെ ആളുകളെ ഇഷ്ടംപോലെ ഇൻഡെഫനിറ്റായി ഇട്ടേക്കാം. അവിടെ ആരും ചോദിക്കാനില്ല, അവിടെ ജനാധിപത്യമില്ല. ഇഷ്ടമുള്ളപ്പോൾ തുറന്നുവിടാം. രാജ്യവാഴ്ച പോയി, ഫ്യൂഡലിസം പോയി, ജനാധിപത്യ അവകാശങ്ങളായിട്ടും നമ്മുടെ കോടതികളുടെ നടപടിക്രമങ്ങളിലെല്ലാം ഇന്നും നീതി ഡിലേ വരുത്തുക എന്നുള്ള സ്ഥിതിയിലേക്ക് പോകുകയാണ്. ഏത് കേസായാലും ശരി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, താങ്കളിവിടെ കേസുകൾ കെട്ടികിടക്കുന്നതിനെക്കുറിച്ച് പറഞ്ഞു. പ്രധാനമായും താഴെതലത്തിലുള്ള ക്രിമിനൽ കേസുകൾ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതികൾ പോലുള്ള മജിസ്ട്രേട്ട് കോടതികളിലാണ് വരുന്നത്. അവിടെയാണ് ഈ പറഞ്ഞതുപോലെ ആയിരക്കണക്കിന് കേസുകൾ ഓരോ കോടതിയിലും കെട്ടിക്കിടക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ജില്ലാ കോടതികളിലുള്ള കേസുകൾ കെട്ടിക്കിടക്കുന്നതിന്റെ അളവ് കുറയ്ക്കാൻ വേണ്ടി ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിച്ചു. അത് ഏറെ വിജയപ്രദമായി. രണ്ടോ മൂന്നോ വർഷത്തിനകം ഏത് സെഷൻസ് കേസിലും ജില്ലാ കോടതികളിൽ ട്രയൽ നടത്തി

കേസ് തീർപ്പ് കൽപ്പിക്കാൻ കഴിയും. ഇപ്പോൾ ഏറ്റവും കൂടുതൽ കേസുകൾ കെട്ടിക്കിടക്കുന്നത് മജിസ്ട്രേട്ട് കോടതികളിലാണ്. ഇതേ സ്വഭാവത്തിൽ ഫാസ്റ്റ് ട്രാക്ക് മജിസ്ട്രേട്ട് കോടതികൾ സ്ഥാപിച്ചുകൊണ്ട് ഈ കേസുകളുടെ പെൻഡൻസി കുറയ്ക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. സി. ദിവാകരൻ: സർ, ഇത് സ്വാഗതാർഹമായ ഒരു കാര്യമാണ്. ഫാസ്റ്റ് ട്രാക്ക് കോടതികൾ തന്നെ വേണമെന്നില്ല, അദാലത്ത് നടത്തിയാലും മതി. വളരെ പാവപ്പെട്ട ആളുകളുടെ കേസുകളാണ് കെട്ടികിടക്കുന്നത്. ഓപ്പണായിട്ടുതന്നെ മജിസ്ട്രേട്ടിന് അത് ചെയ്യാം. അദാലത്ത് നടത്തി കേസുകൾ അപ്പപ്പോൾ തീർപ്പുകൽപ്പിക്കാം. അതൊന്നും നടക്കുന്നില്ല.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത് ശരിയാണെങ്കിൽ അത് വക്കീലന്മാരുടെ വയറ്റത്തടിക്കും. അവിടെയാണ് പ്രശ്നം. അതിൽ വക്കീലന്മാരൊന്നും വിഷമിക്കണ്ട. കേസുകൾ അവധിക്കു വയ്ക്കുന്നതിന് മജിസ്ട്രേട്ടുമാരെ കുറ്റം പറയണ്ട, വക്കീലന്മാരാണ് അതിന് ഉത്തരവാദികൾ. കാരണം വക്കീൽ ഫീസ് കിട്ടണമെങ്കിൽ ഓരോ അവധിക്കും വരണ്ടേ; ഞാൻ ഇത് പരസ്യമായിട്ടു പറയുന്നതാണ്. അതിന് വക്കീലന്മാർ പിണങ്ങിയിട്ടൊന്നും കാര്യമില്ല.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ആ വിവാദത്തിനൊന്നും പോകുന്നില്ല. പ്രൊഫഷണലായിട്ടുള്ള ഒരു കാര്യത്തെ നമ്മൾ അങ്ങനെ കാണുന്നില്ല. ഇവിടെ പ്രശ്നം അതല്ല, നീതി കിട്ടണമെന്നുള്ളതാണ്. കോടതി വ്യക്തികളോട്, സമൂഹത്തോട്, സ്ഥാപനങ്ങളോട്, സംസ്ഥാനങ്ങളോട് നീതി പുലർത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കേരളത്തിലെ ജനങ്ങൾ ദീർഘ നാളുകളായി ആവശ്യപ്പെടുന്നതാണ് തിരുവനന്തപുരത്ത് ഒരു ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്നുള്ളത്. അത് സുപ്രീംകോടതിയും കേന്ദ്രവും

അനുവദിക്കേണ്ടതാണ്. എത്രകാലമായി ആവശ്യപ്പെടുന്നതാണ്. അതിന് എവിടെയാണ് തടസ്സമെന്നറിയില്ല. തമിഴ്നാട്ടിലും കർണ്ണാടകത്തിലെ ചിക്ക മംഗലൂരിലും ഹൈക്കോടതി ബഞ്ച് അനുവദിച്ചു. കേരളത്തിനുമാത്രം അതിന് ഒരു അംഗീകാരം കിട്ടുന്നില്ല. വിവേചനം കാണിക്കാൻ പാടില്ലാത്ത കോടതി തന്നെ, ജസ്റ്റ് ആയിരിക്കേണ്ട കോടതി തന്നെ ഇൻജസ്റ്റിസ് കാണിക്കുന്ന ഒട്ടേറെ ഉദാഹരണങ്ങളുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിലെ ഹൈക്കോടതിയുടെ ഒരു ബഞ്ച് അഡീഷണലായി അനുവദിക്കുമ്പോൾ മലബാർ ജില്ല ഉൾപ്പെടെ നാലഞ്ച് ജില്ലകളുടെ ആസ്ഥാനമായിട്ടുള്ള കോഴിക്കോട് ഒരു അഡീഷണൽ ബഞ്ച് വേണമെന്ന ആവശ്യം ഒരുപക്ഷേ തിരുവനന്തപുരത്തെക്കാൾ കൂടുതൽ ന്യായമുള്ളതല്ലേ?

ശ്രീ. പി. സി. ജോർജ്: സർ, വളരെ ബുദ്ധിപരമായ ഒരു സമീപനമാണിത്. ഇങ്ങനെയൊരു തർക്കമുണ്ടാക്കിയാൽ ഹൈക്കോടതി അവിടെതന്നെയിരിക്കും. ഇവിടെ ഒരു ബഞ്ചും വരികയില്ല. കോഴിക്കോട് ഗവൺമെന്റ് സ്ഥാപനമില്ല, സെക്രട്ടറിയേറ്റ് ഇരിക്കുന്നത് തിരുവനന്തപുരത്താണ്. ഇവിടത്തെ ഐ.എ.എസ്.കാരും ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും ദിവസവും ഹൈക്കോടതിയിലേക്ക് നെട്ടോട്ടം ഓടുകയാണ്. ഹൈക്കോടതിയിൽ വരുന്ന എല്ലാ കേസിന്റേയും ഒരു ഭാഗം ഗവൺമെന്റാണ്. ഗവൺമെന്റിന്റെ ഭാഗമായി സെക്രട്ടറിമാരും ഉദ്യോഗസ്ഥന്മാരും ഇവിടെ നിന്നും സ്ഥിരമായി ഹൈക്കോടതിയിൽ പോകുകയാണ്. ആ ഗതികേട് ഒഴിവാക്കാനാണ് ഇവിടെ ഹൈക്കോടതി ബഞ്ച് വേണമെന്ന് പറയുന്നത്. തിരുവനന്തപുരത്ത് ഒരു ബഞ്ച് വന്നാൽ നാല്-അഞ്ച് കോടി രൂപ ഒരു വർഷം റ്റി.എ. ഇനത്തിൽ മാത്രം കേരള സർക്കാരിന്റെ ഖജനാവിന് ലാഭമുണ്ടാകും. അത് നിഷേധിച്ചിട്ട്

കാര്യമുണ്ടോ? ബഹുമാനപ്പെട്ട ഹൈക്കോടതി, സുപ്രീംകോടതിയുടെ അനുവാദത്തോടുകൂടി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കേണ്ടത് കേരളത്തിന്റെ ആവശ്യമാണ് എന്നുള്ള വസ്തുതയാണ് മുമ്പിൽ നിൽക്കുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് വരണമെന്നുള്ള ഒരു ഡിമാൻഡ് ശ്രീ. സണ്ണി ജോസഫ് പറഞ്ഞതിന് എത്രയോ വർഷങ്ങൾക്കുമുമ്പുള്ളതാണ്. ഒരുപാട് ആളുകൾ വാഗ്ദാനം ചെയ്തതാണ്. അങ്ങ് ഈ പറയുന്നതുപോലെ കോഴിക്കോട്ടും വേണം എന്നു പറഞ്ഞിട്ട് കാര്യമില്ല. ദീർഘനാളായി ഇവിടെ സമരം ചെയ്ത് പ്രക്ഷോഭം നടത്തിയിട്ടുള്ളതാണ്. അങ്ങ് വഞ്ചിയൂർ കോടതി പരിസരത്തുപോയി നോക്കിയാലറിയാം, മൂന്നരകൊല്ലമായി അവിടെ ഇതിനുവേണ്ടി സത്യാഗ്രഹം നടക്കുകയാണ്. പ്രാദേശികമായി ഞാൻ പറയുകയല്ല. ഇത് നമ്മുടെ മുമ്പിലുണ്ടായിരുന്ന ഒരു യാഥാർത്ഥ്യമാണ്. ഇവിടെ ശ്രീ. പി.സി. ജോർജ് പറഞ്ഞതുപോലെ മന്ത്രിമാരുടെയും ഡിപ്പാർട്ടുമെന്റുകളുടെയും അഡ്മിനിസ്ട്രേഷന്റേയും ഹെഡ്ക്വാർട്ടേഴ്സായ, സിവിൽ ഭരണത്തിന്റെ കേന്ദ്രമായ തിരുവനന്തപുരത്ത് അയൽ സംസ്ഥാനങ്ങളിൽ ചെയ്തതുപോലെ ഹൈക്കോടതി ബഞ്ച് കൊണ്ടുവരാൻ കഴിയുമായിരുന്നു. അത് പലപ്പോഴും പറഞ്ഞ് കബളിപ്പിക്കപ്പെട്ട ഒരു സംഭവമാണ്. അതിന് കാരണമെന്താണെന്നറിയില്ല. ഞങ്ങൾ ഇപ്പോഴും പ്രതീക്ഷിക്കുന്നത് കോടതിയിൽ നിന്ന് ഞങ്ങൾക്ക് നീതി കിട്ടിയില്ലായെന്നാണ്. ഞാൻ പറഞ്ഞുവന്നത് വിവേചനം കാണിക്കുന്നത് കോടതികളിൽ നിന്നുപോലും ഉണ്ടാകുമെന്നാണ്. ജനങ്ങളുടെയിടയിൽ നമ്മുടെ കോടതികളെക്കുറിച്ച് ഒരഭിപ്രായമുണ്ട്. പണമുണ്ടെങ്കിൽ നീതി വിലക്കുവാങ്ങാൻ കഴിയുന്ന ഒരു ജുഡീഷ്യൽ സംവിധാനം ഇന്ത്യയിലുണ്ട് എന്ന് പറയുന്നത് അപമാനകരമല്ലേ? അങ്ങയുടെ പാർട്ടിയിലുള്ള ആളുകൾ

തന്നെ പരസ്യമായി പറഞ്ഞല്ലോ ജഡ്ജിക്ക് കോഴ കൊടുക്കുന്നത് ഞാൻ കണ്ടു എന്ന്. അങ്ങയുടെ നാട്ടുകാരനല്ലേ പറഞ്ഞത്. ജഡ്ജിമാർക്ക് കോഴ കൊടുത്താണ് വിധി സമ്പാദിക്കുന്നതെന്ന് പറഞ്ഞു. എന്നിട്ട് ഒന്നും സംഭവി ച്ചില്ലല്ലോ. എന്തുകൊണ്ട് അങ്ങനെ പറയേണ്ടിവന്നു; സുപ്രീംകോടതിയുടെ എത്ര ജഡ്ജിമാർ കറപ്ഷൻ കേസിൽ നേരിടേണ്ടിവന്നു; എത്ര ജഡ്ജിമാ രുടെ വീടുകളിൽ സി.ബി.ഐ. റെയ്ഡുകൾ നടന്നു; ഇതൊക്കെ സാധാരണ ജനങ്ങൾ നോക്കികൊണ്ടിരിക്കുകയാണ്. നീതികിട്ടേണ്ട ജനങ്ങൾ നോക്കു മ്പോൾ നീതി നടത്തേണ്ട ന്യായാധിപന്മാരുടെ വീടുകളിൽ പോലീസ് റെയ്ഡ് നടത്തുന്നു. അവർ അഴിമതികളുടെ പ്രതികളായി മാറുന്നു. അവരിൽ നിന്നാണോ നീതി പ്രതീക്ഷിക്കേണ്ടത്. അതുകൊണ്ട് നമ്മുടെ കേരളത്തിലെ ജുഡീഷ്യറി, ഇന്ത്യയിലെ ജുഡീഷ്യറി പരിപൂർണ്ണമായി ഉടച്ചുവാർക്കേണ്ടതാണ്. അവിടത്തെ നിയമനങ്ങൾ വരെ ഇവിടെ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. നിയമനങ്ങൾ നടത്തുന്നത് ആരാണ്? ഒരു ഉദാഹരണംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. കോടതി പരിപാവനമായിട്ടുള്ള ഒന്നാണെന്ന് ഇവിടെ ആരോ പറഞ്ഞു. ഞാൻ അത് നിഷേധിക്കുന്നില്ല. ജനാധിപത്യത്തിൽ നമുക്കെല്ലാം ചില അവകാശങ്ങളുണ്ട്. രണ്ട് ഗവൺമെന്റിന്റെ കാലുപിടിച്ചാണ് എന്റെ മണ്ഡലമായ കരുനാഗപ്പള്ളി യിൽ ഒരു സബ്കോടതി കൊണ്ടുവന്നത്. ഞാൻ മന്ത്രിയായിരുന്ന ഗവൺമെന്റ് വിചാരിച്ചിട്ടും ആവശ്യത്തിന് ജീവനക്കാരെ ലഭിച്ചില്ല. ആ ഗവൺമെന്റ് മാറി പുതിയ ഗവൺമെന്റ് വന്നപ്പോൾ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽകണ്ട് പറഞ്ഞു. അഞ്ചുകൊല്ലമായിട്ടും ആവശ്യത്തിന് ജീവനക്കാരെ ലഭിച്ചില്ലേ എന്ന് അദ്ദേഹം എന്നോട് ചോദിച്ചു. അധികമായി ആറ് ജീവനക്കാരെക്കൂടി അദ്ദേഹം അനുവദിച്ചു. കോടതി നിലവിൽ വന്നു.

ബാർ കൗൺസിൽ സെക്രട്ടറിയും പ്രസിഡന്റും വന്ന് എന്നെ കണ്ടു. മുഖ്യമന്ത്രിയെ വിളിച്ച് കോടതിയുടെ ഉദ്ഘാടനം നടത്തണമെന്നും ഞാൻ അദ്ധ്യക്ഷനായിരിക്കുമെന്നും ഞാൻ അവരോട് പറഞ്ഞു. അവർ എല്ലാം സമ്മതിച്ച ശേഷം ഹൈക്കോടതിയിൽ പോയി ചീഫ് ജസ്റ്റിസിനെ വിളിച്ചു. ചീഫ് ജസ്റ്റിസ് പറഞ്ഞത്, നിങ്ങൾ ഇതുമായി ബന്ധപ്പെട്ട കടലാസ്സുകൾ ഇവിടെ വച്ചിട്ട് പോയാൽ മതി, എന്റെ സൗകര്യം നോക്കിയശേഷം ഡേറ്റ് അറിയിക്കാം, വെൽക്കം സ്പീച്ച് നടത്തേണ്ടതാരാണെന്നും പ്രിസൈഡ് ചെയ്യേണ്ടത് ആരാണെന്നും വോട്ട് ഓഫ് താങ്ക്സ് പറയേണ്ടതാരാണെന്നും ഞങ്ങൾ തീരുമാനിക്കും. നിങ്ങളുടെ എം.എൽ.എ.-യ്ക്ക് സൗകര്യമുണ്ടെങ്കിൽ പേര് വയ്ക്കാം അവിടെ വന്നിരുന്നാൽ മതി എന്നാണ്. അത് അങ്ങനെ തന്നെ സംഭവിച്ചു. ഇപ്പോൾ പന്മനയുള്ള കുടുംബ കോടതിയുടെ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് ഹൈക്കോടതിയാണ്. ഏത് നിയമമാണെന്ന് എനിക്കറിയില്ല. വയനാട്ടിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ഒരു കോടതി ആരംഭിച്ചു. ആ കോടതിയുടെ ഉദ്ഘാടനച്ചടങ്ങിൽ നമ്മുടെ കാബിനറ്റ് മന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയെ പങ്കെടുപ്പിക്കാൻ പാടില്ലായെന്ന് ജില്ലാ കോടതി ഉത്തരവ് നൽകി. ആ വാർത്ത പത്രങ്ങളിൽ മുഴുവനും വന്നു. നാഷണൽ പ്രസ്സ് മുഴുവനും ആ വാർത്ത പബ്ലിഷ് ചെയ്തു. കേരളത്തിൽ എന്തെങ്കിലും വില അവർക്കുണ്ടോ? അവരുടെ പേരിൽ ഒരു കേസ്സുണ്ടെന്നും അത് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും അതിന്റെ അടിസ്ഥാനത്തിൽ ഇവരെ ആ ചടങ്ങിൽ പങ്കെടുപ്പിക്കാൻ പാടില്ലായെന്നുമാണ് പറഞ്ഞിരുന്നത്. ഇങ്ങനെയാണോ കോടതി? ഒരിക്കൽ ഞാനൊരു സബ്മിഷൻ നൽകി. അന്ന് സബ്മിഷൻ എടുക്കാതെ സഭ പിരിഞ്ഞതിനാൽ എനിക്ക് അതിന്റെ മറുപടി ലഭിച്ചില്ല. ലെജിസ്ലേച്ചർ മാത്രമല്ല,

ലെജിസ്ലേച്ചർ മെമ്പർമാരെയും കേരളത്തിലെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട മന്ത്രിമാരെയും പരിഗണിക്കാതെ പോകുന്ന ഈ സമീപനം ജനാധിപത്യ സമ്പ്രദായത്തെ അപമാനിക്കുന്നതല്ലേ; ഇങ്ങനെ അപമാനിക്കാമോ; അത് ചോദ്യം ചെയ്യണം. ഏത് നിയമമനുസരിച്ചാണ് ഞങ്ങളെ നിഷേധിക്കുന്നതെന്ന് ഞാൻ പലരോടും ചോദിച്ചു. ഞങ്ങൾ ഡയസ്സിൽ ഇരിക്കാൻ പാടില്ല, ഞങ്ങൾ പ്രസംഗിക്കാൻ പാടില്ല, ഞങ്ങൾ വെൽക്കം ചെയ്യാൻ പാടില്ല. ഞങ്ങൾ ആദ്ധ്യക്ഷം വഹിക്കാൻ പാടില്ല എന്ന് തീരുമാനിക്കുന്നത് ആരാണ്; അവർക്കെന്ത് അവകാശം? കോടതി പ്രവർത്തിക്കുന്നതിനായി കെട്ടിടം എടുത്തുനൽകിയതും ഗവൺമെന്റിൽനിന്നും പണം വാങ്ങിക്കൊടുക്കുന്നതും ജീവനക്കാരെ കൊടുക്കുന്നതും പൊതുഖജനാവിൽനിന്നും ശമ്പളം കൊടുക്കുന്നതും ജനങ്ങളുടെ പ്രതിനിധിയായ ഞങ്ങളാണ്. ഇത് ചോദ്യം ചെയ്യണം. ഞങ്ങളുടെ കാലത്ത് കഴിഞ്ഞില്ല, അങ്ങയുടെ കാലത്തെങ്കിലും ചോദ്യം ചെയ്യണം. ഇങ്ങനെ അപമാനിക്കാമോ? ഇപ്പോൾ ഏതെങ്കിലും കോടതികളിൽ എന്തെങ്കിലും പരിപാടിയുണ്ടെങ്കിൽ ഞാൻ അതുവഴി പോകാറില്ല. കാരണം, ഈ പരിപാടിയിൽ പങ്കെടുക്കാൻ ക്ഷണിച്ചില്ലേയെന്ന് ആളുകൾ ചോദിക്കും. എന്റെ മണ്ഡലത്തിൽ നടന്നത് അതാണ്. ഇപ്പോൾ ഒരു മന്ത്രിയുടെ മണ്ഡലത്തിൽ നടന്നത് അതാണ്. കുമാരി പി. കെ. ജയലക്ഷ്മിയെ ഒഴിവാക്കണമെന്നുപറയാൻ ഏത് കോടതിക്കാണ് അവകാശം? പട്ടികജാതിക്കാരോടും പട്ടികവർഗ്ഗക്കാരോടും ആദിവാസികളോടും ജുഡീഷ്യറി ഇതാണോ ചെയ്യേണ്ടത്?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കോടതികളുടെ സവിശേഷമായ ഇടപെടലിനെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. നമ്മുടെ ജനാധിപത്യ സമൂഹത്തിൽ ജനാധിപത്യം വികസിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ

ഭാഗമായി ഇപ്പോൾ വിവരാവകാശ നിയമം പാസ്സാക്കി, സുതാര്യമായ ഭരണ സംവിധാനം കൊണ്ടുവന്നു, സേവനാവകാശ നിയമം പാസ്സാക്കാൻ പോകുന്നു. തീരെ ജനാധിപത്യമില്ലാത്ത മേഖലയാണ് ജുഡീഷ്യറി. കോടതി കളിലെ ഭാഷ, വേഷം, കോടതികളിലുപയോഗിക്കുന്ന വാക്കുകൾ............., കേരളാ ഹൈക്കോടതിയിൽ ജഡ്ജിമാരെ Lord എന്നാണ് വിശേഷിപ്പി ക്കുന്നത്. ഒരു ജനാധിപത്യ സമൂഹത്തിൽ കോടതികൾ മാത്രം ഇങ്ങനെ ജനാധിപത്യവിരുദ്ധമായി നിൽക്കുന്നത് ശരിയാണോ; എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. സി. ദിവാകരൻ: സർ, അങ്ങയുടെ അഭിപ്രായം പൂർണ്ണമായി അംഗീകരിച്ചുകൊണ്ടാണ് ഇന്ത്യയിലെ ജുഡീഷ്യൽ സിസ്റ്റം പരിപൂർണ്ണമായി മാറ്റത്തിന് വിധേയമാക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടത്.

ശ്രീ. ജി. സുധാകരൻ: സർ, ഏകാധിപത്യ രാജ്യങ്ങളിലെ ജഡ്ജിമാർ ഒഴിച്ചാൽ പരിഷ്കൃത രാജ്യമായ ഇന്ത്യയിൽ മാത്രമേ ഈ ഫ്യൂഡൽ ധിക്കാരമുള്ളൂ. ഇത് ഞങ്ങളുടെ പാരമ്പര്യമാണ്, ഇരുന്നുകഴിഞ്ഞാൽപ്പിന്നെ ധിക്കാരമേയുള്ളൂ. ഇവിടെയുള്ള ഒരു ക്ലാസ് ഫോർ ജീവനക്കാരന് ശമ്പളം കൊടുക്കുന്നതുപോലെ, ഭരണഘടനയിലെ ഒരു clause ഉപയോഗിച്ചാണ് ജഡ്ജിമാർക്ക് ശമ്പളം കൊടുക്കുന്നത്. ഭരണഘടനാപരമായി ജഡ്ജി ഒരു ജീവനക്കാരനാണ്. പക്ഷെ നമ്മൾ ഒരു പ്രത്യേക അധികാരം കൊടുക്കുന്നു. അത് അങ്ങേയറ്റം ദുർവിനിയോഗം ചെയ്യുകയാണ്. ജനാധിപത്യപരമായ, ശക്തമായ എതിർപ്പുകൊണ്ട് നമുക്കിതിനെ നേരിടേണ്ടതുണ്ട്. അതുകൊണ്ട് ഈ ജഡ്ജിമാരെ അവരുടെ നിയമപരമായ അധികാരങ്ങൾ ഉപയോഗിക്കുന്ന

അവസരത്തിലല്ലാതെ മറ്റ് അവസരത്തിൽ അനാവശ്യമായി ബഹുമാനിക്കേണ്ട കാര്യമെന്താണ്?

ശ്രീ. സി. ദിവാകരൻ: സർ, അതാണ് ഞാൻ നേരത്തേ പറഞ്ഞത്. നമ്മുടെ ജനാധിപത്യബോധമാണിത്. ജനപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ ഇങ്ങനെ ജനങ്ങളുമായി നിരന്തരം ബന്ധമുള്ളവരുടെ സമീപനങ്ങൾ ജഡ്ജിമാരെക്കാൾ വ്യത്യസ്ഥമാണ്. അതിനെ ദൗർബല്യമായി കണക്കാക്കിയാണ് അവർ നമ്മളെ ഇങ്ങനെ കയ്യേറ്റം നടത്തുന്നത്. നമ്മൾ അവരെ ബഹുമാനിക്കുന്നു, ജുഡീഷ്യറിയെ ബഹുമാനിക്കുന്നു. ജുഡീഷ്യറിയുടെ കൽപ്പനകളെല്ലാം സ്വീകരിക്കുന്നു. അവരുടെ ശിക്ഷാവിധികളെല്ലാം സ്വീകരിക്കുന്നു. പക്ഷെ അതെല്ലാം കഴിഞ്ഞതിനുശേഷം ജനപ്രതിനിധികൾ കൊള്ളരുതാത്തവരാണെന്ന തരത്തിലുള്ള ഇടപെടലുകളും തീരുമാനങ്ങളും വരുന്നത്......

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ മന്ത്രിയായിരുന്ന സമയത്ത് രണ്ട് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്ക് സഭയിൽ മറുപടി പറയേണ്ടതായുണ്ടായിരുന്നു. ആ സമയത്ത് ഞാൻ ഒരു കേസ്സിലെ പ്രതിയായിരുന്നു. രണ്ട് ചോദ്യങ്ങൾക്കുള്ള ഉത്തരം സഭയിൽ പറയേണ്ടതിനാൽ കോടതിയിൽ ഹാജരാകാൻ കഴിയുകയില്ലെന്ന് കാണിച്ച് എന്റെ വക്കീൽ വഴി ബഹുമാനപ്പെട്ട ഒറ്റപ്പാലം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ഞാനൊരു അപേക്ഷ കൊടുത്തു. അത് അംഗീകരിച്ചില്ലെന്നുമാത്രമല്ല എന്നെ രണ്ടര വർഷത്തേക്ക് ശിക്ഷിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട എം. ചന്ദ്രനെയും ശിക്ഷിച്ചു. 313 അനുസരിച്ച് സ്റ്റേറ്റ്മെന്റ് വയ്ക്കുമ്പോൾ പ്രതി കോടതിയിൽ ഹാജരാകണം. എന്റെ അഭാവത്തിൽ മജിസ്ട്രേറ്റ് 313 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് വച്ചു. എന്ത് നീതിയാണ്

ബഹുമാനപ്പെട്ട ദിവാകരൻ സഖാവേ ഇതിന്റെ പിന്നിലുള്ളത്; എന്ത് നിയമമാണിത്? എന്നെ ഇവിടെനിന്നും മാറ്റണമെന്നുപറഞ്ഞ് അന്ന് ബഹുമാനപ്പെട്ട വി. ഡി. സതീശൻ അടിയന്തരപ്രമേയം കൊണ്ടുവന്നു.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട എ. കെ. ബാലൻ, ആ ശിക്ഷ ശരിയല്ല എന്ന അഭിപ്രായം പറഞ്ഞയാളാണ് ഞാൻ. ഇപ്പോഴും ആ അഭിപ്രായം പറയുന്നു. പക്ഷെ അങ്ങേക്ക് ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കാൻ കഴിഞ്ഞു. അതുകൊണ്ടാണ് ബാക്കി നടപടിയില്ലാതിരുന്നത്. പക്ഷെ, ഒരു സാധാരണക്കാരനാണ് ഈ ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നതെങ്കിൽ അവൻ എങ്ങനെ അപ്പീലുംകൊണ്ട് പോകും; വക്കീലിനെ വയ്ക്കണമെങ്കിൽ ഫീസ് കൊടുക്കേണ്ടേ; കോടതിയിൽ പോകണ്ടേ? ജനാധിപത്യത്തിൽ വളരെ പ്രസക്തമായ ഒരു കാര്യത്തെപ്പറ്റിയുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. സമയം പോകുന്നതിൽ എനിക്കും ദുഃഖമുണ്ട്. ബഹുമാനപ്പെട്ട കോടതികൾ ജനപ്രതിനിധികളോട് മാത്രമല്ല ജനങ്ങളോടും നീതി പുലർത്തുന്നതിനുള്ള ബാധ്യത കാണിക്കണം. മലയാള സർവ്വകലാശാലാ നിയമം പാസ്സാക്കിയപ്പോൾത്തന്നെ സർവ്വകലാശാലയിലെ നിയമനങ്ങൾ പി.എസ്.സി.–ക്ക് വിട്ടില്ലായെന്നുപറഞ്ഞ് ഇവിടെ ബഹളമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ നിയമനങ്ങളെല്ലാം പി.എസ്.സി.–ക്ക് വിടുന്നുണ്ടോ; ആരെങ്കിലും ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ടോ; അവർക്ക് ഇഷ്ടമുള്ളവരെ കൂലിക്ക് വയ്ക്കുകയല്ലേ; ആരും ചോദ്യം ചെയ്യുന്നില്ലല്ലോ? അവർക്ക് ശമ്പളം കൊടുക്കുന്നത് സർക്കാരാണ്. ഏത് സർക്കാരായാലും അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ സ്പീക്കറായിരുന്ന സമയത്ത്, ജഡ്ജിമാർ പുതിയ കാറുകൾ മുഴുവനും മാറ്റിയശേഷം വേറെ കാറുകൾ വാങ്ങുന്നതിന്റെ മര്യാദയെന്താണെന്ന് ഞാൻ ചോദിച്ചു. ജഡ്ജിമാരെപ്പറ്റി

ഇങ്ങനെ പറയാമോയെന്ന് വക്കീലന്മാരായ എം.എൽ.എ.–മാർ അന്ന് ചോദിച്ചു. ഞാൻ പറഞ്ഞത് ശരിയാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. അതുകൊണ്ട് അന്ന് ഞാൻ രക്ഷപ്പെട്ടു. ഇത്തരം കാര്യങ്ങളിൽ സഭ ഒന്നിച്ചുനിൽക്കണം, ജനപ്രതിനിധികൾ ഒന്നിച്ചു നിൽക്കണമെന്നതാണ് എന്റെ അഭിപ്രായം.

ശ്രീ. ജി. സുധാകരൻ: സർ, ശ്രീ. പി. സി. ജോർജ് പറഞ്ഞപ്പോൾ ഞാൻ ഓർക്കുകയാണ്, ചില ജഡ്ജിമാർ മീൻ വാങ്ങാനും പലവ്യഞ്ജനങ്ങൾ വാങ്ങാനും ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്. കമ്പോളം മുഴുവനും ഔദ്യോഗിക വാഹനം കൊണ്ടുനടക്കുകയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, നിയമനങ്ങളിൽ യാതൊരു മാനദണ്ഡ വുമില്ലാത്തതുകൊണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ജഡ്ജിമാർ വരുമ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളും ഇവിടെ വരികയാണ്. അവരെ സ്ഥിരപ്പെടുത്തിക്കൊണ്ടിരിക്കുകയുമാണ്. ഒരു മാനദണ്ഡവുമില്ലാതെ നിയമനം നടത്തുന്ന കേരളത്തിലെ ഏക സ്ഥാപനമാണ് കേരളാ ഹൈക്കോടതി എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. എം. ചന്ദ്രൻ: സർ, സഖാവ് ശ്രീ. ബാലൻ പറഞ്ഞ കേസുമായി ബന്ധപ്പെട്ടാണ് എനിക്ക് പറയാനുള്ളത്. ഈ നിയമസഭയ്ക്ക് ജുഡീഷ്യറി യുടെമേൽ യാതൊരു അധികാരവുമില്ലെന്ന ധരണയാണ് മജിസ്ട്രേട്ട് മുതൽ ഹൈക്കോടതി ജഡ്ജി വരെയുള്ളവർക്കുള്ളത്. ഒറ്റപ്പാലം മജിസ്ട്രേട്ട് ഞങ്ങളോട് ഹാജരാകാൻ പറയുന്ന ദിവസം ഞങ്ങൾ ഇവിടെ നിയമസഭയി ലാണ്. നിയമസഭയിൽ പങ്കെടുക്കുകയാണെന്ന് ഞങ്ങളുടെ വക്കീൽ പറയു കയും ചെയ്തു. നിയമസഭ എന്നുപറയുമ്പോൾ ഗവർണർ വിളിച്ചിട്ടാണല്ലോ

ഞങ്ങൾ വരുന്നത്. ആ മജിസ്ട്രേട്ട് അത് അംഗീകരിച്ചില്ല ഞങ്ങളെ രണ്ടര ക്കൊല്ലത്തേക്ക് ശിക്ഷിച്ചു. വാറന്റാക്കി. അത് ഞങ്ങൾ അസംബ്ലി പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിക്ക് കൊടുത്തു. അന്ന് ശ്രീ. വി. ജെ. തങ്കപ്പനാണ് അതിന്റെ ചെയർമാൻ. അദ്ദേഹം മൂന്നുപ്രാവശ്യം ആ മജിസ്ട്രേട്ടിനോട് പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിയുടെ മുൻപാകെ ഹാജരാകാൻ പറഞ്ഞു. ഒരിക്കൽ പോലും ഹാജരായില്ല. അതിന്റെ അർത്ഥം നിയമസഭയെക്കാൾ ഉപരിയാണ് ജുഡീഷ്യൽ ഓഫീസേഴ്സ് എന്നാണ് അവരുടെ ധാരണ. നമ്മൾ ഹാജരായില്ലെങ്കിൽ വാറന്റ് പുറപ്പെടുവിക്കാൻ അവർക്ക് അധികാരമുണ്ട്. നിയമസഭയുടെ പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിയുടെ മുൻപിൽ ഒരു മജിസ്ട്രേട്ടിനെ വിളിച്ചാൽ ഹാജരാകേണ്ടത് അവരുടെ ഉത്തരവാദിത്തമാണ്. അത് ഹൈക്കോടതി തടഞ്ഞു. അതിന്റെ ഗർവ്വാണ് അവർക്ക്. നിയമസഭയെ നോക്കുകുത്തിയാക്കുന്ന സമീപനം ജുഡീഷ്യൽ ഓഫീസേഴ്സ് ഇവിടെ നടത്തുന്നുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട ചന്ദ്രൻ സഖാവ് പറഞ്ഞു, അവിടെയാണ് എന്റെ തർക്കം. പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിയുട മുന്നിൽ ഹാജരാകാൻ നോട്ടീസയച്ചിട്ട് ഹാജരായില്ലെങ്കിൽ എന്തുകൊണ്ട് അറസ്റ്റ് ചെയ്ത് ഹാജരാക്കാൻ പ്രിവിലേജസ് കമ്മിറ്റി നടപടി സ്വീകരിച്ചില്ല. നിയമസഭാ കമ്മിറ്റിയും സ്പീക്കറും ശരിയാകണം. അതാണ് പ്രശ്നം. പ്രിവിലേജ് കമ്മറ്റിക്ക് അറസ്റ്റ് ചെയ്ത് ആളെ ഹാജരാക്കാൻ അധികാരമുണ്ട് എന്തുകൊണ്ട് കമ്മിറ്റി അത് ചെയ്തില്ല. അതിനുള്ള അധികാരം സ്പീക്കർക്കും, സഭയ്ക്കുമുണ്ട് ആ അധികാരം ഉപയോഗിക്കാതിരുന്നതാണ്.

അധികാരം ഉപയോഗിക്കാതെ കോടതിയെപ്പറ്റി പരാതി പറഞ്ഞ് കരഞ്ഞു കൊണ്ട് കുത്തിയിരുന്നിട്ടെന്താണ് കാര്യം. ആ ജോലി ചെയ്യണം.

ശ്രീ. കെ. രാജു: ജനാധിപത്യത്തിൽ ജുഡീഷ്യറിയുടെ പ്രവർത്തനം എങ്ങനെയായിരിക്കണമെന്ന് സാമാന്യേന വെളിച്ചത്തുവരുന്ന ഒരു ചർച്ച യാണ് ഇവിടെ നടക്കുന്നത്. ഒരു കാര്യം ഈയവസരത്തിൽ ചൂണ്ടിക്കാണി ക്കാനുള്ളത്, സർക്കാർ ഖജനാവിൽനിന്ന് ശമ്പളം പറ്റുന്ന എല്ലാ ഉദ്യോഗ സ്ഥരുടെയും വിരമിക്കൽ പ്രായം തീരുമാനിക്കുന്നത് സർക്കാരാണ്. എന്നാൽ ജഡ്ജിമാർ എന്ന് വിരമിക്കണമെന്നതുസംബന്ധിച്ച് തീരുമാനമെടുത്തത് ജഡ്ജിമാരാണ്. 65 വയസ്സ് എന്നത് അവർ തീരുമാനിച്ചതാണ്. അങ്ങനെ ഏകപക്ഷീയമായി ഞാൻ എന്ന് വിരമിക്കണം എന്നുള്ളതിനെ സംബന്ധിച്ച് ഞാൻ തന്നെ തീരുമാനിക്കാമോ; കേരളത്തിലെ ജഡ്ജിമാർ ആ നിലയിലാണ്. ആ വിവരം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. എം. ഹംസ: ശ്രീ. ബാലനെതിരെയും ശ്രീ. എം. ചന്ദ്രനെതിരെയും വാറന്റ് പുറപ്പെടുവിച്ച് അത് പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിക്ക് കൊടുത്തു. പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റി മജിസ്ട്രേട്ടിനോട് ഹാജരാകാൻ പറഞ്ഞപ്പോൾ എഥിക്സ് കമ്മിറ്റിയുടെ മുന്നിൽ ഹാജരാകാതെ വന്നാൽ എടുക്കേണ്ട നടപടി അന്ന് എടുത്തില്ലെങ്കിൽപോലും ഇപ്പോഴുള്ള പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിക്ക് അത് തുടർന്ന് എടുത്തുകൂടെ. അത് പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിയുടെ അജണ്ടയിൽ വരേണ്ട തല്ലേ. അത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്.

ശ്രീ. ജി. സുധാകരൻ: ശ്രീ. വക്കം പുരുഷോത്തമൻ സ്പീക്കറായിരുന്ന പ്പോൾ ഹൈക്കോടതി അദ്ദേഹത്തെ സമൺ ചെയ്ത ഒരു സംഭവമുണ്ടായി.

എന്നാൽ അദ്ദേഹം വരാൻ സൗകര്യപ്പെടില്ല എന്ന് മറുപടി അയച്ചു. ഒന്നും സംഭവിച്ചിട്ടില്ല.

ശ്രീ. സി. ദിവാകരൻ: ലെജിസ്ലേച്ചറിന് അനന്തമായ അധികാരങ്ങളുണ്ട്. നമ്മളാണ് സ്വതന്ത്ര ഭാരതത്തിലെ നിയമ നിർമ്മാണം നടത്തുന്ന സഭ. നമ്മളെ ക്വസ്റ്റ്യൻ ചെയ്യാൻ ജനങ്ങൾക്കല്ലാതെ വേറെ ആർക്കും അധികാരമില്ല. നമ്മളിങ്ങനെ സഹിച്ച് പൊറുത്ത് വന്നുവന്ന് ഒരു പബ്ലിക് ഫങ്ഷനുപോലും ജുഡീഷ്യറിയുടെ അനുവാദമില്ലാതെ പങ്കെടുക്കാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുകയാണ്. റിട്ടയർമെന്റ് കാലം അവർ സ്വയം തീരുമാനിച്ചിരിക്കുകയാണ്. അത് ചോദ്യം ചെയ്യാൻ, നിങ്ങൾ ആരോട് ചോദിച്ചിട്ടാണ് റിട്ടയർമെന്റ് ഏജ് തീരുമാനിച്ചിരിക്കുന്നതെന്ന് ചോദിക്കാൻ ഇവിടെ ഒരു ഗവൺമെന്റുണ്ടോ, ജനപ്രതിനിധിയുടെ സഭയുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങെങ്കിലും....... ഞങ്ങൾക്ക് എം.എൽ.എ. മാരെന്ന നിലയിൽ മന്ത്രിമാരെന്ന നിലയിൽ ഈ ജുഡീഷ്യറിയുടെ കയ്യേറ്റം തുടരുകയാണ്. ഒന്നുകിൽ സഭയുടെ നേതാവ് സഭയുടെ അംഗങ്ങളുടെ ആത്മാഭിമാനം കാത്തുരക്ഷിക്കണം. അല്ലെങ്കിൽ സ്പീക്കർ അതിന് ആവശ്യമായ നടപടി എടുക്കണം. ഞങ്ങൾ എവിടെപ്പോയി പറയണം. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടുവന്ന ഞങ്ങൾ, ജനങ്ങൾക്കുവേണ്ടി നിയമമുണ്ടാക്കുന്ന ഞങ്ങൾ, ഇപ്പോൾ ചർച്ച ചെയ്യുന്നതുതന്നെ, ജൂഡീഷ്യറി പറഞ്ഞ രീതിയിൽ ഭേദഗതി ചെയ്തുകൊടുക്കാൻ നമ്മുടെ ഗവൺമെന്റ് നമ്മോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഹൈക്കോടതി....

ശ്രീ. കെ. എൻ. എ ഖാദർ: സർ, ജുഡീഷ്യൽ ആക്ടിവിസം, ജൂഡീഷ്യൽ എക്സസ് എന്നുള്ള ചില സംഗതികളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. ദിവാകരൻ പറയുന്നത്. ലെജിസ്ലേച്ചറിന് അനന്തമായ

അധികാരങ്ങളുണ്ടെന്നുപറയുന്നത് ശരിയല്ല. ഞാൻ അതിനോട് വിയോജിക്കുകയാണ്. ജുഡീഷ്യറിക്കൊരധികാരമുണ്ട്, ലെജിസ്ലേച്ചറിന് ഒരധികാരമുണ്ട്, എക്സിക്യൂട്ടീവിന് വേറൊരു അധികാരമുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന അധികാരങ്ങളിൽ പരസ്പരം കോൺട്രാഡിക്ഷനില്ലാതെ നോക്കുന്നതിനാവശ്യമായ സംവിധാനങ്ങളുണ്ട്. നമ്മുടെ ഭരണഘടന നമ്മൾ ഉണ്ടാക്കി നമുക്ക് തന്നെ സമർപ്പിച്ചതാണ്. നമ്മളുണ്ടാക്കിയ ഭരണഘടനെയെയാണ് നമ്മൾ അനുസരിക്കുന്നത്. ശ്രീ. എ. കെ. ബാലനും ശ്രീ. എം. ചന്ദ്രനും ഉണ്ടായ അനുഭവം എന്നുപറയുന്നത് ആ ജുഡീഷ്യൽ ഓഫീസർക്കുള്ള ഒരു ഡിസ്ക്രീഷനാണ്. അത് അയാൾ ശരിയായ രീതിയിൽ ഉപയോഗിക്കാതിരുന്നത് അയാളുടെ തെറ്റാണ്. നമ്മുടെ നിയമത്തിന്റെ തെറ്റല്ല. ഇപ്പോൾതന്നെ കോടതിയുടെ pecuniary jurisdiction മാറ്റുന്നതിനുവേണ്ടിയുള്ള ഈ ബില്ലിലെ രണ്ട് വ്യവസ്ഥകളാണ് ചർച്ച ചയ്യുന്നത്. അതിൽ ഒരു ലക്ഷം രൂപയുള്ളത് ഏഴ് ലക്ഷത്തി അമ്പതിനായിരവും രണ്ട് ലക്ഷമുള്ളത് ഇരുപത് ലക്ഷവുമാക്കുന്ന ജുഡീഷ്യറിക്കുള്ള അധികാരം വർദ്ധിപ്പിച്ചുകൊടുക്കുന്നത് നമ്മളാണ്. ആ തരത്തിൽ ആ ഭാഗത്ത് നമ്മൾ മുൻപിലാണ്. പക്ഷെ, ഒരിക്കൽ ഇത് വർദ്ധിപ്പിച്ചാൽ പിന്നെ അത് വ്യാഖ്യാനിക്കേണ്ടതും നടപ്പാക്കേണ്ടതും ജുഡീഷ്യറിയുടെ അധികാരത്തിലാണ് വരുന്നത്. പരസ്പരം കൊമ്പ് കോർക്കുക, പരസ്പരം എക്സസ് കളിക്കുക എന്നത് ശരിയായ നിലപാടല്ല. ജുഡീഷ്യറി എടുത്ത നിലപാടുപോലെത്തന്നെ ലെജിസ്ലേച്ചറിന് അനന്തമായ അധികാരമുണ്ടെന്ന് നമ്മൾ പറഞ്ഞാൽ അതും എക്സസാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: ലെജിസ്ലേഷന് അധികാരമില്ല എന്ന് അങ്ങ് പറഞ്ഞുകളയരുത്. അങ്ങയുടെ അനുഭവത്തിന്റെ കുറവാണ്. പ്രതിയാവു

കയും കോടതിയിൽ പ്രതിയായി പോവുകയും ചെയ്താലേ ഇതൊക്കെ അറിയാൻ കഴിയൂ. കോടതിയിൽ വക്കീലായി പോയാൽ അറിയാൻ പറ്റില്ല.

ശ്രീ. വി. ഡി. സതീശൻ: നമ്മൾ അങ്ങനെ സംസാരിച്ചുപോകുന്നത് ശരിയല്ല. കാരണം ഭരണഘടന കൃത്യമായി ഡിഫൈൻ ചെയ്യുന്നുണ്ട്. ഈ മൂന്ന് സ്ട്രക്ച്ചേഴ്സിനും എല്ലാ അധികാരങ്ങളുമുണ്ട്. പക്ഷെ, ശ്രീ. കെ. എൻ. എ. ഖാദർ സൂചിപ്പിച്ചപോലെ പരസ്പരം കൊമ്പ് കോർക്കാനുള്ളതല്ല. ചെക്ക് ആന്റ് ബാലൻസ് എന്ന വാക്കാണ് അതിനുവേണ്ടി ഉപയോഗിക്കുന്നത് ബാലൻസ് ഓഫ് പവേഴ്സുണ്ട്. അനിയന്ത്രിതമായ ഒരധികാരവും ആർക്കും കൊടുത്തിട്ടില്ല. ജൂഡീഷ്യറിക്കും, ലെജിസ്ലേച്ചറിനും, എക്സിക്യൂട്ടീവിനും കൊടുത്തിട്ടില്ല. ആരാണ് ആ അധികാര സീമകൾ ലംഘിക്കുന്നത്. നമ്മുടെ മൗലിക അവകാശങ്ങൾ – ഫണ്ടമെന്റൽ റൈറ്റ്സ് കൊടുത്തിട്ടുണ്ട്. അതും വളരെ റെസ്ട്രിക്റ്റഡാണ്. നമുക്ക് വഴിയിൽ കൈവീശി നടക്കാനുള്ള അധികാരമുണ്ടെന്നുകരുതി ഒരാളുടെ മൂക്കത്ത് ഇടിക്കാൻ പാടില്ല എന്ന് പറയും. അയാളുടെ മൂക്കിന്റെ തുമ്പിൽ നമ്മുടെ കൈവീശി നടക്കാനുള്ള സ്വാതന്ത്ര്യം അവസാനിക്കുകയാണ്. അതുകൊണ്ട് അനിയന്ത്രിതമായ അധികാരം ലെജിസ്ലേച്ചറിനുണ്ട് എന്നുപറയുന്ന വാദഗതിയോട് യോജിക്കാൻ കഴിയില്ല.

ശ്രീ. സി. ദിവാകരൻ: നമ്മളെല്ലാം മനസ്സിലാക്കുന്നുണ്ട്. ഇതിനെല്ലാം ലക്ഷ്മണരേഖയുണ്ട്. ഇവിടെ ലക്ഷ്മണരേഖ ലംഘിക്കപ്പെട്ട അനുഭവം കൊണ്ടാണ് ഞാൻ പറഞ്ഞത്. പരസ്പരം കൊമ്പ് കോർക്കാനല്ല. വെറുതെ പോകുന്നവന്റെ നേരെ കൊമ്പ് കോർക്കുന്നതെന്തിനാണ്. ഇപ്പോൾ ജുഡീഷ്യറി ഇടപെട്ടുകൊണ്ടിരിക്കുന്നതെല്ലാം ഭരണഘടനയുടെ ഏത്

വകുപ്പനുസരിച്ചാണ്. കുമാരി പി. കെ. ജയലക്ഷ്മിയെ ഒരു പൊതുയോഗ ത്തിൽ പങ്കെടുക്കണ്ടായെന്ന് തീരുമാനിച്ച വകുപ്പേതാണ്.

ശ്രീ. സണ്ണി ജോസഫ്: കേസിന്റെ മെറിറ്റ് എന്താണെങ്കിലും അവർ ഒരു കേസിലെ പ്രതിയാണ്. ആ കേസിൽ പ്രതിയായി നിൽക്കുന്നൊരാൾ അവിടെ യൊരു ഫങ്ഷനിൽ അറ്റന്റ് ചെയ്യുന്നതിന്റെ പ്രൊപ്രൈറ്റിയായിരിക്കും ചോദ്യം ചെയ്തത്.

ശ്രീ. സി. ദിവാകരൻ: അങ്ങയെപ്പോലൊരാൾ ഇത് പറയുന്നത് കഷ്ട മാണ്. രാജ്യം ഭരിക്കാം, രാജ്യത്തിന്റെ മുഴുവൻ കാര്യങ്ങൾ നോക്കാം. ടോപ്പ് എക്സിക്യൂട്ടീവാണ്. അവിടെ ഏതോ കേസുണ്ടെന്നുപറഞ്ഞ് അങ്ങനെ ഒഴിവാക്കുക എന്നുപറയുന്നതിനെ ന്യായീകരിക്കുന്നത്.......... ഏതായാലും എനിക്കതിൽ താത്പര്യമൊന്നുമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: കുമാരി ജയലക്ഷ്മി മിനിസ്റ്റർ ആ പ്രദേശത്തെ ജനപ്രതിനിധിയെന്ന നിലയിൽ ആ പരിപാടിയിൽ അവിടെ പങ്കെടുക്കുകയെ ന്നതാണ് ന്യായം. മിനിസ്റ്ററുടെ കേസ് ആ കോടതി കേൾക്കണ്ടെങ്കിൽ രാജ്യത്തെ വേറെ കോടതിയിലേക്ക് മാറ്റാം. അതിനാൽ അവരുടെ മണ്ഡല ത്തിലെ അവരുടെ പ്രിവിലേജിനെ നഷ്ടപ്പെടുത്തിയതിനെ ഒരിക്കലും ന്യായീകരിക്കാൻ കഴിയില്ല.

ശ്രീ. സി. ദിവാകരൻ: അതുമാത്രമേ ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളൂ. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് അങ്ങ് പ്രോപ്പറാ യിട്ടുള്ള ലീഗൽ അഡ്വൈസ് വാങ്ങി ഈ സഭയിൽ വന്ന വിഷയങ്ങൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിലെത്തിക്കുക. ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. ദീർഘകാലമായി അനുഭവപ്പെട്ടിരുന്ന ഒരു അപാകത

പരിഹരിക്കുന്നതിനുള്ള ശ്രമമാണ് ഈ ബിൽ. കോടതി തന്നെ നിർദ്ദേശിച്ച പ്രകാരമാണ് മുൻസിഫ് കോടതിയുടേയും സബ്കോടതിയുടെയും pecuniary jurisdiction-ന്റെ വർദ്ധനവ് ഇവിടെ വരുത്തിയിരിക്കുന്നത്. ഈ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ കൂടുതലാക്കണം എന്നുള്ള അമെന്റ്മെന്റാണ് ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചപ്പോൾ പറഞ്ഞത്. കേരളത്തിലെ സിവിൽ കോടതികളിൽ സിവിൽ കേസുകൾ ഇപ്പോൾ കെട്ടി ക്കിടക്കുന്നു എന്നുള്ളത് ഒരു വശം. പൊതുവെ ഇവിടെ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരോട് ശ്രീ. വി. ഡി. സതീശൻ, ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. മാത്യു റ്റി. തോമസ് ഒക്കെയുണ്ട്. പൊതുവെ, നമ്മുടെ കോടതിയിൽ സിവിൽ കേസുകൾ കുറയുന്ന സ്ഥിതിയുണ്ട്. അത് നമ്മൾ ഗൗരവമായി എടുക്കേണ്ട കാര്യമാണ്. സിവിൽ കേസുകൾ കുറയുന്നതിന്റെ കാരണം ആളുകൾക്ക് പരാതികളോ ഗ്രീവൻസസോ ഇല്ലാഞ്ഞിട്ടല്ല, കോടതിയിൽ പോകാൻ മടിച്ചിട്ടാണ്. കാരണം ഒരു സിവിൽ കേസിൽ കൊണ്ടുതലവച്ചുകൊടുത്താൽ പിന്നെ ആയുസ്സിന്റെ പകുതിയും കോടതിയിൽതന്നെ ഇറങ്ങിക്കയറിയും വക്കീലിന് കാശ് കൊടുത്തും പോകേണ്ടിവരും എന്നുള്ള ദുരവസ്ഥയിലേക്ക് പോകാതിരിക്കാനാണ് ആളുകൾ പലപ്പോഴും സിവിൽ കോടതിയെ സമീപി ക്കാതിരിക്കുന്നത്. അതിന് പരിഹാരമായി ഇന്ന് നമ്മുടെ സമൂഹത്തിൽ പലപ്പോഴും നടക്കുന്നതെന്താണ്? പോലീസ് സ്റ്റേഷനിൽ പോകുന്നു. പോലീസുകാർക്ക് അധികാരമില്ലാത്ത മേഖലകളിൽ, പോലീസിനെ സ്വാധീനിച്ച് പോലീസിനെ ഇടപെടുത്തി തർക്കം തീർക്കാൻ ശ്രമിക്കുക. അതിന്റെ ഭാഗമായി അഴിമതി. ഇനി പോലീസ് സ്റ്റേഷനിൽ തീരാതെ വരുന്നതോ? ക്വട്ടേഷൻ സംഘങ്ങളെ ഏൽപ്പിച്ച് തീർക്കാൻ നോക്കുകയാണ്.

അപ്പോൾ ഈ കേസുകൾ കെട്ടിക്കിടക്കുന്നതും; സിവിൽ കേസുകൾ അനന്തമായി നീണ്ടുപോകുന്നതും; ഒരു കോടതിയിൽ തീർപ്പ് കൽപ്പിച്ചാൽ അടുത്ത കോടതിയിലേക്കും സുപ്രീം കോടതിവരെ സിവിൽ കേസുകളുടെ അപ്പീൽ പോകാനുള്ള; ഒരു ചെറിയ അതിർത്തിത്തർക്കംപോലും കൊണ്ടുപോകാനുള്ള സൗകര്യമാണ് ഈ ദുരവസ്ഥയിലേക്ക് നയിക്കുന്നത്. സിവിൽ കേസുകൾ സമയബന്ധിതമായി തീർക്കാൻ പറ്റുമോ? തീർക്കണ്ടേ? അതിന് ഒരു സംവിധാനമുണ്ടാകണ്ടേ? ആ സംവിധാനം എങ്ങനെയുണ്ടാക്കാം എന്നുള്ളതാണ് എല്ലാവരും ഗൗരവമായി ആലോചിക്കേണ്ട കാര്യം. കേസുകൾ കെട്ടിക്കിടക്കുന്ന ദുരവസ്ഥ....., ഇപ്പോൾ ക്രിമിനൽ കേസിന്റെ കാര്യത്തിൽ ഫാസ്റ്റ് ട്രാക്ക് കോടതിയുടെ കാര്യം പറഞ്ഞു, എന്നുപറഞ്ഞതുപോലെ സിവിൽ കേസുകളുടെ നൂലാമാലകൾ കുറയ്ക്കുകയും സിവിൽ കേസുമായി ഒരു കോടതിയിൽ ചെല്ലുന്ന ഒരു പരാതിക്കാരന് വേഗം പരിഹാരം കാണാൻ കഴിയുമെന്നുള്ള സ്ഥിതിയുണ്ടാക്കുകയും ചെയ്യണം. അതല്ലെങ്കിൽ കോടതിയിൽ ആളുകൾ പോകുന്നത് ഇപ്പോഴത്തെ പോലെ കുറയും. അതുമായി ബന്ധപ്പെട്ട് ഇപ്പോൾ കാണുന്നതുപോലെ ഒട്ടേറെ സാമൂഹിക പ്രശ്നങ്ങളും നമ്മുടെ സമൂഹത്തിൽ വരും എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. അതേപോലെ ഈ പരിഷ്ക്കാരങ്ങളുടെ ഭാഗമായി; ഹൈക്കോടതിയിൽ തീരുമാനിച്ചാണ് പാസ്സായി വരുന്ന ഉടനെ മുൻസിഫ് മജിസ്ട്രേട്ടായി സെലക്ട് ചെയ്യാമെന്നുള്ള തീരുമാനം വന്നത്. പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരോട് ചോദിച്ചാലറിയാം അത് കോടതിയിൽ ഉണ്ടാക്കുന്ന ഒട്ടനവധി പ്രായോഗിക പ്രശ്നങ്ങളുണ്ട്. ഒരു പ്രോസിക്യൂട്ടറായോ മറ്റേതെങ്കിലും പോസ്റ്റിലേക്കോ ഒരു അഭിഭാഷകനെ വയ്ക്കണമെങ്കിൽ അഞ്ചോ ആറോ ഏഴോ കൊല്ലമോ സ്റ്റാൻഡിംഗ് പ്രാക്ടീസ് വേണം. കോടതിയുടെ മുമ്പിൽ വരേണ്ട ഒരു

അഭിഭാഷകനെ സംബന്ധിച്ച് അത്രയും കാലത്തെ പ്രാക്ടീസ് വേണം. കോടതിയിലിരിക്കുന്ന ആളുകൾ ഒരു കൊല്ലത്തെ കഷ്ടിച്ച്, അതുപോലും വേണമെന്നില്ല. ഒരു കൊല്ലം പോലുമില്ലാതെ പാസ്സായി വരുന്ന ഒരാളിനെ സെലക്ട് ചെയ്യാൻ ട്രെയിനിംഗ് കൊടുത്ത് മുൻസിഫ് കം മജിസ്ട്രേറ്റ് ആക്കാമെന്നാണ് പറയുന്നത്. അതൊരു തെറ്റായ സമീപനമാണ്; കോടതിയുടെ പ്രായോഗികമായ നടപടിക്രമങ്ങളെക്കുറിച്ച് പരിചയമില്ലാത്ത ഒരാൾ അവിടെയിരിക്കുകയും വക്കീലന്മാർ ഇവിടെയിരിക്കുകയും ചെയ്യുന്നത് പലപ്പോഴും ഒട്ടനവധി ക്ലാഷുകൾക്ക് ഇടയാക്കുന്നുണ്ട് എന്നു ള്ളത് നമ്മൾ മനസ്സിലാക്കണം. അതിന് ഒരു പരിഹാരം വേണം.

ശ്രീ. ജി. സുധാകരൻ: സർ, കൺസ്യൂമർ കോടതി എന്നൊരു കോടതി യുണ്ട്. കൺസ്യൂമർ കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറായി നിയമി ക്കപ്പെടുന്നതിന് ദശലക്ഷക്കണക്കിന് രൂപ ഉദ്യോഗാർത്ഥികൾക്ക് കൊടുക്കേ ണ്ടതായ ഒരു വലിയ അഴിമതി കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. വലിയ തരത്തിൽ പൈസ വാങ്ങിച്ചുകൊണ്ടിരിക്കുകയാണ്. പൈസ കൊടുത്താൽ എല്ലാവർക്കും കിട്ടില്ല. അതിലേറ്റവും കൂടുതൽ പൈസ കൊടുത്തയാൾക്കാണ് കിട്ടിയിരിക്കുന്നത്. അന്വേഷണം നടത്തിയാൽ അത് വ്യക്തമാകും. അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ ജോലി കിട്ടിയാൽ ആ സ്ഥാനത്ത് വന്ന് ചെയ്യുന്നത്, വളരെ തെറ്റായ തരത്തിലുള്ള വിധികളുണ്ടാക്കി; വളരെ ന്യായമായി വിധി കിട്ടേണ്ടവരെ ഉപദ്രവിച്ച്; അന്യായവിധി നൽകി പൈസയുണ്ടാക്കും. ആലപ്പുഴയിൽ ഇത്തരത്തിലുള്ള ധാരാളം കേസുകളുണ്ട്. വാസ്തവത്തിൽ നീതിന്യായ വ്യവസ്ഥ കൂടുതൽ പരിഷ്കൃതവും സുതാര്യമാ ക്കുന്നതിന് ഇതിൽ ഒരു മാറ്റം വരുത്തണ്ടേ? കൈക്കൂലി വാങ്ങുന്ന പ്രിസൈഡിംഗ് ഓഫീസർമാരെ ശിക്ഷിക്കാൻ കാര്യമായ നിയമമൊന്നും

ഇവിടെയില്ല. അതെപ്പറ്റിയൊക്കെ ഈ അവസരത്തിൽ ചർച്ച ചെയ്യുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കൺസ്യൂമർ റിഡ്രസ്സൽ ഫോറമൊക്കെ എക്സിക്യൂട്ടീവിന്റെ അധികാരം ദുരുപയോഗപ്പെടുത്തുന്നതാണ്. അങ്ങനെയാണ് ആ മേഖലകളിലെല്ലാം ജുഡീഷ്യറി പതുക്കെപ്പതുക്കെ മേധാവിത്തം സ്ഥാപിക്കുന്നത്. അതുപോലെ പ്രിസൈഡിംഗ് ഓഫീസറുടെ; ജുഡീഷ്യൽ ഓഫീസേഴ്സിന്റെ അഴിമതി ഫലപ്രദമായി തടയാൻ എന്തു സംവിധാനമാണ് ഇന്ത്യയിലുള്ളത്. ഒരു സംവിധാനവുമില്ല. അഴിമതി ആരോപണത്തിന് വിധേയരായ ജഡ്ജിമാർ അവിടെ തന്നെ തുടരുക, അവരെ നീക്കം ചെയ്യുന്നതിന്റെ കാര്യങ്ങൾ ഒരു തരത്തിലും നടപ്പാക്കാൻ പറ്റാതിരിക്കുക. നമ്മുടെ ജുഡീഷ്യൽ സിസ്റ്റത്തിൽ വന്നിട്ടുള്ള അപാകതകളിൽ ഒന്ന് അതാണ്. മറ്റൊന്ന് താഴെത്തട്ടിൽ നിന്ന് ജുഡീഷ്യറി മുതലായ മുകളിലോട്ടുള്ള നിയമനങ്ങൾക്കുവരെ എക്സിക്യൂട്ടീവിന് യാതൊരു അഭിപ്രായവുമില്ല; യാതൊരു പങ്കുമില്ല എന്നുള്ള സ്ഥിതിയിലേക്ക് ഇന്നെത്തി. ഒരു കേസിന്റെ വിധിന്യായത്തിലെ രണ്ടുപാരഗ്രാഫ് പറഞ്ഞാണ് എക്സിക്യൂട്ടീവിന്റെ എല്ലാ സേയും എടുത്ത് കളഞ്ഞ് സുപ്രീം കോടതി അത് അപ്രോപ്രിയേറ്റ് ചെയ്തത്. എന്നിട്ട് അവർക്കിഷ്ടമുള്ളതുപോലെ നിയമനം നടത്തുക; ഒരു ജനാധിപത്യ വ്യവസ്ഥയിൽ കാര്യങ്ങൾ സുതാര്യമാകണ്ടേ. ജഡ്ജിമാരുടെ നിയമനങ്ങൾ, അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സുതാര്യമാകണ്ടേ. അതിന് എക്സിക്യൂട്ടീവിന് ഒരു പങ്ക് വേണ്ടേ? ആ പങ്ക് നിഷേധിക്കാമോ? അമേരിക്കയിൽ സുപ്രീം കോടതിയിൽ ജഡ്ജിയായി പ്രൊപ്പോസ് ചെയ്യപ്പെടുന്നയാൾ സെനറ്റിന്റെ മുമ്പിൽ വന്ന്, ഇലാബറേറ്റായിട്ടുള്ള സെനറ്റ് കമ്മിറ്റിയുടെ ചോദ്യങ്ങൾക്ക് വിധേയമാകുന്നു. സെനറ്റ് അപ്രൂവലോടുകൂടി മാത്രമേ

ഒരാളെ സുപ്രീം കോടതിയിൽ എടുക്കാൻ സാധിക്കുകയുള്ളൂ. ലോകത്ത് മറ്റൊരു സ്ഥലത്തും, എക്സിക്യൂട്ടീവിനെ യാതൊരു തരത്തിലുള്ള പങ്കുമില്ലാത്ത ജുഡീഷ്യൽ അപ്പോയ്മെന്റ് നടക്കുന്നത് ഇന്ത്യയിൽ മാത്രമേ കാണുകയുള്ളൂ. അപ്പോൾ അതിന് പരിഹാരം വേണം. എക്സിക്യൂട്ടീവ് അഭിപ്രായം പറഞ്ഞിരുന്ന കാലത്താണ് ലോകമാകെ ആദരിക്കുന്ന കൃഷ്ണ യ്യരെ പോലുള്ളയാളുകൾ കോടതികളിൽ അപ്പോയ്ന്റ് ചെയ്യപ്പെട്ടത്. എക്സിക്യൂട്ടീവിന്റെ ഇന്റർവെൻഷൻ കൊണ്ട് എന്ത് കുഴപ്പമാണ് ജുഡീഷ്യറി യിൽ ഉണ്ടായത്? ആ അപ്പോയ്മെന്റിൽ എക്സിക്യൂട്ടീവിന് സേ ഉണ്ടായി രുന്ന കാലത്ത്....., ഇത് പതുക്കെപ്പതുക്കെ ജുഡീഷ്യറി അപ്രോപ്രിയേറ്റ് ചെയ്തെടുത്ത അധികാരങ്ങളാണ്. എന്നിട്ടത് നിയമമാണെന്നുപറ ഞ്ഞുകൊണ്ടുനടക്കുന്നു. അത്തരം കാര്യങ്ങളിൽ, ഡയറക്ട് സെലക്ഷനായി മുൻസിഫുമാരെ നിയമിക്കുന്നത് മുതൽ സുപ്രീം കോടതിയിലേക്കും ഹൈക്കോടതിയിലേക്കും ജഡ്ജിമാരെ നിയമിക്കുന്നതുവരെയുള്ള കാര്യ ങ്ങളിൽ മറ്റാർക്കും അഭിപ്രായപ്രകടനങ്ങൾ നടത്തേണ്ട കാര്യമില്ലായെന്നുള്ള രീതിയിലുള്ള ജുഡീഷ്യറിയുടെ സമീപനം ശരിയല്ല. എല്ലാം നമ്മുടെയൊരു ജനാധിപത്യ വ്യവസ്ഥയിൽ എല്ലാം water take compartment ആണോ? എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ, ജുഡീഷ്യറി എന്നെല്ലാം പറയുന്നത് മൂന്ന് വ്യ ത്യസ്തമായ ഘടകങ്ങളാണെങ്കിലും അത് പരസ്പരം ആശ്രയിച്ചുനിൽക്കുന്ന താണ്. അവയ്ക്കെല്ലാം സ്വതന്ത്ര സ്വഭാവം ഉണ്ടെന്ന് പറയുമ്പോൾത്തന്നെ അതിനെല്ലാം അങ്ങോട്ടുമിങ്ങോട്ടും ബഹുമാനിച്ചും ആശ്രയിച്ചും നിൽക്കുന്ന ഘടകങ്ങളാണ്. ജുഡീഷ്യറി മാത്രം ഇതിൽനിന്ന് വേർപ്പെട്ട് ഞങ്ങളൊരു super structure ആണെന്നുള്ള ഭാവത്തിൽ ജനാധിപത്യ സംവിധാനത്തിൽ

മുന്നോട്ട് പോകുന്നത് ശരിയല്ല. അതിനാണ് ജുഡീഷ്യൽ കമ്മീഷൻ വേണ്ടത്. ജുഡീഷ്യൽ കമ്മീഷന് ഈ appointment-ന്റെ കാര്യത്തിൽ ഒരു നിയന്ത്രണം കൊണ്ടുവരണം. അഴിമതി ആരോപിതരായ ജഡ്ജിമാരെപ്പറ്റിയുള്ള കാര്യ ങ്ങൾ പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാകണം. ഇന്ന് അത്തരമൊരു കാര്യം ഫലപ്രദമായി കൈകാര്യം ചെയ്യാൻ പറ്റാത്ത അവസ്ഥയ്ക്ക് മാറ്റം വരുന്നു. ജുഡീഷ്യൽ കമ്മീഷന് അത്തരം അധികാരങ്ങൾ കൊടുക്കണ മെന്നാണ് നമ്മുടെ ജനാധിപത്യ വ്യവസ്ഥയെ സംബന്ധിച്ച് ഉത്കണ്ഠയുള്ള മുഴുവൻ ആളുകളും പറയുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ജുഡീഷ്യറിയുടേതായുള്ള പദപ്രയോഗ ങ്ങൾ, അവരുടെ അധികാരങ്ങൾ എക്സിക്യൂട്ടീവിന്റെമേൽ ഏത് നിലയി ലാണ് എന്നത് സംബന്ധിച്ചാണല്ലോ അങ്ങ് പറഞ്ഞുവരുന്നത്. എന്റെ മണ്ഡലത്തിലുള്ള ഗവൺമെന്റ് കോളേജിലെ ആനന്ദ് വിശ്വനാഥൻ എന്നു പറയുന്ന ഒരു ലെക്ച്ചററുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ഒരു പരാതി കൊടുത്ത് അദ്ദേഹത്തെ ട്രാൻസ്ഫർ ചെയ്യണമെന്ന് ആവശ്യ പ്പെട്ടിരുന്നു. ആനന്ദ് വിശ്വനാഥൻ എന്ന ലക്ച്ചറർ കിട്ടിയ ട്രാൻസ്ഫറുമായി കോടതിയിൽ പോയി. ഒരു എം.എൽ.എ.ക്ക് എന്ത് അവകാശമാണ് ഒരു ഉദ്യോഗസ്ഥനെ മാറ്റാൻ എന്നാണ് കോടതി ചോദിച്ചത്. ഇപ്പോഴും ആ injunction ഓർഡർ നിലനിൽക്കുകയാണ്. രണ്ട്, പത്ര-മാധ്യമങ്ങളുടേതായ വായന കൊണ്ട് സ്വാധീനമുണ്ടാക്കി ഉത്തരവുനൽകുന്ന രീതിയും, നിയമത്തി നപ്പുറത്തേക്ക് ആ രീതിയിൽ പുതിയ മേഖലയിലേക്ക് കടന്നിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ജുഡീഷ്യറി നടത്തുന്ന വിധിന്യായങ്ങളിൽ പരാതിയുണ്ടെങ്കിൽ അത് നിയമപരമായി പരിഹരിക്കുകയെന്നല്ലാതെ അത് റോഡിലിറങ്ങി പരിഹരിച്ചാൽ നമ്മുടെ ജനാധിപത്യ സംവിധാനം എങ്ങനെയാകുമെന്ന് നമ്മൾ ആലോചിക്കണം. എക്സിക്യൂട്ടീവിനാണോ, ജുഡീഷ്യറിക്കാണോ, ലെജിസ്ലേച്ചറിനാണോ പവർ കൂടുതലെന്നുചോദിച്ചാൽ അതെല്ലാം ഇന്ത്യൻ ഭരണഘടനയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ചില gray areas ഉണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നേരത്തേ ബഹുമാനപ്പെട്ട ശ്രീ. സുധാകരൻ കൺസ്യൂമർ ഫോറത്തിന്റെ കാര്യം പറഞ്ഞു. കൺസ്യൂമർ കോടതിയെന്ന് പറയാൻ പാടില്ല. കൺസ്യൂമർ ഫോറത്തിൽ പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ജില്ലാ കൺസ്യൂമർ ഫോറത്തിൽ പ്രസിഡന്റും മെമ്പർമാരുമാണുള്ളത്. അതുകഴിഞ്ഞാൽ സ്റ്റേറ്റ് കമ്മീഷനും നാഷണൽ കമ്മീഷനും ആണുള്ളത്. അതുകഴിഞ്ഞുള്ള അപ്പീലിനാണ് സുപ്രീംകോടതിക്ക് അധികാരമുള്ളത്. കൺസ്യൂമർ ഫോറത്തിൽ മുഴുവൻ നടക്കുന്നത് പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റാണ്. അവിടെയാണ് അഴിമതിയെന്നുള്ള മട്ടിലാണ് നേരത്തേ ശ്രീ. ജി. സുധാകരൻ പറഞ്ഞ subject to corruption. ഒരു സി.ബി.ഐ. അതുപോലുള്ള എക്സിക്യൂട്ടീവിന്റെ ഭാഗമായ പോലീസിലും സി.ബി.ഐ.യിലും നമ്മൾ സ്വാധീനം ചെലുത്തുന്നുവെന്ന് സാധാരണ പറയാറുണ്ട്. ലെജിസ്ലേച്ചറിനെ എക്സിക്യൂട്ടീവിലി ഇൻഫ്ളുവൻസ് ചെലുത്തുന്നതിനെ നമ്മൾത്തന്നെ എതിർക്കാറുണ്ട്. സി.ബി.ഐ.യും പോലീസുമെല്ലാം ഭരണകക്ഷിക്ക് അനുകൂലമായി നിൽക്കുകയാണെന്നുപറയാറുണ്ട്. അങ്ങനെ പറയാൻ എന്താണ് കാര്യം? ലെജിസ്ലേച്ചർ

എക്സിക്യൂട്ടീവിനെ സ്വാധീനിക്കുന്നുവെന്ന അലിഗേഷൻ ലെജിസ്ലേച്ചറിലെ മെമ്പർമാർ തന്നെ ഇവിടെ ഉന്നയിക്കുകയാണ്. കൺസ്യൂമർ പോലെയല്ല മറ്റ് കോടതികൾ. കോടതികൾ സ്വതന്ത്രമായി നിൽക്കുന്നത് തെറ്റായ അവസ്ഥ യൊന്നുമല്ല. അത് നല്ലൊരു അവസ്ഥയാണ്. ഇന്ത്യാ രാജ്യത്തെ സംവിധാനം അത്ര മോശമായ, ബുദ്ധിയില്ലാത്ത ആളുകളുണ്ടാക്കിയ നിയമമൊന്നുമല്ല. we are also legislating laws. നമ്മളും നിയമം ഉണ്ടാക്കുന്നു അതേസമയം ജഡ്ജസ്സിനും അധികാരമുണ്ട്. Judge made law ഉണ്ട്. precedence law ആയി വരുന്നുണ്ട്, കീഴ്വഴക്കങ്ങളും നിയമമായി വരുന്നുണ്ട്, ജഡ്ജിമാരുടെ വിധിയും നിയമങ്ങളായി വരുന്നുണ്ട്. നമ്മൾ ഇവിടെ ശരിയായ നിയമം enact ചെയ്യുന്നുമുണ്ട്. Independence-എന്നത് പരസ്പരമുള്ള detachment-ഉം ആവശ്യമാണ് അതേസമയം പരസ്പരമുള്ള സഹകരണവും ആവശ്യമാണ്. അത് സ്വാഭാവികമായും പരസ്പര പൂരകവുമാണ്, പരസ്പരം ഒഴിവാ ക്കുന്നതുമാണ്. ആ രണ്ട് വൈരുദ്ധ്യങ്ങളെയും ശരിയായ രീതിയിൽ മനസ്സി ലാക്കിയാൽ ഒരു പ്രശ്നവുമില്ലായെന്നാണ് കരുതുന്നത്. ഇതുസംബന്ധിച്ച് എന്താണ് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം.

<u>ശ്രീ. ജി.സുധാകരൻ</u>: സർ, അദ്ദേഹം വായിച്ച ഭാഗത്തോട് യോജിക്കുക യാണ്. വായിക്കാത്ത ഒരു ഭാഗമുണ്ട്. ജഡ്ജസ്സിന് ജുഡീഷ്യറിക്ക് നിയമാനു സരണം കൊടുത്ത നിയമങ്ങളെ മുന്നിൽവച്ചുകൊണ്ട് നിരന്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശിക്ഷിക്കാനുള്ള സംവിധാനമില്ല എന്ന പ്രശ്നമാണ് ഇവിടെ പറഞ്ഞത്. മറ്റുള്ളവരെയൊക്കെ ശിക്ഷിക്കാനുള്ള സംവിധാനമുണ്ട്. അവർക്ക് കൊടുത്ത നിയമം നിരന്തരമായി ഒരുപാടുപേർ

ലംഘിക്കുന്നു. അതിനെ നിയന്ത്രിക്കാൻ നിയമമില്ലായെന്ന പ്രശ്നമാണ് ഇവിടെ നടക്കുന്നത്. അങ്ങ് പറഞ്ഞതിനോടല്ല വിയോജിപ്പ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഇവിടെ പറഞ്ഞു വന്നത് ജുഡീഷ്യറി സ്വതന്ത്രമായി പ്രവർത്തിക്കുന്നൂവെന്നുതന്നെയാണ്, പ്രവർത്തിക്കണം. നേരെമറിച്ച്, ജുഡീഷ്യറിയിൽ നടക്കുന്ന അപ്പോയിന്റ്മെന്റ് മറ്റ് രീതിയിൽ സ്വാധീനിച്ചുവരുന്നതുകൊണ്ട് കറപ്റ്റഡാകാനുള്ള സാഹചര്യം നിലനിൽക്കുകയാണ്. അതാണ് ഇവിടെ മറ്റ് ഉദാഹരണങ്ങളൊക്കെ പറഞ്ഞത്. കൺസ്യൂമർ കോടതിയും അതുപോലുള്ള കോടതിയും ഇതാണ് കാര്യം. ഇപ്പോൾ ഇവിടെ ആവശ്യമായത് എന്താണെന്നുവച്ചാൽ ഇതിനെ പരിശുദ്ധ മാക്കി നീതിപൂർവ്വമായി നിയമം നടപ്പിലാക്കാനുള്ള ജുഡീഷ്യൽ ഓഫീസർമാർ വരാൻ എന്തുവേണം. ഇന്നത്തെ സംവിധാനത്തിൽ മാറ്റം വരണമെന്നാണ് ഇവിടെ പറഞ്ഞുവരുന്നത്. അതുസംബന്ധിച്ച് മെമ്പറുടെ അഭിപ്രായം എന്താണ്?

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, ശ്രീ. കെ.എൻ.എ. ഖാദർ നേരത്തെ സംസാരിച്ചപ്പോൾ നമ്മൾ ഇവിടെ നിയമം ഉണ്ടാക്കുന്നു, കോടതിയും നിയമം ഉണ്ടാക്കുന്നുവെന്ന് പറയുകയുണ്ടായി. കോടതിക്ക് നിയമം ഉണ്ടാക്കാൻ കഴിയുമോ?

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പറും ശ്രീ. ബാബു.എം.പാലിശ്ശേരിയും മനസ്സിലാക്കേണ്ടത്; നിയമങ്ങളെന്നുപറഞ്ഞാൽ സുപ്രീംകോടതിയുടെ ഒരു വിധി, ആ വിധി over rule ചെയ്യുന്നതുവരെ ഒരു നിയമമാണ്. There are judge made laws also, നമ്മൾ ഉണ്ടാക്കുന്ന law-യും ഉണ്ട്. നിയമം എങ്ങനെയാണ് ഒറിജിനേറ്റ് ചെയ്യുന്നതെന്നത്

അതിന്റെ കാര്യങ്ങൾ, ഹിസ്റ്ററി വായിച്ചാൽ മനസ്സിലാകും. ഇവിടെ അഴിമതിയെ സംബന്ധിച്ച് പറയുമ്പോൾ കറപ്ഷൻ ജുഡീഷ്യറിയിൽ മാത്രം സംഭവിക്കുന്ന കാര്യമല്ല. കറപ്ഷൻ ജുഡീഷ്യറിയിലും ലെജിസ്ലേച്ചറിലും എക്സിക്യൂട്ടീവിലും അല്ലാത്തതിലുമൊക്കെ ഉണ്ട്. കറപ്റ്റഡായിട്ടുള്ള ആളുകൾ എല്ലാ വിഭാഗത്തിലുമുണ്ട്. ആ കറപ്ഷൻ ഉള്ളവരും ഇല്ലാത്തവരും എല്ലാ മേഖലയിലുമുണ്ട്. അത് ജുഡീഷ്യറിയിലായാലും എക്സിക്യൂട്ടീവിലാ യാലും ലെജിസ്ലേച്ചറിലായാലും ഉണ്ടാകും. Air tight compartment ആയി ജുഡീഷ്യറി മാത്രം കറപ്റ്റഡ്, അല്ലെങ്കിൽ ലെജിസ്ലേച്ചർ മാത്രം കറപ്റ്റഡ്, എക്സിക്യൂട്ടീവ് മാത്രം കറപ്റ്റഡ് എന്നുപറഞ്ഞിട്ട് കാര്യമില്ല. നല്ല വരും-ചീത്തവരും, അഴിമതിയുള്ളവരും-ഇല്ലാത്തവരും എല്ലാ മേഖലകളിലും ഉണ്ട്. അതുകൊണ്ട് ഇത് പൂർണ്ണമായും അവസാനിപ്പിക്കുകയാണ് വേണ്ടത്.

ശ്രീ. ജി. സുധാകരൻ: സർ, ദൈവത്തിന്റെ പേരിൽ കൈക്കൂലി വാങ്ങി ച്ചാലും ദൈവം കൈക്കൂലി വാങ്ങിക്കാൻ പാടില്ല. കാരണം എല്ലാ നിയമങ്ങളും interpret ചെയ്യേണ്ട ദൈവതുല്ല്യമായ സുപ്രീംകോടതി കൈക്കൂലി വാങ്ങിക്കാൻ പാടില്ല. ദൈവം കൈക്കൂലി വാങ്ങിക്കില്ല. ദൈവത്തിന്റെ പേരിലേയുള്ളൂ കൈക്കൂലി. സുപ്രീംകോടതി/ഹൈക്കോടതി യിലെ മജിസ്ട്രേറ്റ് കൈക്കൂലി വാങ്ങുന്നതും ഒരു രാഷ്ട്രീയക്കാരൻ കൈക്കൂലി വാങ്ങുന്നതും തുല്ല്യമാണ്. നമ്മളെ ശിക്ഷിക്കുന്ന ജഡ്ജി കൈക്കൂലി വാങ്ങിക്കാൻ പാടില്ല. അതിനെപ്പറ്റി അങ്ങ് എന്ത് പറയുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, സുപ്രീംകോടതിയിലെ ജഡ്ജി കൈക്കൂലി വാങ്ങുന്നത് ഞാൻ എന്റെ കണ്ണുകൊണ്ട് നേരിട്ട് കണ്ടുവെന്ന് കോൺഗ്ര സ്സിന്റെ നേതാവും ഒരു എം.പി.യും പറഞ്ഞതിനുശേഷം ആ എം.പി.യും

ശിക്ഷിക്കപ്പെട്ടിട്ടില്ല, ജഡ്ജിയും ശിക്ഷിക്കപ്പെട്ടിട്ടില്ല. ഇതിനെ സംബന്ധിച്ച് നിയമവിദഗ്ദ്ധനായ ശ്രീ. കെ. സുരേഷ് കുറിപ്പിന്റെ അഭിപ്രായം എന്താണ്?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ നിയമവിദഗ്ദ്ധനല്ലെങ്കിലും, എനിക്ക് പറയാനുള്ളത് ജുഡീഷ്യറി സ്വതന്ത്രമായി നിൽക്കുകയെന്നത് ജനാധിപത്യ വ്യവസ്ഥയിൽ പരമപ്രധാനമായ കാര്യമാണ്. അതേസമയം ജുഡീഷ്യറി എല്ലാത്തിലും മുകളിലാണ്, ഞങ്ങൾ ഈ വ്യവസ്ഥയിൽ ഏറ്റവും മുകളിൽ നിൽക്കുന്ന ആളുകളാണ്, ഞങ്ങൾക്ക് മറ്റാരുമായും വിധേയത്വമില്ല, മറ്റൊന്നുമായും ബന്ധമില്ലായെന്നുള്ള രീതിയിൽ ജുഡീഷ്യറി പോവുകയും അതനുസരിച്ച് കാര്യങ്ങൾ നീക്കുകയും ചെയ്യുന്നുവെന്നുപറയുന്നത് നമ്മുടെ ജനാധിപത്യ വ്യവസ്ഥയിൽ അപാകതകൾ ഉണ്ടാക്കുന്നതാണ്, ആ അപാകത യാണ് ഇപ്പോൾ കാണുന്നത്. ഇവിടെ പറഞ്ഞതുപോലെ, ലെജിസ്ലേച്ചറിലുള്ള വരും എക്സിക്യൂട്ടീവിലുള്ളവരും അഴിമതി കാണിക്കും. ഈ രണ്ട് വിഭാഗ ത്തിലുള്ളവരും അഴിമതി കാണിച്ചാലും അത് തടയാനും അവരെ നിയമ ത്തിന്റെ മുമ്പിൽ കൊണ്ടുവരാനും ഈ നാട്ടിൽ മാർഗ്ഗങ്ങളുണ്ട്. ജുഡീഷ്യറി യിൽ അഴിമതി വന്നാൽ ഇന്ന് നമ്മുടെ ഭരണഘടനയിൽ പറയുന്ന കാര്യങ്ങൾ അപര്യാപ്തമാണ്. നടപടിയെടുക്കുന്നതും അപര്യാപ്തമാണെന്നുള്ളത് തെളിഞ്ഞുകഴിഞ്ഞ കാര്യമാണ്. അഴിമതി ആരോപണത്തിന് വിധേയനായ ജഡ്ജി ഹൈക്കോടതിയിൽ തുടരുക, സുപ്രീംകോടതി എന്താണ് ചെയ്തത്, അദ്ദേഹത്തിന്റെ മുമ്പിൽ കേസുകൾ കൊടുക്കരുതെന്ന് പറയുകയും അദ്ദേഹം എന്നും കോടതിയിൽ വരുകയും അവിടെ ഇരിക്കുകയും ചെയ്യുന്നു. അങ്ങനയല്ലേ കൽക്കട്ട ഹൈക്കോടതിയിൽ നടന്നത്. സുപ്രീം കോടതി ജഡ്ജിയുടെ പേരിൽ അഴിമതി ആരോപണം വന്നപ്പോൾ

എന്തുനടപടി ഉണ്ടായി. അതൊക്കെ എത്ര compulsion procedure ആണെന്നുള്ളത് ഇംപീച്ച്മെന്റ് വന്നപ്പോൾ വ്യക്തമായില്ലേ. അതിനൊരു പ്രോപ്പറായ സംവിധാനം ഉണ്ടാകണം. അഴിമതി ആരോപണത്തിന് വിധേയ രായ ജഡ്ജിമാർ ആ സ്ഥാനത്തിരിക്കാൻ പാടില്ല. അതുസംബന്ധിച്ച് അന്വേഷണം നടത്താനുള്ള സംവിധാനം ഉണ്ടാകണം, അതിന്റെ പേരിൽ നടപടിയെടുക്കാനുള്ള സംവിധാനം ഉണ്ടാകണം. ഇതിലെ അപാകത എന്താണ്? ജുഡീഷ്യറിയിലെ ജുഡീഷ്യൽ ഓഫീസർ അഴിമതി ആരോപണ ത്തിന് വിധേയരാകുമ്പോൾ അതിന് പ്രോപ്പറായ സംവിധാനമില്ല. അതേ സമയം എക്സിക്യൂട്ടീവിലും ലെജിസ്ലേച്ചറിലുമുള്ള അഴിമതി ആരോപണം അന്വേഷിക്കാനും നടപടിയെടുക്കാനും നിയമത്തിന്റെ മുമ്പിൽ കൊണ്ടു വരാനും സംവിധാനം ഉണ്ട്. ഈ അപാകത പരിഹരിക്കണമെന്നുള്ളതാണ് സുപ്രധാനം. മറ്റൊന്ന്, ലെജിസ്ലേച്ചറാണോ ജുഡീഷ്യറിയാണോ വലുത്, ഞാനാണോ നീയാണോ വലുതെന്ന തർക്കം അപ്രസക്തമാണ്. രണ്ടു പേർക്കും വ്യക്തമായ നിയതമായ അധികാരമുണ്ട്. ആ അധികാരത്തിൽ അങ്ങോട്ടുമിങ്ങോട്ടും തർക്കങ്ങൾ വന്നിട്ടുണ്ട്. സത്യത്തിൽ അത് gray area ആണ്. ഇന്ത്യയിലെ പല നിയമസഭകളിലും ഹൈക്കോടതിയുമായി തർക്ക ങ്ങൾ വരുകയും, സ്പീക്കർമാർ ഹൈക്കോടതിയുടെ ഉത്തരവുകൾ അനുസരിക്കാതെയിരിക്കുകയും ചെയ്യുന്ന ഒട്ടനവധി സംഭവങ്ങളുമുണ്ട്. അതെല്ലാം നമ്മുടെ ജനാധിപത്യ വ്യവസ്ഥയിലെ ചില gray areas ആണ്. ലെജിസ്ലേച്ചറാണ് ജുഡീഷ്യറിയേക്കാൾ മുന്നില്ലെന്നുപറഞ്ഞ് നമ്മൾ മുന്നോട്ട് പോയാൽ ഇവിടെ ശ്രീ. വി.ഡി. സതീശനോ മറ്റാരോ ഇവിടെ ചൂണ്ടിക്കാണിച്ച തുപോലെ അത് ജനാധിപത്യവ്യവസ്ഥക്ക് ഭൂഷണമല്ല. കോടതിയെക്കുറിച്ച്

പറയുമ്പോൾ, കോടതിയിൽ വരുന്ന litigants-ന് ഒരു പ്രാധാന്യം വേണ്ടേ? കോടതിയിൽ വക്കീലന്മാർക്കും ജുഡീഷ്യൽ ഓഫീസേഴ്സിനുമൊക്കെ എല്ലാം സൗകര്യങ്ങളുമുണ്ട്. ഒരു പരാതിക്കാരൻ കോടതിയിൽ വന്നാൽ ഇരിക്കാനോ നിൽക്കാനോയുള്ള സ്ഥലമില്ല. ടോയ്‌ലറ്റ് സൗകര്യംപോലും പരാതിക്കാരന് കോടതി വരാന്തയിൽ കിട്ടില്ല. ഈ നാട്ടിലെ ജനങ്ങളുടെ പണംകൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളല്ലേ ഇതെല്ലാം. കോടതിയുടെ മൂന്ന് ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് litigant. അവർ ഒരു പരാതിയുമായി കോടതിയിൽ വന്നാൽ അവന്റെ ജീവിതം രാവിലെ മുതൽ വൈകുന്നേരം വരെ ടോയ്‌ലറ്റിൽ പോകാൻ പോലും സൗകര്യമില്ലാതെ കോടതി വരാന്തയിൽ നിന്ന് കഴിച്ചുകൂട്ടണമെന്നുപറയുന്നത് ശരിയാണോ? കോടതിയിൽ litigants വന്നാൽ അവർക്ക് പ്രോപ്പറായിട്ടുള്ള സംവിധാനം ഉണ്ടാക്കാൻ കൂടി നമ്മൾ ശ്രമിക്കണം. അത് നമ്മുടെ മാത്രം ചുമതലയാണ്. നമ്മളുംകൂടി തീരുമാനിച്ച് നടപ്പിലാക്കണം. ഇത്രയും കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. Pecuniary jurisdiction കൂട്ടണമെന്ന എന്റെ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ദീർഘമായിട്ടൊന്നും ഞാൻ സംസാരിക്കുന്നില്ല. മുൻസിഫ് കോടതിയുടെ pecuniary jurisdiction-ന് 7,50,000 രൂപ കൊടുത്തിരിക്കുന്നത് 10,00,000 രൂപയാക്കി ഉയർത്തണം എന്നതിനോട്

എനിക്ക് പൂർണ്ണമായും യോജിപ്പാണ്. അത് 10,00,000 രൂപയാക്കി ഉയർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. രണ്ട് കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. ഒന്ന്, പുതിയ കോടതികൾ ആരംഭിക്കണമെന്നുള്ളതാണ്. പുതിയ കോടതികളുടെ ലിസ്റ്റ് ഗവൺമെന്റിന്റെ കയ്യിലുണ്ട്. പ്രയോറിറ്റി അനുസരിച്ച് പുതിയ കോടതികൾ ആരംഭിക്കണം. ആ ലിസ്റ്റിലെ ആദ്യത്തെ പ്രയോറിറ്റി പറവൂരിനാണ്. അതുകൊണ്ടാണ് പ്രയോറിറ്റി അനുസരിച്ച് പുതിയ കോടതികൾ വേണമെന്ന് പറയുന്നത്. നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്........................

ശ്രീ. കെ. രാജു: സർ, ആദ്യത്തെ പ്രയോറിറ്റി പറവൂർ എന്നുപറഞ്ഞത് ഏത് കോടതിക്കാണ്?

ശ്രീ. വി. ഡി. സതീശൻ: ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി. നേരത്തെ കോടതി അനുവദിച്ചപ്പോൾ പ്രയോറിറ്റി ഇല്ലാതെയാണ് പരിഗണിച്ചത്. പ്രയോറിറ്റി തീരുമാനിച്ചിട്ടുണ്ട്, ആ പ്രയോറിറ്റി അനുസരിച്ച് കോടതികൾ കൊടുക്കണം. രണ്ട്, കോടതികളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കണം. ഈ കാര്യങ്ങളാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. എന്നെ പരാമർശിച്ച് ഒരു കാര്യം ഇവിടെ പറയുകയുണ്ടായി. ശ്രീ. എ. കെ. ബാലനെ കോടതി ശിക്ഷിച്ചപ്പോൾ ഞാൻ ഇവിടെ അടിയന്തര പ്രമേയം കൊണ്ടുവന്നെന്നുപറഞ്ഞു. അത് ശരിയാണ്. പക്ഷേ ഒരു കാര്യം മനസ്സിലാക്കണം. അദ്ദേഹം കോടതിയിൽ ഹാജരാകാത്തതിനല്ല അദ്ദേഹത്തെ ശിക്ഷിച്ചത്. മെറിറ്റിലാണ് അദ്ദേഹത്തെ ആ കേസ്സിൽ ശിക്ഷിച്ചത്. കോടതിയിൽ ഹാജരാകാത്തതിന് അദ്ദേഹത്തിനെതിരായി വാറണ്ട്

പുറപ്പെടുവിക്കുകയാണ് കോടതി ചെയ്തത്. നേരത്തെ ശ്രീ. കെ. എൻ. എ. ഖാദർ സൂചിപ്പിച്ചതുപോലെ ആ മജിസ്ട്രേറ്റിന്റെ മുമ്പിൽ ഒരു ഡിസ്ക്രീഷനുണ്ടായിരുന്നു. അസംബ്ലിയിൽ ഹാജരാകുന്ന പ്രതിക്ക് ഒരു exemption കൊടുക്കാൻ കഴിയുമോ എന്ന ഡിസ്ക്രീഷൻ മജിസ്ട്രേറ്റ് തെറ്റായി ഉപയോഗിച്ചു എന്നാണ് എന്റെ അഭിപ്രായം. അതിന് വാറണ്ട് ഇഷ്യൂ ചെയ്യേണ്ട കാര്യമില്ല. അന്ന് വക്കീൽ അവധിക്ക് അപേക്ഷ കൊടുത്തിരുന്നപ്പോൾ, അസംബ്ലിയിൽ ഹാജരായി ചോദ്യത്തിന് ഉത്തരം പറയാൻ ഉത്തരവാദപ്പെട്ട മന്ത്രി പോയി. മറ്റൊരു അവധി ദിവസം വയ്ക്കാമായിരുന്നു. അതുചെയ്യാതെ വാറണ്ട് പുറപ്പെടുവിച്ചതാണ് തെറ്റ്. പക്ഷേ ഞാൻ ആ വിഷയത്തിനല്ല അടിയന്തര പ്രമേയം കൊണ്ടുവന്നത്. കോടതി മെറിറ്റിൽ അദ്ദേഹത്തിനെ ശിക്ഷിച്ചു. അപ്പോൾ ഞാൻ ഉന്നയിച്ചത് ഒരു question of law ആയിരുന്നു. കോടതി രണ്ടര വർഷം തടവിനുശിക്ഷിച്ച ഒരാൾ മന്ത്രിയായി ഇരിക്കാൻ കഴിയുമോ എന്നുള്ള ചോദ്യം നിയമസഭയുടെ മുമ്പിൽ കൊണ്ടുവരണ്ടേ? ഒരു മന്ത്രിയെ കോടതി രണ്ടര വർഷം തടവിന് ശിക്ഷിക്കുന്നു. അയാൾക്ക് മന്ത്രിയായി ഇരിക്കാൻ യോഗ്യതയുണ്ടോ? ഞാൻ ഇപ്പോഴും കരുതുന്നത് അങ്ങനെ ശിക്ഷിക്കപ്പെടുന്ന ഒരാൾ മന്ത്രിയായി ഇരിക്കാൻ യോഗ്യനല്ലായെന്നാണ്. പക്ഷേ ഞാൻ അടിയന്തര പ്രമേയം കൊണ്ടുവന്ന ദിവസം ശ്രീ. എ. കെ. ബാലൻ ബുദ്ധിപൂർവ്വം വളരെ കൗശലത്തോടുകൂടി അന്ന് അസംബ്ലിയിൽ ഹാജരാകാതെ പാലക്കാട് അപ്പീൽ കോടതിയിൽ അപ്പീൽ കൊടുത്ത് conviction സസ്പെന്റ് ചെയ്തു. അപ്പോൾ നിയമപരമായി ശ്രീ. എ. കെ. ബാലന് മന്ത്രിയായി തുടരാം. അതുതന്നെയാണ് ആ പൊസിഷൻ. കോടതി രണ്ടര വർഷം തടവിന്

ശിക്ഷിച്ച ഒരാൾ മന്ത്രിയായി ഇരിക്കുന്നത് ശരിയല്ല. അത് സംബന്ധിച്ച് ഞങ്ങൾ അന്നത്തെ പ്രതിപക്ഷം അടിയന്തര പ്രമേയം കൊണ്ടുവന്നത് പൂർണ്ണമായും ശരിയാണ്. ശ്രീ. എ. കെ. ബാലൻ പിന്നീട് അത് റെഗുലറൈസ് ചെയ്തത് കൺവിക്ഷൻ സസ്പെന്റ് ചെയ്തുകൊണ്ടാണ്. ഇതാണ് അന്നുണ്ടായ സംഭവം. അതുകൊണ്ട് ഈ ബില്ലിലെ 7,50,000 രൂപയെന്നുള്ളത് 10,00,000 രൂപയാക്കി വർദ്ധിപ്പിക്കണം. ഗവൺമെന്റ് ആ കാര്യത്തിൽ ഒരു തീരുമാനമെടുക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മുൻസിഫ് കോടതിയുടെ അപ്പീൽ കൊടുക്കുന്നതിന്റെ ജൂറിസ്ഡിക്ഷൻ നിശ്ചയിച്ചുകൊണ്ട് അതിന്റെ Pecuniary jurisdiction ഉയർത്തിക്കൊണ്ടുള്ള ഒരു ഭേദഗതിയാണ് ഈ ബില്ലിൽ വന്നിട്ടുള്ളത്. അതോടൊപ്പം എനിക്കുമുമ്പ് ഈ ബില്ലിന്റെ വിയോജനക്കുറിപ്പ് കൊടുത്തുകൊണ്ട് സംസാരിച്ച മെമ്പേഴ്സെല്ലാം ജുഡീഷ്യറിയുടെ പ്രവർത്തനത്തെയും അത് ജനങ്ങൾക്ക് എങ്ങനെ ഉപയോഗയോഗ്യമാക്കണമെന്നതിനെ സംബന്ധിച്ചും എക്സിക്യൂട്ടീവ്-ജുഡീഷ്യറി-ലെജിസ്ലേച്ചർ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചുമൊക്കെ വളരെ നല്ല ചർച്ചകൾ ഇവിടെ വന്നു. ഒരു അഭിഭാഷക എന്ന നിലയിൽ എനിക്ക് വളരെ ഇന്ററസ്റ്റുള്ള ഒരു ബില്ലുതന്നെയാണിത്. തീർച്ചയായും

കോടതികളുടെ പ്രവർത്തനം ജനങ്ങൾക്ക് എത്രയും വേഗം ന്യായം കിട്ടുന്ന തരത്തിൽ തന്നെ മാറ്റിയെടുക്കണം. ഇപ്പോൾ വന്നിട്ടുള്ള ഭേദഗതിയിൽ 7,50,000 രൂപയെന്നുള്ളത് 10,00,000 രൂപയാക്കണമെന്നുതന്നെയാണ് എനിക്കും പറയാനുള്ളത്. ഇതിൽനിന്നും കുറച്ചുകൂടി കൂട്ടിയാലും തരക്കേടില്ല. Pecuniary jurisdiction കുറച്ചുകൂടി വർദ്ധിപ്പിച്ചതുകൊണ്ട് ഒന്നും സംഭവിക്കാനില്ല. പക്ഷേ അതോടൊപ്പം കോർട്ട് ഫീസ് കുറച്ചുകൂടി കുറയ്ക്കണം. കുറെ വർഷങ്ങളായി നിലനിൽക്കുന്ന 4 ശതമാനം 8 ശതമാനമെന്ന റേഷ്യോയിൽ വരുന്ന എമൗണ്ടുകൾ കൂടി ഗവൺമെന്റ് കുറച്ച് കൊടുക്കേണ്ടതായിട്ടുണ്ട്. നേരത്തെ ശ്രീ. കെ. സുരേഷ് കുറുപ്പ് സൂചിപ്പിച്ചതുപോലെ സാധാരണ ജനങ്ങൾ കോടതിയിലേയ്ക്ക് പോകാൻ മടിക്കുന്നതിനുകാരണം ദീർഘകാലമായി കോടതിയിൽ കേസുകൾ പെന്റിംഗാവുമെന്നും ഭാരിച്ച ചെലവുകൾ താങ്ങാൻ പറ്റാത്ത അവസ്ഥയുണ്ടാകുമെന്നുമുള്ളതുകൊണ്ടാണ്. അതിനൊക്കെ കുറവ് വരുത്താൻ വേണ്ടിയുള്ള സമഗ്രമായ മാറ്റം നമ്മുടെ ജുഡീഷ്യറിയിലുണ്ടാകണം. അതുപോലെതന്നെ ഇപ്പോൾ ജുഡീഷ്യൽ ആക്ടിവിസം ഒരുപാട് ചർച്ച ചെയ്യുന്ന കാര്യമാണ്. നിയമം പാസ്സാക്കാൻ ലെജിസ്ലേച്ചറിന് എല്ലാ അധികാരവുമുണ്ട്. ജനങ്ങളുടെ ആവശ്യമനുസരിച്ച് ഒരു നിയമം പാസ്സാക്കിയാൽ അത് ഇംപ്ലിമെന്റ് ചെയ്യാനുള്ള ജോലി എക്സിക്യൂട്ടീവിനുണ്ട്. അത് നിഷ്പക്ഷമാണോ ജനകീയമാണോ എന്നുനോക്കി ഇന്റർപ്രെട്ട് ചെയ്യേണ്ട ജോലിയാണ് ജുഡീഷ്യറിക്കുള്ളത്. പക്ഷേ ജുഡീഷ്യറിയുടെ കടന്നുകയറ്റം ഗവൺമെന്റിന്റെ പവറിലേയ്ക്ക് കയറിപ്പോകുന്നുണ്ടോ എന്ന് പലപ്പോഴും നമുക്ക് സംശയം തോന്നാറുണ്ട്.

ഇവിടെ നേരത്തെ സൂചിപ്പിച്ചതുകൊണ്ട് അതിലേയ്ക്ക് ഒരുപാട് കടന്നുപോകുന്നില്ല. ഇത്തരത്തിലൊക്കെയുള്ള കാര്യങ്ങളിൽ നല്ല മാറ്റമുണ്ടാക്കുന്ന സമഗ്രമായ വ്യത്യാസമാണ് വേണ്ടത്. ജുഡീഷ്യറിയും ലെജിസ്ലേച്ചറും എക്സിക്യൂട്ടീവും തമ്മിലുള്ള പരസ്പര ബഹുമാനവും ഇടപെടലും തീർച്ചയായും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇപ്പോൾ ചില സമയങ്ങളിലെങ്കിലും കോടതിയിൽനിന്നുള്ള ഉത്തരവുകൾ പാലിക്കപ്പെടാതെ പോകുന്നത് നമുക്ക് കാണാം. സ്റ്റേ വാങ്ങി വച്ചാലും എന്തുചെയ്താലും ഒട്ടും അനുസരിക്കാതെ പോകുന്ന പല കേസുകളും നമുക്കറിയാം. അത് എന്തുകൊണ്ടാണെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ജുഡീഷ്യറിയിൽ ക്രിട്ടിസിസം വേണം. ന്യായവും ആരോഗ്യപരവുമായിട്ടുള്ള വിമർശനങ്ങൾക്ക് വിധേയമാകേണ്ടതുതന്നെയാണ് ജുഡീഷ്യറിയും. ജുഡീഷ്യറിയിലെ ജഡ്ജിമാരുടെ നിയമനങ്ങൾ തീർച്ചയായും ഒരു ഇൻഡിപെന്റന്റ് ഏജൻസി അല്ലെങ്കിൽ ജുഡീഷ്യൽ കമ്മീഷൻ തന്നെ നടത്തേണ്ടതാണ്. ദീർഘകാലമായി ഉയർന്നുവന്നിട്ടുള്ള ഒരു ആവശ്യമാണിത്. ഇപ്പോൾ അവിടെതന്നെയുള്ള കൊളീജിയം അല്ലെങ്കിൽ ജഡ്ജിമാർതന്നെയാണ് നിയമിക്കുന്നതെന്നുള്ളത് തീർച്ചയായും മാറ്റേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ജഡ്ജിയാകാനുള്ള ക്വാളിഫിക്കേഷൻ........ ഞങ്ങളൊക്കെ പാസ്സായി വന്ന സമയത്ത്, വർഷങ്ങൾക്ക് മുമ്പുള്ള സ്ഥിതിയിൽ 5 വർഷമെങ്കിലും കോടതികളിൽ പ്രാക്ടീസുള്ളവർക്കുമാത്രമേ മുൻസിഫ് ടെസ്റ്റ് എഴുതാനും 3 വർഷം പ്രാക്ടീസുള്ളവർക്ക് മാത്രമേ മജിസ്ട്രേട്ട് ടെസ്റ്റ് എഴുതാനും കഴിയുമായിരുന്നുള്ളൂ. ഇപ്പോൾ മുൻസിഫ് - മജിസ്ട്രേറ്റ് ടെസ്റ്റാണ് വന്നിട്ടുള്ളത്. ഒരു

പ്രാക്ടീസും ആവശ്യമില്ല. പാസ്സായി വന്നാലുടനെ ടെസ്റ്റ് എഴുതാമെന്നാണ്. ഇത് ഏറ്റവും ഗുരുതരമായിട്ടുള്ള പ്രശ്നമുണ്ടാക്കുമെന്നുള്ളതിന് ഒരു സംശയവുമില്ല. കക്ഷികളുടെയും സമൂഹത്തിലെ ജനങ്ങളുടെയും ഏറ്റവും പരിതാപകരമായിട്ടുള്ള അവസ്ഥ ഒരു വക്കീലിനുമാത്രമേ നന്നായി അറിയാൻ കഴിയുകയുള്ളൂ. ഒരു ജുഡീഷ്യൽ ഓഫീസറായി ഡയറക്ടായി പെട്ടെന്ന് പോയിക്കഴിഞ്ഞാൽ ജാമ്യം കിട്ടാനുള്ള പ്രശ്നങ്ങളായാലും കേസ് നടത്തിപ്പിലുള്ള പ്രശ്നങ്ങളായാലും കറക്ടായി കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കില്ല. അതിനൊക്കെ നല്ല എക്സ്പീരിയൻസ് ആവശ്യമാണ്. അതിന് എല്ലാവരും നല്ലൊരു ഇടപെടൽ നടത്തേണ്ടതാണ്. ഹൈക്കോടതിയിലായാലും മുൻസിഫ് മജിസ്ട്രേറ്റ് ടെസ്റ്റ് നടത്തുന്നതിലായാലും പി.എസ്.സി. പോലെയുള്ള ഏറ്റവും പ്രോമിനെന്റും സത്യസന്ധരും എക്സ്പീരിയൻസ്ഡുമായിട്ടുള്ള ആൾക്കാരുടെ ക്വാറം തന്നെ ഉണ്ടാകണമെന്നുള്ളതാണ് എനിക്കും പറയാനുള്ളത്.

ശ്രീ. എം. ചന്ദ്രൻ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ നീതി ലഭിക്കുന്ന തിനെ സംബന്ധിച്ചാണ് പറയുന്നത്. നീതി വൈകുന്നത് നീതി നിഷേധിക്കുന്ന തിന് തുല്യമാണെന്നാണ് കരുതുന്നത്. സ്ത്രീപീഡന കേസുകളിലൊക്കെ പെൺകുട്ടികൾ വളരെയേറെ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സൂര്യനെല്ലി കേസിൽ പതിനേഴ് കൊല്ലമായി നീതി ലഭിക്കാതെ ജീവിക്കുകയാണ് ആ പെൺകുട്ടി ഇപ്പോൾ അതിന് 35 വയസ്സായി. ഇന്നത്തെ സാഹചര്യത്തിൽ 60 വയസ്സുകഴിഞ്ഞാലും അവർക്ക് നീതി ലഭിക്കുമെന്ന് തോന്നുന്നില്ല. ഇതു പോലെതന്നെയാണ് വിതുര കേസും. ഇത്തരത്തിലുള്ള പല കേസുകളിലും പെൺകുട്ടികളെ അപമാനിക്കുന്ന രീതിയിൽ കോടതികൾ നടത്തിക്കൊണ്ടിരി

ക്കുകയാണ്. ഇതിന് പരിഹാരമുണ്ടാക്കാനുള്ള നടപടികൾ ജുഡീഷ്യറിയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതല്ലേ?

ശ്രീമതി പി. അയിഷാ പോറ്റി: തീർച്ചയായും. അങ്ങ് പറഞ്ഞത് വളരെ റെലവന്റായിട്ടുള്ള കാര്യമാണ്. നീതി വൈകുന്തോറും നീതി നിഷേധിക്കപ്പെടുന്നതിന് തുല്യമാണ്. ഒരു സംശയവും വേണ്ട. ഇത്തരം കേസുകൾ എത്രയും വേഗത്തിൽ നിഷ്പക്ഷമായ അന്വേഷണം നടത്തി ട്രയൽ നടത്തി ശരിയായ വിധി പ്രഖ്യാപിക്കുക എന്നത് വളരെ ആവശ്യമാണെന്ന് തന്നെയാണ് എന്റെയും അഭിപ്രായം.

ശ്രീ. കെ. രാജു: അങ്ങ് ജുഡീഷ്യറിയുമായി ബന്ധപ്പെട്ട് ലിറ്റിഗൻസിന്റെ ബുദ്ധിമുട്ടുകളെ സംബന്ധിച്ചാണ് സൂചിപ്പിക്കുന്നത്. ചില അഭിഭാഷകർ അമിതമായ ഫീസ് കക്ഷികളിൽനിന്ന് വാങ്ങുന്നതുമൂലമുള്ള ബുദ്ധിമുട്ട്, ഒരു സിറ്റിംഗിന് കോടതിയിൽ ഹാജരായി വാദമൊന്നും നടത്തിയില്ലെങ്കിലും 5 ലക്ഷം മുതൽ 10 ലക്ഷം വരെ ഫീസ് വാങ്ങുന്ന വക്കീലൻമാരുണ്ട്. ഇത്തരത്തിൽ കൂടുതൽ ഫീസ് വാങ്ങുന്നത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലു മാർഗ്ഗം വേണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

ശ്രീമതി പി. അയിഷാ പോറ്റി: അങ്ങ് പറഞ്ഞതിനോട് 100 ശതമാനം യോജിക്കുകയാണ്. അഭിഭാഷകർക്ക് തന്നെ നാണക്കേട് തോന്നുന്ന തരത്തിലാണ് ഇന്ന് ഫീസ് വാങ്ങുന്നതും കേസ് പിടിച്ചുവാങ്ങുന്നതും. ഇത് ഒരിക്കലും യോജിക്കാൻ കഴിയുന്ന ഒരു കാര്യമല്ല. അഡ്വക്കേറ്റ്സ് ആക്ടിൽത്തന്നെ ഇത്ര ശതമാനം ഫീസേ വാങ്ങാവൂ എന്ന് പറയുന്നുണ്ട് പക്ഷേ റെക്കോഡിക്കലായി ആരും വാങ്ങുന്നില്ല. അപ്പോൾ ഏത് തുകയും വാങ്ങാം. പക്ഷേ എനിക്ക് പറയാൻ കഴിയും ഞാൻ അഞ്ച് പൈസ അധികം

ആരോടും വാങ്ങിയിട്ടില്ല. എപ്പോഴും കൺസഷൻ മാത്രമേ കൊടുത്തിട്ടുള്ളൂ. കരഞ്ഞ് സങ്കടം പറഞ്ഞാൽ ഫീസ് വാങ്ങിക്കാതെ വിട്ടിട്ടുള്ള എത്രയോ കേസുകളുണ്ട്. അഭിഭാഷകർ ജുഡീഷ്യറിയുടെ അവിഭാജ്യ ഘടകമാണ്. ജുഡീഷ്യൽ ലോ മേക്കിംഗ് എന്നുപറഞ്ഞാൽ, മേരി റോയ് കേസ് വന്നു, ഇതിന്റെ സിറ്റുവേഷൻസ് എല്ലാം നല്ല ഭംഗിയായി ജഡ്ജിയുടെ മുമ്പിൽ അവതരിപ്പിച്ചതുകൊണ്ട് സമൂഹത്തിന്റെ ആവശ്യമെന്താണെന്നുള്ളത് ഭംഗി യായി അവതരിപ്പിച്ചുകൊണ്ട് ജഡ്ജിക്ക് ഒരു തീരുമാനമെടുക്കാനുള്ള ഒരു അവസരമുണ്ടാക്കി കൊടുക്കുന്നതിന് വലിയ പങ്ക് വഹിക്കുന്നത് വക്കീലൻമാ രാണ്. ഭംഗിയായി പഠിച്ചേ പറ്റൂ. 20 മണിക്കൂർ പഠിച്ചാലാണ് ഒരു മണിക്കൂർ വാദിക്കാൻ കഴിയുന്നതെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. അതുകൊണ്ട് ആ മാന്യത അഭിഭാഷകർ പാലിക്കുകതന്നെ വേണം. ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഉൾപ്പെടെയുള്ളവർ സംസാരിച്ചപ്പോൾ ചോദിച്ചത് കേസുകൾ അനന്ത മായി നീണ്ടുപോകുന്നതിന് കാരണം വക്കീലൻമാരല്ലേയെന്നാണ്. വളരെ ശരിയായ കാര്യമാണ്. ഞാനൊരു വക്കീലാണെങ്കിലും പറയുകയാണ്, കേസുകൾ നീട്ടിക്കൊണ്ടുപോകുന്നത് ഒരിക്കലും ശരിയല്ല. ചെയ്യാൻ കഴിയുന്ന ഒരു കാര്യമുണ്ട് കേസ് വന്നാൽ ന്യായമായ ഒരു ഫീസ് ഫിക്സ് ചെയ്തുകൊണ്ട് റിട്ടൺ സ്റ്റേറ്റ്മെന്റ് കൊടുക്കേണ്ടതാണെങ്കിലും plaint ഫയൽ ചെയ്യേണ്ടതാണെങ്കിലും നിശ്ചിത ശതമാനം ഫീസ് ഫിക്സ് ചെയ്ത് പണം വാങ്ങുക. കേസിന്റെ ഫസ്റ്റ് പോസ്റ്റിംഗിൽത്തന്നെ റിട്ടൺ സ്റ്റേറ്റ്മെന്റ് കൊടുക്കുക അങ്ങനെ വേഗത്തിൽ നടപടികൾ തീർക്കാൻ സാധിക്കും. പക്ഷപാതം കാണിക്കാതെ ന്യായാന്യായങ്ങൾ നോക്കി ചെയ്യാനുള്ള ഏറ്റവും വലിയ ബാധ്യത കോടതികൾക്കും ജഡ്ജിമാർക്കുമുണ്ടെന്നുള്ളത് പ്രധാന

പ്പെട്ട ഒരു കാര്യമാണ്. ചർച്ച തുടങ്ങിയപ്പോൾ പറഞ്ഞ ഒരു കാര്യം വളരെ പ്രധാനപ്പെട്ടതാണ്. പൊതുജനങ്ങൾ ഏറ്റവും കൂടുതൽ വരുന്ന സ്ഥലമാണ് കോടതികൾ, അവിടെ നല്ല സൗകര്യങ്ങളുണ്ടാകണം, നല്ല കെട്ടിടങ്ങൾ ഉണ്ടാകണം. ഇരുട്ടറകൾ പോലെയുള്ള കോടതി മുറിക്കകത്തിരുന്നാൽ നല്ല ജഡ്ജ്മെന്റ് വരാൻ പ്രയാസമാണ്. കക്ഷികൾക്കും വക്കീലൻമാർക്കും വലിയ ബുദ്ധിമുട്ടാണ്. ഇത് മാറ്റാൻ ഗവൺമെന്റ് അടിയന്തരമായി വലിയ ഇടപെടൽ നടത്തേണ്ടതായിട്ടുണ്ട്. എനിക്കൊരു സന്തോഷമുള്ളത് കൊട്ടാരക്കരയിൽ ഇരുട്ടറകളെല്ലാം മാറ്റിക്കൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തന്നെ വലിയ ഒരു കോടതി സമുച്ചയം നിർമ്മിച്ചിരുന്നു. അവിടെ വക്കീലൻമാർക്കും കക്ഷികൾക്കും അഡ്വക്കേറ്റ് ക്ലർക്കുമാർക്ക് വരെ ഇരിക്കാനുള്ള സൗകര്യമു ണ്ടാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള സൗകര്യങ്ങൾ എല്ലായിടത്തും ഉണ്ടാകേണ്ടതാണ്. കക്ഷികൾക്കുണ്ടാകേണ്ട ആശ്വാസം ഏറ്റവും മെച്ചപ്പെ ടുത്തി എടുക്കണമെങ്കിൽ ഇത്തരത്തിലുള്ള കുറേക്കാര്യങ്ങൾ വരേണ്ടതായി ട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ ജുഡീഷ്യറിയിൽ വന്നിരിക്കുന്ന ഒരു പ്രശ്നം ക്രോസ് എക്സാമിനേഷനും ചീഫ് എക്സാമിനേ ഷനുമൊന്നും ജഡ്ജിമാർ നേരിട്ടല്ല ചെയ്യുന്നത്. അതൊക്കെ ജഡ്ജ്മെന്റിനെ വല്ലാതെ ബാധിക്കുമെന്നുള്ളതിന് ഒരു സംശയവുമില്ല. ഒരു കമ്മീഷണറെ വച്ച് അവരുടെ മുമ്പിലാണ് ക്രോസ് വിസ്താരവും ചീഫ് വിസ്താരവുമെല്ലാം നടത്തുന്നത്. ഇതുമൂലം കറക്ടായ ഒരു ജഡ്ജ്മെന്റിലേയ്ക്ക് കൊണ്ടെത്തി ക്കാൻ ജഡ്ജിക്ക് കുറച്ചു ബുദ്ധിമുട്ടുണ്ടാക്കുമെന്ന കാര്യത്തിൽ ഒരു സംശയ വുമില്ല. ജഡ്ജിയുടെ സാന്നിധ്യത്തിൽ വിസ്താരം നടത്തിയാൽ സത്യമെന്താ ണെന്ന് കണ്ടെത്താൻ അദ്ദേഹത്തിന് കഴിയും. അത് മാറ്റിയെന്നുള്ളത് ദോഷ കരമാണെന്ന് ഞങ്ങൾക്ക് തോന്നിയിട്ടുണ്ട്. ഇത്തരത്തിലുള്ള കുറേ മാറ്റങ്ങൾ

കൂടി വരാൻ സാധിക്കണം. pecuniary jurisdiction-ന്റെ ഒരു ബില്ലാണെ ങ്കിൽപ്പോലും ഇതിന് ചർച്ചയിൽ വന്ന കാര്യങ്ങളൊക്കെ പരിഗണിച്ചുകൊണ്ട് ഭാവിയിൽ കുറേക്കൂടി മെച്ചപ്പെട്ട സംവിധാനങ്ങളുണ്ടാക്കാനുള്ള നിയമനടപ ടികളുമൊക്കെയുണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ബിൽ കൂടുതൽ ചർച്ചയ്ക്കായി അയച്ചാൽ മെച്ചപ്പെട്ട മാറ്റങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുമെന്ന് പറഞ്ഞുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് ചെറിയ ഭേദഗതിയാണെങ്കിലും വിശദമായ ചർച്ച നടന്നു. ഇന്ത്യൻ ജുഡീഷ്യറി ലോകത്തിലെ ഏറ്റവും ശക്ത മായ വിപുലമായ ജുഡീഷ്യറിയെന്നാണ് അഭിമാനിക്കുന്നത്. ഏതായാലും അതിന് തക്കവിധത്തിലുള്ള ആരോഗ്യകരമായ ചർച്ചയാണ് ഇവിടെ നടന്നത്. ഞാൻ ഇവിടെ ചില കാര്യങ്ങൾ നോട്ട് ചെയ്തപ്പോൾ ശ്രീ.കോടിയേരി ബാല കൃഷ്ണൻ ഞാൻ അദ്ദേഹം പറയുന്നത് ശ്രദ്ധിക്കുന്നില്ലെന്ന് പറഞ്ഞു. ഞാൻ എപ്പോഴും രണ്ടുകാര്യങ്ങൾ ചെയ്യും. ഒരു കാര്യം ചെയ്യുമ്പോൾ വേറൊരു കാര്യം ശ്രദ്ധിക്കും. രണ്ടിൽക്കൂടുതൽ പറ്റില്ല. ഞാൻ ബില്ലിനകത്ത് വരു ത്തേണ്ട മാറ്റങ്ങളും ഈ പ്രശ്നവുമായി ബന്ധപ്പെട്ട പറയുന്ന കാര്യങ്ങളെ ന്തൊക്കെയാണെന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അങ്ങ് പറഞ്ഞത് ഏഴര എന്നുള്ളത് പത്താക്കണം. അപ്പോൾത്തന്നെ പത്തെന്ന് തീരുമാനിച്ചു. അതിന് അനുകൂലമായി പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചില്ലെങ്കിലും കുഴപ്പമില്ല. ഇവിടെ വളരെയേറെ കാര്യങ്ങളെക്കുറിച്ച് ചർച്ച നടന്നു. ശ്രീ. കോടിയേരി ബാലകൃ ഷ്ണൻ കെട്ടിക്കിടക്കുന്ന കേസുകളുടെ കാര്യം പറഞ്ഞു. അത് ശരിയാണ്. ഇന്ന് ജുഡീഷ്യറിയുടെ ഏറ്റവും വലിയ പ്രശ്നം കേസുകളുടെ പഴക്കമാണ്. വർഷങ്ങളോളം എടുക്കുന്ന കാര്യങ്ങൾ. ഇതിനെന്താണ് പരിഹാരം? കൂടുതൽ

കോടതികൾ തുടങ്ങണം. കൂടുതൽ ജഡ്ജിമാരെ നിയമിക്കണം. കൂടുതൽ ഇൻഫ്രാസ്ട്രക്ച്ചർ കൊടുക്കണം. കൂടുതൽ സ്റ്റാഫിനെക്കൊടുക്കണം. ഇതൊ ക്കെയാണെങ്കിലും വർഷങ്ങളോളം പഴക്കമുള്ള കേസുകൾ കിടക്കുന്നു അതിന് പരിഹാരമുണ്ടാക്കണം. ചെയ്യാവുന്നത്രയും കാര്യങ്ങൾ ഇതിനുവേണ്ടി ഗവൺമെന്റ് ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട സി. ദിവാകരൻ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ കോടതിയുടെ കാര്യം പറഞ്ഞു. ശ്രീ. സി. ദിവാകരൻ വളരെയധികം താത്പര്യമെടുത്ത് ചില പ്രയോറിറ്റിക ളൊക്കെ മറികടന്ന് കോടതി അനുവദിച്ചു. പക്ഷേ മൂന്നോ നാലോ സ്റ്റാഫില്ല എന്നതിന്റെ പേരിൽ തുടങ്ങിയിട്ടില്ല. പക്ഷേ അത് അനുവദി ച്ചുകൊടുത്തു. എനിക്ക് ഒരു അനുഭവമുണ്ട് ശ്രീ. ജോസഫ് വാഴക്കനും ശ്രീ. തോമസ് ഉണ്ണിയാടനും അവരുടെ നിയോജകമണ്ഡലങ്ങളിൽ കോടതി ഉദ്ഘാടനം ചെയ്യണമെന്ന് പറഞ്ഞ് ഉദ്ഘാടനത്തിന്റെ തീയതിയൊക്കെ തീരു മാനിച്ചു. പക്ഷേ പാറ്റേൺ അനുസരിച്ച് രണ്ട് സ്റ്റാഫിന്റെ കുറവുകൊണ്ട് തലേദിവസം ഉദ്ഘാടനം ക്യാൻസൽ ചെയ്തു ഇത്തരത്തിൽ ചെറിയ ചെറിയ പ്രശ്നങ്ങളിൽ പല കാര്യങ്ങളും മുടങ്ങിക്കിടക്കുന്നുണ്ട്. അവയ്ക്ക് പരിഹാരം കാണാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കോടതികൾ കമ്പ്യൂട്ട റൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. വീഡിയോ കോൺഫറൻസിംഗ് ചില സ്ഥലങ്ങളിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. മുപ്പത് ഗ്രാമീണ കോടതികൾ നോട്ടിഫൈ ചെയ്തുകഴിഞ്ഞു. അതിനുവേണ്ടി റൂൾസ് ഫ്രെയിം ചെയ്തു. കോടതിക്കാവശ്യമായ കെട്ടിടം കണ്ടുപിടിക്കാൻ പഞ്ചാ യത്തും ഡിപ്പാർട്ട്മെന്റുമായി ആലോചിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുകയാ ണ്. അറുപതോളം മുൻസിഫുമാരെ നിയമിച്ചിട്ടുണ്ട്. 87 മുൻസിഫുമാരുടെ ഒഴിവി

ലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. താൽക്കാലികമായി പ്രവർത്തിച്ചുകൊണ്ടിരുന്ന 38 ഫാസ്റ്റ് ട്രാക്ക് കോടതികളെ ഇപ്പോൾ സ്ഥിരമാക്കിയിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതി വേണമെന്നുള്ള കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം വന്നപ്പോൾ ഇന്ത്യയിൽ ആദ്യമായി കോടതി തുടങ്ങിയത് കേരളത്തിൽ എറണാകുളത്താണ്. സുപ്രീം കോടതി ചീഫ് ജസ്റ്റിസ് തന്നെയാണ് പ്രസ്തുത കോടതി ഉദ്ഘാടനം ചെയ്തത്. സ്ത്രീകൾക്കെതിരായിട്ടുള്ള കേസുകൾ വിചാരണ നടത്തുന്നതിനായി തിരുവനന്തപുരത്തും, കോഴിക്കോടും ഓരോ കോടതി ആരംഭിക്കുന്നതിനുള്ള തീരുമാനമെടുക്കുന്നുണ്ട്. പുതുതായി 27 ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ അനുവദിച്ചിട്ടുണ്ട്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തിയെന്ന് പറയുന്നത് ജുഡീഷ്യറി, എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ എന്നീ മൂന്ന് ഘടകങ്ങൾ തമ്മിലുള്ള പരസ്പര വിശ്വാസവും പരസ്പരം അംഗീകരിച്ചുകൊണ്ടുള്ള നിലനിൽപ്പുമാണ്. കാരണം ജനാധിപത്യ വ്യവസ്ഥിതിക്ക് ശക്തിപകരുന്ന ഈ മൂന്ന് ഘടകങ്ങളുടെ സ്വതന്ത്രവും ഏറ്റവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് കോട്ടം വരുത്തുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. പക്ഷേ ഇത് എല്ലാവരും കണക്കിലെടുക്കണം, ഏതെങ്കിലും ഒരു കൂട്ടർ മാത്രം ഇത് കണക്കിലെടുത്താൽ പോര എന്നതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇക്കാര്യത്തിൽ ഏറ്റവും നല്ലൊരു അന്തരീക്ഷം ഉണ്ടാകണമെന്നാണ് ആഗ്രഹിക്കുന്നത്. കുമാരി ജയലക്ഷ്മിയുടെ അനുഭവത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അത് സംബന്ധിച്ച് എനിക്ക് വ്യക്തമായ അഭിപ്രായമുണ്ട്. ഞാൻ അതിപ്പോൾ പ്രകടമാക്കുന്നില്ല. പക്ഷേ അക്കാര്യത്തിൽ ചീഫ് ജസ്റ്റിസ് ഏറ്റവും ഫലപ്രദമായ

ഇടപെടൽ നടത്തുകയും നല്ലൊരു പരിഹാരം ഉണ്ടാക്കുകയും ചെയ്തു. കാരണം അത് എങ്ങനെ വരും, എന്താകും, പ്രാദേശികമായിട്ടുള്ള പ്രതിഷേധം ....... ഇക്കാര്യങ്ങളെല്ലാം വന്ന അവസരത്തിൽ ചീഫ് ജസ്റ്റിസിന്റെ ഇടപെടൽ വളരെ പ്രയോജനകരമായി. ആ പരിപാടി തന്നെ വേണ്ടെന്ന് വച്ച് കോടതി പറഞ്ഞ സമയത്തുതന്നെ പ്രവർത്തനം ആരംഭിച്ചു.

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): സർ, മന്ത്രി പങ്കെടുക്കേണ്ടിയിരുന്ന ഒരു പരിപാടിയിൽ ആ പ്രോഗ്രാംതന്നെ വേണ്ടെന്നുവെച്ച് ഈ പ്രശ്നം പരിഹരിക്കുന്നത് ശരിയാണോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഒരു പ്രശ്നം വന്നാൽ അത് എങ്ങനെ പരിഹരിക്കണമെന്നതിനെക്കുറിച്ച് ശ്രീ. ജോർജിന്റെ കാഴ്ചപ്പാടും എന്റെ കാഴ്ചപ്പാടും തമ്മിൽ വ്യത്യാസമുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. പി.സി. ജോർജ് പറഞ്ഞ അഭിപ്രായമാണ് എനിക്കുമുള്ളത്. കാരണം ഒരു മന്ത്രിയെ ഒഴിവാക്കാൻവേണ്ടി പരിപാടി തന്നെ റദ്ദാക്കി. ഈ നടപടി ശരിയാണോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിൽ അങ്ങനെയൊരു നിലപാട് എടുക്കരുത്. ഒരു പ്രതിഷേധം വന്നപ്പോൾപരിപാടി വേണ്ടെന്ന് അവർ സ്വയം തീരുമാനിച്ചതാണെങ്കിലോ? മന്ത്രിയെ ഒഴിവാക്കുന്നതിനുവേണ്ടിയല്ല, മന്ത്രിയില്ലാതെ ഫങ്ഷൻ നടത്തുന്നത് സംബന്ധിച്ച് അവിടെയൊരു പ്രതിഷേധം വന്ന സമയത്ത്, ആ പ്രതിഷേധത്തെ മാനിച്ചുകൊണ്ട് പരിപാടി തന്നെ വേണ്ടെന്ന് വച്ചാൽ അതിനെ പോസിറ്റീവായി കാണണം. അല്ലാതെ അതിനെ നെഗറ്റീവായി കാണരുത്. നമ്മൾ ഓരോ പ്രശ്നങ്ങളേയും സമീപിക്കുന്നതിലുള്ള വ്യത്യാസമാണിത്.

ശ്രീ. സി. ദിവാകരൻ: സർ, ഇത് അങ്ങ് ഇരിക്കുന്ന സ്ഥലത്തിന്റെ കുഴപ്പമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ എവിടെയിരുന്നാലും എനിക്ക് ഒരേ സമീപനമാണുള്ളത്. കാരണം ഒരിക്കലും കോൺഫ്രണ്ടേഷൻ ഉണ്ടാകാൻ പാടില്ല. അത് ഒഴിവാക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ജുഡീഷ്യറി, ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ് എന്നിവ നമ്മുടെ ഭരണഘടന വ്യക്തമായി വേർതിരിച്ച് വച്ചിട്ടുണ്ട്. അതിനകത്ത് ചില കടന്നുകയറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. അത് ഒഴിവാക്കണമെന്ന് പറയുന്നതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ചീഫ് വിപ്പിനും അങ്ങേയ്ക്കും സമീപനങ്ങളിൽ വ്യത്യാസമുണ്ടെന്ന് പറഞ്ഞു. പക്ഷേ ഓഫീഷ്യൽ കാര്യങ്ങളിൽ രണ്ട് സമീപനം പാടുണ്ടോ? ഇവിടെ അങ്ങ് ഉദ്ദേശിച്ചത് എന്താണ്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പ്രവർത്തന ശൈലിയും വാചകശൈലിയുമാണ് ഞാൻ ഉദ്ദേശിച്ചത്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പ്രയോറിറ്റി ലിസ്റ്റ് അനുസരിച്ച് സബ്കോടതികൾ പെന്റിംഗിൽ നിൽക്കുകയാണ്. ഇത് എത്രയും പെട്ടെന്ന് അനുവദിച്ചുകിട്ടാനുള്ള നടപടികൾ അങ്ങ് സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: തീർച്ചയായും, നമുക്കിപ്പോൾ 27 ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ പുതുതായി അനുവദിച്ചിട്ടുണ്ട്. ജില്ലാ ജഡ്ജിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള പരീക്ഷയും ഇന്റർവ്യൂവിനുള്ള തീരുമാനവും ഇപ്പോൾ നിശ്ചയിച്ചിട്ടുണ്ട്. ഇവിടെ ഹൈക്കോടതി ബഞ്ചിനെക്കുറിച്ച് പരാമർശിച്ചു. ഇതുസംബന്ധിച്ചുള്ള ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമാണ്. അത് ഈ സഭതന്നെ ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുണ്ട്. പക്ഷേ ഒരു ഹൈക്കോടതി ബഞ്ച് വേണമെങ്കിൽ ആ സംസ്ഥാനത്തെ ഹൈക്കോടതിയുടെ ഫുൾ

ബഞ്ചിന്റെ തീരുമാനംകൂടി വേണം. അത് ഇതുവരെ ഉണ്ടായിട്ടില്ല എന്നതാണ് ഇവിടത്തെ തടസ്സം. അതിനൊരു പരിഹാരം എങ്ങനെ കണ്ടെത്താൻ സാധിക്കുമെന്നുള്ളത് ആലോചിച്ച് വരികയാണ്.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: സർ, കോടതികൾ അനുവദിക്കുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുപോലെ മുൻസിഫ് കോടതി അനുവദിക്കുന്നത് സംബന്ധിച്ച് രജിസ്ട്രാർ അയച്ചിട്ടുള്ള പ്രൊപ്പോസലുകളിൽ പുതിയ പോസ്റ്റ് ക്രിയേറ്റ് ചെയ്യാത്തതിന്റെ പേരിൽ ഇവിടെ പരിഗണനയിൽ കിടക്കുന്നതായാണ് അറിയാൻ സാധിച്ചത്. മുൻസിഫ് കോടതി സംബന്ധിച്ച പ്രൊപ്പോസൽ എന്റെ നിയോജകമണ്ഡലത്തിൽനിന്നും ഉണ്ടായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കോടതികളുടെ പ്രയോറിറ്റി അനുസരിച്ച് തീരുമാനമെടുക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ട്. ഇവിടെ പ്രയോറിറ്റി തെറ്റിക്കാൻ സാധിക്കുകയില്ല.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഇവിടെ കുറച്ച് മജിസ്ട്രേറ്റ് കോടതികൾ അനുവദിച്ചു എന്ന് പറയുകയുണ്ടായി. കോടതിയുടെ ജൂറിസ്ഡിക്ഷൻ എത്രവരെയുണ്ടെന്ന് നിശ്ചയിക്കുന്നത് ഗവൺമെന്റാണ്. ഇപ്പോൾ കരുനാഗപ്പള്ളി സബ്കോടതി വന്നപ്പോൾ കൊട്ടാരക്കര കോടതിയോടു ചേർന്ന് ഒരു കിലോമീറ്റർ പോലും ഇല്ലാത്ത സ്ഥലമുൾപ്പെടെ ആ കോടതിയുടെ ജൂറിസ്ഡിക്ഷനിലേക്ക് പോയപ്പോൾ ജനങ്ങൾക്ക് വല്ലാതെ ബുദ്ധിമുട്ട് വന്ന ഒരു പ്രശ്നമുണ്ട്. ഇത്തരം പ്രശ്നങ്ങൾ വരാതിരിക്കാനും ഇപ്പോൾ വന്ന പ്രശ്നം പരിഹരിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: അത് ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും പരിശോധിക്കുന്നതാണ്. മുൻസിഫിന്റെ യോഗ്യതയെ സംബന്ധിച്ച് ഇവിടെ

സൂചിപ്പിച്ചു. അത് ജഡ്ജിമാരുടെ സേവന-വേതന വ്യവസ്ഥകളും യോഗ്യത കളും സംബന്ധിച്ച ഷെട്ടി കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദേശീയതല ത്തിൽതന്നെ അംഗീകരിച്ചിട്ടുള്ളതാണ്. ശ്രീ. വി. ഡി. സതീശനും ശ്രീമതി പി. അയിഷാ പോറ്റിയും ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞ കാര്യങ്ങൾ നോട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ ലിമിറ്റ് ഏഴര ലക്ഷം രൂപയിൽനിന്നും ഉയർത്ത ണമെന്ന ആവശ്യം ശ്രീ. വി.ഡി. സതീശനും ഉന്നയിച്ചിട്ടുണ്ട്. അത് അംഗീകരിക്കാൻ തയ്യാറാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. വി.ഡി. സതീശൻ (Not in the seat).

ശ്രീമതി പി. അയിഷാ പോറ്റി, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

**<u>Shri T. N. Prathapan</u>: Sir, I move the following amendment:**

**108. In section 11(2) of the principal Act, proposed to be amended by clause 2, for the words "seven lakh and fifty thousand", substitute the words "five lakh and twenty five thousand".**

**<u>Shri P. C. Vishnunadh</u>: Sir, I move the following amendment:**

**109. In section 11(2) of the principal Act, proposed to be amended by clause 2, for the words "seven lakh and fifty thousand", substitute the words "five lakh and fifty thousand".**

<u>Shri P. A. Madhavan</u>: Sir, I move the following amendment:

111. In section 11(2) of the principal Act, proposed to be amended by clause 2, for the words "seven lakh and fifty thousand", substitute the words "six lakh and fifty thousand".

<u>Shri Dominic Presentation</u> : Sir, I move the following amendment:

112. In section 11(2) of the principal Act proposed to be amended by clause 2, for the words "seven lakh and fifty thousand " substitute the words "seven lakh".

<u>Shri Sunny Joseph</u> : Sir, I move the following amendment:

113. In section 11(2) of the principal Act proposed to be amended by clause 2, for the words "seven lakh and fifty thousand " substitute the words "seven lakh and twenty five thousand".

<u>Shri A.K. Balan</u>: Sir, I move the following amendment:

114. In section 11(2) of the principal Act proposed to be amended by clause 2, for the words "seven lakh and fifty thousand " substitute the words "ten lakh".

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. എ.കെ. ബാലന്റെ 114–ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 114–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. റ്റി.എൻ. പ്രതാപൻ അവതരിപ്പിച്ച 108–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ് അവതരിപ്പിച്ച 109–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി.എ. മാധവൻ അവതരിപ്പിച്ച 111–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 112–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 113–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

aq¶mw hIp¸v

Shri Palode Ravi: Sir, I move the following amendment;

116. In section 13(1) of the principal Act proposed to be amended by clause 3, for the words “twenty lakh rupees” substitute the words “fifteen lakh rupees”

Shri Varkala Kahar: Sir, I move the following amendment;

117. In section 13(1) of the principal Act proposed to be amended by clause 3, for the words “twenty lakh rupees” substitute the words “sixteen lakh rupees”

Shri M. A. Vaheed: Sir, I move the following amendment;

118. In section 13(1) of the principal Act proposed to be amended by clause 3, for the words “twenty lakh ” substitute the words “seventeen lakh”

Shri K. Muraleedharan: Sir, I move the following amendment;

119. In section 13(1) of the principal Act proposed to be amended by clause 3, for the words “twenty lakh” substitute the words “eighteen lakh”

Shri C. P. Muhammed: Sir, I move the following amendment;

120. In section 13(1) of the principal Act proposed to be amended by clause 3, for the words “twenty lakh” substitute the words “nineteen lakh”

Shri. Joseph Vazhackan : Sir, I move the following amendment;

121. In section 13(1) of the principal Act proposed to be amended by clause 3, for the words “twenty lakh” substitute the words “twenty one lakh.”

Shri K. Sivadasan Nair: Sir, I move the following amendment;

122. In section 13(1) of the principal Act proposed to be amended by clause 3, for the words “twenty lakh” substitute the words “twenty two lakh”

Shri. Babu M. Palissery: Sir, I move the following amendment;

123. In section 13(1) of the principal Act proposed to be amended by clause 3, for the words “twenty lakh” substitute the words “twenty five lakh.”

Smt. K. S. Saleekha : Sir, I move the following amendment;

124. In section 13(1) of the principal Act proposed to be amended by clause 3, for the words “twenty lakh” substitute the words “thirty lakh.”

പ്രിൻസിപ്പൽ ആക്ടിൽ രണ്ട് ലക്ഷം രൂപ വരെയുള്ള കേസ്സുകൾ ഇരുപത് ലക്ഷം രൂപയാക്കി മാറ്റിക്കൊണ്ടുള്ള ഒരു അമെന്റ്മെന്റാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ ഇത് മുപ്പത് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. കാരണം കേസ് മുൻസിഫ് കോടതിയിൽനിന്ന് മാറ്റിയാൽ സബ്കോടതി കൾക്ക് ലിമിറ്റില്ല. എന്നാൽ, ഈ കേസുകൾ ജില്ലാ കോടതിയിലേയ്ക്ക് പോകുമ്പോൾ അവിടെ ലിമിറ്റുള്ളതുകൊണ്ട് സബ് കോടതികൾക്കുകൂടി ഇത്തരമൊരു ലിമിറ്റ് വയ്ക്കുകയും 20 ലക്ഷം രൂപയാക്കി മാറ്റുകയും ജില്ലാ കോടതികൾക്ക് 30 ലക്ഷം രൂപയുമാക്കി മാറ്റണമെന്നുള്ളൊരു ഭേദഗ തിയാണ് കൊണ്ടുവന്നിരിക്കുന്നത്. ഇപ്പോൾ ജില്ലാ കോടതികളിൽ 20 ലക്ഷം രൂപ വരെയുള്ള കേസുകൾ എന്നത് 30 ലക്ഷം രൂപയാക്കി മാറ്റണ മെന്നുള്ള ഒരു നിർദ്ദേശമാണുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. സലീഖ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2012–ലെ കേരള സിവിൽകോടതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2012–ലെ കേരള സിവിൽ കോടതി(ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

**(2) 2013–ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ**

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള സഹക

രണ സംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സഹകരണ വകുപ്പുമന്ത്രിയായി രുന്ന ശ്രീ. ജി. സുധാകരൻ തയ്യാറാക്കിയ നിയമഭേദഗതി വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 10-06-2010–ന് വിളംബരപ്പെടുത്തിയ 2010–ലെ 22–ാം നമ്പർ ഓർഡിനൻസിലേയും 28-04-2011–ൽ വിളംബരപ്പെടു ത്തിയ 2011–ലെ 41–ാം നമ്പർ ഓർഡിനൻസിലേയും വ്യവസ്ഥകൾ നിർഭാഗ്യ വശാൽ നിയമമാക്കാൻ കഴിഞ്ഞില്ല. 2011–ലെ 44-ാം നമ്പർ ഓർഡി നൻസിലെ 4,9 വകുപ്പുകളിൽ ഇല്ലാതിരുന്ന വ്യവസ്ഥകൾ രണ്ട് ഓർഡി നൻസുകളേയും കൂട്ടിച്ചേർത്തുകൊണ്ടുള്ള പുതിയൊരു ബില്ലാണ് ഇപ്പോൾ പരിഗണനയ്ക്ക് വന്നിട്ടുള്ളത്. മുൻ സർക്കാരിന്റെ കാലത്ത് വിളംബരപ്പെടു ത്തിയ ഓർഡിനൻസുകളാണെങ്കിലും സഹകരണ സംഘങ്ങളുടെ പ്രവർത്തന മികവിന് സഹായകരമായ വ്യവസ്ഥകൾ ഇതിൽ അടങ്ങിയിട്ടു ണ്ടെന്നുള്ള വസ്തുത കണക്കിലെടുത്താണ് സർക്കാർ പ്രത്യേക താൽപ്പര്യമെ ടുത്ത് പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ നിയമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചത്. 26-03-2013–ൽ ഈ ബിൽ ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരികയും ഭേദഗതികൾ വിശദമായി പരിശോധിക്കുകയും

ചെയ്തു. അതിൽ വകുപ്പ് 56(എ)യിൽ പൊതുയോഗത്തിന്റെയും എന്ന ഭേദഗതി അംഗീകരിച്ചു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ചെയർ പറയുന്ന നിർദ്ദേശങ്ങൾ അതേപ്പടി അനുസരിക്കുന്ന ഒരാളാണ്. ഇതുവരെയും ഒരുകാര്യത്തിലും, ഈ സഭാനടപടികളിലുള്ള കൃത്യവിലോപങ്ങൾ വന്നാൽ ഉടൻതന്നെ പ്രതികരിക്കുക എന്നുള്ളത് പണ്ടുമുതലുള്ള ശീലമാണ്. അത് ബഹുമാനപ്പെട്ട ചെയറിനും അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് ആദ്യമായി അറിയേണ്ടത് എന്റെ പ്രസംഗത്തിനായി എത്ര സമയമെടുക്കാമെന്നതിനെപ്പറ്റി ചെയർ പറയണം.

മി.സ്പീക്കർ: ഇനി മൂന്ന് ബില്ലുകൾകൂടി പാസ്സാക്കാനുണ്ട്. അങ്ങേയ്ക്ക് അത്യാവശ്യമുള്ള സമയമെടുക്കാം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, ഈ ബില്ലിനോടുള്ള എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇത് രണ്ടാമത്തെ ബില്ലാണ്. ഇതിനൊക്കെ ഒരു ചരിത്രമുണ്ട്. സർവ്വീസ് സഹകരണ ബാങ്കുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ടൊരു ചരിത്രം തന്നെയുണ്ട്. കാരണം കൃഷിക്കാരുടെ കടബാദ്ധ്യതയും ദാരിദ്ര്യവും നീക്കുന്നതിനുവേണ്ടി ഏകദേശം 107 കൊല്ലങ്ങൾക്കുമുമ്പ് **1895**-ലാണ് സർവ്വീസ് സഹകരണ ബാങ്കുകൾ രൂപംകൊണ്ടത്. 1904 -ലാണ് ഇതുമായി ബന്ധപ്പെട്ട് ആദ്യത്തെ നിയമം വരുന്നത്. ഇതിനിടയിൽത്തന്നെ ഈ മേഖലയെ ഉദ്ധരിക്കുക എന്ന ലക്ഷ്യവുമായി റോയൽ കമ്മീഷൻ മുതൽ വൈദ്യനാഥൻ കമ്മീഷൻ ഉൾപ്പെടെ ഇപ്പോൾ പ്രകാശ് ബക്ഷി കമ്മീഷൻ വരെ വന്നിരിക്കുകയാണ്. ഈ കമ്മീഷനുകളുടെയൊക്കെ

ഉദ്ദേശ്യമെന്താണ്? കൃഷിക്കാരെ ദ്രോഹിക്കുക, ഈ മേഖലയിലെ സർവ്വീസ് സഹകരണ ബാങ്കുകളെ തകർക്കുക എന്ന ഒറ്റ ലക്ഷ്യം മാത്രമേ ഈ കമ്മീഷനുകൾക്കുള്ളൂ. നേരത്തെ സൂചിപ്പിച്ചതുപോലെ ഈ കമ്മീഷനിൽ കേരളത്തിൽ നിന്നുള്ള ആരെങ്കിലുമുണ്ടോ? കേരളത്തിലെ കൃഷിക്കാരെപ്പറ്റി അറിയാവുന്നരുണ്ടോ? അത് മനസ്സിലാക്കണം. പ്രകാശ് ബക്ഷി കമ്മീഷനിൽ എട്ട് അംഗങ്ങളാണുള്ളത്. അപ്പോൾ പ്രകാശ് ബക്ഷി ആരാണ്? ബഹുമാനപ്പെട്ട അംഗം കെ. ശിവദാസൻ നായർക്കറിയാം; നബാർഡിന്റെ ചെയർമാനായിരുന്നു പ്രകാശ് ബക്ഷി. നബാർഡ് എന്നുപറഞ്ഞാൽ എന്താണ്–നാഷണൽ ബാങ്ക് ഫോർ റൂറൽ ഡെവലെപ്മെന്റ്. ഇന്ത്യാഗവൺമെന്റ് റിസർവ്വ് ബാങ്കിന്റെ സഹായത്തോടുകൂടി രൂപീകരിച്ചതാണ് നബാർഡ്. ആ ബാങ്ക് ചെയ്യുന്നതെന്താണ്? കൃഷിക്കാരെ തകർക്കുകയാണ് ആ ബാങ്ക് ചെയ്തുകൊണ്ടിരിക്കുന്നത്. സഹകരണരംഗവുമായി ബന്ധമുള്ളവർ അങ്ങനെയല്ലെങ്കിൽ പറയട്ടേ? സഹകരണ സംഘങ്ങളെ സഹായിക്കാനാണോ കേരളത്തിൽ നബാർഡ് നിലനിൽക്കുന്നതെന്ന് പറയട്ടേ: അവരെ ദോഷപ്പെടുത്തിയിട്ടേയുള്ളൂ. റിസർവ്വ് ബാങ്കിനോടൊപ്പം നിന്ന് കൊമേഴ്സ്യൽ ബാങ്കുളെ സഹായിക്കുന്ന നിലപാടാണ് നബാർഡ് എടുത്തുകൊണ്ടിരിക്കുന്നത്. കൊമേഴ്സ്യൽ ബാങ്കുകളെ വളർത്തിക്കൊണ്ടുവരികയെന്നുള്ളതാണ് അവരുടെ ഏറ്റവും വലിയ ടാർജറ്റ്. പക്ഷേ, ഇവിടത്തെ കൊമേർഷ്യൽ ബാങ്കിനോടൊപ്പം കിടപിടിക്കത്തക്ക നിലയിലുള്ള സർവ്വീസ് സഹകരണ ബാങ്കുകളെ എങ്ങനെ റിസർവ്വ് ബാങ്കിന്റെ കീഴിൽ കൊണ്ടുവരാമെന്നതാണ് ഇവിടത്തെ പ്രശ്നം. റിസർവ്വ് ബാങ്കിന്റെ കീഴിൽ കൊണ്ടുവരണമെങ്കിൽ അതിന് ചില കാര്യങ്ങളൊക്കെ ഉണ്ടായേ മതിയാകൂ. അതിനുള്ള ആദ്യത്തെ പണിയാണ് വൈദ്യനാഥൻ കമ്മിഷൻ. വൈദ്യനാഥൻ കമ്മിഷൻ ഇവിടെ

വന്നിട്ട് സഹകരണ രംഗത്ത് ആരെ കണ്ടുവെന്ന് എനിക്കറിയില്ല, ശ്രീ. കെ. ശിവദാസൻ നായർക്കാണെങ്കിൽ അറിയാം. ശ്രീ. കെ. ശിവദാസൻ നായർ സഹകരണ രംഗത്തെ ഒരു അതികായനാണ്, ഞാൻ അംഗീകരിക്കുന്ന ആളാണ്. അദ്ദേഹം എന്റെ കൂടെയുണ്ടായിരുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. കൂടാതെ സഹകരണ രംഗം നന്നാകണമെന്ന് ആഗ്രഹമുള്ള ആളും കൂടെയാണ്. സഹകരണ രംഗം പുഷ്ടിപ്പെടണം നന്നാക്കണമെന്ന് ആഗ്രഹമുള്ള ആളാണ് മന്ത്രിയെന്നുള്ള കാര്യം എനിക്ക് നേരിട്ടറിയാവുന്നതാണ്. പക്ഷേ അതിൽ പ്രയോജനം വല്ലതുമുണ്ടോ? ഒരു പ്രയോജനവുമില്ല. അതാണ് സംഗതി. വൈദ്യനാഥൻ കമ്മിഷൻ ഇവിടെ മുഴുവൻ നടന്ന് ഒരു റിപ്പോർട്ടുണ്ടാക്കി. കേരളത്തിന്റെ മണ്ണ്, കൃഷി, കൃഷിക്കാർ, സഹകരണം ഇതൊന്നും അറിയാതെയാണ് ആ റിപ്പോർട്ടുണ്ടാക്കിയത്. വർഷങ്ങളായി ഉണ്ടാക്കിയെടുത്ത ഒരു മേഖലയാണ് കേരളത്തിലെ ക്രെഡിറ്റ് മേഖല. സർക്കാരും രജിസ്ട്രാറും അതിന്റെ കീഴിലുള്ള പ്രൈമറി സംഘങ്ങൾ വരെയുള്ള ഒരു മേഖലയാണ് വായ്പ്പാ മേഖല. ആ മേഖലയിൽ പിൽക്കാലത്ത് കൂട്ടിച്ചേർത്ത ബാങ്കിംഗ് മേഖല സർവ്വീസ് സഹകരണ സംഘം ആയിരുന്നല്ലോ? പരസ്പര സഹായ സംഘം, വിവിധോദ്ദേശ സഹകരണ സംഘം, സർവ്വീസ് സഹകരണ സംഘം ഇങ്ങനെ വളർന്ന് സർവ്വീസ് സഹകരണ ബാങ്കുകളായി മാറി. ആ സർവ്വീസ് സഹകരണ ബാങ്കിനെ അത്യപൂർവ്വമായി അത്ഭുതത്തോടുകൂടി മറ്റ് കമേഴ്സ്യൽ ബാങ്കുകളെ കിടപിടിക്കത്തക്കവണ്ണം വളർന്നുവരുന്ന കേരളത്തിലെ സഹകരണപ്രസ്ഥാനത്തെ തകർക്കാൻ എന്താണ് മാർഗ്ഗമെന്ന് റിസർവ്വ് ബാങ്ക് ആലോചിച്ചിട്ടാണ് വൈദ്യനാഥനെ അയച്ചത്. വൈദ്യനാഥൻ വന്നു, ശരിപ്പെടുത്തിക്കൊടുത്തു. എന്താണ് പറഞ്ഞത്; ബാങ്കിംഗ് മേഖല വേണമോ; ക്രെഡിറ്റ് മേഖല വേണമോ? രണ്ടും കൂടെ വേണ്ട. ഒരു കയ്യിൽ

ഒരെണ്ണം കൊടുത്തു – ക്രെഡിറ്റ് മേഖല, വായ്പ മേഖല. മറ്റേ കയ്യിൽ ഒരെണ്ണം കൊടുത്തു – ബാങ്കിംഗ് മേഖല. ഇത് രണ്ടും രണ്ടായി കാണണം. നിങ്ങൾ ക്രെഡിറ്റ് മേഖല സെലക്ട് ചെയ്താൽ ചെക്ക് എന്നോ ഡെപ്പോസിറ്റ് എന്നോ പറയാൻ പാടില്ല. ബാങ്കിംഗ് മേഖല തെരഞ്ഞെടുത്താൽ വായ്പ പാടില്ല, വേറൊന്നും പാടില്ല. അതിന്റെ അന്ത:സത്തയാണ് ഞാൻ പറയുന്നത്. പല കാര്യങ്ങളും കേരളത്തിൽ നടപ്പാക്കിയതാണ്. അപ്പോൾ മറുപടി പറയാൻ പോകുന്നത് എന്താണെന്ന് അറിയാമോ? ധരാളം ആനുകൂല്യങ്ങളുണ്ടല്ലോ; ഗ്രാന്റ് ഉണ്ടല്ലോ; നശിച്ചുപോയ അല്ലെങ്കിൽ താറുമാറായ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ കോടിക്കണക്കിന് രൂപ കിട്ടുമല്ലോ? കിട്ടും. പണം മോഹിച്ച് കുട്ടിയുടെ കഴുത്ത് അറുക്കാമോ; കഴുത്തറുത്താൽ ജീവൻ പോയില്ലേ? കഴുത്തറുക്കുന്ന പരിപാടിയാണ്, പണമുണ്ട്. ഈ മേഖലയെ തകർക്കുന്ന രീതിയിലാണ് വന്നത്. അങ്ങനെ വൈദ്യനാഥൻ ആ റിപ്പോർട്ട് ഇവിടെ കൊണ്ടുവന്നു. അത് ആദ്യം ഉമ്മൻ ചാണ്ടിയുടെ കയ്യിലാണ് കിട്ടിയത്. ഉമ്മൻ ചാണ്ടി തൊട്ട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ വരെ കേരളത്തിന്റെ മണ്ണിൽ ഇത് പറ്റുകയില്ലെന്ന് പറഞ്ഞു. ശ്രീ. എം. വി. രാഘവൻ മുതൽ ശ്രീ. ജി. സുധാകരൻ, സഹകരണ വകുപ്പുമന്ത്രി വരെ 'ഹേ ഇവിടെ വേണ്ടെന്ന്' പറഞ്ഞു. എന്നിട്ട് എം.ഒ.യു.......

<u>ശ്രീ. വർക്കല കഹാർ</u>: സർ, കേരളത്തിന്റെ സഹകരണ രംഗത്ത് ശ്രീ. എം. വി. രാഘവൻ ചെയ്ത സേവനങ്ങളെക്കുറിച്ച് പ്രത്യേകിച്ചും ശ്രീ. പിണറായി വിജയനെപ്പോലെയുള്ള ഒരാൾ അദ്ദേഹത്തെ ചെന്ന് നേരിട്ടുകണ്ട് അഭിനന്ദിച്ചിരിക്കുന്ന സാഹചര്യത്തിൽ അങ്ങയുടെ വിലയിരുത്തൽ എന്താണ്?

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:</u> സർ, ശ്രീ. വർക്കല കഹാറും ഞാനും കൂടെ വേണമോ? വേണ്ട. നമുക്ക് അങ്ങനെയൊരു ബന്ധമുണ്ടെന്നുള്ളത് ഓർമ്മിക്കണം. ശ്രീ. എം. വി. രാഘവൻ നല്ലത് ചെയ്താൽ നല്ലതെന്ന് ഞാനും പിണറായി വിജയനും മറ്റെല്ലാവരും പറയും. മോശപ്പെട്ടാൽ മോശമെന്ന് പറയും, തള്ളിക്കളയുകയും ചെയ്യും. എം. വി.രാഘവനെന്നല്ല, ആരുടെ പരിപാടിയും അത് തന്നെയാണ്. ശ്രീ. എം. വി. രാഘവൻമുതൽ ശ്രീ. ജി. സുധാകരൻവരെ ഉമ്മൻ ചാണ്ടിമുതൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻവരെ ആ റിപ്പോർട്ടിലെ എം.ഒ.യു. ഒപ്പുവച്ചില്ല. ഒപ്പുവയ്ക്കാത്തതെന്താണ്? കേരളത്തിൽ ഇത് പറ്റുകയില്ല, അതുകൊണ്ടാണ് തള്ളിക്കളഞ്ഞത്. കേരളത്തിലെ സഹകരണപ്രസ്ഥാനത്തിന് അങ്ങനെ ചില ഗുണങ്ങളുണ്ട്. അത്യാപത്ത് വന്നാൽ, ഈ മേഖല തകർക്കുമെന്ന് വന്നാൽ എല്ലാവരും കൂടെ കൂടും. അതിനകത്ത് ജാതിയും മതവും രാഷ്ട്രീയവും ഒന്നുമില്ല. ഇവിടെ സംഭവിക്കുന്നത് അതാണ്, സംഭവിക്കേണ്ടതും അതാണ്. അതങ്ങനെ വന്നേ മതിയാകൂ. അതുകൊണ്ട് വൈദ്യനാഥൻ കമ്മിഷൻ റിപ്പോർട്ടിനെ ആ രീതിയിൽ ഇവിടെ കൊണ്ടുവന്നു. അങ്ങനെ കൊണ്ടുവന്നപ്പോൾ ഇവിടെ അത് സ്വീകരിച്ചില്ല, ജനങ്ങൾ കൈക്കൊണ്ടില്ല. ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും അത് സ്വീകരിച്ചു, എം.ഒ.യു. ഒപ്പിട്ടു. പക്ഷേ കേരളത്തിൽ അത് വന്നില്ല. വന്നപ്പോൾ ഇവിടത്തെ സഹകരണ ബാങ്കുകളെ ചൊൽപ്പടിക്ക് നിർത്താൻ കഴിഞ്ഞില്ല. പ്രകാശ് ബക്ഷി നബാർഡിന്റെ ചെയർമാനായിരുന്ന ആളാണ്. അദ്ദേഹത്തെ അടക്കമുള്ള 8 പേരെ വിളിച്ച് റിപ്പോർട്ട് തയ്യാറാക്കാനായി കൊടുത്തു. 8 പേർക്കും കേരളമെന്തെന്നറിയില്ല, കേരളത്തിലെ കൃഷി എന്തെന്നറിയില്ല, കൃഷിക്കാരെ അറിയില്ല, കേരളത്തിലെ മണ്ണ് എന്താണെന്ന് അറിയില്ല, കേരളത്തിലെ സഹകരണമെന്തെന്നറിയില്ല.

ഒന്നുമറിയാത്ത 8 പേർ, അവർ കമ്മിറ്റി കൂടിയപ്പോൾത്തന്നെ രണ്ട് ആളുകൾ അതിൽ പോയില്ല. 62 പേജുള്ള 7 അദ്ധ്യായങ്ങൾ അടങ്ങിയ പ്രകാശ് ബക്ഷി യുടെ റിപ്പോർട്ട് നോക്കിയാൽ അറിയാം; 3 ആളുകൾ ഡിസന്റ് ചെയ്തു, ബാക്കിയുള്ള 3 ആളുകളുടെ റിപ്പോർട്ടാണ് അതിനകത്തുള്ളത്. കേരള ത്തിലെ ഹ്രസ്വകാല വായ്പാ മേഖലയിൽ ഇപ്പോൾ നിലനിൽക്കുന്ന ത്രി ടയർ സിസ്റ്റം രണ്ടാക്കണമെന്നാണ് അതിൽ പറയുന്നത്. ത്രി ടയർ എന്നാൽ പ്രൈമറി സഹകരണ സംഘങ്ങൾ (PACS) ആണ്. അവരാണ് ജനങ്ങളു മായി ബന്ധമുള്ളവർ. കൃഷിക്കാരന്റെ ഇവിടത്തെ സ്ഥിതിയെന്താണ്; എത്ര രൂപയുടെ കടം വേണം; അയാൾക്ക് എത്ര രൂപ അടയ്ക്കാൻ കഴിയും; എങ്ങ നെയെല്ലാം സഹായിക്കണം? – ആ രീതിയിൽ കൃഷിക്കാരെ സഹായിക്കാൻ കഴിയുന്ന പ്രൈമറി സഹകരണ സംഘങ്ങൾ, ആ സംഘങ്ങളാണ് അതിന്റെ അടിസ്ഥാന ഘടകങ്ങൾ. അതുകഴിഞ്ഞാൽ ജില്ലാ ബാങ്കുകൾ. ജില്ലാ ബാങ്ക് കഴിഞ്ഞാൽ അതിന്റെ മുകളിലത്തെ തട്ടാണ് സംസ്ഥാന സഹകരണ ബാങ്ക്. അങ്ങനെ മൂന്ന് ടയറാണുള്ളത്. ഞാൻ ഈ മൂന്ന് ടയറിലും ഇരുന്നിട്ടുള്ള യാളാണ്. പ്രൈമറിയിൽ ഇരുന്നിട്ടുണ്ട്. ഇപ്പോഴും ഞാൻ ഒരു പ്രൈമറി ബാങ്കിന്റെ ബോർഡ് മെമ്പറാണ്. പത്തുനാൽപ്പത്തഞ്ച് കൊല്ലമായി ഇതിന്റെ കൂടെ നടക്കുകയാണ്. തകർക്കാൻ പോകുന്നല്ലോ എന്നുള്ള വിഷമം കൊണ്ട് പറഞ്ഞുപോകുന്നതാണ്. ജില്ലാ സഹകരണ ബാങ്കിൽ ഇരുന്നിട്ടുണ്ട്, സംസ്ഥാന സഹകരണ ബാങ്കിൽ അധ്യക്ഷനായി ഇരുന്നിട്ടുണ്ട്. ഇതൊക്കെ അറിയാവുന്നതുകൊണ്ട് ഈ സമ്പ്രദായത്തിൽ മാറ്റം വരണമെന്നുള്ള റിപ്പോർട്ടാണ് ഞാൻ തരുന്നത്. ടു ടയറിനെ സംബന്ധിച്ച് ബക്ഷി പറയുന്നത്, പ്രൈമറി സംഘങ്ങൾ ഓരോ ഓഫീസും വച്ച് ഏജന്റുമാരായി ഇരുന്നാൽ

മതിയെന്നും കാര്യങ്ങളെല്ലാം ജില്ലാ ബാങ്ക് അവർ നോക്കിക്കൊള്ളുമെന്നു മാണ്. ഇവിടെ നടക്കാത്തത് എവിടെ നടത്താൻ സാധിക്കും? സഹകരണ വകുപ്പുമന്ത്രി തന്നെ എതിരായിട്ടുള്ള അഭിപ്രായം പറഞ്ഞിരിക്കുന്നതായാണ് എനിക്ക് തോന്നുന്നത്. ഇതൊന്നും അംഗീകരിക്കാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. മറുപടി പറയുമ്പോൾ പ്രകാശ് ബക്ഷിയുടെ റിപ്പോർട്ട് അംഗീകരിക്കാൻ പോകുന്നില്ലെന്ന് മന്ത്രി പറയും, പറയേണ്ടി വരും, പറഞ്ഞി ല്ലെങ്കിൽ വിഷമിക്കും. അതാണ് കേരളം. പറഞ്ഞേ മതിയാകൂ. പ്രൈമറി ബാങ്കുകൾ പിരിച്ചുവിട്ട് അതിന്റെ മുഴുവൻ ആസ്തിബാദ്ധ്യതകളും ജില്ലാ ബാങ്കിന് കൊടുത്തിട്ട് ജില്ലാ ബാങ്കും സംസ്ഥാന സഹകരണ ബാങ്കും – അങ്ങനെയുള്ള ഒരു നിർദ്ദേശമാണ് പ്രകാശ് ബക്ഷി എന്നുപറയുന്ന കമ്മിഷൻ പറയുന്നത്. അവർ കേരളത്തിൽ വന്നിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. പ്രകാശ് ബക്ഷിയുടെ നിയമനം 2012 ജൂലൈയിലാണ്. 2013 ജനുവരിയിൽ അവർ റിപ്പോർട്ടും കൊടുത്തു. ഏഴ് അധ്യായങ്ങളുള്ള 62 പേജുള്ള റിപ്പോർട്ടിൽ ഇതൊക്കെ പറയുന്നുണ്ട്. അപ്പോൾ എന്താണ് ഇതിന്റെ പൊരുൾ? പ്രൈമറി ബാങ്കുകളെ തകർക്കുകയെന്നുള്ള ലക്ഷ്യം മാത്ര മാണ് ഇതിനകത്തുള്ളത്. ഈ മേഖലയെ തകർക്കുക, ഈ വായ്പാമേഖ ലയെ തകർക്കുക, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കുക........ അത്രയും ബുദ്ധിമുട്ടി കഷ്ടപ്പെട്ട് കൃഷിക്കാരന്റെ കഷ്ടപ്പാടുകൾ മാറ്റാൻവേണ്ടി അനേകലക്ഷം ആളുകൾ പണിയെടുത്ത ഒരു മേഖലയാണ് കേരളത്തിലെ സഹകരണമേഖല. അതിനെ തകർക്കാൻ ആരേയും സമ്മതി ക്കില്ലായെന്ന് ഞാൻ നേരത്തെ പറഞ്ഞല്ലോ. ബടക്കാക്കി തനിക്കാക്കാനുള്ള പരിപാടിയാണ് ഈ കാണിക്കുന്നത്. ഇല്ലാതാക്കിക്കളഞ്ഞിട്ട് കയ്യിലെടുക്കുക

എന്നുള്ള രീതിയാണ് റിസർവ്വ് ബാങ്ക് എടുത്തിരിക്കുന്നത്. ഇതിന് സഹായം കേന്ദ്ര ഗവൺമെന്റാണ്. ഇതിലൊക്കെത്തന്നെ നിൽക്കാത്ത രീതിയിലാണ് കേന്ദ്ര ഗവൺമെന്റിന്റെ സഹകരണം സംബന്ധിച്ച 97-ാമത് ഭരണഘടനാ ഭേദ ഗതി. അതും ഈ പറഞ്ഞതുപോലെത്തന്നെയാണ്. ഇപ്പോൾ നമ്മളൊരു നിയമം പാസ്സാക്കി. ആ നിയമവും കേന്ദ്ര ഗവൺമെന്റിന്റെ നിയമവും തമ്മിൽ വലിയ വ്യത്യാസങ്ങളില്ല. ആ രീതിയിലൊക്കെ നടപ്പിലാക്കിയാൽ എവിടെയെത്തുമെന്ന് എനിക്കറിയില്ല. പല കുഴപ്പങ്ങളുമുണ്ടാകും. അതു കൊണ്ട് പൊതുവിൽ വന്നിരിക്കുന്ന ഇവരുടെ റിപ്പോർട്ടുകളൊക്കെ ഉൾക്കൊ ണ്ടുകൊണ്ട് റിസർവ്വ് ബാങ്കും നബാർഡും വയ്ക്കുന്ന രീതിയിലേയ്ക്ക് പോയാൽ അത് ഒരിക്കലും ഗുണം ചെയ്യുന്ന സംഗതിയായിരിക്കില്ല. ഇവിടെ പ്രസക്തമായ ഭാഗം, ഇവിടെ വന്നിരിക്കുന്ന രണ്ട് കാര്യങ്ങളാണ്. ഈ ബിൽ ശ്രീ. ജി. സുധാകരന്റെ കാലഘട്ടത്തിൽ ഡ്രാഫ്റ്റ് ചെയ്തതാണ് എന്ന് ഇവിടെ പറയുകയുണ്ടായി. അതിലില്ലാത്തതും കടുന്നുകൂടിയിട്ടുണ്ട്. ഈ ബിൽ ഭരണ ഘടനാവിരുദ്ധമാണ്. ഒറിജിനൽ ആക്ടിലെ 243 ZL(1) അനുസരിച്ച് അത് ഭരണഘടനാവിരുദ്ധമാണ്. അതിലെ സെക്ഷൻ 2(2)-ൽ പറഞ്ഞിരിക്കുന്നത് അഡ്മിനിസ്ട്രേറ്റർമാരെക്കുറിച്ചാണ്. പരമാവധി പറഞ്ഞിരിക്കുന്ന കാലാവധി ആറുമാസമാണ്. ഇപ്പോൾ ഈ ബിൽ വരുമ്പോൾ അത് 18 മാസ ത്തിൽപ്പോയിനിൽക്കും. ഒരു സൊസൈറ്റി ഇന്നയിന്ന രീതിയിൽ പിരിച്ചുവി ടാം, ഇന്നയിന്ന രീതിയിൽ പിരിഞ്ഞുപോകാം...... ഇടക്കാലകമ്മിറ്റി വന്നാൽ ഭരണഘടനാ ഭേദഗതിയിൽവന്ന നിയമമനുസരിച്ച് ആറുമാസം മാത്രമേ വയ്ക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ, ഈ ബിൽ പാസ്സായാൽ 18 മാസം വരെ വയ്ക്കാം. ആറുമാസം കഴിഞ്ഞു, പിന്നെ ആറുമാസം കൂടി, പിന്നെ

യൊരു ആറുമാസംകൂടി നീട്ടാനാണ് പറഞ്ഞിരിക്കുന്നത്. ആറുമാസം കഴിഞ്ഞാൽ ഒരു വർഷംവരെ കൊടുക്കാമെന്നാണ് അതിനകത്ത് പറഞ്ഞിരിക്കുന്നത്. ഇത് ഭരണഘടനാവിരുദ്ധമെന്ന് മാത്രമല്ല, ഇത് ജനാധിപത്യവിരുദ്ധവുമാണ്. എന്തെങ്കിലുമൊരു പ്രതിസന്ധി വന്നാൽ യഥാർത്ഥത്തിൽ ആറുമാസത്തിൽ കൂടുതൽ ആവശ്യമില്ല. 97–ാം ഭരണഘടനാ ഭേദഗതിയിൽവന്ന ആ നിയമത്തിന് വിരുദ്ധമായി 6 മാസം എന്നുള്ളത് 18 മാസമാക്കിവച്ചിരിക്കുകയാണ്. അതിനകത്ത് എന്താണ് മന്ത്രി പറയാൻ പോകുന്നതെന്ന് എനിക്കറിയില്ല. എന്തായാലും ആറുമാസത്തിൽ കൂടുതൽ കൊടുക്കാൻ പാടില്ല. അതുപോലെ മറ്റൊരു സംഗതിയുണ്ട്. സഹകരണ ബാങ്കുകളിൽ പല രീതിയിലുള്ള സ്വത്തുകൾ വരും. പണം കടം കൊടുത്താൽ ജപ്തി ചെയ്തെടുക്കും. സ്വത്ത് കൂടിവരുമ്പോൾ ഇത് വിൽക്കണമെന്ന് കമ്മിറ്റിക്ക് തോന്നിയാൽ രജിസ്ട്രാറുടെ സാങ്ഷൻ വാങ്ങിക്കണം. അതിനുശേഷം വിൽക്കാം. നിർബന്ധമില്ല. ഇങ്ങനെയൊരു ഭൂമി കിട്ടിയാൽ ഏഴുവർഷത്തിനകം വിറ്റുകൊള്ളണമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. മാൻഡേറ്ററിയാണ്. അത് ശരിയാണോ? സഹകരണ സംഘങ്ങൾക്ക് ഇതിനെങ്കിലും സ്വാതന്ത്ര്യം കൊടുക്കണ്ടേ? കമ്മിറ്റി കൂടിയില്ലെങ്കിലും ആഡിറ്റ് വന്നില്ലെങ്കിലും പിരിച്ചുവിടാം. ഇപ്പോൾ നിയമം അതാണ്. അങ്ങനെയൊക്കെ വിവിധ രീതികളിൽ ഇതിനെ തകർക്കുവാനുള്ള പല പരിപാടികളും പുതിയ നിയമത്തിലുണ്ട്. നിങ്ങൾക്ക് നിങ്ങളുടെ സ്വത്ത് വിൽക്കാനുള്ള അവകാശമില്ല. ഞങ്ങൾ പറയുമ്പോൾ വിൽക്കണം. വിൽക്കാതിരിക്കാനുള്ള അവകാശമില്ല. 7 വർഷത്തിനകം വിറ്റ് കാശാക്കണമെന്നുള്ളത് മാൻഡേറ്ററിയാണ്. സഹകരണരംഗത്തെ സംബന്ധിച്ചിടത്തോളം അത് അംഗീ

കരിക്കുവാൻ സാധിക്കുന്നതാണോ; പല രീതികളില്ലേ? ഇപ്പോൾ സഹകരണ വകുപ്പുമന്ത്രിക്കും എല്ലാവർക്കും അതറിയാം. ഇപ്പോൾ ഭൂമിയുടെ വില എന്താണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കോലിയക്കോട് എൻ. കൃഷ്ണൻ നായർ 20 മിനിട്ടായി.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: എന്റെയടുത്ത് പറഞ്ഞത് അങ്ങനെയല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഞാൻ ആദ്യമേ ചോദിച്ചു, ഞാൻ അനുസരണയുള്ള ഒരു മെമ്പറാണ്. സ്പീക്കറെപ്പോലെ യാണ് ഡെപ്യൂട്ടി സ്പീക്കറും. നമ്മൾ തമ്മിലുള്ള ബന്ധം കണക്കാക്കണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാനൊന്ന് പറയട്ടേ, അങ്ങ് സഹകരണ രംഗത്തെ ഒരു അതികായകനാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഞാൻ ആ വിശേഷണ ത്തിന് അർഹനല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: നാലോ അഞ്ചോ മണിക്കൂർ സംസാരിക്കു വാൻ അങ്ങേയ്ക്ക് ഒരു ബുദ്ധിമുട്ടുമില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഒരു കാര്യം ഞാൻ പറയാം, ഞാൻ ഇതിൽ ഇപ്പോൾ ഒരു എതിരാളിയല്ല. എനിക്ക് ഒറ്റ കാര്യമേയുള്ളൂ. ഈ രംഗം തകർക്കരുത്. ഈ രംഗം പുഷ്ടിപ്പെടുത്തണം. അതിന് എന്താണ് ഞങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത്? പറയണം. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നിങ്ങൾ നടപ്പാക്കാത്തതുകൊണ്ട് എത്ര

കോടി രൂപയാണ് നമുക്ക് നഷ്ടപ്പെട്ടതെന്ന് എന്റെ ഒരു സുഹൃത്ത് ചോദിച്ചു. എല്ലാ രീതിയിലും അരുമയായി വളർത്തിക്കൊണ്ടുവരുന്ന ഒരു കുട്ടി...... ആരെങ്കിലും കുറേ പണംകൊണ്ട് തരുന്നു. കഴുത്തറുക്കാമോ? കഴുത്തറുത്താൽ എന്തുചെയ്യും? അതുപോലെ പണം കിട്ടിയതുകൊണ്ട് ഒരു ഗുണവുമില്ല. പണം വാങ്ങിച്ചവർ ഇപ്പോൾ കഷ്ടപ്പെടുകയാണ്. ശ്രീ. ജി. സുധാകരൻ ഇവിടെയില്ല. ശ്രീ. ജി. സുധാകരനും ഞാനുംകൂടി മറ്റ് സംസ്ഥാനങ്ങളിൽപ്പോയി. ആന്ധ്രാപ്രദേശിലും കർണ്ണാടകത്തിലും തമിഴ്നാട്ടിലുമൊക്കെപ്പോയി. അവിടെയൊന്നും സഹകരണ രംഗത്ത് തെരഞ്ഞെടുപ്പില്ല. നോമിനേഷൻ..... ഈ ബില്ലിന്റെ വേറൊരു വകുപ്പ്. പല സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പില്ല. ജനാധിപത്യം തൊട്ടുതെറിച്ചിട്ടില്ല. അതാണോ കേരളം?

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, സഹകരണ പ്രസ്ഥാനത്തെ തകർക്കാനാണ് ഈ ബില്ലെന്നാണല്ലോ നിങ്ങൾ പറയുന്നത്. അങ്ങനെയാണെങ്കിൽ ഈ സഹകരണ പ്രസ്ഥാനത്തെ തകർത്ത് അതിനുപകരം പ്രൈവറ്റ് ബാങ്കുകൾ ധാരാളം കൊണ്ടുവരാനുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റായാലും സംസ്ഥാന ഗവൺമെന്റായാലും ചെയ്തുകൊണ്ടിരിക്കുന്നത്. അതിന് ഏറ്റവും നല്ല സഹകാരികൂടിയായ നമ്മുടെ സഹകരണ വകുപ്പുമന്ത്രി കൂട്ടുനിൽക്കുമോ; എന്താണ് നിങ്ങളുടെ അഭിപ്രായം?

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, അങ്ങനെയൊരു പ്രശ്നമില്ല. സഹകരണ വകുപ്പുമന്ത്രി കൂട്ടുനിൽക്കുകയില്ല. അദ്ദേഹമൊരു നല്ല സഹകാരിയാണ്. പണ്ട് മുതലേ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്നു. എനിക്ക് നേരിട്ട് അടുത്തറിയാം. പക്ഷേ അദ്ദേഹത്തിന്റെ കയ്യിൽ നിൽക്കുന്നില്ല. എന്തുചെയ്യാൻ സാധിക്കും? അദ്ദേഹത്തിന്റെ

കൈയ്ക്കകത്ത് നിൽക്കണ്ടേ. വെയ്റ്റ് കൂടിപ്പോകുന്നു. നിൽക്കാത്തതെന്താണെന്ന് പറഞ്ഞാൽ അദ്ദേഹത്തെക്കൊണ്ട് ചെയ്യാൻ സമ്മതിക്കുകയില്ല. സ്റ്റിയറിംഗ് പിടിക്കുവാൻ മറ്റ് ആളുകൾ പുറകിലിരിക്കുന്നു. അദ്ദേഹം നല്ല മനുഷ്യൻ, ഇതൊക്കെ അറിയാമെന്നുള്ളവൻ. എനിക്ക് നല്ല അഭിപ്രായവും സ്നേഹവും ബഹുമാനവുമൊക്കെയുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യേസ്, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, അപ്പോൾ അദ്ദേഹം യഥാർത്ഥത്തിൽ വിചാരിച്ചാൽ നടക്കുന്നില്ല. ഞാനൊരു കാര്യം പറയാം, ഇതൊക്കെ നടക്കും. ഒന്നുരണ്ട് വർത്തമാനമൊക്കെ ശക്തമായി പറയണം. സഹകരണ പ്രസ്ഥാനം ആരുടെയും കീഴിലല്ല. അത് പ്രത്യേകം നിൽക്കണം. അങ്ങനെയൊരു പ്രസ്ഥാനം ഈ രാജ്യത്ത് വേണം. അത് പാവപ്പെട്ട കൃഷിക്കാരന്റേതാണ്. അങ്ങനെയൊക്കെ പറഞ്ഞുവരുമ്പോൾ കുറേയൊക്കെ ഒതുങ്ങിവരും. അതുകൊണ്ട് ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. കേരളത്തിൽ എവിടെയാണ് സഹകരണ പ്രസ്ഥാനമില്ലാത്തത്. കൃഷിയിലില്ലേ? നമ്മുടെ കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ ഇവിടെ ഇരിക്കുകയാണ്. യഥാർത്ഥത്തിൽ ഇത് കടന്നടിക്കേണ്ടത് അവിടെയാണ്. കൃഷിക്കാരെ തകർക്കുന്നതിൽ..... അവിടെ മരവിച്ചതുപോലെ ഇരിക്കുകയല്ലേ? പ്രതികരിക്കണ്ടേ. കൃഷിക്കാർക്ക് കടവും കടത്തിന്മേൽ കടവുമൊക്കെ വരുമ്പോൾ..... ഉൽപ്പാദനക്ഷമത, ഉൽപ്പാദന വർദ്ധനവ് എന്നൊക്കെ പറഞ്ഞ് പ്രതികരിക്കേണ്ടേ? അതല്ലേ ഇതിന്റെ ബേസ്. കേരളത്തിലെ കാർഷിക മേഖലയിലെ ഉൽപ്പാദനക്ഷമതയ്ക്ക് സഹകരണ പ്രസ്ഥാനമല്ലേ ബേസ്. അത് തകർക്കാമോ?

ശ്രീ. രാജു എബ്രഹാം: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് പ്രതികരിക്കുവാനുള്ള ആർജ്ജവും ചങ്കൂറ്റവും ധീരതയുമുണ്ട്. കളരി ആശാൻകൂടിയാണ്. പ്രതികരിച്ചാൽ മന്ത്രിസ്ഥാനം പോകുമെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: അങ്ങനെയൊന്നും പോകില്ല. തുമ്മിയാൽ തെറിക്കുന്ന മൂക്കല്ലെന്ന് കൃഷി മന്ത്രിക്കറിയാം. അവിടെയില്ലെങ്കിൽ വേറെ എവിടെയെല്ലാം അദ്ദേഹത്തിന് കൃഷിമന്ത്രി സ്ഥാനം കിട്ടും. അതിനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. ഞാൻ പറഞ്ഞുവന്നത് മറ്റു സംസ്ഥാനങ്ങളെ പോലെയല്ല, കേരളത്തിൽ സഹകരണ പ്രസ്ഥാനം ചെന്നെത്താത്ത സ്ഥലങ്ങളില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... പ്ലീസ് കൺക്ലൂഡ്. 25 മിനിട്ടായി.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ മൂന്ന് മണിക്കൂറാണ് ചോദിച്ചത്. അത് കുറച്ചു കൂടിപ്പോയെന്ന് പറഞ്ഞപ്പോൾ കുറയ്ക്കാമെന്ന് ഞാൻ പറഞ്ഞു. അതാണ് ഞാനും സ്പീക്കറുമായുള്ള എഗ്രിമെന്റ്. ഡെപ്യൂട്ടി സ്പീക്കർക്ക് പുതിയ എഗ്രിമെന്റ് വേണമെങ്കിൽ വയ്ക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെയൊന്നുമില്ല. അങ്ങേയ്ക്ക് എത്ര സമയം വേണമെങ്കിലും സംസാരിക്കാം. പക്ഷേ, മൂന്ന് ബില്ലുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഒരു കാര്യം ഞാൻ പറയാം. ഞാൻ നിറുത്തും. പക്ഷേ, ഞാൻ പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ യെസ്.. യെസ്... എന്ന് പറയുന്നത് എനിക്ക് ഇഷ്ടമല്ല. യെസ്.. യെസ്... എന്നു പറഞ്ഞാൽ നിറുത്തിക്കോ, നിറുത്തിക്കോ എന്നാണ്. അതു വേണ്ട, ഞാൻ നിറുത്തിക്കൊള്ളാം. യെസ്.. യെസ്... എന്ന് പറഞ്ഞാൽ

അർത്ഥം ശരി, ശരി എന്നല്ല, നിറുത്തിക്കോ... നിറുത്തിക്കോ... എന്നല്ലേ. അതിന്റെ ആവശ്യമുണ്ടോ. കേരളത്തിലെ സഹകരണ പ്രസ്ഥാനം ചെന്നെത്താത്ത ഒരു മൂലയുമില്ല. കൺസ്യൂമർ, എഡ്യൂക്കേഷൻ, ആരോഗ്യം, കൈത്തറി, കയർ, കശുവണ്ടി അങ്ങനെ എല്ലാ രംഗങ്ങളിലും എത്തിയിരിക്കുകയാണ്. അതിൽ ഏറ്റവും മേജറാണ് കാർഷികരംഗം. കേരളത്തിലെ സഹകരണ പ്രസ്ഥാനം ജനങ്ങളുടെ ജീവത്താണ്, അവരുടെ എല്ലാമാണ്. അങ്ങനെയുള്ള സഹകരണ പ്രസ്ഥാനം മേലോട്ട് തന്നെ പോകണം, അതിനെ തകർക്കാൻ പാടില്ല. അതിനെ തകർക്കാനുള്ള ഏർപ്പാടുകൾക്കെതിരെ സഹകരണരംഗത്തു നിൽക്കുന്ന സഹകാരികൾ ഒന്നിച്ചു സഹകരണ മന്ത്രിയുടെ നേതൃത്വത്തിൽ.........

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ മദ്രാസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്നതാണ്. അതിനൊരു കേരളാ ആക്ട് കൊണ്ടുവന്നത് 1969-ലാണ്. 1969-ൽ ആക്ട് പാസ്സാക്കുമ്പോൾ ബഹുമാനപ്പെട്ട പി. ആർ. കുറുപ്പാണ് അന്ന് സഹകരണ വകുപ്പു മന്ത്രി എന്ന കാര്യമറിയാമല്ലോ? പി.ആർ. കുറുപ്പ് കൊണ്ടുവന്ന സഹകരണ നിയമത്തെ അദ്ദേഹത്തിന്റെ മകൻ മന്ത്രിയായിരിക്കുന്ന കാലത്ത് പിച്ചിച്ചീന്തുകയാണ് എന്നുള്ള കാര്യം ഓർമ്മയുണ്ടോ?

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതിനേക്കാൾ അക്കാര്യം സംബന്ധിച്ച് എനിക്കറിയാം. ഒരു സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റായപ്പോൾ ഞാൻ ആദ്യം പോയിക്കാണുന്നത് കുറുപ്പ് സാറിനെയാണ്. 1969-ലാണ്, അന്നേ ഞാൻ സഹകരണ പ്രസ്ഥാനത്തിലുണ്ട്, ഓർമ്മിക്കണം. 1969-ൽ ഗുണ്ടുകാട് ബംഗ്ലാ

വിലാണ്, അതായത് ഇന്നത്തെ എഞ്ചിനീയറിംഗ് കോളേജ് ഇരിക്കുന്ന സ്ഥല ത്താണ് പി.ആർ. കുറുപ്പദ്ദേഹത്തിന്റെ വസതി. ബാർട്ടൺ ഹിൽ എന്നു പറ യുന്നതിന്റെ മലയാളമാണ് ഗുണ്ടുകാട്. അവിടെ ഞാൻ പോയി, അദ്ദേഹ ത്തിന്റെ ശിഷ്യത്വം ഞാൻ അംഗീകരിച്ചിട്ടുണ്ട്, സഹകരണ മന്ത്രിയാണ്, അന്ന് ഞാൻ കൊച്ചുപയ്യനാണ്, ബി.എ. പഠിക്കുന്നതേയുള്ളൂ. ശ്രീ. കെ.പി. മോഹ നന് അറിയാം. അതുകൊണ്ട് കൂടുതൽ ഞാൻ പറയുന്നില്ല. പക്ഷേ, ഏത് സഹകരണ മന്ത്രിയുടെ മകനാണെങ്കിലും അച്ഛൻ ആനപ്പുറത്ത് കയറിയാൽ മകന്റെ പൃഷ്ടം കായ്ക്കില്ലെന്ന് മനസ്സിലാക്കണം. ആനപ്പുറത്ത് അച്ഛൻ കയ റിയിട്ടുണ്ട്, കായ്ച്ചിരിപ്പുണ്ട്. പക്ഷേ മകൻ കയറിയാൽ ശരിയാകുമോ? അതു കൊണ്ട് മകൻ അത് പഠിക്കണം. സഹകരണവും കൃഷിയും തമ്മിലുള്ള ബന്ധം എന്താണെന്ന് പഠിക്കണം. അങ്ങനെ പഠിച്ചാലേ ശരിയാകുകയുള്ളൂ. അതു പഠിച്ചിട്ട് സഹകരണമന്ത്രിക്ക് വേണ്ട സഹായം ചെയ്തു കൊടുക്കണം, സഹായം ഇങ്ങോട്ടും വാങ്ങിക്കണം. ഒരു കാര്യം കൂടി പറയാനുണ്ട്. സഹക രണ പ്രസ്ഥാനം ചെന്നെത്താത്ത സ്ഥലമില്ല. മുൻമന്ത്രി ജി. സുധാകരൻ ഇവിടെ ഇരിപ്പുണ്ട്. കൺസ്യൂമർ ഫെഡ്ഡുള്ളപ്പോൾ വിലക്കയറ്റമെന്ന് പറഞ്ഞു. അത് കേട്ടപ്പോൾ വായുംനോക്കി ഇരിക്കുകയല്ല ചെയ്തത്. അന്നത്തെ സഹ കാരികളെ വിളിച്ചുകൂട്ടി, എന്താണ് ഇതിനൊരു മാർഗ്ഗമെന്ന് ആലോചിച്ചു. അപ്പോഴാണ് പറഞ്ഞത്, ആവശ്യമുള്ള പണം ഇവിടെയുണ്ട്, കൺസ്യൂമർ ഫെഡ്ഡിനെ വിളിച്ചു, നിങ്ങൾ അവിടെയും ഇവിടെയും കൊണ്ടുവന്നോളൂ. മൂവായിരം ഔട്ട്ലെറ്റുകൾ തുറന്നു, അതിന് നേതൃത്വം വഹിച്ചു. കൺസോർഷ്യം ഉണ്ടാക്കി ഇഷ്ടമുള്ള പണം കൊടുത്തു. അത് സഹകരണ പ്രസ്ഥാനത്തിന് മാത്രമേ കഴിയൂ. അല്ലാതെ ആർക്കാണ് കഴിയുന്നത്. വിദ്യാ ഭ്യാസ മേഖല വിൽക്കുന്ന ഒരു ഏർപ്പാട് വന്നു. സ്വാശ്രയം, അപ്പോഴാണ് പറ

ഞ്ഞത്. സഹകരണ മേഖല അതിലേയ്ക്ക് കടക്കണം. അതിൽ തലയിടണം, അതിനെ നിയന്ത്രിക്കണം. അങ്ങനെ സഹകരണ മേഖലയിൽ കോളേജുകളുണ്ടാക്കി. ആ കോളേജുകളിൽ എവിടെയെങ്കിലും ക്യാപ്പിറ്റേഷൻ ഫീസുണ്ടോ? സർക്കാർ ഫീസല്ലേ ഈടാക്കുന്നത്. അങ്ങനെ ഈ രംഗങ്ങളിലൊക്കെ ചെന്നെത്താൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ആ മേഖലയെ തകർക്കാൻ ആരും വ്യാമോഹിക്കരുത്. അങ്ങനെ വ്യാമോഹിച്ചാൽ അപകടമാണ്. അത് തീക്കളിയാണ്. അതുകൊണ്ട് ഈ രംഗത്തെ രക്ഷിക്കാൻ വേണ്ട കാര്യങ്ങൾ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

<u>ശ്രീ. കെ. കെ. നാരായണൻ</u>: സർ, ഞാൻ ഈ ബില്ലിനോട് വിയോജിക്കുകയാണ്. 97–ാം ഭരണഘടനാ ഭേദഗതി വന്നതോടുകൂടി കേരളത്തിലെ സഹകരണരംഗം ചുടലപ്പറമ്പിൽ കണ്ട വാസവദത്തയുടെ ശരീരം പോലെയായിരിക്കുകയാണ്. കരചരണങ്ങൾ വെട്ടി രക്തം വാർന്ന് ഈച്ചയും കാക്കയും എല്ലാം കൊത്തിവലിക്കുന്ന ഒരു അവസ്ഥയിലേയ്ക്ക് കേരളത്തിലെ സഹകരണ രംഗത്തെ എത്തിച്ചിരിക്കുകയാണ്. 2013–ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ ചർച്ച ചെയ്യുന്ന ഈ ഘട്ടത്തിൽ സഹകരണ രജിസ്ട്രാർ ഇപ്പോൾ സഹകരണ ബാങ്കുകളോട് ആവശ്യപ്പെട്ടിരിക്കുന്നത് ഈ മാസം 17–ാം തീയതിയ്ക്ക് മുമ്പ് ആർ.ബി.ഐ.യുടെ ലൈസൻസിന് വേണ്ടി അപേക്ഷിക്കണമെന്നാണ്. ആർ.ബി.ഐ.യുടെ ലൈസൻസിനുവേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ ആവശ്യമായ യോഗ്യത സഹകരണ സ്ഥാപനങ്ങൾ നേടിയിരിക്കണമെന്നു പറയുന്നുണ്ട്. ആവശ്യമായത്ര യോഗ്യത എന്നാൽ സഹകരണ ബാങ്കുകൾ നടത്തുന്ന മറ്റ് ബിസിനസ്സുകൾ ഒഴിവാക്കി

കേവലം ക്രെഡിറ്റ് ഇടപാടുകൾ മാത്രം നടത്തുന്ന സ്ഥാപനമായി യോഗ്യത നേടണമെന്നാണ്. നിങ്ങൾക്കറിയാം, നമ്മുടെ നാട്ടിൽ സഹകരണ ബാങ്കുകൾ പാവങ്ങളെ സഹായിക്കാൻ വേണ്ടി നീതി സ്റ്റോർ നടത്തുന്നുണ്ട്, നീതി മെഡിക്കൽ സ്റ്റോർ നടത്തുന്നുണ്ട്, വിലക്കയറ്റ വിരുദ്ധ ചന്തകൾ നടത്തുന്നുണ്ട്. വളം ഡിപ്പോയും റേഷൻ ഡിപ്പോയും നടത്തുന്നുണ്ട്. കൊപ്ര സംഭരണവും നാളികേര സംഭരണവും നടത്തുന്നുണ്ട്. പാവങ്ങളെ സഹായിക്കാൻ വേണ്ടി മറ്റൊരുപാട് ബിസിനസ്സുകൾ നടത്തിക്കൊണ്ടിരിക്കുന്ന സ്ഥാപനമാണ് സഹകരണ ബാങ്കുകൾ. ആർ.ബി.ഐ. ലൈസൻസ് വാങ്ങാൻ ഇതെല്ലാമൊഴിവാക്കി ഏപ്രിൽ മാസം 17-ാം തീയതിക്ക് മുമ്പ് ലൈസൻസിന് അപേക്ഷിക്കണം എന്ന് പറഞ്ഞിരിക്കുകയാണ്. ഇങ്ങനെ വന്നാൽ വാസ്തവത്തിൽ ജനങ്ങളെ സഹായിക്കുന്ന ജനകീയ ബാങ്ക് എന്ന പദവി നഷ്ടപ്പെട്ട് കേവലം റിസർവ്വ് ബാങ്കിന്റെ ഒരു അനുബന്ധഘടകമായി നമ്മുടെ സഹകരണ പ്രസ്ഥാനം മാറുക മാത്രമാണ് ചെയ്യുക. അതുകൊണ്ട് ജനങ്ങൾക്ക് ഒരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. നേരത്തെ ഞാൻ പറഞ്ഞതുപോലെ ജനങ്ങളെ സഹായിക്കുന്ന ഇടപാടുകൾ ഈ സ്ഥാപനങ്ങൾ നടത്തുന്നു എന്ന് മാത്രമല്ല ഇ.എം.എസ്. ഭവന പദ്ധതിക്ക് സഹകരണ ബാങ്കുകൾ ധനസഹായം ചെയ്യുന്നുണ്ട്. നേരത്തെ ഇവിടെ ചർച്ച ചെയ്യപ്പെട്ട ഇന്ദിരാ ആവാസ് യോജന എന്ന പദ്ധതിക്ക് ധനസഹായം ചെയ്യുന്നുണ്ട്. നാഷണലൈസ്ഡ് ബാങ്കുകളോട് ഈ പദ്ധതിക്ക് ധനസഹായം ചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ അവർ തയ്യാറായില്ല. അങ്ങനെ ആർ.ബി.ഐ.യുടെ ലൈസൻസുള്ള നാഷണലൈസ്ഡ് ബാങ്കുകൾ നൽകാതിരുന്ന കാര്യങ്ങളാണ് ജനങ്ങളെ സഹായിക്കാൻ വേണ്ടി സഹകരണ ബാങ്കുകൾ നൽകിക്കൊണ്ടിരിക്കുന്നത്. അത്തരം

ഇടപാടുകളെല്ലാം നിറുത്തി ആർ.ബി.ഐ.യുടെ ലൈസൻസ് വാങ്ങാനാണ് നമ്മൾ പാസ്സാക്കിയ ഭേദഗതി നിയമത്തിന്റെ ഭാഗമായി ഇപ്പോൾ സഹകരണ രജിസ്ട്രാർ നമ്മുടെ സഹകരണ സംഘങ്ങളോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഏതാനും നാളുകൾ കൊണ്ടുതന്നെ അടിമുടി മാറ്റങ്ങൾ വരുന്ന ഒരവസ്ഥ നമ്മുടെ സഹകരണ സംഘങ്ങൾക്ക് സംഭവിക്കാൻ പോകുകയാണ്. ഇത് സഹകരണ പ്രസ്ഥാനത്തിനെ തകർച്ചയിലേയ്ക്കാണ് നയിക്കാൻ പോകുന്നത് എന്ന കാര്യത്തിൽ തർക്കമില്ല. ഞാൻ ഈ കാര്യങ്ങളെക്കുറിച്ച് കൂടുതൽ സംസാരിക്കുന്നില്ല. ഇവിടെ ഒരുപാടുതവണ സഹകരണ നിയമത്തിൽ ഭേദ ഗതി വന്നിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ 1969–ൽ ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രിയായിരുന്ന പി.ആർ. കുറുപ്പ് കൊണ്ടുവന്ന സഹക രണ നിയമത്തിന് 2000–ലും 2010–ലും ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. അങ്ങനെ കൊണ്ടുവന്ന ഭേദഗതിയോടുകൂടി കേരളത്തിലെ സഹകരണ രംഗം അങ്ങേ യറ്റം ജനാധിപത്യപരമാകുകയും സഹകരണ രംഗത്തിന്റെ കാര്യക്ഷമത വർദ്ധിക്കുകയുമാണ് ചെയ്തത്. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതിക ളെല്ലാം സഹകരണ പ്രസ്ഥാനത്തെ തകർക്കുവാൻ വേണ്ടിയുള്ളതാണ്. അതുകൊണ്ട് സഹകരണ പ്രസ്ഥാനത്തിന്റെ അന്ത്യം കുറിക്കാൻ നമ്മുടെ ഗവൺമെന്റ് സന്നദ്ധമായി മുന്നോട്ടു വന്നിരിക്കുകയാണ്. അതിന്റെ ഭാഗ മായിട്ടാണ് രണ്ടാം ഭേദഗതി നിയമം കൂടി അവതരിപ്പിക്കുന്നത്. അതുകൊണ്ട് ഞാൻ ഈ ബില്ലിനോടുള്ള ശക്തമായ എതിർപ്പ് രേഖപ്പെടുത്തുകയാണ്. ഇതിനകത്ത് രണ്ടു വിഭാഗങ്ങൾ ഒഴിവാക്കണമെന്ന് എനിക്ക് ആവശ്യപ്പെടാനു ണ്ട്. 33–ാം വകുപ്പിൽ, 'അവരിൽ ഒരാളെ കൺവീനറായും' എന്നതിനു ശേഷം 'അവർ സംഘത്തിലെ അംഗങ്ങൾ ആയിരിക്കണമെന്നില്ല' എന്ന

ഭാഗം ഒഴിവാക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതുപോലെ 56 (എ)യിൽ – ബാങ്കിംഗ് ഇതര ആസ്തികൾ കയ്യൊഴിക്കൽ എന്ന ഭാഗത്ത് സംഘം ആർജ്ജിച്ച സ്ഥാവര സ്വത്തുക്കൾ ഏഴു വർഷംകൊണ്ട് കയ്യൊഴിയണം എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. അതിൽ സ്വർണ്ണവും ഭൂസ്വത്തുക്കളും ഒഴികെ എന്ന് ഭേദഗതി വരുത്തണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്, അതു ഞാൻ അവതരിപ്പിക്കുകയാണ്. ഈ ഭേദഗതി ബിൽ എന്നുപറയുന്നത് ഈ സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ളതാണ് എന്നതുകൊണ്ട് ഇതിനെ എതിർത്തുകൊണ്ട് ഞാനെന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ജി. സുധാകരൻ : സർ, ഇവിടെ ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി പറഞ്ഞതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തയ്യാറാക്കിയ വളരെ ആവശ്യമായ ഒരു ഓർഡിനൻസ് നിയമവും സ്ഥിരതയുമാക്കാൻ വേണ്ടിയാണ് അദ്ദേഹം ഇപ്പോൾ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ആ ബില്ലിൽ, ആ ഓർഡനൻസിലുണ്ടായിരുന്ന ഒരു കാര്യം എടുത്തുകളഞ്ഞിരിക്കുകയാണ്. അത് എന്തിനാണെന്ന് വ്യക്തമാക്കിയിട്ടില്ല. അതിനെപ്പറ്റി വ്യത്യസ്തങ്ങളായിട്ടുള്ള വിശദീകരണങ്ങളുണ്ട്. സഹകരണ ആർബിട്രേഷൻ കോടതിയിലെ അദ്ധ്യക്ഷന്റെ നിയമനം സ്ഥിരനിയമനമാക്കാൻ അതിലൊരു വ്യവസ്ഥയുണ്ടായിരുന്നു. അതായത് ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് സർവ്വീസിലുള്ള ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായമാകുന്നതുവരെ ഇരിക്കാനുള്ള അവകാശമുണ്ട്. അതാണ് എടുത്തുകളഞ്ഞിരിക്കുന്നത്. വയസ്സിന്റെ വ്യവസ്ഥ ഇനി ഉണ്ടാവുകയില്ല, അത് ഇഷ്ടാനുസരണമാക്കിയിരിക്കുകയാണ്. ഗവൺമെന്റിന് ഇഷ്ടമുള്ളവരെ നിയമിക്കുന്നതിനുള്ള ഡിസ്ക്രീഷൻ എടു

ത്തിരിക്കുകയാണ്. ആ ഓർഡിനൻസ് അതുപോലെയാണെന്നു പറയുന്നതിൽ അർത്ഥമില്ല. അതിനാൽ ഇതിനോട് യോജിക്കാൻ സാധിക്കുകയില്ല. മറ്റ് കാര്യങ്ങളൊക്കെ നേരത്തെ ഉള്ളതാണ്. പക്ഷേ, 3 വർഷം മുൻപ് ഓർഡിനൻസ് ഇറക്കുമ്പോഴുണ്ടായിരുന്ന സ്ഥിതിഗതികൾക്ക് മാറ്റം വരുമ്പോൾ പുതിയ സ്ഥിതിഗതികളെ നേരിടുവാനുള്ള അഡീഷണൽ ക്ലോസ്സുകൂടി വയ്ക്കുന്നതിൽ തകരാറൊന്നുമില്ല. അങ്ങനെ പറഞ്ഞെങ്കിലും സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിൽ അത് റൂളിൽ കൊണ്ടുവരാമെന്ന് പറഞ്ഞതിന്റെ ഫലമായിട്ടാണ് ഞാൻ ഡിസെന്റ് എഴുതുന്നത്, അല്ലെങ്കിൽ ഞാൻ ഡിസെന്റ് എഴുതുമായിരുന്നില്ല. ഇതിനെക്കുറിച്ച് ശ്രീ. കെ.കെ.നാരായണനും ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരും ഇവിടെ പറഞ്ഞു. ഏഴ് വകുപ്പുകളിലാണ് ഭേദഗതി വന്നിട്ടുള്ളത്. ഇത് ആവശ്യമായിട്ടുള്ള കാര്യങ്ങളാണ്. ഒരു സഹകരണ സംഘം പിരിച്ചുവിട്ടതിനുശേഷം ഒരു പുതിയ കമ്മിറ്റിയെ വയ്ക്കുമ്പോൾ, മൂന്നുപേരിൽ കവിയാത്ത ഒരു കമ്മിറ്റി വരുമ്പോൾ അതിനൊരു കൺവീനർ വേണമെന്നുള്ളതാണ് ഭേദഗതി. നേരത്തെ ഇങ്ങനെയൊരു ഭേദഗതി ഇല്ലായിരുന്നു. പക്ഷേ, കൺവീനർ വേണമെന്നുള്ളത് പറഞ്ഞപ്പോൾ ആ കൺവീനർ സംഘത്തിലെ മെമ്പർ ആയിരിക്കണമെന്ന് നിർബന്ധമില്ല എന്നുള്ളകാര്യം 2010-ലെ ഭേദഗതിയിലുണ്ടായിരുന്നു. ആ ഭേദഗതി ശരിയല്ലാത്തതുകൊണ്ടാണ് ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവരേണ്ടിവന്നത്. മെമ്പറായിരിക്കേണ്ടതില്ല എന്നു വന്നുപോയി. അത് കുത്തും കോമയും ഇട്ടപ്പോൾ വന്ന അർത്ഥവ്യത്യാസംകൊണ്ട് സംഭവിച്ചുപോയതാണ്. അത് കറക്ട് ചെയ്യുന്നതാണ് ഒന്നാമത്തെ ഭേദഗതി. രണ്ടാമത്തെ ഭേദഗതി, അതിന് തുടർച്ചയായിട്ടുള്ള അനുബന്ധ ഭേദഗതികളാണ്, അതിന്റെകൂടെയുള്ള ഉപഭേദഗതികളാണ്.

വേറൊന്ന്, വായ്പ എടുത്ത കുടിശ്ശികക്കാരുടെ വസ്തുക്കൾ ലേലം ചെയ്യുമ്പോൾ ഇവിടെ ശ്രീ. കെ.കെ. നാരായണൻ പറഞ്ഞതുപോലെ സംഘം പിടിക്കേണ്ടിവരുന്നു, അപ്പോൾ ഒരുപാട് വസ്തുക്കളുംമറ്റും കൈയിൽവരും. ജംഗമസ്വത്തുക്കൾ പ്രശ്നമല്ല, സ്ഥാവര സ്വത്തുക്കൾ വന്നാൽ അത് ദീർഘകാലം കൈവശംവച്ചുകൊണ്ടിരുന്നാൽ അത് ഡെഡ് ആകും, അതായത് അത് ചലനമില്ലാത്ത ആസ്തിയാണ്. അത് ബാങ്കിന് നഷ്ടമായതുകൊണ്ട് ഒരു ഏഴു വർഷക്കാലംവരെ സൂക്ഷിച്ചുകൊണ്ട് – ആദായം ഇല്ലാത്തതാകുമ്പോൾ അത് വിറ്റഴിച്ച് ആ പണം ബാങ്കിലേയ്ക്ക് മുതൽക്കൂട്ടണമെന്നൊരു വകുപ്പാണുള്ളത്. അത് പ്രയോഗത്തിൽ ആവശ്യമാണെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ, സഹകരണ ബാങ്കുകളിൽ ഒരുപാട് അഴിമതി നടക്കുകയാണ്. ഭൂമി വിൽക്കുന്നതിൽ വലിയ തോതിൽ അഴിമതി നടക്കുകയാണ്. അഴിമതി ഇല്ലാത്ത രംഗമായിരുന്നു സഹകരണമേഖല. പക്ഷേ, പലരും അഴിമതി കാണിക്കുകയാണ്. അത് പൂർണ്ണമായും വലതുപക്ഷക്കാർ മാത്രമാണെന്ന് പൊളിറ്റിക്കലായി പറയാൻ പറ്റുകയില്ല. കുറെ സഹകാരികളും അഴിമതി കാണിക്കുകയാണ്. ഭൂമി വിൽക്കുന്നതുംമറ്റും ഇപ്പോൾ റിയൽ എസ്റ്റേറ്റാണല്ലോ; ബോർഡ് മെമ്പറുംമറ്റും വേറൊരുപേരിൽ കുറഞ്ഞ വിലക്ക് ഈ ഭൂമി കൈവശപ്പെടുത്തും. പത്തുവർഷം കഴിഞ്ഞാൽ അതിന് നൂറിരട്ടിയാണ് വില. റിയൽ എസ്റ്റേറ്റ് എന്ന പേരിൽ ഒരു തുള്ളി വിയർപ്പുപോലും ഒഴുക്കാതെ കോടീശ്വരന്മാർ നമ്മുടെ ചുറ്റും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇത് കേരളത്തിന്റെ ഒരു ദുർവ്യവസ്ഥയാണ്. ഇതെല്ലാം ഈ ബോർഡു മെമ്പർമാർ തന്നെ ചെയ്തുകളയും, അല്ലാത്തവരും ചെയ്യും. അതുകൊണ്ട് അങ്ങനെ വിൽക്കുന്നതിന് ചില വ്യവസ്ഥകൾ ഇതോടൊപ്പം ഈ ഓർഡിനൻസിൽ ചേർക്കണമാ

യിരുന്നു. മുമ്പ് ഇത് തയ്യാറാക്കിയപ്പോൾ അങ്ങനെയൊരു exigency ഇല്ലായിരുന്നു. റൂളിൽ കൊണ്ടുവരാമെന്ന് പറഞ്ഞെങ്കിലും റൂളിൽ കൊണ്ടുവരാമെന്നുള്ള ഉറപ്പൊന്നും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാവശ്യമായ ഉറപ്പുണ്ടാക്കണമെന്നാണ് ഞാൻ പറയുന്നത്. പിന്നെ ഓഡിറ്റ് നടത്തുന്നതിന് ഓഡിറ്റ് ഡയറക്ടർ എന്നുപറയുന്ന ഒരു പോസ്റ്റ് 2000 –ലെ നിയമത്തിലെ ഒരു സെക്ഷനിലുണ്ടായിരുന്നു. ആ സെക്ഷൻ നടപ്പിലാക്കിയിരുന്നില്ല. ആ സെക്ഷനാണ് 2010–ൽ നടപ്പിലാക്കിയത്. ഓഡിറ്റ് ഡയറക്ടറേറ്റ് വന്നു, ഒരു ഐ.എ.എസ്. കാരനെ അവിടെ നിയമിച്ചു, ആയിരക്കണക്കിന് ഓഡിറ്റേഴ്സുണ്ട്. അത് മെച്ചപ്പെട്ടുവരികയാണ്. അങ്ങയുടെ കാലത്തും അത് മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷേ, ഓഡിറ്റേഴ്സിന്റെ കുറവുവരുമ്പോൾ രജിസ്ട്രാറുടെ കീഴിലുള്ള മറ്റ് ഉദ്യോഗസ്ഥരെക്കൊണ്ട് പണ്ട് ഓഡിറ്റ് നടത്തിയിരുന്നു. പക്ഷേ, ഇതു വന്നുകഴിഞ്ഞാൽ അത് പാടില്ല. എങ്കിലും ദീർഘകാലം അങ്ങനെ നടന്നിട്ടുള്ളതുകൊണ്ട് ആ ഓഡിറ്റുകൂടി നിയമാനുസൃതമാക്കി കൊടുത്തിട്ടുണ്ട്. തുടർന്നും അതു പാടില്ല, ഓഡിറ്റ് ഡയറക്ടറുടെ കീഴിലുള്ളതുമാത്രമേ പാടുള്ളൂ എന്നുള്ള കർശനമായ വ്യവസ്ഥയ്ക്കാണ് മറ്റൊരു ഭേദഗതി വന്നിരിക്കുന്നത്. അതുമായി ബന്ധപ്പെട്ട ചില പിശകുകൾ തിരുത്തുന്നതിനാണ് ഖണ്ഡം അഞ്ചും ആറും വന്നിരിക്കുന്നത്. ഏഴാം ഖണ്ഡമാണ് ഏറ്റവും പ്രധാനപ്പെട്ട മറ്റൊന്ന് – സഹകരണജീവനക്കാരുടെ ക്ഷേമപദ്ധതി – 30–5–1986–ലെ 383/86/സഹകരണ ഡിപ്പാർട്ടുമെന്റ് എന്ന സർക്കാർ ഉത്തരവുപ്രകാരം ഇറക്കിയ സർക്കുലർ അതിന് നിയമപ്രാബല്യം നൽകിയില്ല. എന്നാലും അത് ഭംഗിയായി നടക്കുന്നുണ്ട്. ജീവനക്കാരുടെ പ്രതിനിധികളെല്ലാമുള്ള ഒരു ബോർഡാണ്. അതും

നന്നായി നടക്കുന്നുണ്ട്. അതിന് നിയമ പ്രാബല്യം നൽകുന്നതിന് ആക്ട് പാസ്സാക്കേണ്ടത് ആവശ്യമാണ്. ഇപ്പോൾ ഈ നിയമത്തിലെ നിബന്ധനകളെ എതിർക്കുന്നതിന് പ്രധാനമായും രണ്ടു കാരണങ്ങളാണുള്ളത്, അതുരണ്ടും ഞാൻ പറഞ്ഞുകഴിഞ്ഞു. ഒന്ന്, അന്നുണ്ടായിരുന്ന ആർബിട്രേഷൻ അധികാരിയുടെ, മേലധികാരിയുടെ വയസ്സ് വ്യവസ്ഥ സംബന്ധിച്ച് ഒരു അവ്യക്തത ഉണ്ടാകുന്നതിന്റെ ഫലമായി നിയമനത്തിന്റെ കാര്യത്തിൽ ഇഷ്ടാനുസരണം ആകാമെന്നൊരു തോന്നൽ വന്നിട്ടുണ്ട്. അതുപോലെ ഫിക്സഡ് അസെറ്റുകൾ വിറ്റഴിക്കുമ്പോൾ, അത് കൃത്യമായും ന്യായമായും നീതിയായും വിറ്റഴിച്ചു എന്നും അതിനകത്ത് സ്ഥാപിതതാല്പര്യങ്ങൾ ഉണ്ടായില്ല എന്നും സംഘത്തിന്റെ ഉത്തമ താല്പര്യവും സാമ്പത്തിക വളർച്ചയും മാത്രമേ ലക്ഷ്യമാക്കിയിട്ടുള്ളു എന്നും ഉറപ്പാക്കുന്നതിനുള്ള ചില അനുബന്ധ വകുപ്പുകൂടി ഇന്നത്തെ അനുഭവത്തിൽ കൂട്ടിച്ചേർക്കാമായിരുന്നു. അതിന് തയ്യാറായില്ല എന്നുള്ളതാണ്. ചില കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കഴിഞ്ഞ ഭേഗതിയെക്കുറിച്ച് സംസാരിക്കേണ്ട കാര്യമില്ല.

ശ്രീ. സി. കെ. നാണു : അങ്ങ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മന്ത്രിയായിരുന്ന ആളാണ്. ഇപ്പോൾ സമീപകാലത്ത് കേരളത്തിലെയും ഇൻഡ്യയിലെയും സഹകരണ പ്രസ്ഥാനങ്ങളുടെ മൂലധനം, ആ മൂലധനത്തിന്റെ നേർക്ക് റിസർവ്വ് ബാങ്കിന്റെ കസ്റ്റഡിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യാനാവശ്യമായ പുതിയ രൂപത്തിലൊരു സമീപനം റിസർവ്വ് ബാങ്കിന്റെ ഭാഗത്തുനിന്ന് ഉണ്ടാക്കി നമ്മുടെ സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാനപരമായ നിലനിൽപ്പിന് ഭീഷണി എന്നുപറയുന്ന സാഹചര്യം കേരളത്തിലും ഇൻഡ്യയിലും ഇപ്പോൾ നിലവിലുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, ഭരണഘടനാ ഭേദഗതിയിലൂടെ അതീവ ഭീകരമായും ഗുരുതരമായും അത് നിലവിൽ വന്നിരിക്കുകയാണ്. പൂർണ്ണമായും അതിന് കീഴടങ്ങിക്കൊണ്ടുള്ള ഒരു ഭേദഗതിയാണ് കഴിഞ്ഞ ഫെബ്രുവരിയിലെ സെഷനിൽ ഇവിടെ നടന്നത്. അതിനെ എതിർത്തുകൊണ്ട് ഞാനിവിടെ സംസാരിച്ചിരുന്നു. അങ്ങ് സംസാരിച്ചോ എന്ന് എനിക്ക് ഓർമ്മയില്ല. റിസർവ് ബാങ്ക് അമേരിക്കയുടെ സബ് കമ്മിറ്റിയാണ് എന്ന് ഞാൻ പറഞ്ഞതിനെ ഭരണ ഘടനാപരമായി ശരിയല്ല എന്നുപറഞ്ഞുകൊണ്ട് ശ്രീ. പി.സി. വിഷ്ണുനാഥ് എതിർത്തു. ഭരണഘടനാപരമായി റിസർവ് ബാങ്ക് നിർവ്വഹിക്കേണ്ട കാര്യമല്ല നിർവ്വഹിക്കുന്നത് എന്നുള്ളതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത് എന്നുപറഞ്ഞ് അങ്ങനെ അത് അവസാനിച്ചു. ഞാൻ ഗവൺമെന്റിനോട് ചോദിക്കുകയാണ്, നിങ്ങളുടെ സഹകരണ ലക്ഷ്യം എന്താണ്? ഇതൊരു സാധാരണ വകുപ്പ് അല്ലല്ലോ; നിങ്ങളുംകൂടി കെട്ടിപ്പടുത്തതല്ലേ ഈ സഹകരണ പ്രസ്ഥാനം? ഞങ്ങൾ കുറച്ചുപേർ മാത്രം കെട്ടിപ്പടുത്തതല്ലല്ലോ ഇത്. കമ്മ്യൂണിസ്റ്റ് പാർട്ടിയും കെ.പി.സി.സി-യും കേരളത്തിൽ ഉണ്ടാകുന്നതിനുമുമ്പുതന്നെ സഹകരണസംഘം ഉണ്ട്. പക്ഷെ നമ്മൾ അതിനെ വലിയ തരത്തിൽ കെട്ടിപ്പടുത്തു. മുസ്ലീംലീഗും കേരള കോൺഗ്രസ്സും എല്ലാവരും അതിൽ പങ്കെടുത്തിട്ടുണ്ട്. കോൺഗ്രസ്സ് പാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയുമായിരുന്നല്ലോ സ്വാതന്ത്ര്യത്തിന് മുമ്പുള്ള ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ. അപ്പോൾ നിങ്ങളുടെ ലക്ഷ്യം എന്താണ്? വളരെ അവ്യക്തം എന്നുമാത്രമല്ല ഒരുപാട് ആരോപണങ്ങൾ വരുന്നുണ്ട്. വ്യക്തിപരമായിട്ടല്ല, ഗവൺമെന്റിനെക്കുറിച്ചാണ്. കേരളത്തിലെ സഹകരണമേഖല മറ്റ് സ്റ്റേറ്റിലെപ്പോലെയാണോ; ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല. ഇൻഡ്യയിൽ എവിടെയെങ്കിലും കൺസ്യൂമർ ഫെഡറേഷൻപോലെയും റബ്കോ

പോലെയുമുള്ള സ്ഥാപനങ്ങളുണ്ടോ? ഇല്ല. അതിന്റെ സാമ്പത്തിക നഷ്ട ത്തെക്കുറിച്ചല്ല. അതിലെ മറ്റ് കാര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. സാമ്പ ത്തിക നഷ്ടം ഉണ്ട്. അത് പരിശോധിക്കണം. ജീവനക്കാരുടെ ആധിക്യം, കൃത്യമായി തൊഴിൽ കൊടുക്കുന്നതും ശമ്പളം കൊടുക്കുന്നതുമായ കാര്യ ങ്ങൾ, പ്രൊഫഷണലിസം, അവർ ഉണ്ടാക്കുന്ന ഉത്പന്നങ്ങളുടെ മഹത്വം, അതിനുള്ള ഡിമാന്റ് ഇവയൊക്കെ നോക്കണം. ഇതുപോലെയുള്ള സ്ഥാപന ങ്ങളുണ്ടോ? കോ-ഓപ്പറേറ്റീവ് മേഖലയിൽ രണ്ട് കൂറ്റൻ മെഡിക്കൽ കോളേ ജുകളും 6 എഞ്ചിനീയറിംഗ് കോളേജുകളും ഇപ്പോൾത്തന്നെയുണ്ട്. ബഹു. കെ. ശിവദാസൻ നായരുടെ മണ്ഡലത്തിൽ ഒരെണ്ണം സ്ഥാപിച്ചത് പ്രവർത്തിച്ചിട്ടില്ല. അത് പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ഏതോ ഒരു കമ്മിറ്റിയുടെ അനുവാദം വേണം. അവിടെ നിലമൊന്നുമില്ല. വെറുതെ കിടന്ന കുറച്ച് വെള്ളക്കെട്ട് നികത്തിയ സ്ഥലംകൂടി ചേർത്താണ് കോളേജ് സ്ഥാപിച്ചത്. കാരണം ഗവൺമെന്റ് പ്രോപ്പർട്ടിയായതുകൊണ്ട് ഇവ രുടെ അനുവാദം മാത്രം മതി അത് പ്രവർത്തിപ്പിക്കാൻ. ബാക്കിയുള്ള 6 എൻജിനീയറിംഗ് കോളേജുകൾ, ഒരു എം.ബി.എ ഇൻസ്റ്റിറ്റ്യൂട്ട്-ഇത്തവ ണത്തെ കേരള യൂണിവേഴ്സിറ്റിയുടെ ഫസ്റ്റ് റാങ്ക് പുന്നപ്രയിലെ കോ-ഓപ്പ റേറ്റീവ് എം.ബി.എ. ഇൻസ്റ്റിറ്റ്യൂട്ടിനാണ് ലഭിച്ചത്. വെറും ജൂനിയർ പിള്ളേ രാണ് പഠിപ്പിക്കുന്നത്. ഒരു സീനിയർ പ്രൊഫസർപോലും അവിടെയില്ല. അത്ഭുതകരമല്ലേ; സിൻഡിക്കേറ്റ് സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ് കേരള എന്ന ഒന്നാംതരം ഡിപ്പാർട്ടുമെന്റ് ഇവിടെയുണ്ട്. ആ ഡിപ്പാർട്ടുമെന്റി നല്ല ഫസ്റ്റ് റാങ്ക് ലഭിച്ചത്. ബഹു. സഹകരണ വകുപ്പുമന്ത്രി അവാർഡ് വിത രണം ചെയ്തതാണ്. ഈ കോളേജ് പ്രവർത്തനമാരംഭിച്ചിട്ട് നാലഞ്ച് വർഷം

മാത്രമേ ആയുള്ളൂ. ഒമ്പതോളം ബി.എസ്.സി നഴ്സിംഗ് കോളേജുകൾ, നിരവധി ജനറൽ നഴ്സിംഗ് സ്കൂളുകൾ, ഫിനിഷിംഗ് സ്കൂൾ, മെഡിക്കൽ കോളേജ്, എഞ്ചിനീയറിംഗ് കോളേജ്, എം.ബി.എ ഉൾപ്പെടെയുള്ള ഇരുപതോളം പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സഹകരണ മേഖലയിൽ പ്രവർത്തിക്കുകയാണ്. ഇത് കേരളത്തിൽ മാത്രമല്ലേ ഉള്ളൂ. അപ്പോൾ നമ്മൾ വെറും പ്രൈമറി ബാങ്കുകൾ മാത്രമല്ല. ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും സഹകരണ മേഖല പടർന്നുകയറി പൂത്തുല്ലസിക്കുന്ന അതിഗംഭീരമായ കാഴ്ചയല്ലേ കേരളത്തിലുള്ളത്. നമ്മളല്ലേ അതിലെ അംഗങ്ങൾ. ഞാൻ 7 സഹകരണ സംഘങ്ങളിലെ മെമ്പറാണ്. ഒരു സഹകരണ സംഘത്തിന്റെ പ്രസിഡന്റുമാണ്. എന്നെക്കാൾ കൂടുതൽ സംഘങ്ങളിൽ മെമ്പർമാരായിട്ടുള്ളവരുണ്ടാകും. നിയമപ്രകാരം രണ്ട് സംഘങ്ങളിൽ ഭാരവാഹിയാകാൻ കഴിയും. 3 കോടി 30 ലക്ഷം ജനസംഖ്യയുള്ള കേരളത്തിലെ കോ-ഓപ്പറേറ്റീവ് മേഖലയിൽ മൂന്നരക്കോടി സഹകാരികളുണ്ട്. കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇന്ത്യക്ക് അഭിമാനമാണ്. ഇതിൽ റിസർവ് ബാങ്കിന് അസൂയയുണ്ട്. കേരളത്തിൽ റിസർവ് ബാങ്കിനെക്കാൾ വലുത് കോ-ഓപ്പറേറ്റീവ് സെക്ടറാണ്. നമ്മുടെ സംസ്കാരവും രാഷ്ട്രീയവും സമ്പദ്വ്യവസ്ഥയും ഉത്പാദന മേഖലയുൾപ്പെടെ എല്ലാം സഹകരണാത്മകമാണ്. അതുകൊണ്ട് ഉദാരവത്ക്കരണത്തിന്റെ നയരൂപീകരണക്കാർക്കും അതിന്റെ നടത്തിപ്പുകാർക്കും അതിന്റെ കമ്മീഷൻ ഏജന്റുമാർക്കും ഇത് ഇഷ്ടപ്പെടില്ല. കോൺഗ്രസ്സിലുള്ളവരെല്ലാം അങ്ങനെയാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. നയം രൂപീകരിക്കുന്നതിൽ ചിലർ അങ്ങനെയാണെന്ന് മാത്രമാണ് ഞങ്ങൾ ഉദ്ദേശിച്ചത്. നിങ്ങൾ എല്ലാവരും

അങ്ങനെയുള്ളവരാണെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല. ഒരു പാർട്ടിയിൽപ്പെട്ട ആളാകുമ്പോൾ ആ പാർട്ടി പറയുന്നതനുസരിച്ച് പോകും. അതിനെക്കുറിച്ച് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞു. അങ്ങ് ഇതിന്റെ ഒരു നടത്തിപ്പുകാരനായി മാറിയിരിക്കുകയാണ്. അങ്ങേയ്ക്ക് ഇതിനെ എതിർക്കാൻ കഴിയില്ലേ? എതിർത്താൽ എന്ത് സംഭവിക്കാനാണ്? ശ്രീ. വയലാർ രവി ചിലതിനെയൊക്കെ എതിർക്കുന്നില്ലേ; ഇന്ന് പത്രത്തിലുണ്ട് രാജീവ് ഗാന്ധിയുടെ കാലത്ത് താഴെ വേരില്ലാത്തവർ നേതാക്കന്മാരായി വരുന്നതിനെതിരെ ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. എ.കെ. ആന്റണി അന്ന് വിമർശനം ഉന്നയിച്ചിരുന്നു എന്ന് 'The Deccan Express' പത്രത്തിൽ വന്നത് ഞാൻ വായിച്ചു. അന്ന് അദ്ദേഹം രാജിവച്ച് പോയില്ലേ; പക്ഷെ വീണ്ടും അദ്ദേഹം വന്നില്ലേ. നിങ്ങളുടെ വിശ്വസ്തനല്ലേ? ചില സമയങ്ങളിൽ നമ്മൾ പറയണം. അതുകൊണ്ടാണ് അന്ന് ശ്രീ. വി.ഡി. സതീശനോടും അങ്ങയോടും ചരിത്ര പുരുഷന്മാരാകാനുള്ള സമയമാണ് എന്ന് പറഞ്ഞത്. കഴിഞ്ഞ നിയമം പിൻവലിക്കണമെന്ന വാക്ക് അങ്ങ് പറഞ്ഞിരുന്നുവെങ്കിൽ ......... പക്ഷെ നിങ്ങൾക്ക് അത് ചെയ്യാൻ കഴിഞ്ഞില്ല. കാരണം ആ സ്ഥാനത്തിരിക്കുമ്പോൾ നിങ്ങൾ അതിന് പ്രാധാന്യം കൊടുക്കുന്നതിനെ ഞാൻ എതിർ ക്കുകയല്ല. പക്ഷെ അതിന്റെയൊക്കെ പാപഭാരം ഭാവിയിൽ നമ്മൾ പേറേണ്ടിവരും. രണ്ട് സഹകരണ മെഡിക്കൽ കോളേജുകൾ സർക്കാർ ഏറ്റെടുക്കാൻ പോകുന്നതായി വാർത്തകൾ കണ്ടു. കമ്മീഷനെ നിയമിച്ചു. ഈ കളക്ടർക്ക് ഇതിൽ എന്തെങ്കിലും റോൾ ഉണ്ടോ? ഈ രണ്ട് മെഡിക്കൽ കോളേജുകൾ ഉണ്ടാക്കിയത് ഈ ഐ.എ.എസ്-കാരനാണോ; ഇതിൽ അയാൾക്ക് എന്ത് കാര്യമാണുള്ളത്? ഈ രാജ്യത്തെ സഹകാരികൾ

ഉണ്ടാക്കിയ സ്വത്തിന്റെ കണക്കെടുക്കലാണോ അയാളുടെ ജോലി? ഐ.എ. എസ്-കാരനാണെങ്കിൽ അയാൾ പറയേണ്ടത് - സഹകരണ പ്രസ്ഥാനമാണ്, ഏറ്റെടുക്കുന്നത് ശരിയല്ല, എനിക്ക് കമ്മീഷനായി ഇരിക്കാൻ കഴിയില്ല എന്നല്ലേ പറയേണ്ടത്; പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നത് ശരിയാണോ; അവിടെ ഇടതുപക്ഷം ഭരിക്കുന്നതുകൊണ്ട് കൃത്രിമമായിട്ട് നിങ്ങൾ പിരിച്ചുവിട്ടോളൂ. അവിടത്തെ ഭരണസമിതി കോടതിയിൽപോയി തടയും. അപ്പോൾ അത് പറ്റില്ല. ഭരണം മാറി മാറി വന്നിട്ടില്ലേ; പരിയാരം മെഡിക്കൽ കോളേജിന്റെ ഇപ്പോഴത്തെ ആസ്തി എത്രയാണ്; 3000 കോടി രൂപയാണ്. ഈ ആസ്തി ഇവിടത്തെ ഗവൺമെന്റ് ഉണ്ടാക്കിയതാണോ; സഹകാരികൾ ഉണ്ടാക്കിയതല്ലേ? ശ്രീ. എം.വി. രാഘവൻ മുതൽ എം.വി. ജയരാജനുവരെ പങ്കുണ്ട്. എനിക്കും ചെറിയൊരു പങ്കുണ്ട്. ഞാൻ മിനിസ്റ്ററായിരുന്നപ്പോൾ ഭാഗ്യക്കുറി നടത്തിയതിൽനിന്നും കിഡ്നി സംബ ന്ധമായ റിസർച്ച് നടത്തുന്ന സ്ഥാപനം ഉണ്ടാക്കുന്നതിനുവേണ്ടി 2 കോടിരൂ പയാണ് കൊടുത്തത്. സ്ഥാപനം പൂർത്തിയായിട്ടില്ല. ഭൂമിയുടെയും എക്വി പ്മെന്റ്സിന്റേയും വില ഉൾപ്പെടെ 1700 കോടി രൂപയാണ് കൊച്ചി കോ-ഓപ്പ റേറ്റീവ് മെഡിക്കൽ കോളേജിന്റെ ആസ്തി. അങ്ങനെ 4700 കോടിരൂപ യുടെ ആസ്തിയുള്ള രണ്ട് സ്ഥാപനങ്ങൾ വെറുതെ സർക്കാരിന് ഏറ്റെടു ക്കാൻ കഴിയുമോ? വലിയ ലീഗൽ ബാറ്റിൽ നടക്കും. എടുത്തു എന്നല്ല, അങ്ങനെ ചിന്തിക്കാൻ പാടില്ലായിരുന്നു എന്നാണ് പറഞ്ഞത്. അങ്ങനെ ഒരു പ്രസ്താവന വരാൻ പാടില്ലായിരുന്നു. ആ പ്രസ്താവന വന്ന ദിവസം ഞാൻ അതിനെ എതിർത്തു. ശ്രീ. എം.വി. രാഘവനും ഞാനുമായിട്ട് വലിയ ഫൈറ്റാണ് നടന്നത്. എന്നെ പറയാത്തതൊന്നുമില്ല. അദ്ദേഹം രാഷ്ട്രീയ

ഗുണ്ടയാണെന്ന് ഞാനും പറഞ്ഞു. അത് അദ്ദേഹത്തിന് ഇഷ്ടപ്പെട്ടു. അന്നത്തെ നിലയിൽ കൊടുക്കാവുന്ന ഒരു സർട്ടിഫിക്കറ്റായിരുന്നു അത്. ഇപ്പോൾ ഞാനത് പറയില്ല. കാരണം അന്ന് ആരോഗ്യമുണ്ടായിരുന്നു. ഇപ്പോൾ എനിക്ക് അദ്ദേഹത്തോട് സിമ്പതിയാണുള്ളത്. അങ്ങനെയൊക്കെ ഫൈറ്റ് നടന്നെങ്കിലും ഇക്കാര്യത്തിൽ ഞങ്ങൾക്ക് ഒരേ അഭിപ്രായമാണുള്ളത്. നിങ്ങൾ ഒരിക്കലും ഒരു കമ്മീഷനെ നിയമിക്കാൻ പാടില്ല. ഒരു വർഷം ഈ കോളേജുകൾ നടത്തിക്കൊണ്ടുപോകാൻ 400 മുതൽ 500 കോടിരൂപ വരെ വേണ്ടി വരും. ഗവൺമെന്റ് നടത്തുമോ? ഗവൺമെന്റിന് പത്ത് പൈസയുടെ ചെലവുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ജി. സുധാകരൻ, 15 മിനിട്ടായി.

ശ്രീ. ജി.സുധാകരൻ: ശരി, ഇനി എത്ര മിനിട്ടെടുക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങാണ് തീരുമാനിക്കേണ്ടത്.

ശ്രീ. ജി. സുധാകരൻ: സർ, എനിക്ക് 30 മിനിട്ടൊന്നും വേണ്ട. ഞാൻ കഴിഞ്ഞ തവണത്തേതുപോലെ പ്രസംഗിക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ പോയിന്റാണ് എനിക്ക് പ്രധാനമായും പറയാനുള്ളത്. നമുക്ക് താത്പര്യമുള്ള വിഷയമല്ലേ പറയുന്നത്. പൊളിറ്റിക്സ് അല്ലല്ലോ പറയുന്നത്. പൊതുവായ കാര്യങ്ങൾ പറയുകയാണ്. അങ്ങനെ വരുമ്പോൾ ഒരു വർഷം 500 കോടിരൂപയെങ്കിലും വേണ്ടിവരും. കാരണം അവിടെ ഇരുപതോളം ۥീലെ ഴൃമറൗമലേ കോഴ്സുകളുണ്ട്. ഏറ്റവും കൂടുതൽ ۥീലെ ഴൃമറൗമലേ കോഴ്സുകളുള്ളത് അവിടെയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വന്നാൽ ആളുകൾ ശ്വാസംമുട്ടി മരിക്കും. പരിയാരം മെഡിക്കൽ കോളേജിൽ ചെന്നാൽ നല്ല ഒന്നാന്തരം കാറ്റാണ്. അവിടത്തെ അന്തരീക്ഷം വേറെയാണ്.

ഒരു സഹകരണ അന്തരീക്ഷമാണ് അവിടെയുള്ളത്. ശമ്പളത്തിനും മറ്റ് കാര്യങ്ങൾക്കുമായി 500 കോടി രൂപ വർഷംതോറും ഗവൺമെന്റ് മുടക്കുമോ? 400 കോടിരൂപയോളം കൊച്ചി മെഡിക്കൽ കോളേജിനുവേണ്ടിയും മുടക്കണ്ടേ; ഞാൻ മിനിസ്റ്ററായിരുന്നപ്പോഴും ഉന്നയിച്ചു. പക്ഷെ നടന്നില്ല. ഇപ്പോഴും പറയുകയാണ്. വെറും 20 കോടി രൂപയുടെ ഡെഫിസിറ്റ് മാത്രമേയുള്ളൂ ഒരു വർഷം കൊച്ചി കോ-ഓപ്പറേറ്റീവ് കോളേജിന്. ബഡ്ജറ്റിൽ 20 കോടി രൂപ ഈ കോളേജിനുവേണ്ടി നീക്കിവച്ചാൽ എന്താണ് കുഴപ്പം? ഈ നാടിന്റെ നടുവ് ഒടിഞ്ഞുപോകുമോ? ധനകാര്യ വകുപ്പിന് ഈ തുക കൊടുക്കാൻ എന്താണ് പ്രയാസം? ധനകാര്യ വകുപ്പിന്റെ പണം അട്ടിപ്പേറാണോ? നിങ്ങൾ അവിടെ 25 കോടിരൂപ കൊടുക്കണം. കാരണം അവിടെ ചെലവ് കുറച്ച് കൂടുതലാണ്. ഇതുവരെയുള്ള ബാധ്യത നില്ക്കട്ടെ. കൊച്ചിയിൽ 50 കോടിരൂപയിൽ താഴെ മാത്രമേ ബാധ്യതയുള്ളൂ. ആസ്തി-ബാധ്യതയെക്കുറിച്ചല്ല അവിടെയുള്ള കടത്തിനെക്കുറിച്ചാണ് പറയുന്നത്. ഈ രൂപ കൊടുത്ത് ഈ പ്രശ്നം പരിഹരിച്ചുകൂടേ? നല്ല ഡോക്ടർമാരെ കൊടുക്കാൻ പറ്റില്ലേ? ഗവൺമെന്റിന് വേണമെങ്കിൽ കോ-ഓപ്പറേറ്റീവ് സ്ട്രക്ച്ചറിൽത്തന്നെ നിയമവ്യവസ്ഥ കൊണ്ടുവന്ന് കൺട്രോൾ ചെയ്തുകൂടേ? അങ്ങനെ നമ്മുടെ നാടിന്റെ അഭിമാനമായി, ലോകത്ത് എവിടെയെങ്കിലും കോ-ഓപ്പറേറ്റീവ് സെക്ടറിൽ മെഡിക്കൽ കോളേജ് ഉണ്ടോ; ഇല്ലെന്നാണ് എന്റെ അറിവ്. ഇന്ത്യയിൽ വേറെ ഒരു സംസ്ഥാനത്തിലുമില്ല. അതിനുപകരം ആ സ്ഥാപനത്തെ ഏറ്റെടുക്കുമെന്ന് വി. ആർ. കൃഷ്ണയ്യർ പറഞ്ഞു. വി. ആർ. കൃഷ്ണയ്യർ പറയുന്നതെല്ലാം ഏറ്റെടുക്കണമെന്നുണ്ടോ?

വി. ആർ. കൃഷ്ണയ്യർ പറയുന്നതെല്ലാം നിങ്ങൾ കേൾക്കുമോ? വി. ആർ. കൃഷ്ണയ്യർ പറയുന്നു, സാനു മാസ്റ്റർ പറയുന്നു. കോൺഗ്രസ് എം.എൽ.എ.-മാരെക്കൊണ്ട് ഒപ്പിടുവിച്ചതല്ലേ? ഞാൻ എം.എൽ.എ.-മാരെ കുറ്റം പറയുകയല്ല. നിങ്ങൾക്ക് അതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്? അതൊക്കെ നിങ്ങൾ പുനർവിചിന്തനം നടത്തണം. വി.ആർ.കൃഷ്ണയ്യരും സാനു മാസ്റ്ററും പറയുന്നതനുസരിച്ച് സഹകാരികളുടെ സ്വത്താണത്. അവർ സ്വരൂപിച്ച കോ-ഓപ്പറേറ്റീവ് വെൽത്താണത്. അത് അപ്രോപ്രിയേറ്റ് ചെയ്യുന്ന തിന് ഭരണഘടനാപരമായി അധികാരമില്ല. സഹകരണസംഘമുണ്ടാക്കാനുള്ള അധികാരം ഇപ്പോൾ ഭരണഘടനയിൽ 9(ബി) ആയി പറഞ്ഞിരിക്കുകയാണ്. ആ അധികാരം കൊടുത്തിരിക്കുകയാണ്. സഹകരണ സംഘം ഉണ്ടാക്കാ നുള്ളത് ഫണ്ടമെന്റൽ റൈറ്റല്ലേ?. അതിനെ എടുത്തുകളയാൻ പറ്റുമോ? സഹകാരി കൊടുത്ത പൈസയുണ്ട്. ഗവൺമെന്റിന് അതെടുക്കാൻ പറ്റില്ല. അങ്ങനെ എടുക്കുന്നത് ശരിയല്ല. അതുകൊണ്ട് നാളെ എഞ്ചിനീയറിംഗ് കോളേജുകൾ നിങ്ങൾ എടുത്തോ? എൻ.പി. ഇൻസ്റ്റിറ്റ്യൂട്ടും നിങ്ങൾ എടുത്തോ? നാളെ ഈ പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുളെല്ലാം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗമായി മാറ്റിക്കോ? നിങ്ങൾ എടുത്തോ? നിങ്ങൾ 200-ഓളം കാർഷിക ക്ഷേമ സഹകരണ സംഘങ്ങളെ പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകളാക്കി മാറ്റാൻ പോകുകയാണ്. ഗുരുതരമായ പ്രശ്നമു ണ്ടാകാൻ പോകുകയാണ്. 1605-ന് പുറമേ 200 എണ്ണം കൂടി. ഇതൊക്കെ ശരി യാണോ? ഏത് ഗവൺമെന്റിന്റെ കാലത്തും മിസല്ലേനിയസ് നിയമം അനുസരിച്ച് നമ്മൾ സൊസൈറ്റി രൂപീകരിക്കാറുണ്ട്. അതിനെയെല്ലാം പിന്നീട് കോ-ഓപ്പറേറ്റീവ് ബാങ്ക് ആക്കുമോ? കോ-ഓപ്പറേറ്റീവ് ബാങ്ക്

ആക്കാൻ ശ്രമിക്കരുത്. ഇതിന്റെ പ്രസിഡന്റും സെക്രട്ടറിയുമായിരുന്ന പത്ത് പുത്തനടിക്കാൻ താൽപര്യമുള്ള കുറേയെണ്ണം ഈ നാട്ടിലുണ്ട്. ശ്രീ. എം. വി. രാഘവന്റെ കാലത്ത് ചാലക്കുടി അർബൻ ബാങ്കിന്റെ പ്രസിഡന്റ് ആറ് കോടി രൂപ അപഹരിച്ചതിന് ആറ് ഡയറക്ടർമാരുമായി ജയിലിൽ കിടന്നത് ഓർമ്മയുണ്ടോ? ഞാൻ ഇതൊക്കെ പറഞ്ഞ് സമയം കളയുന്നതല്ല. അവരെയൊന്നും പ്രോത്സാഹിപ്പിക്കരുത്. സാമ്പത്തിക ദുഷ്ടലാക്കോടെ വരുന്ന ഒരാൾ സഹകാരിയല്ല. അയാൾ അപഹാരിയാണ്. പണം അപഹരി ക്കാൻ വരുന്ന ആളാണ്. അതുകൊണ്ട് കോ–ഓപ്പറേറ്റീവിന്റെ മേൽ വച്ചിരി ക്കുന്ന കൈ ദയവായി പിൻവലിക്കുക. അതിനെ തഴുകുകയല്ലാതെ മകുട മൊടിക്കാൻ പാടില്ല. ശക്തമായ ചെറുത്തുനിൽപ്പ് ഈ രാജ്യത്ത് വരും. ലീഗ ലായുള്ള ബാച്ചിലറടക്കം. ഇടതുപക്ഷ ഗവൺമെന്റിന്റെ മാത്രമല്ല മഹാനായ നെഹ്റുവടക്കം ഇവിടെ പരിപോഷിപ്പിച്ച സഹകരണ പ്രസ്ഥാനത്തെ നെഹ്റുവിയൻ കാലഘട്ടത്തിൽ ഒരു നിക്കറിട്ട കുട്ടിയായി പാർട്ടിയിൽ വന്ന താങ്കൾ സഹകരണ മന്ത്രിയായിരിക്കുമ്പോൾ തകർക്കുകയെന്ന് പറഞ്ഞാൽ ......... ഈ മന്ത്രിസ്ഥാനത്തെക്കാൾ വലുതായിയിരിക്കണം നെഹ്റുവിന്റെ കാഴ്ച്ചപ്പാട്. അങ്ങയോട് ഞാൻ പറയുകയാണ്. ഈ മന്ത്രിസ്ഥാനമൊന്നും പോകില്ല. എവിടെ പോകാനാണ്? അങ്ങ് മാറിയാൽ ഗവൺമെന്റ് വീഴും. അത് അറിയാമോ? അതുകൊണ്ട് ഒന്നും സംഭവിക്കില്ല. ശ്രീ. കെ. പി. മോഹനൻ മാറിയാൽ ഗവൺമെന്റ് വീഴും ............അനൂപേ ചിരിക്കേണ്ട. നിങ്ങൾ മാറി യാൽ ഗവൺമെന്റ് വീഴും. അതുകൊണ്ട് പേടിക്കേണ്ട. ധൈര്യമായി ഉറച്ചു നിന്നോളൂ. അതുകൊണ്ടല്ലേ ശ്രീ. പി.സി. ജോർജ്ജിനെ മാറ്റാത്തത്. ............. ............ ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് അത് പറയാം. ശ്രീ. പി.സി. ജോർജ്ജിനെ മാറ്റുമ്പോൾ വിവരമറിയും. മനസ്സിലായില്ലേ? ശ്രീമതി കെ. ആർ.

ഗൗരിയമ്മ പറയുന്നത് ശരിയോ തെറ്റോ എന്നുള്ളതല്ല. ശ്രീ. പി.സി. ജോർജ് മാറിയാൽ അദ്ദേഹം രണ്ടുപേരെയും കൊണ്ടേ പോകുകയുള്ളു. കേട്ടല്ലോ? ശ്രീ. പി.സി. ജോർജ് കൊണ്ടുവരുന്ന ആളുകളെ ഞങ്ങളുടെ പാർട്ടിയിൽ എടുക്കില്ല. ആ ആളുകളെയും കൊണ്ട് അദ്ദേഹം വേറെ പാർട്ടിയുണ്ടാക്കും. ഞാൻ ശ്രീ. പി.സി. ജോർജിനെ കുറ്റപ്പെടുത്തിയതല്ല. ഇതൊരു ഐക്യമുന്ന ണിയാണ്. ആരും ആരുടേയും കീഴിലല്ല. ഇപ്പോൾ ഞങ്ങൾ ആരുടേയും കീഴിലല്ല. അതുകൊണ്ട് ഇത്തരത്തിലുള്ള സങ്കുചിതമായ കാര്യങ്ങളിൽനിന്നും നമ്മൾ മാറണമെന്നാണ് എനിക്ക് പറയാനുള്ളത്. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ഞാൻ അവിടെയൊരു ഫൈറ്റ് നടത്തി യതാണ്. അത് പൂർത്തിയാകുന്നതിനുമുമ്പേ ഞാൻ സ്ഥാനമൊഴിഞ്ഞു. അവിടെ മാഫിയയാണുള്ളത്. യോഗ്യതയില്ലാത്ത ഒരു പ്രൊഫസർ ഡിപ്പാർട്ടു മെന്റ് ഹെഡായിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഭാര്യയും കൂടി അവിടെ ഇരി ക്കുകയാണ്. അവിടെ വലിയ പ്രശ്നമാണ്. അവിടെ ഡോക്ടർമാരൊന്നും ഒപ്പിടില്ല. 50% ഡോക്ടർമാർ വേറെ പണിക്ക് പോകുകയാണ്. ഇതൊക്കെ പിടിക്കാൻ പിള്ളേരെ കൂടെ കൊണ്ടുവന്ന് സമരം ചെയ്തു. നമ്മൾ അതൊക്കെ ഡീൽ ചെയ്യണമെങ്കിൽ കുറച്ചു സമയം ആവശ്യമാണ്. പരിയാരം മെഡിക്കൽ കോളേജിൽ അങ്ങനെയുള്ള പ്രശ്നമൊന്നുമില്ല. അതെല്ലാം കുത്തിയിളക്കി വിട്ട ഒരു കാരണവരെ നിങ്ങൾ വീണ്ടും തിരിച്ചുവിളിച്ചിട്ടുണ്ട്. ഞാൻ കുറ്റമൊന്നും പറയുന്നില്ല. ഞാൻ വെളിയിൽ നിൽക്കുമ്പോൾ ഞാനാണ് കൊണ്ടുവന്ന് ഡയറക്ടറാക്കിയത്. എന്നെ കാണാതെ തലകുനിച്ച് പോകുന്നതുകണ്ടു. കാരണം തിരിച്ചുകൊണ്ടുവന്നാക്കിയില്ലേ എന്നുള്ള കുറ്റബോധം കൊണ്ടാണ്. അയാൾ അവിടെ കാട്ടിക്കൂട്ടിയത് വല്ലതും

നിങ്ങൾക്ക് അറിയുമോ? പഴയ ഫയലെടുത്ത് പരിശോധിച്ചുനോക്കൂ. പ്രായമായവരോട് ഞാൻ യുദ്ധത്തിനില്ല.  റിട്ടയർ ചെയ്ത് 10–25 വർഷം കഴിഞ്ഞാൽ 25,000–30,000 രൂപ കിട്ടുന്നത് ഒരു വലിയ കാര്യമാണെന്ന് കരുതുന്ന ആത്മാഭിമാനമില്ലാത്ത ആളുകളാണവർ. അവരൊന്നും പറയുന്നതുകേട്ട് കുഴിയിൽ ചാടരുത്. ഒരു മാഫിയയുണ്ട്. കളമശ്ശേരി മെഡിക്കൽ കോളേജിൽ ഒരു മാഫിയയുണ്ട്. ലോക്കൽ പൊളിറ്റീഷ്യൻസുണ്ട്. ഒരുകൂട്ടം ഡോക്ടേഴ്സ് ഉണ്ട്. ചില എംപ്ലോയീസ് ഉണ്ട്. അതിനകത്ത് ചില പോലീസ് ഓഫീസർമാർ വരെയുണ്ട്. അതുപോലെതന്നെ പ്രൈവറ്റ് ഹോസ്പിറ്റൽ ഏജൻസിയുണ്ട്. പുന്നപ്രയിലുള്ളത് നല്ലൊരു കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലാണ്. അങ്ങ് അധികാരത്തിൽ വന്നപ്പോൾത്തന്നെ ഹൃദയ ശസ്ത്രക്രിയ യൂണിറ്റ്............... മെഡിക്കൽ കോളേജിൽ പോലുമില്ല. അത് സ്ഥാപിക്കേണ്ടതാണ്. അത് സ്ഥാപിക്കാതിരിക്കാൻ വലിയ ലോബി പലരെയും സ്വാധീനിച്ചിട്ടുണ്ട്. വേഗം ഇതൊക്കെ ചെയ്യണം. ഇതെല്ലാം മഹത്തായിട്ടുള്ള സ്ഥാപനങ്ങളാണ്.  ഈ സ്ഥാപനങ്ങളെ നമുക്ക് വലിയ തരത്തിൽ മുന്നോട്ടു കൊണ്ടുപോകണം. ഒരു കാര്യം പറയാനുള്ളത്, ഇവിടെ കണക്ക് തരുമ്പോൾ നെറ്റ് ഡെപ്പോസിറ്റ് 90,000 കോടിയാണ്. അത് ഒരിക്കലും ഉണ്ടാകാനിടയില്ല. അത് ആകെ വന്ന ഡെപ്പോസിറ്റായിരിക്കും. രജിസ്ട്രാറോട് ക്ലീയറായി നോക്കാൻ പറയണം. വൈകുന്നേരം 5 മണിക്ക് ബാങ്ക് അടയ്ക്കുമ്പോൾ അവിടെ കിടക്കുന്ന ഡെപ്പോസിറ്റാണ് നെറ്റ് ഡെപ്പോസിറ്റ്. അല്ലാതെ ഒരു വർഷം മുഴുവൻ വന്നതോ, അല്ലെങ്കിൽ 5 വർഷം മുഴുവൻ ഡെപ്പോസിറ്റായിട്ട് വന്നതോ അല്ല. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വരു

മ്പോൾ അത് 20,000 കോടി രൂപയായിരുന്നു. ഞങ്ങൾ ഇറങ്ങുമ്പോൾ അത് 68,000 കോടി രൂപയായി മാറി. കൃത്യമായ ഒരു മറുപടി അങ്ങ് തന്നു. ഇപ്പോൾ നെറ്റ് ഡെപ്പോസിറ്റ് 78,000 കോടി രൂപയായിക്കാണും. അതിനപ്പുറം വരാൻ സാധ്യതയില്ല. അങ്ങ് തന്ന കണക്കിൽ പറഞ്ഞിരിക്കുന്ന 90,000 കോടി രൂപയുണ്ടെങ്കിൽ മഹാത്ഭുതം സംഭവിച്ചിരിക്കുകയാണ്. അങ്ങനെയുണ്ടെങ്കിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുക മാത്രമല്ല പരസ്യമായിട്ട് അങ്ങേയ്ക്ക് ഞാൻ മാലയിടും. നെറ്റ് ഡെപ്പോസിറ്റ് 10,000 കോടി രൂപകൂടി കൂടിയാലും ഞാൻ അങ്ങയെ അഭിനന്ദിക്കും. അത് അത്ര എളുപ്പമല്ല. കാരണം 20,000 കോടി രൂപയിൽ നിന്ന് ഞാൻ 68,000 കോടി രൂപ ആക്കിയത് ഒരു പാട് ബുദ്ധിമുട്ടിയാണ്. അപ്പോൾ 90,000 കോടി രൂപയെന്നത് മൊത്തം ഡൊപ്പോസിറ്റായിരിക്കും വന്നത്. നെറ്റ് ഡെപ്പോസിറ്റാകാൻ സാധ്യത വളരെ കുറവാണ്. എന്റെ സംശയമാണ് ഞാൻ പറയുന്നത്. അങ്ങനെയുണ്ടെങ്കിൽ സഹകരണ മേഖലയ്ക്ക് തുല്യമായി മറ്റൊരു മേഖലയില്ലെന്നുള്ള എന്റെ വാദം ഒന്നുകൂടി ശക്തിപ്പെടുകയാണ്. അങ്ങയുടെ കാലത്തും ഈ കാര്യത്തിൽ മികവ് തെളിയിച്ചുവെന്ന് എനിക്ക് പറയേണ്ടിവരും. ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ബദൽ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊതുവിലും പ്രൊഫഷണൽ സ്ഥാപനം പ്രത്യേകിച്ചും തുടങ്ങേണ്ടത് എന്തിനുവേണ്ടിയാണെന്ന് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞല്ലോ? ശ്രീ. പിണറായി വിജയൻ ഇരുന്നപ്പോഴാണ് ഇതിന്റെ ഐഡിയ വന്നത്. ഞാൻ തന്നെ അദ്ദേഹത്തോട് പറഞ്ഞു. ഞങ്ങൾ കുറഞ്ഞ ഫീസിന് യൂണിവേഴ്സിറ്റിയുടെ ഒരുപാട് ബി.എഡ്. സെന്ററുകൾ തുടങ്ങി. അത് വലിയ വിജയമായി.

ബി.എഡ് കോളേജുകൾ ഒരിടത്തും ഇല്ലല്ലോ. അത് വലിയ വിജയമായിരുന്നു. അന്ന് പോയി ഞങ്ങൾ സംസാരിച്ചു. ഇലക്ട്രിസിറ്റി ബോർഡിന് എന്തു കൊണ്ട് ഇലക്ട്രിക്കൽ എഞ്ചീനിയർമാരെ വാർത്തെടുക്കുന്ന കോളേജുകൾ ആരംഭിച്ചുകൂടാ? വാട്ടർ അതോറിറ്റിക്ക് എന്തുകൊണ്ട് അവർക്ക് ആവശ്യമായ എഞ്ചിനീയർമാരെ വാർത്തെടുക്കുന്ന കോളേജുകൾ ആരംഭിച്ചുകൂടാ? കെ. എസ്.ആർ.ടി.സി.–ക്ക് ആവശ്യമായ മെക്കാനിക്കൽ എഞ്ചിനീയർമാരെ വാർത്തെടുക്കുന്ന കോളേജുകൾ എന്തുകൊണ്ട് അവർക്ക് ആരംഭിച്ചുകൂടാ? പബ്ലിക് സെക്ടറിന് ഇത് ചെയ്യാമല്ലോ. അങ്ങനെയാണ് കെ.എസ്.ആർ.ടി.സി. പിന്നീട് ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിച്ചത്. കേരളത്തിലെ ഏറ്റവും മികച്ച ഒരു കോളേജാണത്. ആ കോളേജിന്റെ ഇൻസ്പെ ക്ഷന് യൂണിവേഴ്സിറ്റിയിൽ നിന്നും ഞാനാണ് പോയത്. രാഷ്ട്രീ യമായി നമ്മൾ അത് കൊടുക്കില്ലായെന്ന് ശ്രീ. ആർ. ബാലകൃഷ്ണപിള്ള വിചാരിച്ചു. അദ്ദേഹം എന്നോട് പറഞ്ഞത് ഞാൻ ഓർമ്മിക്കുന്നുണ്ട്. സുധാക രൻ ആലപ്പുഴയിലെ വീടിന് മുമ്പിലെ നാഷണൽ ഹൈവേയുടെ അരുകിൽ നിന്നാൽ മതി, ഒരു സൂപ്പർഫാസ്റ്റ് അയച്ചുതരാമെന്ന്. അന്ന് സൂപ്പർഫാസ്റ്റ് ഏറ്റവും വലിയ ബസാണ്. എല്ലാവരും അതിലാണ് കയറുന്നത്. ഒന്നും വേണ്ട. ഞാൻ വന്നോളാമെന്ന് ഞാൻ പറഞ്ഞു. ഞങ്ങൾ ശുപാർശ ചെയ്ത കേരള ത്തിലെ ഒന്നാംതരം കോളേജാണിത്. ഇലക്ട്രിസിറ്റി ബോർഡും വാട്ടർ അതോ റിറ്റിയും വന്നില്ല. പക്ഷെ 'കേപ്' സ്ഥാപിക്കപ്പെട്ടു. ശ്രീ. എസ്. ശർമ്മയുടെ കാലത്താണ് കൊച്ചിയിലെ കോ–ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് ഓപ്പൺ ചെയ്തത്. ശ്രീ. എം. വി. രാഘവന്റെ കാലത്തും അതുണ്ടായിരുന്നു. പക്ഷേ അന്ന് എം.ബി.ബി.എസ്–ന് അംഗീകാരം കിട്ടിയിരുന്നില്ല. ഐ.എം.സി.

അംഗീകരിച്ചില്ല. ഞാൻ വന്നപ്പോൾ അംഗീകാരം വാങ്ങിക്കൊടുത്തു. ഇപ്പോൾ യാതൊരു പ്രശ്നവുമില്ല. അങ്ങനെയുള്ള ഇത്തരം സ്ഥാപനങ്ങൾ നമ്മൾ ഇവിടെ നടത്തുമ്പോൾ മെരിറ്റ്, റിസർവ്വേഷനെല്ലാം ഗവൺമെന്റ് നോംസാണ്. 20 ശതമാനം മാനേജ്മെന്റ് ക്വാട്ട എന്നുപറഞ്ഞാൽ അതും മെരിറ്റാണ്. കോ–ഓപ്പറേറ്റീവ് മെരിറ്റാണ് അവിടെ വരുന്നത്. അവിടെ അഴിമതിയും വൃത്തികേടുമില്ല. സെൽഫ് ഫൈനാൻസിംഗ് കോളേജുകൾക്ക് ബദലല്ലേ പ്രൈവറ്റ് കോളേജുകൾ? ഈ കോളേജുകളിലെല്ലാം കൂടി ഇന്ന് കേരളത്തിൽ 10,000 അദ്ധ്യാപകരുണ്ട്. റിസർവ്വേഷൻ പ്രകാരം 5,000 സീറ്റ് ഉണ്ടാകേണ്ടതല്ലേ? ഒറ്റ സീറ്റുകളിൽ റിസർവേഷൻ കൊടുത്തിട്ടുണ്ടോ? 10%, അതായത് 1000 സീറ്റ് എസ്.സി./എസ്.റ്റി. വിഭാഗത്തിന് കൊടുക്കേണ്ടതല്ലേ? അവർക്ക് ഒറ്റ സീറ്റെങ്കിലും കൊടുത്തിട്ടുണ്ടോ? പക്ഷേ കേപ്പിന്റെ എഞ്ചിനീയറിംഗ് കോളേജുകളിലും മെഡിക്കൽ കോളേജുകളിലും കൃത്യമായി കൊടുക്കുകയാണ്. ഗവൺമെന്റിന്റെ അതേ നോംസ് പ്രകാരം കൊടുക്കുകയാണ്. മാനേജ്മെന്റ് ക്വാട്ട വഴി അവിടെയില്ല. അഡ്മിഷന്റെ 20 ശതമാനം മാനേജ്മെന്റ് ക്വാട്ട എന്നത് സുപ്രീം കോടതിയുടെ വിധിയാണ്. അതും മെരിറ്റിൽ കൊടുക്കുകയാണ്. ഫീസിന്റെ കാര്യത്തിൽ മാത്രം ചെറിയൊരു വ്യത്യാസമുണ്ടാകും. ഗവൺമെന്റ് ശമ്പളം കൊടുക്കാൻ തുടങ്ങിയ 1960 മുതൽ കാൽക്കുലേറ്റ് ചെയ്താൽ ഇപ്പോൾ 53 വർഷമായി. 67% എയിഡഡ് സ്കൂളുകളാണ് ഇവിടെയുള്ളത്. ഇവിടെ 33% ഗവൺമെന്റ് സ്കൂളുകളേയുള്ളു. 67% എയ്ഡഡ് സ്കൂളുകളിലായി ഇന്നുവരെ 5 ലക്ഷം അദ്ധ്യാപകർ ഇവിടെ ജോലിചെയ്തിട്ടുണ്ട്. അതിന്റെ 10%–ത്തിന് തുല്യമായി 50,000 എസ്.സി./എസ്.റ്റി. അദ്ധ്യാപ

കർക്ക് ജോലി കൊടുക്കേണ്ടതായിരുന്നു. അവർക്ക് കൊടുക്കാതെ എല്ലാം ജാതിയടിസ്ഥാനത്തിൽ നൽകുകയാണ് ചെയ്തത്. എസ്.സി./എസ്.റ്റി. വിഭാഗത്തിൽനിന്നും ഒരാളെയും എടുത്തിട്ടില്ല. 50,000 അദ്ധ്യാപക പോസ്റ്റാണ് പോയത്. ബാക്ക്വേഡ് കമ്മ്യൂണിറ്റിക്ക് മൊത്തമായി നോക്കിയാൽ 5 ലക്ഷത്തിന്റെ പകുതിയായ രണ്ടരലക്ഷം ടീച്ചിംഗ് പോസ്റ്റുകൾ കിട്ടണം. അതിൽ കുറേ സീറ്റുകളൊക്കെ ഒഴിവാക്കിയാൽപ്പോലും ഏറ്റവും ചുരുങ്ങിയത് ഒന്നര ലക്ഷം ടീച്ചിംഗ് പോസ്റ്റുകൾ ബാക്ക്വേഡ് കമ്മ്യൂണിറ്റിക്ക് മൊത്തത്തിൽ ലഭിക്കണം. 50,000 പോസ്റ്റുകൾ എസ്.സി./എസ്.റ്റി.-ക്ക് നഷ്ടപ്പെട്ടു. പക്ഷേ കേപ്പിന്റെ പ്രൊഫഷണൽ കോളേജുകളിൽ റിസർവ്വേഷനുണ്ട്. അപ്പോൾ അൺ എയിഡഡ് സ്കൂളുകളിലും കോളേജുകളിലും പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് നിങ്ങൾ ശമ്പളം കൊടുക്കുന്നു. മാനേജരെ നിയമിക്കുന്നു. കാരൂർ നീലകണ്ഠപിള്ള സാറിന്റെ കാലത്ത്, 1950-ന് മുമ്പുള്ള കാലത്തെപ്പോലെ മാനേജരുടെ വീട്ടിൽ തുണിയലക്കലും ഭാര്യയുടെ സാരി നനച്ച് കൊടുക്കലും അവിടത്തെ എരുമയെ കഴുകലും ഇന്നത്തെ അദ്ധ്യാപകർ ചെയ്യേണ്ടായെങ്കിലും, അന്നത് ചെയ്തിരുന്നു. അങ്ങനെ ചെയ്യേണ്ട എന്നുള്ള സ്ഥിതി വന്നത് ശമ്പളം കൊടുത്തതോടുകൂടിയാണ്. കാശ് വാങ്ങിച്ചുകൊണ്ട് മാനേജരെ നിയമിക്കുന്നു. ശമ്പളത്തിനായി ഖജനാവിൽ നിന്നും പണം കൊടുക്കുന്നു. നയാപൈസ കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള കോളേജുകൾക്ക് ഗവൺമെന്റ് കൊടുക്കുന്നുണ്ടോ? ഇത് വിവേചനമല്ലേ? അതുകൊണ്ട് എയിഡഡ് സ്കൂളുകളിലെ നിയമനവും എയിഡഡ് കോളേജിന്റെ നിയമനവും പി.എസ്.സി.-ക്ക് വിടണ്ടേ? നിയമനം പി.എസ്.സി-ക്ക് വിടുമ്പോൾ 10-30 ശതമാനം നിയമനം മാനേജ്മെന്റിനും കൊടുക്കണം. ബാക്കിയുള്ള നിയമന

ങ്ങൾ പി.എസ്.സി വഴിയാകുമ്പോൾ ബാക്ക്വേർഡ് കാസ്റ്റിനും കിട്ടുകയില്ലേ;. ഇവിടെ ഇതിനുള്ള കാലമായില്ലേ? പക്ഷേ കോ-ഓപ്പറേറ്റീവ് അതെല്ലാം കൃത്യമായി കൊടുക്കുകയാണ്. അങ്ങനെയുള്ള മെഡിക്കൽ കോളേജ്, എഞ്ചിനീയറിംഗ് കോളേജ് മുതലായ പ്രൊഫഷണൽ കോളേജുകളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഭൂമിയും പണവും കൊടുത്ത് ഇത് നടത്തുകയും നമ്മുടെ ഖജനാവിൽനിന്നും അവിടത്തെ കമ്മി നികത്താൻ വർഷംതോറും പത്തോ മുപ്പതോ നാൽപ്പതോ കോടിരൂപ കൊടുക്കുകയും ചെയ്താൽ ഗവൺമെന്റിന് വലിയ ഭാരവുമില്ല, അവ ഭംഗിയായി നടത്തുകയും ചെയ്യാം. അങ്ങനെ ലക്ഷ്യബോധത്തോടെ സഹകരണ മേഖലയെ നയിക്കുന്നതിനുപകരം എവിടെയാണ് ലക്ഷ്യമെന്ന് സംശയമുള്ള തരത്തിൽ ഇതിനെ നയിക്കുന്നത് ശരിയല്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. തീർച്ചയായും സഹകരണമേഖലയ്ക്കുനേരെ ഒരു യുദ്ധം നടക്കുകയാണ്. അല്ല എന്നുപറഞ്ഞ് അതിനെതിരായി നിങ്ങൾ എന്തു മൂടുപടം ഇട്ടാലും അത് താഴോട്ട് വരും, വളരെയേറെ സൂക്ഷിക്കണം. 60000 ജീവനക്കാരുണ്ട്. റിസർവ് ബാങ്കിന്റെ ഈ തോന്ന്യാസം കാരണം നാളെ അവർക്ക് ശമ്പളം കിട്ടുമോയെന്നറിയില്ല. ചായ കുടിച്ചാൽപ്പോലും സർവീസ് ടാക്സ് കൊടുക്കണം. ഇത് എന്ത് ഏർപ്പാടാണ്? റിസർവ് ബാങ്കിന് എന്ത് കാര്യമാണ് കോ-ഓപ്പറേറ്റീവ്സിന്റെ കാര്യത്തിൽ. അവർ ഇതിൽ പങ്ക് വഹിച്ചവരാണോ; ഞാനതിലേയ്ക്ക് കടക്കുന്നില്ല. ഭരണഘടനാ ഭേദഗതി വന്നുപോയി. പക്ഷേ അങ്ങ് ഇനി ആലോചിച്ച് ഭരണഘടനാ ഭേദഗതി അംഗീകരിച്ചുകൊണ്ടാണെന്ന് വരുത്തിക്കൊണ്ട് കൊണ്ടുവന്ന നിയമങ്ങളിൽത്തന്നെ ഭേദഗതി വരുത്തി നമ്മുടെ പ്രസ്ഥാനത്തെ സംരക്ഷിക്കാൻ അങ്ങേയ്ക്ക് കഴിയണം. ഇതിൽ ഞാൻ പറയുന്ന ഭൂമിയും സ്ഥാവര സ്വത്തുക്കൾക്കുമുള്ള

പ്രിക്കോഷൻസ് വേണം. അതുപോലെ ട്രൈബ്യൂണലിന്റെ ചെയർമാന്റെ കൃത്യമായ വയസുണ്ടാകണം. മറ്റു കാര്യങ്ങളോടൊക്കെ യോജിപ്പുണ്ടെങ്കിലും ഇതൊന്നും ഇല്ലാത്തതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇത് 2010 ജൂൺ മാസത്തിൽ പുറപ്പെടുവിച്ച ഓർഡിനൻസ് നിയമമാക്കുന്നതിന് വേണ്ടിയാണ്. 2010 ജൂൺ 10-ന് ഇറക്കിയ ഓർഡിനൻസിൽ ചില വ്യവസ്ഥകളുണ്ടായിരുന്നു. 2011 ഏപ്രിൽ മാസത്തിൽ കുറച്ച് വ്യവസ്ഥകൾകൂടി അതിൽ കൂട്ടിച്ചേർക്കുകയുണ്ടായി. അതിൽ സഹകരണ സംഘങ്ങളിലെ ആസ്തികൾ കെട്ടിക്കിടക്കുന്നത് പ്രശ്നങ്ങളുണ്ടാക്കുന്നതിനാൽ അത് വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥയുണ്ടായിരുന്നു. അതുപോലെ സെക്ഷൻ 33-യുടെ അമെന്റ്മെന്റും ഓർഡിനൻസ് വഴി വന്നിരുന്നു, ആ അമെന്റ്മെന്റും ഇപ്പോൾ ബില്ലായി കൊണ്ടുവരികയാണ്. ആസ്തികൾ കെട്ടിക്കിടക്കുന്നു എന്ന് പറഞ്ഞാൽ സഹകരണ സംഘങ്ങൾ അവരുടെ വായ്പ കണക്കുകൾ തീർക്കുന്നതിനുവേണ്ടി സ്ഥാവര ജംഗമ വസ്തുക്കൾ ലേലം ചെയ്ത് സഹകരണ സംഘത്തിന്റെ സ്വത്താക്കി മാറ്റാറുണ്ട്. അങ്ങനെ സഹകരണ സംഘത്തിന്റെ സ്വത്തായി മാറിക്കഴിഞ്ഞാൽ അത് വിൽക്കുന്നതിന് പലപ്പോഴും രജിസ്ട്രാറുടെ അനുമതി ലഭിക്കാറില്ല. വളരെയധികം കാലതാമസം അതുപോലുള്ള ഫയലുകളിൽ ഉണ്ടാകുന്നുണ്ട്. പലപ്പോഴും ഇത്

വിറ്റഴിക്കാതെ കണക്കിൽ വരവുവന്നാൽപ്പോലും യഥാർത്ഥത്തിൽ ഇത് പണമായി സഹകരണ സംഘത്തിന് ലഭിക്കാത്ത ഒരവസ്ഥ ഉണ്ടായിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളിലും ഇതുപോലുള്ള കുറച്ചു വസ്തുക്കളെങ്കിലും ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഇത് വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥയുണ്ടാക്കുന്നത് തീർച്ചയായും നല്ല കാര്യംതന്നെയാണ്. എന്നാൽ 7 വർഷത്തെ കാലാവധിയാണ് ഇതിന് പറഞ്ഞിരിക്കുന്നത്. ആസ്തി ആർജ്ജിച്ച് 7 വർഷത്തിനകം രജിസ്ട്രാറുടെയും ജനറൽ ബോഡിയുടെയും അനുമതിയോടുകൂടി ഇത് വിറ്റഴിക്കണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. 7 വർഷത്തിന് ശേഷം ഇത് കൈവശം വയ്ക്കുന്ന സാഹചര്യം വന്നാൽ അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്; എല്ലാം നമുക്ക് വിറ്റഴിക്കാൻ കഴിയുമോ? ഇത്തരത്തിൽ കിട്ടിയ വസ്തു വിറ്റഴിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിലോ? ഏഴ് വർഷത്തിനകം വിറ്റഴിക്കണമെന്ന് പറയുമ്പോൾ ഏഴ് വർഷത്തിനു ശേഷം ഇത് കൈവശം വയ്ക്കാൻ പറ്റില്ല എന്ന ഒരു നെഗറ്റീവ് ക്ലോസ്കൂടി അതിൽ ഇംപ്ലൈഡല്ലേ? അതുകൊണ്ട് ആ സെക്ഷൻ അതേ നിലയിൽ ശരിയല്ല. ഏഴ് വർഷത്തിനുശേഷം കൈവശം വയ്ക്കണമെന്നുണ്ടെങ്കിൽ രജിസ്ട്രാറുടെ പ്രത്യേക അനുമതിയോടുകൂടി കൈവശംവയ്ക്കാം എന്ന അമെന്റ്മെന്റുകൂടി അതിൽ വരുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെതന്നെയാണ് സെക്ഷൻ 33-യുടെ അമെന്റ്മെന്റും. എനിക്ക് പല കാര്യങ്ങളിലും ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരോടും ശ്രീ. ജി. സുധാകരനോടും യോജിപ്പാണ്. പക്ഷേ അവരുടെ കാലത്ത് കൊണ്ടുവന്നതുകൊണ്ട് എല്ലാം ശരിയാകണമെന്നില്ലല്ലോ. എനിക്ക് ശ്രീ. ജി. സുധാകരനോട് ബഹുമാനമാണ്. പക്ഷേ സെക്ഷൻ 33-യുടെ അമെന്റ്മെന്റ് അഡ്മിനിസ്ട്രേ

റ്റീവ് കമ്മിറ്റി വയ്ക്കാം, ആ കമ്മിറ്റി വയ്ക്കുന്ന ആൾ ആ സംഘത്തിലെ അംഗമായിരിക്കണമെന്നില്ല എന്നാണ്. ഒരു സഹകാരി എന്നുള്ള നിലയിൽ എനിക്ക് അതിനോട് യോജിക്കാൻ കഴിയില്ല. ശ്രീ. ജി. സുധാകരനും അതിനോട് യോജിക്കുമെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, സംഘത്തിലുള്ള അംഗമായിരിക്കുന്നത് നല്ലതാണെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ അതിനെ എതിർക്കാത്തത്. ഒരു വീഴ്ച പറ്റിയെന്ന് ശ്രീ. ജി. സുധാകരൻ പറയുകയും ചെയ്തു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, നിങ്ങൾ കൊണ്ടുവന്ന ഓർഡിനൻസിലെ വ്യവസ്ഥയാണ് ഇപ്പോൾ നിയമമാക്കുന്നത്. ആ ഓർഡിനൻസിലെ വ്യവസ്ഥ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലെ അംഗം ആ സംഘത്തിലെ അംഗമായിരിക്കണമെന്നില്ല എന്നാണ്. അത് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും എന്നുമാത്രമല്ല അംഗമാകാൻ യോഗ്യതയില്ലാത്ത ആളിനെപ്പോലും കമ്മിറ്റിയിൽ വയ്ക്കുകയും ചെയ്യാം. അംഗമാകാൻ നിയമപ്രകാരം ചില അയോഗ്യതകളുണ്ട്. ആ അയോഗ്യതകളുള്ള ആളിനെപ്പോലും നിങ്ങൾക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ഈ നിയമത്തിന്റെ ബലത്തിൽ വയ്ക്കാവുന്നതാണ്. അത് ശരിയാണോ? ഒരു ഭരണസമിതിയിലെ തെരഞ്ഞെടുക്കപ്പെടാൻ യോഗ്യതയുള്ള ആളിനെ മാത്രമേ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലും വയ്ക്കാൻ പാടുള്ളൂ. അതാണ് ശരിയായ രീതി. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എന്നു പറയുന്നത് ഒരു ഭരണ സമിതിക്ക് തുല്യമാണ്. അങ്ങനെയാണെങ്കിൽ ഭരണ സമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ അർഹതയുള്ള ആളിനെ മാത്രമേ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ എന്നതായിരിക്കണം നമ്മുടെ ഭേദഗതി എന്നാണ് എനിക്ക് അക്കാര്യത്തെ സംബന്ധിച്ച് പറ

യാനുള്ളത്. എങ്ങനെ ഇത്രയും ജനാധിപത്യവിരുദ്ധമായ ഒരു വകുപ്പ് ശ്രീ. ജി. സുധാകരന്റെ കാലത്ത് വന്നു എന്ന് എനിക്കറിയില്ല. നിയമമുണ്ടായെങ്കിൽപ്പോലും അങ്ങനെ അദ്ദേഹം ആരെയും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തിയില്ല. ഈ ഗവൺമെന്റും സംഘത്തിൽ അംഗങ്ങളല്ലാത്ത ആരെയും ഉൾപ്പെടുത്തിയിട്ടില്ല. പക്ഷേ അങ്ങനെയൊരു വകുപ്പ് വരുന്നത് ശരിയാണോ? അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ആ സംഘത്തിലെ അംഗമല്ലാത്ത ഒരാളെ വയ്ക്കാൻ പറ്റുമോ? അങ്ങനെയൊരു നിയമം കൊണ്ടുവരുന്നത് ശരിയാണോ? അതുകൊണ്ട് അത്തരത്തിലുള്ള ഒരു ഭേദഗതി വരുന്നത് ശരിയല്ലെന്നാണ് എനിക്ക് സെക്ഷൻ 33-യുടെ അമെന്റ്മെന്റിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. സഹകരണ ജീവനക്കാരുടെ ക്ഷേമബോർഡിനെ സംബന്ധിച്ച് നിയമപരിരക്ഷ കൊടുക്കുന്ന പ്രത്യേക വകുപ്പുകൂടി എഴുതിച്ചേർക്കുകയാണ്. ആ നിയമപരിരക്ഷ കൊടുക്കുമ്പോൾ എനിക്ക് പ്രത്യേക കാര്യം സൂചിപ്പിക്കാനുണ്ട്. ഇത് വളരെ നല്ല വകുപ്പാണ്. സഹകരണ മേഖലയിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ അല്ലെങ്കിൽ അവരുടെ ക്ഷേമത്തിനുവേണ്ടി കൊണ്ടുവരുന്ന വകുപ്പാണ്. പക്ഷേ, അങ്ങയോട് എനിക്കൊരു കാര്യം സൂചിപ്പിക്കാനുള്ളത്.....

<u>ശ്രീ. ജി. സുധാകരൻ</u> : കഴിഞ്ഞ ദിവസം മലയാളം സർവ്വകലാശാല ബില്ലിൽ പറഞ്ഞതുപോലെ നിയമവകുപ്പിലെ ഏതെങ്കിലും ഗുമസ്തൻ എഴുതിയതായിരിക്കും. ചിലപ്പോൾ ചിലത് നോക്കാതെ വന്നുപോയിട്ടുണ്ടാകും. അതിൽ പ്രശ്നമൊന്നുമില്ല. അങ്ങ് പറയുന്നതുപോലെ ചേർക്കുന്നതിൽ എനിക്ക് അഭിപ്രായ വ്യത്യാസമൊന്നുമില്ല.

ശ്രീ. കെ. ശിവദാസൻ നായർ : ഞാൻ എന്റെ അഭിപ്രായം പറഞ്ഞുവെന്നേയുള്ളു. ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്നുള്ളത് എനിക്കറിയില്ല. അത് ബഹുമാനപ്പെട്ട മന്ത്രി പറയും. എനിക്ക് അങ്ങയുടെ അഭിപ്രായത്തോട് യോജിപ്പില്ലെന്നാണ് ഞാൻ പറഞ്ഞത്. അങ്ങ് കൊണ്ടുവന്ന ഭേദഗതിയോട് എനിക്ക് യോജിപ്പില്ല. ഒരു സഹകാരി എന്നുള്ള നിലയിൽ സഹകരണ സംഘത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ഒരാൾ വരുന്നുണ്ടെങ്കിൽ ആ ആൾ ഭരണസമിതിയിൽ ഉണ്ടാകാനും അംഗമാകാനും യോഗ്യനായിരിക്കണം. നമ്മൾ തമ്മിൽ യോജിച്ചതുകൊണ്ട് മാത്രം കാര്യമായില്ല. അത് വേറെ പ്രശ്നം. ക്ഷേമബോർഡിനെക്കുറിച്ച് പറയുമ്പോൾ, നമ്മുടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ കാറ്റഗറിയനുസരിച്ച് ജീവനക്കാരുടെ ശമ്പളം ഗവൺമെന്റാണ് തീരുമാനിക്കുന്നത്. ഗവൺമെന്റാണ് അപ്പെക്സ് സഹകരണ സംഘത്തിലെയും പ്രൈമറി സംഘത്തിലെയും ജീവനക്കാരുടെ വേതനം തീരുമാനിക്കുന്നത്. ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ച് പഠിച്ച് തീരുമാനിച്ചതിനുശേഷം രജിസ്ട്രാറുടെ ഉത്തരവനുസരിച്ചാണ് ഇക്കാര്യങ്ങളെല്ലാം ചെയ്യുന്നത്. പക്ഷേ ഈ ഉത്തരവുകൾ പല സഹകരണ സംഘങ്ങളും പാലിക്കുന്നുണ്ടോയെന്ന് ആരാണ് നോക്കുന്നത്? ഗവൺമെന്റ് നിശ്ചയിക്കുന്നത്, ചില സഹകരണ സംഘങ്ങൾ കൊടുക്കുന്നില്ലെന്ന് പറഞ്ഞാലോ; ഡി.എ. ഗവൺമെന്റ് പ്രഖ്യാപിച്ചുകഴിഞ്ഞാൽ അത് കൊടുക്കാതിരിക്കുന്ന സഹകരണ സംഘങ്ങളുണ്ട്. ശ്രീ. ജി. സുധാകരൻ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹവുമായി വളരെ അടുപ്പം ഉണ്ടായിരുന്ന, എനിക്ക് അറിയാവുന്ന കോൺഗ്രസ്സ് സഹകാരി ജീവനക്കാർക്ക് ഡി.എ. കൊടുക്കില്ല. ആലപ്പുഴ ജില്ലയിലെ സർവ്വീസ് സഹകരണ ബാങ്കാണ്. സർവ്വീസ് സഹകരണ ബാങ്കിൽ ഒരു ഭേദഗതി വരാൻ പോകുന്നു. നഷ്ട

ത്തിൽ വന്നുകഴിഞ്ഞാൽ ശമ്പളം ഗവൺമെന്റ് തീരുമാനിക്കുമെന്ന വകുപ്പ് ഭേദഗതി വരുന്നുവെന്നറിഞ്ഞപ്പോൾ ഓഡിറ്ററോട് സംഘം നഷ്ടത്തിലാക്കണ മെന്ന് പറഞ്ഞു. എങ്ങനെയാണ് നഷ്ടത്തിലാക്കുന്നത്; നഷ്ടത്തിലാക്കാൻ ഓഡിറ്റർ വിചാരിച്ചാൽ മതി. ഓഡിറ്റർ വിചാരിച്ചാൽ ഒരു സംഘം ലാഭ ത്തിലും നഷ്ടത്തിലുമാക്കാം. അത് ലാഭത്തിലായ സംഘമാണ്. ലാഭത്തിലായ സംഘം കെട്ടിടത്തിന്റെ റിസർവ്വിലേയ്ക്ക് ലാഭം കുറച്ച് മാറ്റുന്നു. അപ്പോൾ നഷ്ടമാവുകയും ജീവനക്കാർക്ക് ആനുകൂല്യം കൊടുക്കാതിരിക്കുകയും ചെയ്യാം. ഗവൺമെന്റ് പ്രഖ്യാപിക്കുന്ന ഡി.എ. യും ജീവനക്കാരുടെ ആനുകൂ ല്യങ്ങളും സഹകരണ സംഘങ്ങളിൽ കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? സ്വാധീനമുള്ള ആളാണെങ്കിൽ പിന്നെ ഒന്നും ചെയ്യണ്ടല്ലോ. സ്വാധീനമുള്ള കോൺഗ്രസ്സിന്റെ നേതാവാണെങ്കിൽ ഏതെങ്കിലും ഒരു ഓഡിറ്റർ ചെല്ലുമോ? ആ സംഘത്തിൽ ചെന്ന് ഒരുദ്യോഗ സ്ഥന് പരിശോധിക്കാൻ പറ്റുമോ; പറ്റില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ജി. സുധാകരനുമായി നല്ല ബന്ധമുള്ള കോൺഗ്രസ്സ് നേതാവാണ്. അദ്ദേ ഹത്തിന്റെ ബന്ധം വച്ചുകൊണ്ട് അവിടെ ആരെങ്കിലും ചെല്ലുമോ? അതു കൊണ്ട് ജീവനക്കാർക്ക് ഡി.എ.യും മറ്റ് ആനുകൂല്യങ്ങളും നിയമാനു സൃതമുള്ള ശമ്പളവർദ്ധനവും നൽകുകയോ പെൻഷൻ ഫണ്ടിൽ പണം അട യ്ക്കുകയോ വേണ്ട. പെൻഷൻ ഫണ്ടിൽ പണം അടയ്ക്കാതിരുന്നാൽ 24 ശതമാനം പലിശ കുടിശ്ശിക സഹിതം ആ സംഘം പിന്നീട് കെടുക്കേണ്ടിവരു മെന്നതാണ് വ്യവസ്ഥ. പക്ഷേ, അത് കൊടുക്കുന്നില്ല. ആരാണ് ചോദിക്കാൻ. ഇതിനെക്കുറിച്ച് പരാതി കിട്ടിയാലും കിട്ടിയില്ലെങ്കിലും പരിശോധിക്കാൻ ഉദ്ദേ

്യാഗസ്ഥൻമാർക്ക് കടമയും ഉത്തരവാദിത്വവുമുണ്ട്. ആ ഉത്തരവാദിത്തം നിറവേറ്റാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടിയെടുക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, ഓഡിറ്റ് ചെയ്യുമ്പോൾ ലാഭങ്ങളുടെ വിഹിതം മാറ്റിവയ്ക്കുന്നത് നിയമപ്രകാരമാണ്. അത് ബിൽഡിംഗിലേയ്ക്കും മാറ്റിവയ്ക്കാമെന്ന് വ്യവസ്ഥയുണ്ട്. പക്ഷേ, അതെങ്ങനെയാണ് നഷ്ടത്തിലാകുന്നത്?

ശ്രീ. കെ. ശിവദാസൻ നായർ : എനിക്ക് കണക്കറിയില്ല. പണ്ടേ കണക്കിന് ഞാൻ മോശമാണ്. ഇപ്പോൾ എങ്ങനെയാണ് അറിയുന്നത്? നഷ്ടത്തിലാക്കുകയാണ് ചെയ്യുന്നത്. ഓഡിറ്റർക്ക് കണക്കുബുക്കിൽ എഴുതാനുള്ള അധികാരമുണ്ടോ? കണക്ക് ശരിയാണെങ്കിലും തെറ്റാണെങ്കിലും അത് ചൂണ്ടിക്കാണിച്ച് റിപ്പോർട്ട് കൊടുക്കാമെന്നല്ലാതെ കണക്കുബുക്കിൽ ഓഡിറ്റർക്ക് എഴുതാൻ അധികാരമില്ലല്ലോ. പക്ഷേ, ഞാൻ പ്രസിഡന്റായിരുന്ന സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് APEX സ്ഥാപനമാണ്. അവിടെ ഒരു ഓഡിറ്റർ വന്ന് അദ്ദേഹത്തിന്റേതായ കണക്കെഴുതി. അവസാനം ഞാൻ പരാതി കൊടുത്തു. നിങ്ങൾ പറയുന്നത് ശരിയാണെങ്കിലും ഓഡിറ്റർ തീരുമാനിച്ചാൽ രജിസ്ട്രാർക്ക് ചോദ്യം ചെയ്യാൻ അധികാരമില്ലെന്ന് രജിസ്ട്രാർ പറഞ്ഞു. ഈ വിഷയം അന്ന് ശ്രീ. ജി. സുധാകരനുമായി ഞാൻ അനൗദ്യോഗികമായി സംസാരിച്ചിരുന്നു. ഓഡിറ്റർക്ക് തെറ്റുണ്ടായാൽ അത് പരിശോധിക്കുന്നതിനുള്ള വകുപ്പ് ഉണ്ടാക്കണമെന്ന് അദ്ദേഹവും സൂചിപ്പിച്ചു. എന്തിനാണ് ഓഡിറ്റർ കണക്കെഴുതിയതെന്നറിയാമോ; ആ സ്ഥാപനം ദീർഘകാലമായി ലാഭത്തിലായതിനാൽ എങ്ങനെയെങ്കിലും നഷ്ടത്തിലാക്കാൻ വേണ്ടിയാണ് കണക്ക് എഴുതിയത്. അദ്ദേഹം എത്ര ശ്രമിച്ചിട്ടും നഷ്ടത്തിലായില്ലയെ

ന്നുള്ളത് വേറെപ്രശ്നം. ഞാൻ പ്രസിഡന്റെന്ന നിലയിൽ ഹൈക്കോടതിയിൽ കേസ് കൊടുത്തു. കണക്ക് ശരിയല്ലാതെ വന്നുകഴിഞ്ഞാൽപ്പിന്നെ അടുത്ത വർഷത്തെ ക്ലോസിംഗും ആരംഭത്തിലുള്ള ബാലൻസ് ഷീറ്റും തമ്മിൽ വലിയ വ്യത്യാസം വരും. ഇത് കറക്റ്റ് ചെയ്യാൻ ഇന്നും ആ സ്ഥാപനത്തിൽ ബുദ്ധിമുട്ടുകയാണ്. ഓഡിറ്റർ വിചാരിച്ചാൽ ഇതൊക്കെ നടക്കും. ഇത്തരത്തിൽ ലാഭത്തിലാകുന്നതിനെ നഷ്ടത്തിലാക്കാനും നഷ്ടത്തിലാകുന്നതിനെ ലാഭത്തിലാക്കാനും ഓഡിറ്റർ വിചാരിച്ചാൽ നടക്കുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. പക്ഷേ, ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യവും കൊടുക്കാതിരിക്കാൻ ഓഡിറ്ററോട് പറഞ്ഞ് സംഘം നഷ്ടത്തിലാക്കുന്ന ഭരണസമിതിക്കുറിച്ച് എനിക്ക് പുതിയ അറിവാണ്. അതുകൊണ്ട് അത്തരത്തിലുള്ള ഭരണസമിതി വേണമോ വേണ്ടയോ എന്നുകൂടി അങ്ങ് ആലോചിക്കുന്നത് നന്നായിരിക്കുമെന്നാണ് തോന്നുന്നത്. അതിൽ ഭരണസമിതിയുടെ നിറമൊന്നും നോക്കേണ്ടതില്ലെന്നാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. ഇവിടെ ഭരണഘടനാ ഭേദഗതി വന്നു. വൈദ്യനാഥൻ റിപ്പോർട്ടിനെ സംബന്ധിച്ചോ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരും ശ്രീ. ജി. സുധാകരനും പറഞ്ഞ അഭിപ്രായത്തോടോ എനിക്ക് യോജിപ്പില്ല. അത് ഞാൻ ഇവിടെ പല പ്രാവശ്യം വ്യക്തമാക്കിയതാണ്. എന്നാൽ മറ്റുചില കാര്യങ്ങൾ അവർ പറഞ്ഞതിനോട് പൂർണ്ണമായും എനിക്ക് യോജിപ്പുണ്ട്. 1982 –ൽ ആണ് നബാർഡ് സ്ഥാപിച്ചത്. ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റ് കൊടുക്കുന്നതിനുവേണ്ടിയാണ് നബാർഡ് സ്ഥാപിച്ചത്. ഇപ്പോൾ ഒരു സംസ്ഥാന സർക്കാരിനും നബാർഡിനെ ആശ്രയിക്കാതിരിക്കാൻ നിവൃത്തിയില്ല. ഒരു സംസ്ഥാന സർക്കാരും നബാർഡിനെക്കുറിച്ച് ഒന്നും പറയില്ല. കാരണം, പാലം പണിയു

ന്നതിനും ഇറിഗേഷനും ആശുപത്രി പണിയുന്നതിനും സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമെന്നുവേണ്ട സർവ്വതിനും സംസ്ഥാന സർക്കാർ ആശ്രയി ക്കുന്ന സ്ഥാപനമായി നബാർഡ് മാറുകയാണ്. അതുകൊണ്ട് സംസ്ഥാന സർക്കാരുകളെ സംബന്ധിച്ചിടത്തോളം വളരെയധികം ആശ്രയിക്കുന്ന സ്ഥാപനമെന്ന നിലയിൽ നബാർഡിനെക്കുറിച്ച് ഒരുദോഷവും ആരും പറ യാൻ തയ്യാറല്ല. പക്ഷേ, നബാർഡ് കാർഷിക മേഖലയിൽ നിന്നും ഗ്രാമീണ മേഖലയിൽനിന്നും പിന്മാറുന്നു. എന്തിനുവേണ്ടിയാണോ 1982–ൽ റിസർവ്വ് ബാങ്ക് നബാർഡ് സൃഷ്ടിച്ചത്, ആ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് അവർ പിന്മാ റുന്നുവെന്ന യാഥാർത്ഥ്യം നമ്മൾ കണക്കാക്കാതിരുന്നിട്ട് കാര്യമില്ല. അങ്ങനെ പിൻമാറുന്നത് ശരിയാണോ; നബാർഡ് സംസ്ഥാനഗവൺമെന്റിന് പണം കൊടുക്കുന്നു. അപ്പോൾ നബാർഡിന് കിട്ടുന്നത് 0.5 ശതമാനം ലാഭമാണ്.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : കൃഷിക്കാരെ സഹായിക്കാൻ വേണ്ടി സ്ഥാപിച്ച നബാർഡ് കൃഷിക്കാർക്ക് മാത്രം പണം കൊടുക്കാതെ മറ്റെല്ലാത്തിനും കൊടുക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: മറ്റാവശ്യങ്ങൾക്ക് മാത്രമല്ല, കൃഷിക്കും പണം കൊടുക്കുന്നുണ്ട്, പക്ഷേ, ഇതിലുള്ള യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യ ങ്ങളായി തന്നെ കാണണം. എങ്ങനെയാണ് ഈ സംഭവം വന്നതെന്ന് മനസ്സി ലാക്കണം. കൊമേഴ്സ്യൽ ബാങ്കുകൾ അവരുടെ വായ്പയുടെ 18 ശതമാനം കാർഷിക മേഖലയ്ക്ക് വായ്പ കൊടുക്കണമെന്ന നിബന്ധനയുണ്ട്. എന്നാൽ പല കൊമേഴ്സ്യൽ ബാങ്കുകൾക്കും അതിന് കഴിയുന്നില്ല. വായ്പയിൽ 18 ശതമാനം കാർഷിക മേഖലയിൽ കൊടുക്കാതെ വന്നാൽ എത്രയാണോ

കുറവ് വരുന്നത് ആ കുറവ് സംഖ്യ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ടിലേയ്ക്ക് കൊടുക്കണം. അതാണ് ആർ.ഐ.ഡി.എഫ്. ഫണ്ട്. അതായത് കാർഷിക മേഖലയ്ക്ക് കൊടുക്കാൻ ഉദ്ദേശിച്ചിരുന്ന, നിർദ്ദേശിച്ചിരുന്ന തുക ചെലവഴിക്കാത്തതുകൊണ്ട് ആർ.ഐ.ഡി.എഫ്.-ലേയ്ക്ക് മാറുന്നു. ആർ.ഐ. ഡി.എഫ്. സംസ്ഥാന ഗവൺമെന്റുകൾക്ക് വായ്പ കൊടുക്കുന്നു. സംസ്ഥാന ഗവൺമെന്റുകൾക്ക് കൊടുക്കുന്ന കോടിക്കണക്കിന് രൂപയുടെ സർവ്വീസ് ചാർജ്ജ് എന്ന നിലയിൽ 0.5 ശതമാനം നബാർഡ് എടുക്കുന്നു. ആ 0.5 ശത മാനം കൊണ്ട് ആയിരക്കണക്കിന് കോടി രൂപയുടെ ലാഭമാണ് നബാർഡിന് ലഭിക്കുന്നത്. ഇപ്പോൾ ഏറ്റവും പ്രധാനപ്പെട്ട ബിസിനസ്സ് എന്നത് സംസ്ഥാന ഗവൺമെന്റുകൾക്ക് വായ്പകൊടുക്കുക എന്നുള്ളതാണ്. സംസ്ഥാന ഗവൺമെന്റുകൾക്ക് വായ്പകൊടുത്തുകഴിഞ്ഞാൽ ഓട്ടോമാറ്റിക്കായി അവർക്ക് റിട്ടേൺസ് കിട്ടുകയാണ്. റീപേമെന്റ് വരികയാണ്. അതുകൊണ്ട് ഏറ്റവും നല്ല ബിസിനസ്സ് അതാണെന്ന് അവർ കരുതുന്നു. റിസ്കിയായിട്ടുള്ള കാർഷിക മേഖലയ്ക്കുള്ള വായ്പ കൊടുക്കുന്നതിൽനിന്ന് ബോധപൂർവ്വ മായി നബാർഡ് പിന്നോക്കം പോകുന്നുവെന്ന യാഥാർത്ഥ്യം അങ്ങ് മനസ്സിലാക്കണം. ഒരു ഗവൺമെന്റെന്നുള്ള നിലയിൽ നമ്മളതിനെ എതിർക്കേണ്ടതാണ്. കാർഷിക മേഖലയ്ക്ക് കൊടുക്കേണ്ട ഊന്നൽ കൊടുത്തുകൊണ്ടുമാത്രമേ നബാർഡ് പ്രവർത്തിക്കാവൂവെന്ന് നമ്മൾ നിർബന്ധം പിടിക്കേണ്ടത് ആവശ്യമാണെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ നബാർഡ്, പത്തനംതിട്ട ഉൾപ്പെടെ 4 മേഖലാ ഓഫീസുകൾ നിർത്ത ലാക്കി. നമുക്കൊരു ചെറുവിരൽ അനക്കാൻ കഴിഞ്ഞില്ല. ഗവൺമെന്റ് എന്നുള്ള നിലയിൽ കേരളത്തിലെ 4 മേഖലാ ഓഫീസുകൾ നബാർഡ്

നിർത്തലാക്കിയതിനെതിരെ നമ്മൾ നടപടിയെടുക്കണം, കത്തെഴുതണം, ഫിനാൻസ് മിനിസ്റ്ററെ കാണണം അതിനകത്ത് ചെയ്യാവുന്ന കാര്യങ്ങളെല്ലാം ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ ഈ ഗവൺമെന്റ് ചെയ്യണമെന്നാണ് എനിക്ക് അക്കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്. ഇവിടെ ബക്ഷി കമ്മിറ്റിയെ സംബന്ധിച്ച് പറഞ്ഞു. ബക്ഷി കമ്മിറ്റിയെക്കുറിച്ച് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. സർവ്വീസ് സഹകരണ ബാങ്കുകളെ ഒരു കൊമേഴ്സ്യൽ ഏജന്റ് എന്നുള്ള നിലയിൽ മാത്രം കാണാൻ ബക്ഷി കമ്മിറ്റി റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. എന്നുമാത്രമല്ല, ജില്ലാ സഹകരണ ബാങ്കുകളിൽ വ്യക്തികളായുള്ള ഡെപ്പോസിറ്റേഴ്സിന് വോട്ടവകാശമുള്ള അംഗങ്ങളാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. വോട്ടവകാശമുള്ള അംഗങ്ങളാക്കി ഡെപ്പോസിറ്റേഴ്സിനെ ജില്ലാ സഹകരണ ബാങ്കിൽ മാറ്റണമെന്നുപറഞ്ഞാൽ ഇന്നത്തെ ഇതിന്റെ മുഴുവൻ സ്ട്രക്ചർ മാറുന്നുവെന്നാണ് അതിന്റെയർത്ഥം. അത് ഒരു കാരണവശാലും നമുക്ക് അംഗീകരിക്കാൻ നിവർത്തിയില്ല. അതുകൊണ്ട് ബക്ഷി കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ച് അങ്ങയുടെ പ്രസ്താവന കണ്ടു. വളരെ നല്ലയൊരു സമീപനമാണ് അങ്ങ് എടുത്തിരിക്കുന്നത്. ഒരു കാരണവശാലും അത് അംഗീകരിക്കില്ലെന്ന നിലപാടുമാത്രം പോരാ, രാജ്യത്തെ സഹകരണ മേഖലയ്ക്ക് ദോഷകരമായ ബക്ഷി കമ്മിറ്റി റിപ്പോർട്ട് അംഗീകരിക്കരുതെന്ന് സംസ്ഥാന ഗവൺമെന്റുതന്നെ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം. അതിനകത്തുള്ള ശക്തമായ പ്രതിഷേധവും കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാൻ അങ്ങ് തയ്യാറാകണമെന്നാണ് എനിക്ക് അക്കാര്യത്തെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. സമയം വൈകിയതുകൊണ്ട് ദീർഘമായി മറ്റ് കാര്യങ്ങ

ളിലേക്കൊന്നുംതന്നെ ഞാൻ കടക്കുന്നില്ല. ഈ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. വീണ്ടുമതേ സബ്ജക്ട് കമ്മിറ്റിക്കുതന്നെ അയയ്ക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. മുമ്പ് പല സന്ദർഭങ്ങളിലായി പുറപ്പെടുവിച്ച ഓർഡനൻസുകൾക്ക് നിയമപ്രാബല്യം നൽകുകയെന്നതാണ് ഈ ബില്ലിൽ ഉള്ളത്. ഇവിടെ നേരത്തേ പറഞ്ഞതുപോലെ മുൻ ഗവൺമെന്റിന്റെ കാലത്ത് പുറപ്പെടുവിച്ച ഓർഡിനൻസുകളാണ് ഇതിന്റെ തുടക്കം. ഇതിൽ സഹകരണ നിയമത്തിലുള്ള ചില വകുപ്പുകൾക്ക് ഭേദഗതി നിർദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഓർഡിനൻസ്. ഇതിൽ 33-ാം വകുപ്പിന് ഒരു ഭേദഗതി ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഈ 33-ാം വകുപ്പ് നേരത്തെ ഇവിടെ ശ്രീ. കെ. ശിവദാസൻ നായരും മറ്റുള്ളവരും പറഞ്ഞ സന്ദർഭത്തിൽ ചില കാര്യങ്ങളിവിടെ പുറത്തുവന്നു. 33 (ബി) വകുപ്പിൽ ഒരു അഡ്മിനിസ്ട്രേറ്ററെയോ മൂന്നിൽ കൂടുതലല്ലാത്ത ആളുകൾ ഉൾപ്പെടുന്ന ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയേയോ അവരിലൊരാളെ കൺവീനറായി അവർ സംഘത്തിലെ അംഗങ്ങളായിരിക്കണമെന്നില്ല എന്നതാണ് 1969-ലെ ആക്ടിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ജി. സുധാകരൻ കൊണ്ടുവന്നിട്ടുള്ള ഒരു കാര്യമല്ല. ഇത് 1969-ലെ ആക്ടിലെ ഒരു ക്ലോസ്സാണ്. ആ ക്ലോസ്സ് ഭേദഗതിചെയ്ത സന്ദർഭത്തിൽ ഇവിടെയിപ്പോൾ രേഖപ്പെടുത്തിയിട്ടുള്ളത് കമ്മിറ്റി അഡ്മിനിസ്ട്രേറ്റർ എന്നൊക്കെ പറഞ്ഞത്, അവർ സംഘത്തിലെ അംഗങ്ങളായിരിക്കണമെന്നില്ല എന്ന് ആദ്യം പറഞ്ഞുകൊണ്ട് അവരിലൊരാളെ കൺവീനറായും എന്ന് മാറ്റിയെഴുതുകയാണ് ചെയ്തത്.

അതിലൊരു വ്യക്തതയുണ്ടാക്കുകയെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. പക്ഷെ നമ്മളിന്ന് ചർച്ച ചെയ്യുമ്പോൾ സഹകരണ നിയമത്തിൽ കാലോചിത മായ മാറ്റം ആവശ്യമായ സന്ദർഭത്തിൽ ശ്രീ. കെ. ശിവദാസൻ നായർ നിർദ്ദേ ശിച്ച തരത്തിൽ ഒരു ഭേദഗതി ഇപ്പോൾ കൊണ്ടുവരുന്നതായിരിക്കും നല്ലത് എന്നാണ് എന്റെ അഭിപ്രായം. നമ്മളിവിടെ ഇത് കൊണ്ടുവന്നതുകൊണ്ട് സഹകരണ നിയമം കൂടുതൽ ജനാധിപത്യപരമാക്കേണ്ട ഈ കാലത്ത് 1969-ലെ ആക്ടിൽ പറഞ്ഞിരിക്കുന്ന അതേ സ്ഥാനത്തുതന്നെ നമ്മളിപ്പോഴും നിൽക്കേണ്ടതായിട്ടില്ല. അതുകൊണ്ട് സംഘത്തിലെ അംഗങ്ങളായിട്ടുള്ള ആളുകളെ മാത്രമേ കൺവീനറാക്കാൻ പാടുള്ളൂ എന്ന രീതിയിൽ ഭേദഗതി ചെയ്യുന്നതിൽ തെറ്റില്ല. സഹകരണ സംഘങ്ങൾ തെരെഞ്ഞെടുപ്പ് നടത്താതി രിക്കുന്ന സന്ദർഭത്തിലോ അല്ലെങ്കിൽ മറ്റ് സാഹചര്യങ്ങൾ വരുമ്പോഴാണ് ഈ അഡ്മിനിസ്ട്രേറ്ററെയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ഏർപ്പെടു ത്താനുള്ള വ്യവസ്ഥ നിയമത്തിലുള്ളത്. ഇതുപ്രകാരം ഒരു സഹകരണ സംഘത്തിൽ അഡ്മിനിസ്ട്രേറ്ററായി ഒരു ഉദ്യോഗസ്ഥന് ചാർജ്ജ് എടുക്കാം. അംഗങ്ങൾ തന്നെയാകണം എന്നുപറഞ്ഞാലതുസാധിക്കുമോ എന്നുള്ള പ്രശ്നം മറികടക്കാനായിരിക്കാം 1969-ലെ ആക്ടിൽ അവർ അംഗങ്ങളായിരി ക്കണമെന്നില്ല എന്ന വകുപ്പ് എഴുതിച്ചേർത്തതെന്നാണ് എനിക്ക് തോന്നുന്നത്. അംഗങ്ങളായിരിക്കണമെന്നുപറഞ്ഞാൽ ഉദ്യോഗസ്ഥരായിട്ടുള്ള ആളുകൾക്ക് ചിലപ്പോൾ അഡ്മിനിസ്ട്രേറ്റർമാരാകാൻ സാധിക്കാതെവരും. ഉദ്യോഗ സ്ഥരെ അഡ്മിനിസ്ട്രേറ്റർമാരായി നിയമിക്കേണ്ട കാര്യമില്ല. ഈ അഡ്മിനിസ്ട്രേറ്റർ ഭരണം, ഉദ്യോഗസ്ഥ ഭരണം സഹകരണ സ്ഥാപനത്തെ ഇല്ലാതാക്കും. അതിനുകഴിയണമെങ്കിൽ നേരത്തെ സൂചിപ്പിച്ചതുപോലുള്ള

വിധത്തിൽ ഒരു മാറ്റം ഇതിൽ വരുത്തുന്നത് ഈ ഉദ്യോഗസ്ഥ ഭരണം സഹകരണ സംഘത്തിലൊഴിവാക്കാൻ ആ ഭേദഗതിയായിരിക്കും നല്ലത്. അതുകൊണ്ട് അത്തരത്തിലൊരു മാറ്റം കൊണ്ടുവരുന്നത് നല്ലതാണ് എന്നുതന്നെയാണ് കാലോചിതമായ മാറ്റം ഈ നിയമത്തിൽ വരുന്ന സന്ദർഭ ത്തിൽ നാം ചിന്തിക്കേണ്ടത്. ഈ ഓർഡിനൻസ് പുറപ്പെടുവിച്ച സന്ദർഭ ത്തിൽനിന്നും വ്യത്യസ്തമായ സ്ഥിതിയാണ് എന്ന് കണക്കിലെടുത്തുകൊണ്ട് ഒരു മാറ്റം ആവശ്യമാണ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> സർ, അഡ്മിനിസ്ട്രേറ്റർ ഭരണം ഇല്ലാതാ കണമെന്നാണല്ലോ അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ ബാങ്കുകളിൽ ഒന്നായ അഡാറ്റ് ബാങ്കിലെ ഭരണസമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തി. അതുകഴിഞ്ഞ് കോടതി ഇടപ്പെട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണത്തെ അസാധുവാക്കി. ഇന്നലെ അവിടത്തെ പ്രസിഡന്റ് ബാങ്കിൽ കയറാൻ ചെന്നപ്പോൾ സർക്കിൾ ഇൻസ്പെ ക്ടർ പ്രസിഡന്റിന്റെ ഷർട്ടിന്റെ കോളറിൽ പിടിച്ചുവലിച്ചുകീറി, വലിയ പ്രശ്ന ങ്ങളായി. പോലീസാണ് അതിന്റെ ഉള്ളിലിരിക്കുന്നത്. കോടതി ഇത് പറഞ്ഞിട്ടും അഡ്മിനിസ്ട്രേറ്ററും ജോയിന്റ് രജിസ്ട്രാറും ഉദ്യോഗസ്ഥരും ആ ബാങ്കിനകത്ത് ഇരിക്കുകയാണ്. ഇന്ന് അവിടത്തെ എൺപതോളം വരുന്ന ജീവനക്കാർ ജില്ലാ സഹകരണ ബാങ്കിൽ സമരത്തിലേർപ്പെട്ടിരിക്കുകയാണ്. ജില്ലാ സഹകരണ ബാങ്കിന്റെയുള്ളിൽ ഇരിക്കുകയാണ്. അവർ ആവശ്യപ്പെ ടുന്നത് ഈ ബാങ്കിന്റെ പണം ജില്ലാ സഹകരണ ബാങ്കിലുണ്ട്. പക്ഷേ ചെക്ക് കൊടുത്താൽ ജില്ലാ സഹകരണ ബാങ്ക് പണം നൽകുന്നില്ല. ഒരു ബാങ്കിനെ നശിപ്പിക്കുന്ന വിധത്തിൽ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തിക്കൊണ്ട് കോടതിവിധിയെപ്പോലും തള്ളിക്കളഞ്ഞുകൊണ്ട് ഇപ്പോൾ അവിടെ ഇത്തര

ത്തിലുള്ള ജനാധിപത്യ ധ്വംസനം നടക്കുകയാണ്. ഈ ബാങ്കിനകത്ത് ഇപ്പോൾ സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഇത് അങ്ങയുടെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സഹകരണ രംഗത്ത് ആശാസ്യമല്ലാത്ത ഒട്ടേറെ നടപടികൾ നടന്നുവരുന്നുണ്ട്. അതിലൊരു പ്രത്യക്ഷ ഉദാഹരണമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചി ട്ടുള്ള ഈ സംഭവം. ഇത്തരത്തിലുള്ള സംഭവങ്ങൾ ഒഴിവാക്കണമെങ്കിൽ നിയമത്തിനകത്ത് വ്യക്തമായ വ്യവസ്ഥയില്ലെങ്കിൽ ഇത് ആവർത്തിക്കുന്ന സ്ഥിതി വന്നുചേരും. തെരഞ്ഞെടുക്കപ്പെടുന്ന സഹകരണ സംഘത്തെ പിരിച്ചുവിടുക, ആ പിരിച്ചുവിട്ട സഹകരണ സംഘത്തിൽതന്നെ ഒരു ഉദ്യോഗ സ്ഥനെ അഡ്മിനിസ്ട്രേറ്റർ ആയിട്ട് വയ്ക്കുകയോ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വയ്ക്കുകയോ ചെയ്യുന്നത് സഹകരണ രംഗത്തുള്ള ജനാധിപത്യത്തെ അട്ടിമറിക്കുന്ന സ്ഥിതി വരും. അതുകൊണ്ട് അത് ഇല്ലാതാക്കാനുള്ള ചർച്ച യ്ക്കാണ് നാം ഇവിടെ നേതൃത്വം കൊടുക്കേണ്ടത്. എങ്കിൽ മാത്രമേ സഹ കരണ രംഗത്ത് ജനാധിപത്യം നമുക്ക് പൂർണ്ണമായും സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. അതിനനുസരിച്ചുള്ള ഒരു ഭേദഗതിയാണ് വരേണ്ടത്. എൽ.ഡി.എഫ്.-ന്റെ കാലത്ത് കൊണ്ടുവന്നതാണ് ഈ ഓർഡിനൻസ് എന്നു പറഞ്ഞുകൊണ്ട് ആ ഓർഡിനൻസിലുള്ള വ്യവസ്ഥകൾ അതേപടി നിലനിർത്തണമെന്നില്ല. കാലോചിതമായിട്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തി ക്കൊണ്ട് ഈ നിയമം നന്നാക്കണമെന്നുള്ള ഒരു നിർദ്ദേശമാണ് ഈ സന്ദർഭ ത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അതോടൊപ്പംതന്നെ ഈ സഹകരണരംഗത്ത് തെരഞ്ഞെടുക്കപ്പെട്ട ബോർഡുകളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കുന്ന പ്രവണത ഇന്ന് ശക്തിപ്പെട്ടുകൊണ്ടിരി

ക്കുകയാണ്. പോലിസിന്റെ സഹകരണ സംഘങ്ങൾപ്പോലും പിരിച്ചുവിടുകയാണ്. കണ്ണൂരിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘമാണ് പോലീസിന്റെ സഹകരണ സംഘം. എസ്.പി.യാണ് അതിന്റെ ചെയർമാൻ. മറ്റുള്ള പോലീസുകാരാണ് അതിൽ തെരെഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ. നല്ല നിലയിൽ പ്രവർത്തിക്കുന്ന പോലീസ് സഹകരണ സംഘങ്ങൾപ്പോലും ഇത്തരത്തിലുള്ള ഇടപെടലുകൾ വരികയും അത് പിരിച്ചുവിടുകയും ചെയ്യുമ്പോൾ സഹകരണസംഘങ്ങൾ എങ്ങനെയാണ് ജനാധിപത്യപരമായി പ്രവർത്തിക്കാൻ പോകുന്നത്? പോലീസ് സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പുപോലും അട്ടിമറിക്കപ്പെടുന്നുവെന്നുള്ള ആക്ഷേപം ഉണ്ടാകുന്നു. പോലീസ് സഹകരണ സംഘത്തിന്റെ തെരഞ്ഞെടുപ്പിന് പോകുന്ന പോലീസുകാർക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നില്ല. അഡ്മിനിസ്ട്രേറ്ററെ അല്ലെങ്കിൽ റിട്ടേണിംഗ് ഓഫീസറെ ഉപയോഗിച്ചു കൊണ്ട് അതിൽ കൃത്രിമം കാണിക്കുന്നു. ഇങ്ങനെയുള്ള സംഭവങ്ങൾ തുടർച്ചയായി നടന്നുവരുന്ന ഒരു സംസ്ഥാനത്ത് സഹകരണ രംഗത്തുള്ള ജനാധിപത്യം സംരക്ഷിക്കണമെങ്കിൽ അഡ്മിനിസ്ട്രേറ്റർ ഭരണ സംവിധാനം അവസാനിപ്പിക്കുകയെന്നുള്ളതാണ് വേണ്ടത്. ഇത് നമ്മുടെ സംസ്ഥനത്ത് തുടർച്ചയായി ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എൽ.ഡി.എഫ്. ഭരണകാലത്ത് ഉണ്ടായിട്ടുണ്ട്. യു.ഡി.എഫ് ഭരണകാലത്തുമുണ്ട്. ഇതൊരു തുടർപ്രക്രിയയാണ്. നമ്മുടെ സംസ്ഥാനത്ത് സഹകരണ മേഖലയിലെ ജനാധിപത്യം സംരക്ഷിച്ചുകൊണ്ട് ഇതൊരു വ്യവസ്ഥാപിതമായ രീതിയിൽ വരണമെങ്കിൽ നമ്മൾ ഭരണപക്ഷത്തിരിക്കുന്നവരും പ്രതിപക്ഷത്തുള്ളവരും ചില കാര്യങ്ങൾ ഗൗരവ്വമായി ചിന്തിക്കേണ്ടതുണ്ട്. ഇപ്പോൾ ഭരണ ഘടനാഭേദഗതി വന്നതോടുകൂടി സഹകരണ സ്ഥാപനങ്ങളും ഭരണ

ഘടനാസ്ഥാപനങ്ങളായി മാറി. ഈ സന്ദർഭത്തിൽ ഒരു പുനഃപരിശോധന നടത്തിക്കൊണ്ട് കോ–ഓപ്പറേറ്റീവ് യൂണിയൻ സംഘടിപ്പിച്ചിട്ടുള്ള സഹകരണ കോൺഗ്രസിന്റെ തീരുമാനം നടപ്പിലാക്കാൻ ഒന്നിച്ചു പ്രവർത്തിച്ചുകൂടെ എന്ന് നമ്മൾ ആലോചിക്കണം. 1991–ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന കാലത്ത് ശ്രീ. എം.വി. രാഘവൻ സഹകരണ വകുപ്പുമന്ത്രി ആയിരുന്നപ്പോഴാണ് കേരളത്തിലെ സഹകരണമേഖലയിൽ ഈയൊരവസ്ഥ വന്നത്. ആ കാലത്ത് സഹകരണ മേഖലയിൽ ഒരു യുദ്ധം തന്നെ പ്രഖ്യാപിച്ചു. അതിനുശേഷമാണ് സഹകരണ രംഗത്ത് ഇത്തരത്തിലുള്ള സ്ഥിതിവിശേഷങ്ങൾ കൂടുതലായി വർദ്ധിച്ചുവരാൻ തുടങ്ങിയത്. അതിനു ശേഷം എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ ആ നിയമം ഭേദഗതി ചെയ്യും. പിന്നീട് യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ വീണ്ടും ഭേദഗതി ചെയ്യും. ഇതിന്റെ ഫലമായി ജില്ലാസഹകരണ ബാങ്കുകൾ പിടിച്ചെടുക്കുക അല്ലെങ്കിൽ സ്റ്റേറ്റ് ബാങ്ക് പിടിച്ചെടുക്കുക എന്നത് ഓരോ ഗവൺമെന്റും വരുമ്പോഴുള്ള മുഖ്യ അജണ്ടയായി മാറുന്നു. ഇത് 1991–നുമുമ്പില്ലാത്ത ഒരു സ്ഥിതിവിശേഷമാണ്. 1991–നുമുമ്പ് കേരളത്തിലെ ജില്ലാ ബാങ്കുകളുടെ ഘടന നോക്കിയാൽ കേരളത്തിലെ ഒട്ടേറെ ജില്ലാ ബാങ്കുകൾ എൽ.ഡി.എഫ്.–ന്റെ കയ്യിലും ഒട്ടേറെ ബാങ്കുകൾ യു.ഡി.എഫ്.–ന്റെ കയ്യിലും മലപ്പുറം ജില്ലാ ബാങ്ക് മുസ്ലീം ലീഗിന്റെ കയ്യിലും ആയിരുന്ന ഒരു സമ്പ്രദായമാണ് നിലനിന്നുവന്നിരുന്നത്. ഇപ്പോൾ അത് മാറി, ഗവൺമെന്റുമാറിയാൽ സഹകരണ ബാങ്കുകളുടെയെല്ലാം ഭരണം മാറും എന്ന ഒരു സ്ഥിതിവന്നില്ലേ? സഹകരണ രംഗത്ത് എന്ത് ജനാധിപത്യമാണ് ഇന്ന് നിലനിൽക്കുന്നത്. ഇതിന് ഒരു വിരാമമിടണമെങ്കിൽ എവിടെ നിന്നാണ് നമ്മൾ തുടങ്ങേണ്ടത്? ജില്ലാ സഹകരണ

ബാങ്കുകൾ ക്രെഡിറ്റ് ബാങ്കുകളുടെ ഒരു അപ്പക്സ് ബോഡിയാണ്, സഹകരണ ബാങ്കുകളുടെ ഒരു അപ്പക്സ് ബോഡിയാണെന്നുള്ളത് മാറ്റി നാട്ടിൽ പ്രവർത്തിക്കുന്ന എല്ല കടലാസംഗങ്ങൾക്കും അഫിലിയേഷൻ കൊടുത്തുകൊണ്ട് ആ സംഘം പിടിച്ചെടുക്കാൻവേണ്ടി നടത്തിയ ശ്രമമല്ലേ കേരളത്തിലെ സഹകരണ മേഖലയിൽ ഈ സ്ഥിതിവിശേഷമുണ്ടാക്കിയത്. ഇത് ഇനിയും തുടരണം എന്നുള്ളതാണോ നമ്മൾ ഉദ്ദേശിക്കുന്നത്. സഹ കരണ മേഖലയിൽ ജനാധിപത്യപരമായി പ്രവർത്തിക്കുന്നതിന് അനുവാദം കൊടുക്കുന്നതിനുപകരം അട്ടിമറിക്കുന്ന സ്ഥിതിയാണ് കേരളത്തിലെ സഹകരണ രംഗത്തുണ്ടായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം. സഹകരണ പ്രസ്ഥാനത്തിന്റെ ഡയറക്ടർ ബോർഡ് ഗവൺമെന്റ് മാറുമ്പോൾ മാറേണ്ട താണോ? അങ്ങനെയാണെങ്കിൽ നോമിനേറ്റഡ് കമ്മിറ്റി പോരെ, സഹകരണ മേഖലയിൽ ഇലക്ഷൻ വേണോ? ശ്രീ. കെ. ശിവദാസൻ നായ രൊക്കെ ശക്തമായി സഹകരണ രംഗത്തെ ജനാധിപത്യത്തിനുവേണ്ടി, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി പാടില്ല ഗവൺമെന്റ് നിയമിക്കുന്ന ആളുകൾ പാടില്ല എന്ന് വാദിക്കുന്ന ആളുകളല്ലേ. എവിടെനിന്നാണ് നമ്മൾ ഇത് തുടങ്ങേണ്ടത്. മറ്റു പല സ്റ്റേറ്റുകളിലും ഗവൺമെന്റ് മാറുമ്പോൾ എല്ലാ സഹകരണ സംഘങ്ങളും പിരിച്ചുവിടുകയാണ് ചെയ്യുന്നത്. പശ്ചിമ ബംഗാളിൽ ശ്രീമതി മമതാ ബാനർജി എല്ലാ സഹകരണ സംഘങ്ങളും പിരിച്ചുവിട്ടു. കോൺഗ്രസ്സിന്റെ സഹകരണ സംഘവും ശ്രീമതി മമതാ ബാനർജി പിരിച്ചുവിട്ടു. ഉത്തർപ്രദേശിൽ എല്ലാ സഹകരണ സംഘവും പിരിച്ചുവിട്ടു. ഗവൺമെന്റ് എല്ലാ സഹകരണസംഘങ്ങളുടേയും ആളുക ളായി മാറിയാൽ സഹകരണ രംഗത്ത് എന്ത് ജനാധിപത്യമാണുള്ളത്? ആ സ്ഥിതി കേരളത്തിൽ തുടരാൻ അനുവദിച്ചാൽ ഇവിടെ സഹകരണമേഖല

യിൽ നമ്മൾ ആർജിച്ച നേട്ടം നമുക്ക് നിലനിറുത്താൻ സാധിക്കുമോ? ഇന്ത്യയിൽ കേരളത്തിലെ സഹകരണ മേഖലയിലാണ് ഏറ്റവും കൂടുതൽ നിക്ഷേപമുള്ളത്. ഒരു ലക്ഷം കോടി രൂപ നമ്മുടെ സഹകരണ ബാങ്കുകളിൽ ഇന്ന് നിക്ഷേപമായിട്ട് വന്നിട്ടുണ്ട്. സഹകരണ പ്രസ്ഥാനം ആർജിച്ചിട്ടുള്ള ജനങ്ങളുടെ വിശ്വാസം കൊണ്ടല്ലേ ഇത്രയും തുക ഈ സഹകരണ ബാങ്കുകളിൽ നിക്ഷേപമായി വന്നത്. എത്ര കോടി രൂപയുടെ സ്വർണ്ണമാണ് ഓരോ സഹകരണ ബാങ്കുകളിലും വായ്പയായി വച്ചിട്ടുള്ളത്. ഇതും സഹകരണ മേഖലയിലുള്ള വിശ്വാസം കൊണ്ടല്ലേ? ഈ വിശ്വാസം തകർത്താൽ സഹകരണമേഖല ഇന്നത്തെപോലെ നിലനിൽക്കുമോ? അതിനു സഹായകമായ വിധത്തിലുള്ള മാറ്റം സഹകരണ നിയമത്തിൽ വരുത്തുന്നതിനെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്. അതിനുവേണ്ടി ഈ അഡ്മിനിസ്ട്രേറ്റീവ് ഭരണം, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എന്നെല്ലാമുള്ള സംവിധാനത്തിൽ മാറ്റം വരുത്തണം. അതിനെക്കുറിച്ചുള്ള ചർച്ചയിലേക്കുപോയാൽ മാത്രമേ ഇന്ന് സഹകരണ പ്രസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ ഇപ്പോൾ ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞതുപോലെയുള്ള സംഭവം, ഇന്ന് തൃശ്ശൂരിലാണെങ്കിൽ നാളെ വേറൊരു സ്ഥലത്തു നടക്കും. മറ്റൊരു സ്ഥലത്തേക്ക് ഇത് ആവർത്തിച്ചുകൊണ്ടിരിക്കും. ഒരു ഗവൺമെന്റ് മാറി വേറൊരു ഗവൺമെന്റ് വരുമ്പോൾ ഇതിന് പ്രതികരണങ്ങളുണ്ടാകും. ഇതാണ് സഹകരണ മേഖലയിൽ തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്നത്. സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ് സംബന്ധിച്ചുള്ള കാര്യങ്ങൾ കാര്യക്ഷമമാക്കാനുള്ള വ്യവസ്ഥയും ഇതിനകത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതെല്ലാം അത്യാവശ്യമായിട്ടുള്ള ഭേദഗതികൾ തന്നെയാണ്. അതിനെ എതിർക്കേണ്ട

കാര്യമുണ്ടെന്ന് തോന്നുന്നില്ല. ഇവിടെ ആറുമാസത്തിലധികം ഒരു അഡ്മിനി സ്ട്രേറ്റീവ് കമ്മിറ്റി ഒരു സ്ഥലത്ത് തുടരേണ്ടതില്ല. ഭരണഘടനാ ഭേദഗതി അനുസരിച്ചുകൊണ്ടുതന്നെ അത്തരത്തിലുള്ള കമ്മിറ്റികൾക്ക് ആറുമാസം മാത്രമേ നിൽക്കാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യ ത്തിൽ സഹകരണ സ്ഥാപനങ്ങളുടെ ഇലക്ഷനുവേണ്ടി പ്രത്യേകമായിട്ടുള്ള ഇലക്ഷൻ കമ്മീഷൻ രൂപം കൊണ്ടിരിക്കുന്ന കാലത്തും അനിശ്ചിതമായി സഹകരണ സംഘങ്ങളുടെ കാലാവധി നീട്ടുകൊണ്ടുപോകേണ്ട സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ല. ആറുമാസത്തിനുള്ളിൽ ഇലക്ഷൻ നടത്താം. അതുകൊണ്ട് ആറുമാസത്തിലധികം അത്തരത്തിലുള്ള കമ്മിറ്റികൾ തുടരുന്നത് പുതിയ ഭരണഘടനാ ഭേദഗതി അനുസരിച്ച് നിയമപര മായിത്തന്നെ നിലനിൽക്കുന്ന ഒരു കാര്യമല്ല. ആറുമാസത്തിലധികം കൊടുക്കേണ്ട കാര്യമില്ല എന്നതാണ് ഞാൻ ഇതുസംബന്ധിച്ച് പറയുന്നത്. അതിനുള്ളിൽ ഇലക്ഷൻ നടത്താം. കാരണം ഇപ്പോഴത്തെ ഭരണഘടനാ ഭേദഗതി അനുസരിച്ചുകൊണ്ട് ആറുമാസമാണ് നിശ്ചയിച്ചിരിക്കുന്നത്. അതിനുവ്യത്യസ്തമായി നമ്മുടെ സ്റ്റേറ്റിൽ ഇത്തരത്തിലുള്ള ഒരു സ്ഥിതിയുടെ ആവശ്യമില്ല. യഥാസമയം ഇലക്ഷൻ നടത്തികൊണ്ട് തെരഞ്ഞെടുക്ക പ്പെടുന്ന ബോർഡുകൾ എല്ലാ സഹകരണ സ്ഥാപനത്തിലും രൂപീകരിക്കേണ്ട തായിരിക്കണം നമുക്കുണ്ടാകേണ്ട പ്രധാന ലക്ഷ്യം. അതോടൊപ്പംതന്നെ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിട്ടുള്ള ബാങ്കിംഗ് നിയമം നമ്മുടെ സഹകരണ മേഖലക്കും മറ്റും ഗുരുതരമായ പ്രത്യാഘാതം ഉണ്ടാക്കാൻ പോവുകയാണ്. ഈ സഹകരണമേഖലയെല്ലാംതന്നെ വൻകിടക്കാർ വിഴുങ്ങുന്ന ഒരു സ്ഥിതി ഇവിടെ വരാൻപോകുകയാണ്. ശ്രീ. എ. ബി. വാജ്പേയി പ്രധാനമന്ത്രിയാ യിരുന്ന കാലത്താണ് ബാങ്കിംഗ് മേഖലയിൽ വിദേശ പ്രത്യക്ഷ നിക്ഷേപം

അനുവദിക്കാൻ തീരുമാനിച്ചത്. അന്ന് 74 ശതമാനം ഓഹരി എടുത്താലും 10 ശതമാനം വോട്ടവകാശം മാത്രമേ കൊടുക്കുകയുള്ളൂയെന്നുള്ളതുകൊണ്ട് അന്ന് ആരും ഈ സാഹചര്യം ഉപയോഗപ്പെടുത്തിയില്ല. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് 26 ശതമാനം വോട്ടിംഗ് റൈറ്റ് കൊടുക്കാൻ തീരുമാനിച്ചതോടു കൂടി വിദേശ കോർപ്പറേറ്റുകൾക്ക് ഈ ബാങ്കുകളിൽ ആധിപത്യം സ്ഥാപിക്കാനുള്ള അവസരം പുതിയ നിയമ ഭേദഗതിപ്രകാരം ലഭിച്ചിരിക്കുകയാണ്. അതോടൊപ്പംതന്നെ സ്വകാര്യ ബാങ്കുകൾ തുടങ്ങാനുള്ള അനുമതിയും ഇപ്പോൾ കൊടുത്തിരിക്കുകയാണ്. ഈ അനുമതി ലഭിച്ചതോടുകൂടി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽ 23 ബാങ്കുകൾ തുടങ്ങാനുള്ള അനുമതി അപേക്ഷ വന്നുകഴിഞ്ഞു എന്നുള്ള വാർത്ത പുറത്തുവന്നിട്ടുണ്ട്. ശ്രീ. ജോർജ് മുത്തൂറ്റ് ഉൾപ്പെടെയുള്ള ആളുകൾ, ചിട്ടി സ്ഥാപനങ്ങൾ നടത്തിയ ആളുകൾ ബാങ്കിംഗ് ലൈസൻസിനുവേണ്ടി അപേക്ഷിച്ചു കഴിഞ്ഞു. ടാറ്റ, ബിർല, അംബാനി തുടങ്ങിയ കോർപ്പറേറ്റുകൾ ബാങ്കിംഗ് ലൈസൻസിന് അപേക്ഷിച്ചു കഴിഞ്ഞു. ഇതിനെതിരായി ഏറ്റവും ശക്തമായിട്ടുള്ള പ്രതികരണം വന്നിരിക്കുന്നത് പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായ ഡോ. രംഗരാജന്റെ ഭാഗത്തുനിന്നുമാണ്. റിസർവ് ബാങ്കിന്റെ ഗവർണ്ണറായിരുന്ന ഡോ. രംഗരാജൻ പറഞ്ഞിരിക്കുന്നത് കോർപ്പറേറ്റുകൾക്ക് ബാങ്കിംഗ് ലൈസൻസ് കൊടുക്കരുത് എന്നാണ്. കോർപ്പറേറ്റുകൾക്ക് ബാങ്കിംഗ് ലൈസൻസ് കൊടുത്താൽ നമ്മുടെ നാട്ടിലുള്ള പണം മുഴുവൻ ആർജിച്ച് വിദേശ മാർക്കറ്റിൽ നിക്ഷേപിക്കുകയും ധനമൂലധന ശക്തികൾക്ക് ലോകം മുഴുവൻ വിഹരിക്കാൻ നമ്മുടെ രാജ്യത്തിലെ നിക്ഷേപം ഉപയോഗിക്കുന്ന അവസ്ഥ വരികയും ചെയ്യും. സഹകരണ

ബാങ്കിലുള്ള നിക്ഷേപത്തിന്റെ പ്രത്യേകത ഒരു പ്രാദേശിക സഹകരണ സംഘത്തിൽ പണം നിക്ഷേപിച്ചാൽ ആ ബാങ്കിന്റെ അതിർത്തിക്കകത്താണ് ആ പണം വായ്പയായി കൊടുക്കുന്നത്. ദേശസാത്കൃത ബാങ്കുകളിലെ നിക്ഷേപംപോലും 50 ശതമാനം മാത്രമേ കേരളത്തിനകത്ത് വായ്പയായി കൊടുക്കുന്നുള്ളൂ. ആ നിക്ഷേപത്തിന്റെ ഗണ്യമായൊരു ഭാഗം മറ്റു സംസ്ഥാനങ്ങളിലാണ് ഒഴുക്കിക്കൊണ്ടിരിക്കുന്നത്. ഇവിടെ സഹകരണ ബാങ്കുകളിൽ പരമാവധി നിക്ഷേപം വർദ്ധിപ്പിക്കുക എന്നത് കേരളത്തിലെ സമ്പദ്ഘടനയുടെ വികസനത്തിനുതന്നെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. കേരളത്തിലെ സഹകരണ മേഖലകളിൽ പരമാവധി നിക്ഷേപം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കേണ്ട ഈ സന്ദർഭത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിയമം സഹകരണമേഖലയിൽ വലിയ തോതിൽ പ്രത്യാഘാതം ഉണ്ടാക്കും. ആകർഷകമായ പദ്ധതികൾ പ്രഖ്യാപിക്കും. ആ രംഗത്തേക്ക് ഇത് ആകർഷിക്കുന്നതിനുവേണ്ടിയാണ് കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് എതിരായിട്ടുള്ള ബാങ്കിംഗ് റെഗുലേഷൻ ആക്ട് ബാധകമാക്കിയത്. റിസർവ് ബാങ്കിന്റെ അംഗീകാരം വാങ്ങണം. ഇന്ന് പ്രവർത്തിക്കുന്ന ഒട്ടേറെ ബാങ്കുകൾക്ക് പ്രവർത്തിക്കാൻ സാധിക്കാത്ത സ്ഥിതിവന്നാൽ ഈ സഹകരണ ബാങ്കിലുള്ള നിക്ഷേപം അങ്ങോട്ടേക്ക് ഒഴുക്കാൻ സാധിക്കും. ഇത് സഹകരണമേഖലയെ തകർക്കാൻവേണ്ടി കോർപ്പറേറ്റുകൾ ബോധപൂർവ്വം നടത്തുന്ന ഒരു ശ്രമമാണ്. ഈ സന്ദർഭത്തിൽ, പാർലമെന്റ് പാസാക്കിയ നിയമത്തെ നമുക്കിവിടെ മറികടക്കാൻ കഴിയില്ലെങ്കിലും ആ നിയമത്തിനകത്തുനിന്നുകൊണ്ട് നമ്മുടെ സഹകരണ മേഖലയെ എങ്ങനെ സംരക്ഷിക്കാൻ കഴിയും; കൂടുതൽ

നിക്ഷേപം എങ്ങനെ നമുക്ക് ആകർഷിക്കാൻ കഴിയും; ഈ ആർജിച്ച നിക്ഷേപം ഉപയോഗിച്ചുകൊണ്ട് ജനക്ഷേമകരമായ പ്രവർത്തനത്തിനുവേണ്ടി നിയമത്തിനകത്തുനിന്നുകൊണ്ട് നമുക്ക് എന്തുചെയ്യാൻ സാധിക്കും; ഇവിടെ അതിനുവേണ്ടി എന്തെങ്കിലും പ്രത്യേക നിയമമുണ്ടാക്കാൻ നമുക്ക് അധികാര മുണ്ടോ തുടങ്ങിയ കാര്യങ്ങളുൾപ്പെടെ നിയമപരമായി തന്നെ പരിശോധിക്ക ണം. അതോടൊപ്പംതന്നെ സഹകരണ മേഖല ഇന്ന് നാനാരംഗത്ത് കാലെടുത്തുവച്ചിട്ടുണ്ട്. അതിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനം ചെയ്ത വലിയൊരു കാര്യമാണ് ആതുര ശുശ്രൂഷാ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും പ്രവർത്തിക്കാൻ തുടങ്ങിയത്. കേപ്പിന്റെ കീഴിൽ നല്ല നിലയിൽ നടക്കുന്ന കുറെ എൻജിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളുമുണ്ട്. ഹെൽത്ത് രംഗത്തും എഡ്യൂക്കേഷൻ രംഗത്തും സഹകരണ മേഖല വളരെ വൈകിയാണ് കടന്നുവന്നത്. ഇതിലു ണ്ടായ കാലതാമസമാണ് കേരളത്തിലെ വിദ്യാഭ്യാസ രംഗവും ആരോഗ്യ മേഖലയും ഇന്ന് സാമുദായിക ശക്തികളും മതസംഘടനകളും ജാതി സംഘടനകളും ഒക്കെ അവരുടെ കുത്തകയാക്കി വച്ചിരിക്കുന്നത്. ജാതി സംഘടനകളേയും മത സംഘടനകളേയും നമ്മൾ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഇവിടത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സഹകരണമേഖലയിൽ ഇക്കാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കാതെ വന്നപ്പോഴാണ് അവ ഈ ശക്തികൾ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. അതുപയോഗിച്ചുകൊണ്ട് ജാതിമത ശക്തിക ളുടെ വിഹാരകേന്ദ്രമായി നിൽക്കുന്ന ഈ രംഗത്തെ മോചിപ്പിക്കണമെങ്കിൽ സഹകരണ മേഖല വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും കൂടുതൽ ഇടപെടണം. അങ്ങനെ ഇടപെടുന്ന ഘട്ടത്തിൽ ഏറ്റവും നല്ലനിലയിൽ പ്രവർത്തിച്ച് മുന്നേറിക്കൊണ്ടിരിക്കുന്ന ആരോഗ്യമേഖലയിൽ പ്രവർത്തി

ക്കുന്ന കൊച്ചിയിലെ കോ-ഓപ്പറേറ്റീവ് കോളേജും പരിയാരത്തെ മെഡിക്കൽ കോളേജും സഹകരണമേഖലയിൽനിന്നും മാറ്റുന്നത് ആശാസ്യമാണോ എന്നുള്ള കാര്യം നമ്മൾ ആലോചിക്കണം. അവരുടെ പ്രശ്നങ്ങളെന്താണെന്നുമനസ്സിലാക്കി അത് പരിഹരിച്ചുകൊടുക്കാൻ ശ്രമിക്കുന്നതിനുപകരം സഹകരണ മേഖലയിൽ ആർജിച്ചിട്ടുള്ള നേട്ടം ഇല്ലാതാക്കിയാൽ ഇനി പുതുതായി ആരെങ്കിലും സഹകരണ മേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങാൻ മുൻകൈയെടുക്കുമോ? കുറ്റങ്ങളും കുറവുകളും പ്രശ്നങ്ങളുമൊക്കെ ഉണ്ടായിരിക്കാം. ആ കുറ്റങ്ങൾ പരിഹരിക്കേണ്ടത് എങ്ങനെയാണെന്ന് ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുപകരം സഹകരണമേഖല ഇനി മെഡിക്കൽ രംഗത്തേ വേണ്ട എന്നുതീരുമാനിച്ചുകഴിഞ്ഞാൽ സഹകരണ മേഖലയിൽ മെഡിക്കൽ രംഗത്ത് ആരും ഇടപെടാൻ പോകുന്നില്ല. ഇങ്ങനെ വന്നാൽ കേപ്പിന്റെ കീഴിലുള്ള പുതിയ എഞ്ചിനീയറിംഗ് കോളേജ് സഹകരണ മേഖലയിൽ ആരാണ് തുടങ്ങാൻ പോകുന്നത്? ഇവിടെ മറ്റ് കോളേജുകൾ തുടങ്ങാൻ സഹകരണമേഖലയ്ക്ക് സാധിക്കും. എന്നാൽ സഹകരണ മേഖലയിൽ തുടങ്ങുന്ന കോളേജുകളെല്ലാം ഒരു ഘട്ടം കഴിഞ്ഞാൽ അപ്രത്യക്ഷമാകും. ഗവൺമെന്റ് ഏറ്റെടുക്കും. എന്നാൽ സഹകരണ മേഖലയിൽ ഇത്തരം കോളേജുകൾ തുടങ്ങാനുള്ള താല്പര്യം നഷ്ടപ്പെട്ടുപോകും. അതുകൊണ്ട് നമ്മൾ ആർജിച്ചിട്ടുള്ള നേട്ടം ഉപയോഗിച്ചുകൊണ്ട് അതിൽ എന്തെങ്കിലും കുറ്റങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കാൻ ശ്രമിക്കുന്നതിനുപകരം അതൊന്നും വേണ്ട എന്നുപറയുന്ന നിലപാടെടുത്താൽ ഇവിടത്തെ വിദ്യാഭ്യാസ കച്ചവടക്കാർക്ക് വൻതോതിൽ കൊള്ളയടിക്കാനുള്ള അവസരം ചെയ്തുകൊടുക്കും. ഇവിടെ ആരോഗ്യ മേഖലയിൽ കഴുത്തറുപ്പൻ ഫീസ് വാങ്ങുന്ന കോളേജുകൾ, ആശുപത്രികൾ

ഇവയിൽ നിന്നെല്ലാം വ്യത്യസ്തമായി പ്രവർത്തിക്കുന്നത് സഹകരണ മേഖല യാണ്. അത് ശക്തിപ്പെടുത്താൻ ശ്രമിക്കുന്നതിനുപകരം അതെല്ലാം ഇല്ലാതാക്കുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കുന്നത് സഹകരണ പ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള പോക്കിന് തടസ്സമായിരിക്കും. എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും സഹകരണ മേഖലയിൽനിന്നും പ്രവർത്തിക്കുന്നതുകൊണ്ട്, സഹകരണ മേഖല നമുക്ക് വലിയൊരു അസറ്റാണ്. ഈ രംഗത്തുള്ള പ്രശ്നം പരിഹരിക്കാൻ കൂട്ടായി ചർച്ചചെയ്ത് സഹകരണ രംഗം കൂടുതൽ ജനാധിപത്യപരമാക്കാണം. അതിനാവശ്യമായ നിർദ്ദേശങ്ങളൊക്കെ സ്വീകരിക്കുക എന്നുള്ളതായിരിക്കണം ഈ ഘട്ടത്തിൽ നമ്മൾ ചെയ്യേണ്ടത്. സമയം കൂടുതൽ എടുക്കുന്നത് ശരിയല്ലായെന്നുള്ളതു കൊണ്ട് ഞാൻ മറ്റ് കാര്യങ്ങളിലേക്ക് പോകാൻ ഉദ്ദേശിക്കുന്നില്ല. ഇതിനകത്ത് വകുപ്പുതിരിച്ച് ചർച്ചകൾ നടക്കുമ്പോൾ ഉയർന്നുവന്നിട്ടുള്ള ഈ നിർദ്ദേശങ്ങൾ കൂടി അംഗീകരിച്ചുകൊണ്ട് ഓർഡിനൻസിനുപകരമുള്ള ഈ ബിൽ ശരിയായ നിലയിൽ കൈകാര്യം ചെയ്യുവാൻ സാധിക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>): സർ, ബഹുമാന്യരായ കോലിയക്കോട് എൻ. കൃഷ്ണൻ നായർ, മുൻമന്ത്രി ശ്രീ. ജി. സുധാകരൻ, സർവ്വശ്രീ കെ. കെ. നാരായണൻ, കോടിയേരി ബാല കൃഷ്ണൻ, കെ. ശിവദാസൻ നായർ എന്നിവരുടെ ഭാഗത്തുനിന്നും സഹകരണ മേഖലയിൽ ഇന്നുകാണുന്ന പ്രശ്നങ്ങളെ സംബന്ധിച്ചുള്ള സൃഷ്ടിപരമായ വിമർശനങ്ങളും നിവാരണങ്ങളും ഉണ്ടായിട്ടുണ്ട്. ഏതായാലും ഞാൻ ഈ ബില്ലിൽ ഒതുങ്ങിനിന്നുമാത്രമേ സംസാരി

ക്കുന്നുള്ളൂ. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടോ, 97–ാം ഭരണഘടനാ ഭേദഗതിയോ, ബക്ഷി കമ്മിറ്റി റിപ്പോർട്ടോ......, ബി.ആർ ആക്ടിനെ സംബന്ധിച്ചെല്ലാം ഇവിടെയിരിക്കുന്ന എല്ലാവർക്കും അറിയാം. 2010–ൽ മുൻമന്ത്രി ബഹുമാനപ്പെട്ട ജി. സുധാകരൻ കൊണ്ടുവന്ന ഈ ഓർഡിനൻസ് ഇപ്പോൾ ബില്ലാകാൻ പോകുകയാണ്. ആ ബില്ലിൽ ഉൾപ്പെടുത്തേണ്ട ചില കാര്യങ്ങൾ........, ഇവിടെ ഉയർന്നുവന്ന പ്രധാനപ്പെട്ട നിർദ്ദേശം അഡ്മിനിസ്ട്രേറ്റർമാരെ സംബന്ധിച്ചാണ്. കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 33–ൽ ഭരണസ്തംഭനമുണ്ടാകുമ്പോൾ അഡ്മിനിസ്ട്രേറ്ററെ നിയമിക്കാമെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ആറുമാസത്തിലധികം കാലാവധി ദീർഘിപ്പിച്ചുനൽകാനുള്ള വ്യവസ്ഥ ഉൾപ്പടെയുള്ള വകുപ്പ് 33–ലെ വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമല്ല. അഡ്മിനിസ്ട്രേറ്റർമാരായി നിയമിക്കപ്പെടുന്നവരിൽ സർക്കാർ ഉദ്യോഗസ്ഥരും ഉൾപ്പെടുമെന്നുള്ളതിനാലാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനറും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങളും സംഘത്തിലെ അംഗങ്ങളായിരിക്കണമെന്നില്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു സഹകരണ സംഘത്തിൽ ഭരണസമിതി രൂപീകരിക്കാൻ കഴിയാതെവന്നാൽ സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിദഗ്ധരെ അഡ്മിനിസ്ട്രേറ്ററായോ കമ്മിറ്റി അംഗങ്ങളായോ നിയമിക്കാനുള്ള വ്യവസ്ഥ പ്രയോജനകരമാകും. കൂടാതെ ഈ വ്യവസ്ഥ പ്രകാരം സംഘാംഗങ്ങളായവരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങളായി നിയമിക്കുന്നതിന് തടസ്സമില്ല. അത്രയുമാണ് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്.

ഭൂമി വിൽക്കുന്ന കാര്യങ്ങളെ സംബന്ധിച്ച്, ജപ്തി നടപടികളുടെ ഭാഗമായി സഹകരണ സംഘം ലേലത്തിൽ പിടിച്ച ബാങ്കിംഗ് ഇതര ആസ്തികളാണ് ഏഴ് വർഷത്തിനകം കയ്യൊഴിയണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ജംഗമവസ്തുക്കൾ ഉടനെതന്നെ വിൽപ്പന നടത്തണമെന്നതിനാലാണ് ആയത് ഈ വകുപ്പിൽ ഉൾപ്പെടുത്താത്തത്. ഏഴ് വർഷക്കാലം കാലാവധി എന്നത് ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ പരാമർശിച്ചിട്ടുള്ള സമയപരിധിയാണ്. വസ്തു വിൽക്കുന്നതിനുമുമ്പ് പൊതുയോഗത്തിന്റെ അനുമതികൂടി വാങ്ങണമെന്ന ഔദ്യോഗിക ഭേദഗതി അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ ഭേദഗതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ പറഞ്ഞ കാര്യം, ഏഴ് കൊല്ലത്തിനകം വിൽക്കാൻ സാധിച്ചില്ലെങ്കിൽ അതിന്റെ കാരണം ബോധിപ്പിക്കാൻ രജിസ്ട്രാർക്ക് അപേക്ഷ കൊടുക്കുകയാണെങ്കിൽ അതിന്റെ കാലാവധി നീട്ടുന്ന കാര്യത്തെ സംബന്ധിച്ചും ആലോചിക്കാവുന്നതാണ്.

ആർബിട്രേഷൻ കോടതിലേക്കുള്ള പ്രിസൈഡിംഗ് ഓഫീസർമാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കാറാണ് പതിവ്. അപ്രകാരം നിയമിക്കപ്പെടുന്നവരെ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ വിരമിക്കൽപ്രായംവരെ തുടരാൻ അനുവദിക്കുന്നത് ശരിയല്ല എന്നതിനാലാണ് ടി വ്യവസ്ഥ ഒഴിവാക്കിയത്. അതുകൊണ്ട് 15 വർഷത്തെ പരിചയം എന്ന യോഗ്യത കുറയ്ക്കേണ്ടതിനാലാണ് ടി. വ്യവസ്ഥ ഒഴിവാക്കി 65 വയസ്സോ അല്ലെങ്കിൽ റിട്ടയർ ചെയ്യുന്നതുവരെയോ എന്നുള്ള വ്യവസ്ഥ കൊണ്ടുവന്നത്.

സഹകരണ ജീവനക്കാരുടെ സഹകരണ ബോർഡിനെ സംബന്ധിച്ചുള്ള നിയമവ്യവസ്ഥ ഉൾക്കൊള്ളിക്കുന്നതിനും വേണ്ടിയാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സഹകരണ മേഖലയിലെ മറ്റു പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാന്യരായ കോടിയേരി ബാലകൃഷ്ണനും കെ. ശിവദാസൻ നായരും മുൻമന്ത്രി ശ്രീ. ജി. സുധാകരനുമെല്ലാം വളരെ ശ്രദ്ധേയമായ ചില കാര്യങ്ങൾ പരാമർശിച്ചു. ഈ രംഗത്ത് ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് ഇവിടെയിരിക്കുന്ന എല്ലാവർക്കും അറിയാം. ശമ്പള പരിഷ്ക്കരണം നടത്തണമെന്നോ ഡി. എ. അനുവദിക്കണമെന്നോ ഗവൺമെന്റ് തീരുമാനിച്ചാൽതന്നെ പല സംഘങ്ങളും അത് പാലിക്കുന്നില്ല എന്നാണ് ശ്രീ. കെ. ശിവദാസൻ നായർ ഇവിടെ സൂചിപ്പിച്ചത്. അതിലൊരു പ്രശ്നമുള്ളത് ഗവൺമെന്റ് തീരുമാനിച്ചാലും അത് നൽകാൻ കഴിയാത്ത സംഘങ്ങൾ ധാരാളമുണ്ട്. ശമ്പളം കൊടുക്കാനും ഡി.എ. കൊടുക്കാനും കഴിയാത്ത സംഘങ്ങൾ എന്തുചെയ്യും? അങ്ങനെ വരുമ്പോൾ ശമ്പള പരിഷ്ക്കരണം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് വളരെ ശ്രദ്ധിച്ച് തീരുമാനമെടുക്കേണ്ടതായിവരും. ശമ്പള പരിഷ്ക്കരണം നടത്തിയില്ലെങ്കിൽ ജോലിക്കാർ സമ്മതിക്കുകയില്ല. അതാണ് ഈ രംഗത്തെ ഏറ്റവും പ്രധാന പ്പെട്ട പ്രശ്നം. 97-ാം ഭരണഘടനാ ഭേദഗതിയെക്കുറിച്ച് ഇവിടെ വളരെ ഗൗരവമായി ചർച്ച ചെയ്തു. അത് ഇംപ്ലിമെന്റ് ചെയ്യുന്നതുകൊണ്ട് നമുക്ക് ബുദ്ധിമുട്ടൊന്നുമുണ്ടാവുകയില്ല. പക്ഷെ ബി.ആർ. ആക്ടിനെയും ബക്ഷി കമ്മിറ്റി റിപ്പോർട്ടിനെയും സംബന്ധിച്ച്.........., രണ്ടഭിപ്രായമുണ്ടായിരുന്നതി നാൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് ഇവിടെ അംഗീകരിച്ചിട്ടില്ല. പക്ഷെ,

സഹകരണ മേഖലയിലുള്ള എല്ലാവർക്കും ബക്ഷി കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് ഒരേ അഭിപ്രായമാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ജീവനക്കാരുടെ കാര്യത്തിൽ പറഞ്ഞത്, ലാഭത്തിൽ പ്രവർത്തിക്കുന്ന ചില സംഘങ്ങളിലെ ഭരണ സമിതി ഗവൺമെന്റ് പ്രഖ്യാപിക്കുന്ന ഡി.എ. കൊടുക്കാതിരിക്കുന്നു, പെൻഷൻ ഫണ്ടിലേക്ക് ബോധപൂർവ്വം പണം അടയ്ക്കാതിരിക്കുന്നു. ഇതിന്മേൽ ഒരു നടപടിയുമെടുക്കുന്നില്ല എന്നുള്ളതാണ്, അതാണ് എന്റെ പരാതി. അല്ലാതെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘമെന്നല്ല ഞാൻ പറഞ്ഞത്.

ശ്രീ. സി.എൻ. ബാലകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. പെൻഷൻ ഫണ്ടിലേക്ക് പണം കൊടുക്കാൻ നിയമം ഉണ്ട്. അതനുസരിച്ച് മുന്നോട്ടുപോവുകയും ചെയ്യും. ഇതുസംബന്ധിച്ചൊക്കെ അദ്ദേഹം എന്നോട് സംസാരിച്ചിട്ടുണ്ട്. മന:പ്പൂർവ്വം കൊടുക്കാത്തതാണ്, പണമില്ലാത്തുകൊണ്ടല്ല. സഹകാരികൾ അങ്ങനെ ചെയ്യുന്നത് കഷ്ടമാണ്. സഹകാരികൾ മാത്രമല്ല, വളരെ പ്രധാനപ്പെട്ട പോസ്റ്റിലിരിക്കുന്നവരാണ് അങ്ങനെയൊക്കെ ചെയ്യുന്നത്. വളരെ ഗൗരവമായി ഗവൺമെന്റ് അക്കാര്യം ശ്രദ്ധിക്കുന്നതായിരിക്കുമെന്ന് അറിയിക്കുകയാണ്. ശമ്പളം അഞ്ചുവർഷം കൂടുമ്പോൾ പരിഷ്ക്കരിക്കാൻ ഒരു കമ്മിറ്റിയെ വയ്ക്കുകയും കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് ശമ്പളം കൊടുക്കുകയും ചെയ്യുമ്പോഴാണ് ഞാൻ ആദ്യം പറഞ്ഞതുപോലെയുള്ള ബുദ്ധിമുട്ട് വരുന്നത്. ഞാൻ പറഞ്ഞുവന്നത്, വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ച് രണ്ട് അഭിപ്രായം വന്നു. 97-ാം ഭരണഘടനാ ഭേദഗതി, ഈ സഭയിൽ വള്ളിപുള്ളി വിടാതെ ചർച്ച ചെയ്തു തീരുമാനമെടുത്തു. അതിനിടയ്ക്കാണ് ബാങ്കിംഗ് റെഗുലേഷൻ ആക്ട് വന്നത്. അത്

കേരളത്തിൽ ഇംപ്ലിമെന്റ് ചെയ്തിട്ടില്ല. അതിനെ സംബന്ധിച്ച് കേരളത്തിൽ സഹകരണ മേഖലയ്ക്കുള്ള ബുദ്ധിമുട്ട് എല്ലാ തലത്തിലും അറിയിക്കേണ്ട വരെയെല്ലാം നേരിട്ടും അല്ലാതെയും അറിയിച്ചിട്ടുണ്ട്. ബക്ഷി കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ചുള്ള അഭിപ്രായവും അറിയിച്ചിട്ടുണ്ട്. ബക്ഷി കമ്മിറ്റി റിപ്പോർട്ട് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് പോലെയല്ല, എല്ലാവരും ഒറ്റ ക്കെട്ടായി അതിനെ എതിർക്കുകയാണ്. തീർച്ചയായും സഹകരണ മേഖലയ്ക്ക് ദോഷം വരുന്ന....... ഇവിടെ സംസാരിച്ചല്ലോ... മന്ത്രിയുടെ അഭിപ്രായം ഇവിടെ പറഞ്ഞു. മന്ത്രിയുടെ അഭിപ്രായമല്ല ഇത്, ഗവൺമെന്റിന്റെ അഭിപ്രായമാണ്. ഗവൺമെന്റിന്റെ മൊത്തത്തിലുള്ള അഭിപ്രായം നമ്മുടെ എല്ലാവരുടേയും അഭിപ്രായമാണ്. ആ കാര്യത്തിൽ നമുക്ക് കൂട്ടായി എന്തുവേണമെന്നതിനെ സംബന്ധിച്ച് ആലോചിക്കണം. സംസ്ഥാനത്തെ സഹകരണ മേഖലയിൽ അല്ലറ ചില്ലറ പ്രശ്നങ്ങളൊ ക്കെയുണ്ട്. നിങ്ങൾക്കതറിയാം. നമ്മളെല്ലാവരും രാഷ്ട്രീയത്തിലുള്ള ആൾക്കാരാണ്. ഇവിടെയുള്ളതുപോലെ സഹിഷ്ണുത എല്ലാവരും കാണിച്ചു എന്ന് വരില്ല. ചില പ്രശ്നങ്ങളൊക്കെയുണ്ടാകും. നമുക്കതൊക്കെ ഇല്ലാതാക്ക ണമെങ്കിൽ ഊതി വീർപ്പിക്കാതെ പ്രശ്നങ്ങൾ നല്ല രീതിയിൽ പരിഹരിക്കാൻ വേണ്ടുന്ന പ്രവർത്തനം വേണം. പ്രത്യേക സാമ്പത്തിക മേഖലയായതു കൊണ്ട്,..... ഇവിടെ സംസാരിച്ച എല്ലാവരും ആ രീതിയിലാണ് സംസാരിച്ചത്. ഇത് നിലനിൽക്കണമെന്ന രീതിയിലാണ് സംസാരിച്ചത്. ആ രീതിയിൽ മുന്നോട്ടുപോകണമെന്ന് മാത്രം പറഞ്ഞ് മറ്റുള്ള കാര്യങ്ങളെല്ലാം ചർച്ച യിലൂടെ പരിഹരിക്കാമെന്നുള്ളതുകൊണ്ട്, ഇത് അദ്ദേഹം (ശ്രീ. ജി. സുധാകരൻ) കൊണ്ടുവന്ന ബില്ലാണ്. ചെറിയ ഭേദഗതി മാത്രമേ വരുത്തിയിട്ടുള്ളൂ, പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ........

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri P. Ubaidulla: Sir, I move the following amendment.

114. In section 33 (1) (b) of the principal Act proposed to be amended by clause 2(i) the words "who need not be members of the society" shall be deleted.

സഹകരണസ്ഥാപനങ്ങളുടെ ഭരണസമിതി ചില അനിവാര്യഘട്ടത്തിൽ ഇല്ലാതെയാകുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഏൽപ്പിക്കുന്ന കാര്യം പറയുന്നുണ്ട്. അതിൽ ഒരാളും സംഘത്തിൽ അംഗമായിരിക്കണമെന്നില്ല എന്നതിൽ ഭേദഗതി ആവശ്യമുണ്ട് എന്നതാണ് എന്റെ അഭിപ്രായം. ഉദ്യോഗസ്ഥനാണെങ്കിൽ മെമ്പറായിരിക്കണമെന്നില്ല എന്നാക്കണമെന്നതാണ് എന്റെ അഭിപ്രായം.

Shri K. Radhakrishnan: Sir, I move the following amendment.

115. In section 33 (1) (b) of the principal Act proposed to be amended by clause 2 (i), for the words "who need not be members of the society, one among them as convener", the words "who must be members of the society one among them as convener" shall be substituted.

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ സൊസൈറ്റിയിലെ അംഗങ്ങൾ തന്നെ മെമ്പേഴ്സായിരിക്കണമെന്നാണ് എന്റെ ഭേദഗതി. ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

Shri K. Sivadasan Nair: Sir, I move the following amendment.

116. In section 33 (1) (b) of the principal Act proposed to be amended by clause 2 (i), for the words "who need not be members of the

society, one among them as convener", the words "who are qualified to be elected to the board of directors of a society, one among them as convener" shall be substituted.

Smt. K.S Saleekha: Sir, I move the following amendments.

117. In section 33 (1) (b) of the principal Act proposed to be amended by clause 2 (i), the word "not" in between the words "need" and "be members" shall be deleted.

119. In section 33(1A) of the principal Act proposed to be amended by clause 2(ii), for the words "administrator or administrative Committee" substitute the words "administrative committee".

120. In section 33(2) of the principal Act proposed to be amended by clause 2(iii), for the words "administrator or administrative committee" substitute the words "administrative committee".

121. In section 33(3) of the principal Act proposed to be amended by clause 2(iv), for the words "administrator or administrative committee" substitute the words "administrative committee".

33(3)(1)-ൽ സംഘത്തിലെ അംഗങ്ങളായിരിക്കണമെന്നതും അതിൽ നിന്നു തന്നെ കൺവീനറെ തെരഞ്ഞെടുക്കണമെന്നുമുള്ളതാണ് എന്റെ ഭേദഗതി. ആയിരിക്കണമെന്നില്ല എന്നുപറയുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. 119-ൽ സെക്ഷൻ 33 (1) (എ)-യിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ അഡ്മിനിസ്ട്രേ

റ്ററോ എന്നുള്ളതുണ്ട്. അതിൽ അഡ്മിനിസ്ട്രേറ്റർ എന്നതു മാറ്റി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എന്നാക്കുന്നതായിരിക്കും അഭികാമ്യം. 119, 120, 121 മൂന്നും ഒരേ ഹെഡ്ഡാണ്. അത് അഡ്മിനിസ്ട്രേറ്റർ എന്നതുമാറ്റി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എന്നാക്കണമെന്ന നിർദ്ദേശമാണുള്ളത്.

Shri K. Suresh Kurup: Sir, I move the following amendment.

118. Clause 2(i) shall be recast as follows:

"(i) In clause (b) of sub-section (1), for the words "individuals, one among them as convenor who need not be member of the society", substitute the words "members of the society, one among them as convenor".

കൺവീനർ സൊസൈറ്റിയുടെ മെമ്പറാകണ്ട എന്ന ഭേദഗതിക്കുപകരം അവരെല്ലാം മെമ്പേഴ്സാകണം അതിലൊരാൾ കൺവീനറാകണം എന്നതാണ് എന്റെ ഭേദഗതി. കാരണം അത് ബാങ്കിന്റെ നടത്തിപ്പിനെ സംബന്ധിച്ച് സുപ്രധാനമായ ഒരു കാര്യമാണ്.

മി. സ്പീക്കർ: ശ്രീ. ഇ.പി. ജയരാജന്റെ 111, ശ്രീ. എ.എം. ആരിഫിന്റെ 112 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. സംസാരിക്കാവുന്നതാണ്.

ശ്രീ. ഇ.പി. ജയരാജൻ: സർ, സഹകരണ നിയമത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ എത്രമാത്രം വിശദീകരിച്ചാലും ഒരു ആത്മാർത്ഥതയോടുകൂടിയോ സഹകരണപ്രസ്ഥാനത്തെ സംരക്ഷിക്കണമെന്ന ലക്ഷ്യത്തോടുകൂടിയോയുള്ള സമീപനം യു.ഡി.എഫിന്റെ ഭാഗത്തുനിന്നില്ല.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 13 ജില്ലാ ബാങ്കുകൾ പിടിച്ചടക്കി.

മി. സ്പീക്കർ: ശ്രീ. ഇ.പി. ജയരാജൻ, അതിലേക്കൊന്നും കടക്കണ്ട. താങ്കളുടെ ഭേദഗതി നിയമാനുസൃതമല്ലാത്തതിനാൽ ഒരു വാക്ക് സംസാരിക്കാനാണ് വിളിച്ചത്.

ശ്രീ. ഇ.പി. ജയരാജൻ: അതുകൊണ്ട് ഈ ഗവൺമെന്റിന്റെ നിലപാടുമായി സഹകരിച്ചുപോകാൻ നിർവ്വാഹമില്ല. എന്റെ ഭേദഗതിയിൽ ഞാൻ ഉറച്ചുനിൽക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ 115-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. എം. എ. ബേബി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. വി. ചെന്താമരാക്ഷൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. പി. കെ. ഗുരുദാസൻ
15. ശ്രീ. എം. ഹംസ

16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. കെ. കെ. ജയചന്ദ്രൻ
18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. ജോസ് തെറ്റയിൽ
21. ശ്രീ. സി. കൃഷ്ണൻ
22. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
23. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
24. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
25. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീമതി കെ. കെ. ലതിക
28. ശ്രീ. മാത്യു റ്റി. തോമസ്
29. ശ്രീ. കെ. കെ. നാരായണൻ
30. ശ്രീ. എ. പ്രദീപ് കുമാർ
31. ശ്രീ. പുരുഷൻ കടലുണ്ടി
32. ശ്രീ. കെ. രാധാകൃഷ്ണൻ
33. ശ്രീ. പി. റ്റി. എ. റഹീം
34. ശ്രീ. എസ്. രാജേന്ദ്രൻ
35. ശ്രീ. ആർ. രാജേഷ്
36. ശ്രീ. കെ. രാജു
37. ശ്രീ. രാജു എബ്രഹാം
38. ശ്രീ. മുല്ലക്കര രത്നാകരൻ
39. പ്രൊഫ. സി. രവീന്ദ്രനാഥ്
40. ശ്രീ. സാജു പോൾ
41. ശ്രീമതി കെ. എസ്. സലീഖ
42. ശ്രീ. വി. ശശി
43. ശ്രീ. ബി. സത്യൻ
44. ശ്രീ. വി. ശിവൻകുട്ടി
45. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
46. ശ്രീ. ജി. സുധാകരൻ
47. ശ്രീ. വി. എസ്. സുനിൽ കുമാർ
48. ശ്രീ. കെ. സുരേഷ് കുറുപ്പ്
49. ശ്രീ. പി. തിലോത്തമൻ
50. ഡോ. ടി. എം. തോമസ് ഐസക്
51. ശ്രീ. ഇ. കെ. വിജയൻ
52. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

4. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. പി. സി. ജോർജ്
19. ശ്രീ. ഹൈബി ഈഡൻ
20. കുമാരി പി. കെ. ജയലക്ഷ്മി
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. സി. ജോസഫ്
23. ശ്രീ. ജോസഫ് വാഴക്കൻ
24. ശ്രീ. വർക്കല കഹാർ
25. ശ്രീ. കെ. എൻ. എ. ഖാദർ
26. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
27. ശ്രീ. റ്റി. യു. കുരുവിള
28. ശ്രീ. ലൂഡി ലൂയിസ്
29. ശ്രീ. പി. എ. മാധവൻ
30. ശ്രീ. സി. മമ്മൂട്ടി
31. ശ്രീ. കെ. പി. മോഹനൻ
32. ശ്രീ. ആര്യാടൻ മുഹമ്മദ്
33. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
34. ശ്രീ. കെ. മുരളീധരൻ
35. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
36. ശ്രീ. ഉമ്മൻ ചാണ്ടി
37. ശ്രീ. അടൂർ പ്രകാശ്
38. ശ്രീ. റ്റി. എൻ. പ്രതാപൻ
39. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
40. ശ്രീ. പാലോട് രവി
41. ശ്രീ. റോഷി അഗസ്റ്റിൻ
42. ശ്രീ. എൻ. ശക്തൻ
43. ശ്രീ. വി. ഡി സതീശൻ
44. ശ്രീ. ഷാഫി പറമ്പിൽ
45. ശ്രീ. കെ. എം. ഷാജി

46. ശ്രീ. എൻ. ഷംസുദ്ദീൻ
47. ശ്രീ. ആർ. സെൽവരാജ്
48. ശ്രീ. ഷിബു ബേബി ജോൺ
49. ശ്രീ. കെ. ശിവദാസൻ നായർ
50. ശ്രീ. സണ്ണി ജോസഫ്
51. ശ്രീ. സി. എഫ്. തോമസ്
52. ശ്രീ. തോമസ് ഉണ്ണിയാടൻ
53. ശ്രീ. പി. ഉബൈദുള്ള
54. ശ്രീ. എം. ഉമ്മർ
55. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
56. ശ്രീ. എം. എ. വാഹീദ്
57. ശ്രീ. എം. പി. വിൻസെന്റ്
58. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ–52

പ്രതികൂലിക്കുന്നവർ–58

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 115–ാം നമ്പർ ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 114–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 116–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 117, 119, 120, 121 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 118–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വകുപ്പ്</u>

<u>Shri E.P. Jayarajan</u>: Sir, I move the following amendment.

122. In section 56A proposed to be inserted in the principal Act by clause 3, for the words "The immovable property" substitute the words "Movable and immovable property".

<u>Shri T.A. Ahammed Kabeer</u>: Sir, I move the following amendment.

123. In section 56A proposed to be inserted in the Principal Act by clause 3,

(1) after the words "loan amount" insert the words "and if it is not claimed by the defaulter of loan after clearing all dues".

(2) for the word "seven" substitute the word "three"

<u>Shri V. D. Satheesan</u>: Sir, I move the following amendment.

129. In section 56A proposed to be inserted in the principal Act by clause 3, for the word "seven" substitute the word "four".

<u>Shri A. M. Ariff</u> : Sir, I move the following amendment.

133. In section 56A proposed to be inserted in the principal Act by clause 3, for the words "from the acquisition thereof" substitute the words "from the date of acquisition."

Smt. K. S. Saleekha: Sir, I move the following amendment.

134. In section 56A proposed to be inserted in the principal Act by clause 3, for the words "with prior sanction of the General body and the Registrar" substitute the words "with prior sanction of the Director Board, the General body, the Joint Registrar (General) and the Registrar."

7 വർഷത്തിനകം അത് കൈയൊഴിയുന്നതിന് നടപടി രജിസ്ട്രാർ എടുക്കണമെന്നാണ് പ്രിൻസിപ്പൽ ആക്ടിൽ പറയുന്നത്. അത് ജനറൽ ബോഡി യോഗം വിളിച്ചുചേർത്തുകൊണ്ട് തീരുമാനിക്കണമെന്നതിനാണ് ഗവൺമെന്റ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. എന്റെ ഭേദഗതി, ഡയറക്ടർ ബോർഡ് ചേർന്നുകൊണ്ടുള്ള തീരുമാനവും അതിനുശേഷം ജനറൽ ബോഡി യോഗവും വിളിച്ചുച്ചേർത്ത്, ജോയിന്റ് രജിസ്ട്രാർ ജനറലിന്റെ സാങ്ഷനോടുകൂടി നടപ്പിലാക്കാൻ രജിസ്ട്രാർക്ക് അനുമതി കൊടുക്കണമെന്നുള്ള നിർദ്ദേശമാണ് എനിക്ക് വയ്ക്കാനുള്ളത്.

Shri. K. Sivadasan Nair: Sir, I move the following amendment.

135. In section 56A proposed to be inserted in the principal Act by clause 3, after the words "prior sanction of the General body and the Registrar" the words "otherwise, special sanction of the

Registrar and the General body should be availed for the holding of the said immovable property " shall be added.

നേരത്തെ വിശദീകരിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇതിനകത്തെ ചെറിയ പ്രശ്നം പറഞ്ഞു. ജപ്തി ചെയ്ത് വായ്പാകണക്ക് അവസാനിപ്പിക്കുന്നതിനുവേണ്ടി സൊസൈറ്റിയുടെ കൈവശത്തിലേക്കുവന്ന വസ്തുക്കളിൽ; സൊസൈറ്റിക്ക് ചിലപ്പോൾ പ്രാധാന്യമുള്ള ഒരു വസ്തുവാണത്, അത് വിൽക്കേണ്ട ആവശ്യമില്ല എന്ന് സൊസൈറ്റിക്ക് തോന്നുകയാണെങ്കിൽ സൊസൈറ്റിക്ക് അത് കൈവശം വയ്ക്കേണ്ടേ? ഇതിപ്പോൾ 7 വർഷത്തിനുള്ളിൽ രജിസ്ട്രാറുടെ അംഗീകാരത്തോടുകൂടി ജനറൽ ബോഡി തീരുമാനിച്ച് അത് ഡിസ്പോസ് ചെയ്യണം എന്നൊരു വകുപ്പ് വന്നുകഴിഞ്ഞാൽ അത് കൈവശം വയ്ക്കണമെന്നുണ്ടെങ്കിൽ; പ്രത്യേക അനുവാദത്തോടുകൂടി അത് കൈവശം വയ്ക്കാമെന്നൊരു പ്രൊവിഷൻ കൂടി അതിനകത്ത് വേണ്ടേ? ആ ഭേദഗതിയാണ് otherwise, special sanction of the Registrar and the General body should be availed for the holding of the said immovable property എന്നു പറഞ്ഞത്. ഇത്തരം ഒരു ഭേദഗതിയാണ് ഞാൻ കൊണ്ടുവന്നത്.

മി. സ്പീക്കർ: 126, 127, 128 എന്നീ ഭേദഗതികൾ 123(2)-ൽ അടങ്ങുന്നതാണ്. 131-ാം ഭേദഗതി 130-ന് തുല്യം. എങ്കിലും ശ്രീ. കെ. സുരേഷ് കുറുപ്പ്, ശ്രീ. പി. ഉബൈദുള്ള, ശ്രീ. ജോസഫ് വാഴക്കൻ, ശ്രീ. എം. ഹംസ എന്നിവർക്ക് വേണമെങ്കിൽ സംസാരിക്കാവുന്നതാണ്.

ശ്രീ. എം. ഹംസ: സർ, ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ബി.ആർ. ആക്ട് ബാധകമായിട്ടുള്ള അർബൻ ബാങ്കുകൾക്കും ഇത് ബാധകമാകും. അർബൻ ബാങ്കുകൾക്ക് ഒരു കാരണവശാലും നോൺ-

ബാങ്കിംഗ് അസറ്റ് പാടില്ല. അപ്പോൾ നോൺ ബാങ്കിംഗ് അസറ്റ് ഒരു ഭരണസമിതിയുടെ കാലാവധിയിൽതന്നെ പൂർത്തിയാക്കേണ്ടതുണ്ട്. അപ്പോൾ അഞ്ചുകൊല്ലം എന്നതാണ് എന്റെ ഭേദഗതി. സർവ്വീസ് ബാങ്കുകൾക്ക് പ്രശ്നമില്ല. പക്ഷേ അർബൻ ബാങ്കുകൾക്ക് നോൺ ബാങ്കിംഗ് അസറ്റ് പാടില്ല. അതുകൊണ്ട് അഞ്ചുകൊല്ലത്തിനുള്ളിൽ വേണമെങ്കിൽ കൈയൊഴി യാവുന്ന രൂപത്തിലുള്ള ഒരു ഭേദഗതി വേണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്ര ണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഏഴുകൊല്ലം മാക്സിമമാണ് പറഞ്ഞത്. ഏഴുകൊല്ലത്തിനുള്ളിൽ വയ്ക്കാൻ ബുദ്ധിമുട്ടൊന്നുമില്ലല്ലോ. ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, മാൻഡേറ്ററിയാണ്, വിറ്റുകൊള്ളണം, രജിസ്ട്രാറുടെ സാങ്ഷനോടുകൂടി വേണമെങ്കിൽ അത് വേവ് ചെയ്യാമെന്ന് മന്ത്രിയും പറഞ്ഞു, ശ്രീ. കെ. ശിവദാസൻ നായരുടെ ഭേദഗതിയും അതാണ്. അത് ഒന്ന് അംഗീകരിച്ചുകൂടേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അതിന് മറുപടി പറഞ്ഞു. ശ്രീ. ഇ. പി. ജയരാജൻ അങ്ങ് പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇല്ല. ഒരു പ്രധാനപ്പെട്ട ഭേദഗതിയാണ് ഞാൻ ഇവിടെ നിർദ്ദേശിച്ചിട്ടുള്ളത്. 56(എ) യിൽ for the words “The immovable property” substitute the words “Movable and immovable property” എന്നു കൂടി ചേർക്കണം. എങ്കിൽ മാത്രമേ മൊത്തം ആ സ്ഥാപനത്തിന്റെ ആസ്തിയെ അത് ബാധിക്കുകയുള്ളൂ. അതുകൊണ്ട് ഒരു നിയമം നിർമ്മിക്കു

മ്പോൾ നിങ്ങളുടെ രാഷ്ട്രീയ താല്പര്യം മാത്രം നോക്കിയാൽ പോരാ, ഇതിന്റെ പൊതുവായ താല്പര്യങ്ങൾ കൂടി കണക്കിലെടുത്ത് സഹകരണ സ്ഥാപനത്തിന്റെ താല്പര്യം നോക്കണം. യു.ഡി.എഫ്. താല്പര്യം മാത്രം നോക്കിയാൽ പോരാ. അതുകൊണ്ട് ഞാൻ ഇക്കാര്യങ്ങൾ നിർദ്ദേശിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 133–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 122–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എ. അഹ്മദ് കബീർ അവതരിപ്പിച്ച 123–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 129–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 134–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 135–ാം നമ്പർ ഭേദഗതി സഭ യുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ശ്രീ. കെ. ശിവദാസൻ നായരുടെ ഭേദഗതി പിൻവലിക്കാൻ പാടില്ല.

മി. സ്പീക്കർ: അദ്ദേഹം അത് പിൻവലിക്കുന്നു. അദ്ദേഹം അത് പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഭേദഗതി പിൻവലിക്കണ മെങ്കിൽ അതിന് സഭയുടെ സെൻസ് വേണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ശ്രീ. കെ. ശിവദാസൻ നായരുടെ 135-ാം നമ്പർ ഭേദഗതി പിൻവലിക്കുന്നതിന് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. ജോസഫ് വാഴക്കൻ
26. ശ്രീ. വർക്കല കഹാർ
27. ശ്രീ. കെ. എൻ. എ. ഖാദർ
28. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

29. ശ്രീ. റ്റി. യു. കുരുവിള
30. ശ്രീ. ലൂഡി ലൂയിസ്
31. ശ്രീ. പി. എ. മാധവൻ
32. ശ്രീ. സി. മമ്മൂട്ടി
33. ശ്രീ. കെ. പി. മോഹനൻ
34. ശ്രീ. മോൻസ് ജോസഫ്
35. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
36. ഡോ. എം. കെ. മുനീർ
37. ശ്രീ. കെ. മുരളീധരൻ
38. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
39. ശ്രീ. ഉമ്മൻ ചാണ്ടി
40. ശ്രീ. അടൂർ പ്രകാശ്
41. ശ്രീ. റ്റി. എൻ. പ്രതാപൻ
42. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
43. ശ്രീ. പാലോട് രവി
44. ശ്രീ. റോഷി അഗസ്റ്റിൻ
45. ശ്രീ. എൻ. ശക്തൻ
46. ശ്രീ. വി. ഡി സതീശൻ
47. ശ്രീ. ഷാഫി പറമ്പിൽ
48. ശ്രീ. കെ. എം. ഷാജി
49. ശ്രീ. എൻ. ഷംസുദ്ദീൻ
50. ശ്രീ. ആർ. സെൽവരാജ്
51. ശ്രീ. ഷിബു ബേബി ജോൺ
52. ശ്രീ. കെ. ശിവദാസൻ നായർ
53. ശ്രീ. സണ്ണി ജോസഫ്
54. ശ്രീ. സി. എഫ്. തോമസ്
55. ശ്രീ. തോമസ് ഉണ്ണിയാടൻ
56. ശ്രീ. പി. ഉബൈദുള്ള
57. ശ്രീ. എം. ഉമ്മർ
58. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
59. ശ്രീ. എം. എ. വാഹിദ്
60. ശ്രീ. എം. പി. വിൻസെന്റ്
61. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. എം. എ. ബേബി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ

9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. വി. ചെന്താമരാക്ഷൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. ചിറ്റയം ഗോപകുമാർ
14. ശ്രീ. പി. കെ. ഗുരുദാസൻ
15. ശ്രീ. എം. ഹംസ
16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. കെ. കെ. ജയചന്ദ്രൻ
18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. ജോസ് തെറ്റയിൽ
21. ശ്രീ. സി. കൃഷ്ണൻ
22. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
23. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
24. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
25. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീമതി കെ. കെ. ലതിക
28. ശ്രീ. മാത്യു റ്റി. തോമസ്
29. ശ്രീ. കെ. കെ. നാരായണൻ
30. ശ്രീ. എ. പ്രദീപ് കുമാർ
31. ശ്രീ. പുരുഷൻ കടലുണ്ടി
32. ശ്രീ. കെ. രാധാകൃഷ്ണൻ
33. ശ്രീ. പി. റ്റി. എ. റഹീം
34. ശ്രീ. എസ്. രാജേന്ദ്രൻ
35. ശ്രീ. ആർ. രാജേഷ്
36. ശ്രീ. കെ. രാജു
37. ശ്രീ. രാജു എബ്രഹാം
38. ശ്രീ. മുല്ലക്കര രത്നാകരൻ
39. പ്രൊഫ. സി. രവീന്ദ്രനാഥ്
40. ശ്രീ. സാജു പോൾ
41. ശ്രീമതി കെ. എസ്. സലീഖ
42. ശ്രീ. വി. ശശി
43. ശ്രീ. ബി. സത്യൻ
44. ശ്രീ. വി. ശിവൻകുട്ടി
45. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
46. ശ്രീ. ജി. സുധാകരൻ
47. ശ്രീ. വി. എസ്. സുനിൽ കുമാർ
48. ശ്രീ. കെ. സുരേഷ് കുറുപ്പ്
49. ശ്രീ. പി. തിലോത്തമൻ
50. ഡോ. ടി. എം. തോമസ് ഐസക്
51. ശ്രീ. ഇ. കെ. വിജയൻ
52. ശ്രീ. കെ. വി. വിജയദാസ്

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ –61

പ്രതികൂലിക്കുന്നവർ –52

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 135–ാം നമ്പർ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Shri K. Suresh Kurup: Sir, I move the following amendments.

137. Delete clause 4(i).

145. In section 63(13) proposed to be inserted in the principal Act by clause 4(ii) Delete the words "either prospectively or retrospectively".

സർ, ഡയറക്ടർ ഓഫ് കോ–ഓപ്പറേറ്റീവ് ഓഡിറ്റിന് അദ്ദേഹത്തിന്റെ ജോലി, അദ്ദേഹത്തിന്റെ സബോർഡിനേറ്റ് ഓഫീസേഴ്സിന് ഡെലിഗേറ്റ് ചെയ്യാമെന്ന് പറയുന്നതാണ് സെക്ഷൻ 63. അത് അമെന്റ് ചെയ്ത് അതിന്റെ

കൂട്ടത്തിൽ "or to the subordinate officers of the Registrar" എന്നാക്കുകയാണ്. Co-operative audit എക്സ്പെർട്ടൈസ് ആവശ്യമുള്ള കാര്യമാണ്. അതിന് ഓഡിറ്ററും അതിന് കീഴിലുള്ള ഓഫീസേഴ്സുമുണ്ട്. അവർ ഓഡിറ്റ് ചെയ്തുകൊണ്ടിരിക്കുന്ന കാര്യം യാതൊരു പരിചയവുമില്ലാത്ത ഇതര ഉദ്യോഗസ്ഥർ, രജിസ്ട്രാറുടെ കീഴിലുള്ള ആളുകൾ ഓഡിറ്റ് ചെയ്യുകായെന്നു പറഞ്ഞാൽ സഹകരണമേഖലയിൽ മോശം പ്രവണതയാണെന്നാണ് എനിക്ക് തോന്നുന്നത്. ഓഡിറ്റിലെ പ്രൊഫഷണലിസത്തിൽ വെള്ളം ചേർക്കുന്ന കാര്യമാണ്. എന്തിനുവേണ്ടിയാണ് ഇത്തരമൊരു അമെന്റ്മെന്റിന്റെ കാര്യം; ആവശ്യത്തിന് ഓഡിറ്റേഴ്സ് ഇല്ലാത്തതുകൊണ്ടാണോ; രജിസ്ട്രാറുടെ കീഴിലുള്ള ഉദ്യോഗസ്ഥർ simultaneous ആയിട്ട് ഓഡിറ്ററായി വരേണ്ട കാര്യമെന്താണ്. അത് ഡിലീറ്റ് ചെയ്യണമെന്നാണ് എന്റെ ഭേദഗതി.

Shri M. Ummer: Sir, I move the following amendment.

138. After section 63(1) add the following sub-section, namely;

"(1)(a) Government shall appoint as much subordinate officers to the Director of Co-operative Audit to discharge his functions."

Shri M. Hamsa: Sir, I move the following amendment.

139. In section 63(3) proposed to be inserted in the principal Act by clause 4(i), for the words "or to the subordinate officers of the Registrar", substitute the words "not below the rank of Assistant Registrar".

നേരത്തേ ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുപോലെ ഇതിനൊരു അതോറിറ്റി വേണം. ഓഡിറ്റുമായി ബന്ധപ്പെട്ട അതോറിറ്റി അസിസ്റ്റന്റ്

രജിസ്ട്രാറെങ്കിലും ആയിരിക്കണം. അസിസ്റ്റന്റ് രജിസ്ട്രാറിന് താഴെ ഒരു ക്ലർക്കോ അവസാനം ഒരു പ്യൂണിനെ കൊണ്ടും ഓഡിറ്റ് ചെയ്യിക്കാമെന്ന രൂപത്തിലാണ് ഇതുവരുന്നത്. ഓഡിറ്റ് നടത്തുന്നത് അസിസ്റ്റന്റ് രജിസ്ട്രാറെങ്കിലും ആയിരിക്കണം. അതിനൊരു accountability വേണമെന്നാണ് എന്റെ അമെന്റ്മെന്റ്.

Shri Abdurahiman Randathani: Sir, I move the following amendment.

140. In section 63 (3) proposed to be inserted in the principal Act by clause 4 (i) after the word "Registrar" insert the words "on his request thereof "

Shri K. M. Shaji: Sir, I move the following amendment.

142. In section 63 (12) after the words "Committee shall" insert the word "forthwith "

Shri C. Mammutty: Sir, I move the following amendment.

143. In section 63 (12) for the words "who need not be members of the society " substitute the words " of the three one shall be a member of the society and "

Shri. V.M. Ummer Master: Sir, I move the following amendment.

144. In section 63(13) proposed to be inserted in the principal Act by clause 4(ii) following shall be inserted at the beginning

'On a request from the Registrar, if required".

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അങ്ങയുടെ 136–ാം നമ്പർ ഭേദഗതി ക്രമാനുസൃതമല്ല. അങ്ങേയ്ക്ക് വേണമെങ്കിൽ സംസാരിക്കാം.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ സംസാരിക്കുന്നില്ല.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 137, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 138–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 139–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 140–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 142–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 143–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 144–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

മി. സ്പീക്കർ: ഭേദഗതിയില്ല.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

Shri. P.A. Madhavan: Sir, I move the following amendment.

147. In section 69A of the principal Act proposed to be Amended by clause 6 for the words "of sixty five years" the words "of sixty years" shall be substituted.

Shri. M.A. Vaheed: Sir, I move the following amendment.

148. കി ലെരശേീ 69അ ീള വേല ൂ്യശിരശുമഹ അരേ ൂ്യീുീലെറ േീ യല അാലിറലറ യ്യ രഹമൗലെ 6 ളീ്യ വേല ംീൃറ െ'ീള ശെഃ്യേ ളശ്ല ്യലമൃ' െൌയശെേശൌലേ വേല ംീൃറ െ'ീള ശെഃ്യേ ീില ്യലമൃ'.

<u>Shri. K. Muraleedharan</u>: Sir, I move the following amendment.

150. In section 69A of the principal Act proposed to be Amended by clause 6 for the words of sixty five years" substitute the words "of sixty three years".

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (<u>ശ്രീ. സി.എൻ. ബാലകൃഷ്ണൻ</u>): ഭേദഗതികളൊന്നും സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി.എ. മാധവൻ അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ......................

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

<u>Smt. P. Aisha Potty:</u> Sir, I move the following amendment.

153. In section 80C (2) proposed to be inserted in the principal Act by clause 7, for the words "body or authority as may be specified in the scheme", substitute the word "Board".

<u>Shri K. Radhakrishnan</u>: Sir, I move the following amendments.

154. In section 80C (3) proposed to be inserted in the principal Act by clause 7, the following item shall be inserted as item (ii) and the remaining item shall be re-numbered:

"(ii) to make schemes and implement welfare activities for the employees and their family members".

158. In section 80D(1) proposed to be inserted in the principal Act by clause 7, the words "and for their family members" shall be inserted between the words "on commission basis" and "in a co-operative society".

170. In section 80D(3) (iv) proposed to be inserted in the principal Act by clause 7, the words " interest free" shall be inserted between the words "for the grant of" and "advances to the employees"

176. Section 80D (3) (v) proposed to be inserted in the principal Act by clause 7, insert the words "and scholarships including professional education" between the words "cash prizes" and "to the children".

178. In section 80D (3) proposed to be inserted in the principal Act by clause 7, insert the following as item (vi) and renumber accordingly.

"(vi) for the grant of interest free advances for the marriage of daughters of the employees."

Shri K. V. Abdul Khader: Sir, I move the following amendments.

155. Delete section 80C (3) (ii) proposed to be inserted in the principal Act by clause 7 and renumber the remaining item accordingly

160. In section 80D(2) proposed to be inserted in the principal Act by clause 7, for the words "paid by the employees" substitute the words "paid by the person specified in sub-section (1) above".

Shri T. A. Ahammed Kabeer: Sir, I move the following amendment.

157. In section 80 D (1) proposed to be inserted in the principal Act by clause 7 after the word "Employee's Welfare" insert the word "Fund"

Shri B. Satyan: Sir, I move the following amendment.

161. In section 80D(3) proposed to be inserted in the principal Act by Clause 7 for the word "employees" substitute the words "members of the scheme and their dependents".

Smt. K.S. Saleekha: Sir, I move the following amendment.

163. In Section 80D(3)(i) proposed to be inserted in the principal Act by Clause 7 shall be recast as follows:

"(i) for the payment of financial assistance to the family and employment of the dependant deceased employees".

സർ, 80D എന്നുപറയുന്നത് സഹകരണജീവനക്കാരുടെ ക്ഷേമവുമായി ബന്ധപ്പെട്ടതാണ്. മരണപ്പെട്ട ജീവനക്കാരുടെ കുടുംബത്തിന് സാമ്പത്തിക സഹായം സർക്കാർ ഈ ഭേദഗതിയിലൂടെ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ 80D യിലെ ക്ലോസിൽ ഒന്നുംതന്നെ കുടുംബത്തിലെ ഒരംഗത്തിന് ജോലി നൽകുമെന്ന് പറയുന്നില്ല. മരണപ്പെടുന്ന ജീവനക്കാരുടെ കുടുംബത്തിലെ ഒരംഗത്തിന് ജോലി നൽകണമെന്നതാണ് എന്റെ ഭേദഗതി.

Shri Sunny Joseph: Sir, I move the following amendment.

165. In section 80 D 3 (ii) proposed to be inserted in the principal Act by clause 7, after the words "to the employees" the words "spouse and children" shall be inserted.

Shri K.Muhammedunni Haji: Sir, I move the following amendment.

166. In section 80 D (3) (ii) proposed to be inserted in the principal Act by clause 7, for the words " have undergone" substitute the words "are undergoing".

Shri P. B. Abdul Razak: Sir, I move the following amendment.

167. In section 80 D(3) (ii) proposed to be inserted in the principal Act by clause 7, after the word "diseases" the words "or ailments due to accident" shall be inserted.

Shri A.K. Balan: Sir, I move the following amendment.

168. Section 80D(3)(ii) proposed to be inserted in the principal Act by clause 7, shall be recast as follows :-

" (ii) for the payment of medical assistance to the beneficiaries of the scheme for the treatment of the beneficiaries and their dependants for diseases to be specified therein;"

മെഡിക്കൽ ആനുകൂല്യം നിലവിൽ ജീവനക്കാരനുമാത്രമേ ഈ ബില്ലിൽ വിഭാവനം ചെയ്യുന്നുള്ളൂ. മഹാഭൂരിപക്ഷം സഹകരണസംഘം ജീവനക്കാരും വലിയ ശമ്പളം പറ്റുന്നവരല്ല. ഇന്നത്തെക്കാലത്ത് കുടുംബങ്ങളിൽ ഉണ്ടാകുന്ന ചികിത്സാച്ചെലവ് വളരെ കൂടുതലാണ്. ഈ സാഹചര്യത്തിൽ ജീവനക്കാരനെ ആശ്രയിച്ച് കഴിയുന്നവർക്കുകൂടി മെഡിക്കൽ ആനുകൂല്യങ്ങൾ നൽകണം എന്നുള്ളതാണ് എന്റെ ഭേദഗതി. Section 80 D(3)(ii) for the payment of medical assistance to the beneficiaries of the scheme for the treatment of the beneficiaries and their dependants for diseases to be specified therein എന്ന രൂപത്തിൽ ഇത് recast ചെയ്യണം.

Shri Palode Ravi: Sir, I move the following amendment.

171. In section 80D(3)(iv) proposed to be inserted in the principal Act by clause 7, after the words “to the employees” the words “and their family members” shall be added.

Shri K. K. Narayanan: Sir, I move the following amendment.

172. In section 80D(3)(iv) proposed to be inserted in the principal Act by clause 7, for the word “employees” substitute the word “beneficiaries. ”

Shri S. Rajendran: Sir, I move the following amendment.

173. In section 80D(3)(iv) proposed to be inserted in the principal Act by clause 7, after the words “employees for meeting their medical expenses;” insert the words “beneficiaries for meeting the medical expenses of them or of their dependants;”

Shri M. Hamsa: Sir, I move the following amendment.

174. In section 80D (3) (iv) proposed to be inserted in the principal Act by clause 7, after the word “employees” the words “the dependant of the employees” shall be added.

ജീവനക്കാരുടെ കുടുംബാംഗങ്ങൾക്ക് എന്തെങ്കിലും പറ്റിയാൽ യാതൊരു ആനുകൂല്യവുമില്ല. കുടുംബാംഗങ്ങൾക്ക് ആനുകൂല്യം കൊടുക്കണമെന്ന ക്ലോസാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്ക് അംഗീകരിക്കാവുന്നതാണ്. അംഗീകരിക്കണമെന്നാണ് അഭ്യർത്ഥന.

Shri K. Sivadasan Nair: Sir, I move the following amendment.

175. In section 80D (3) (v) proposed to be inserted in the principal Act by clause 7, for the words “cash prizes to the children” the words “cash prizes and scholarships to the children” shall be substituted.

ക്യാഷ് പ്രൈസ് കൊടുക്കാമെന്നുപറയുന്ന കൂട്ടത്തിൽ സ്കോളർഷിപ്പ് കൂടി ചേർക്കണം. അങ്ങനെ കൊടുക്കാനുള്ള പ്രൊവിഷൻസ് കൂടി അതിന്റെ യകത്ത് ഉണ്ടാകുന്നത് നല്ലതായിരിക്കും എന്നുള്ളതാണ് എന്റെ ഭേദഗതി.

Shri Benny Behanan: Sir, I move the following amendment.

177. In section 80D (3) proposed to be inserted in the principal Act by clause 7, after item (v) the following item shall be inserted as item (vi) and renumber accordingly.

“(vi) for providing higher educational loan to the children of employees.”

Shri E.P. Jayarajan: Sir, I move the following amendment.

179. In section 80 D (3) proposed to be inserted in the principal Act by clause 7 after item (vi), add the following namely;

“(vii) for the payment of interest free educational loan to the children of employees, who have undergone professional studies”.

ഈ വകുപ്പിൽ ജീവനക്കാരുടെ പൊതുതാൽപ്പര്യങ്ങളെ സംബന്ധിച്ചാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഞാൻ ഇതിൽ നിർദ്ദേശിക്കുന്നത് 80D (3)-ൽ ആറ് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം

ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ചില ഭേദഗതികളുണ്ട്. അതെല്ലാം ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഉൾക്കൊള്ളിക്കുമെന്നാണ് ഞാൻ കണക്കാക്കുന്നത്. അക്കൂട്ടത്തിൽ സഹകരണ ജീവനക്കാരുടെ കുട്ടികൾ പ്രൊഫഷണൽ സ്റ്റഡീസിന് പോവുകയാണെങ്കിൽ ആ കുട്ടികൾക്ക് പലിശരഹിത വായ്പ കൊടുക്കാനുള്ള പദ്ധതി കൂടി ഉണ്ടായാൽ അത് നമ്മുടെ ബില്ലിന് തന്നെ തിളക്കമുണ്ടാകും. അതുകൊണ്ട് ജീവനക്കാരുടെ താൽപ്പര്യസംരക്ഷണത്തിന്റെ ഭാഗമായി ഇതുകൂടി add ചെയ്യണമെന്നുള്ളതാണ് എന്റെ വിനീതമായ അഭ്യർത്ഥന.

Shri K. Kunhiraman (Udma): Sir, I move the following amendment.

180. In section 80 D (4) proposed to be inserted in the principal Act by clause 7, for the words, “staff regulations and service conditions” substitute the words “terms and conditions of the services”.

Shri. P. K. Basheer: Sir, I move the following amendment.

182. In section 80 E (1) proposed to be inserted in the principal Act by clause 7, in line 6 and 9 after the word “Welfare” insert the word “Fund”.

Shri. K.N.A. Khader: Sir, I move the following amendment.

183. In section 80 E (2) proposed to be inserted in the principal Act by clause 7, in line 2 and 5 after the word “Welfare” insert the word “Fund”.

മി. സ്പീക്കർ: 152, 156 എന്നീ നമ്പർ ഭേദഗതികൾ മാർജിനൽ ശീർഷകത്തിലുള്ളതാണ്, അതുകൊണ്ട് ക്രമാനുസൃതമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. എം. ഉമ്മർക്കും സംസാരിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതിൽ സെക്ഷൻ 80 C–യിൽ കേരളാ എന്ന് മാത്രം പറയുന്നിടത്ത് in the marginal heading after the word ‘Kerala’, the word ‘State’ shall be inserted.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അങ്ങ് സംസാരിക്കുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സംസാരിക്കുന്നില്ല.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞ ആശയങ്ങൾ വളരെ നല്ലതാണ്. ഇത് ബോർഡിന്റെ കീഴിലുള്ള സാമ്പത്തികമായ കാര്യങ്ങളാണ്. സാമ്പത്തിക ആനുകൂല്യങ്ങൾ കൊടുക്കുന്നതുസംബന്ധിച്ച് ബോർഡുമായി ആലോചിക്കാവുന്നതാണ്. ഈ ബില്ലിൽ കൊണ്ടുവന്നില്ലെങ്കിലും പിന്നീട് ആക്ടായി കൊണ്ടുവരാൻ സാധിക്കും. ഇപ്പോൾ ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 153–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 154, 158, 170, 176, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 155, 160 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 157–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 161–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 163–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 165–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 166–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 167–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 168–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 171–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. നാരായണൻ അവതരിപ്പിച്ച 172–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച 173–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 174–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 175–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 177–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ.പി. ജയരാജൻ അവതരിപ്പിച്ച 179–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) അവതരിപ്പിച്ച 180–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി.കെ. ബഷീർ അവതരിപ്പിച്ച 182–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 183–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

(ഭേദഗതി ഇല്ല)

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. In clause 1 (2) for the words and figures "30th day of April, 2011," substitute the words and figures "1st day of April 2011".

108. In clause 1 (2) for the words and figures "28th day of April, 2010," substitute the words and figures "1st day of April 2011".

109. In clause 1 (2) for the words and figures "5th day of June, 2007," substitute the words and figures "1st day of April 2011".

110. In clause 1 (2) for the words and figures "13th day of August, 2012," substitute the words and figures "1st day of April 2011".

സർ, ഓർഡിനൻസിന്റെ കാലാവധി വച്ചാണ് ഇപ്പോൾ നിയമത്തിൽ ഇത്രാം തീയതി മുതൽ തുടങ്ങുന്നുവെന്ന് വയ്ക്കുന്നത്. ഈ ബിൽ വരുമ്പോൾ ആ ഓർഡിനൻസ് ഇല്ലാതാവുകയാണ്. 2011 ഏപ്രിൽ 1 മുതൽ

ഇത് പ്രാബല്യത്തിൽ വരാമെന്ന ഒരു ഭേദഗതി വന്നാൽ ഈ 4 ക്ലോസും ആവശ്യമില്ല. ഒറ്റ ഡേറ്റിന് തുടങ്ങാം. അപകടമില്ലാത്ത ഒന്നാണത്.

സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 107, 108, 109, 110 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

1ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

മി. സ്പീക്കർ: സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രിക്ക് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): 2013-ലെ കേരള

സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, എനിക്ക് ഒരു കാര്യം പറയാനുണ്ട്. I am raising a point of order.

മി. സ്പീക്കർ: അങ്ങ് കുറിപ്പ് എഴുതിത്തന്നല്ലോ. ഞാൻ അത് അന്വേഷിക്കാം.

ശ്രീ. രാജു എബ്രഹാം: സർ, ഒരു സെക്കന്റ് മതി. നമ്മുടെ നിയമസഭയ്ക്കുള്ളിൽ എം.എൽ.എ.മാർ, ഉദ്യോഗസ്ഥർ, പ്രസ്സുകാർ, സന്ദർശകർ എന്നിവർ എവിടെ ഇരിക്കണമെന്നുള്ളതിനെല്ലാം വളരെ വ്യക്തമായിട്ടുള്ള നിയമങ്ങൾ റൂൾസ് ഓഫ് പ്രൊസീജ്വറിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ സഭയുടെ ഔദ്യോഗിക ഗ്യാലറിയിൽ ഉദ്യോഗസ്ഥൻമാരോ അല്ലെങ്കിൽ ആ ഗ്യാലറിയിൽ കയറാനോ അർഹതയില്ലാത്ത രണ്ട് ആളുകൾ കയറിയെന്ന് പരാതി ഉയർന്നിരിക്കുകയാണ്. ആറന്മുള എയർപോർട്ടിന്റെ എം.ഡി. ശ്രീമതി ജിജിയും ആറന്മുള എയർപോർട്ടിന്റെ മാനേജരും റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥനുമായ ശ്രീ. നന്ദകുമാറും ഈ

ഗ്യാലറിയിൽ ഉണ്ടായിരുന്നുവെന്നാണ് ദൃ:സാക്ഷികൾ പറഞ്ഞത്. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ അങ്ങേയ്ക്ക് ഒരു പരാതി എഴുതിത്തന്നിട്ടുണ്ട്. ഇത് ശരിയാണെങ്കിൽ വളരെ അതീവ ഗുരുതരമായിട്ടുള്ളതും വളരെ സങ്കീർണ്ണവുമായ നിയമ പ്രശ്നങ്ങൾക്കുവരെ തുടക്കമിടുന്ന പ്രശ്നമാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് വളരെ ഗൗരവമായി അങ്ങ് റൂളിംഗ് നടത്തി നടപടി സ്വീകരിക്കണം. ശരിയാണെങ്കിൽ ഇരുവരെയും അറസ്റ്റ് ചെയ്യാൻ അങ്ങ് ഉടൻ നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: അങ്ങ് കുറിപ്പ് എഴുതിത്തന്നു. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷിക്കാനും പറഞ്ഞു. ഇപ്പോൾ റൂളിംഗിന്റെയൊന്നും പ്രശ്നം വന്നില്ല. ഞാൻ അന്വേഷിക്കാൻ അപ്പോൾ തന്നെ ഏർപ്പാട് ചെയ്തിട്ടുണ്ട്. അത് അന്വേഷിക്കാം. അന്വേഷിച്ചിട്ട് നിങ്ങളെ തീർച്ചയായും അറിയിക്കുന്നതാണ്. ശ്രീ. രാജു എബ്രഹാമിന്റെ കുറിപ്പ് കിട്ടിയ ഉടനെ അന്വേഷിക്കാനുള്ള ഏർപ്പാട് ചെയ്തു.

## 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

മി. സ്പീക്കർ: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013- ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. ഇ. കെ. വിജയന് സംസാരിക്കാവുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ഈ സഭയുടെ വികാരം അംഗീകരിച്ചുകൊണ്ട് സംസാരിക്കാൻ ഞാൻ ശ്രമിക്കാം. കേരളത്തിലെ മുനിസിപ്പാലിറ്റികളെക്കുറിച്ച് ഒരു പൊതുധാരണ ഉണ്ടാകേണ്ടതുണ്ട്. ഇത്തരം ഭേദഗതികളൊക്കെ നടപ്പിലാക്കുമ്പോൾ മുനിസിപ്പാലിറ്റികൾ എന്നുപറഞ്ഞാൽ റോഡുകളും കെട്ടിടങ്ങളും ഫ്ളാറ്റുകളും ഉയർന്നുവരുന്നതാണ് നഗരസഭയുടെ വളർച്ച എന്ന ഒരു തോന്നലാണ് ഇപ്പോഴുളളത്. അതിന് ഒരു മാറ്റം വന്നില്ലെങ്കിൽ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത തരത്തിലേയ്ക്ക് നഗര ജീവിതം ദുസ്സഹമാകും. തിരുവനന്തപുരം നഗരം ഉൾപ്പെടെ പുതിയതായി വരുന്ന മുനിസിപ്പാലിറ്റികൾ വരെ ഗൗരവപൂർവ്വം ആലോചിക്കേണ്ടുന്ന ഒരു പ്രശ്നമാണിത്. നഗരത്തിലേയ്ക്ക് ജനങ്ങൾ പ്രവഹിക്കുമ്പോൾ അവരുടെ പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കുവാനുള്ള സൗകര്യം, വിശ്രമ കേന്ദ്രങ്ങൾ, ശ്മശാനങ്ങൾ, തുറസ്സായ സ്ഥലങ്ങൾ തുടങ്ങിയവ ഒരു നഗരസഭയ്ക്ക് അനിവാര്യമാണ്. അതിനെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കാനുള്ള ഒരു സംവിധാനം ഇത്തരം ബില്ലുകളുടെ ഭാഗമായി ഉയർന്നുവന്നില്ലെങ്കിൽ, ഈ ബില്ലിന്റെ ഭാഗമായിത്തന്നെ സൂചിപ്പിക്കുന്നതുപോലെ പുറമ്പോക്കുകൾ കയ്യേറിയാൽ അതിന് നിയമ സാധുത നൽകുന്ന സമീപനത്തിലേയ്ക്ക് കടന്നുവന്നാൽ മണലാരണ്യങ്ങളിൽ രമ്യഹർമ്യങ്ങൾ ഉയർന്നുവരുന്നതുപോലെയുള്ള ഒരു സ്ഥലമായി ഇതുമാറും. കെട്ടിടത്തിന്റെ നാലുഭാഗവും ഏറ്റവും ചുരുങ്ങിയത് ഫയർസർവ്വീസിനെങ്കിലും കടന്നുപോകാനുള്ള സ്ഥലംപോലും വേണ്ടായെന്ന്

നമ്മൾ തീരുമാനിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി അതുമാത്രം പോരായിരുന്നു. ഫ്ളാറ്റ് സമുച്ചയം ഉയർന്നുവരുന്ന സാഹചര്യത്തിൽ അത്യാവശ്യം വേണ്ട മരങ്ങൾ വച്ചുപിടിപ്പിച്ചുകൊണ്ടുള്ള ഒരു ഗ്രീൻ ബെൽറ്റ് ഉണ്ടാക്കണമെന്നും നമ്മൾ നിർദ്ദേശിക്കേണ്ടതാണ്. ഇപ്പോൾ 40 ഉം 50 ഉം 60 ഉം സെന്റിൽ അല്ലെങ്കിൽ 1 ഏക്കറിൽ ഒരു കെട്ടിടമുയർന്നാൽ അതിനുചുറ്റും യാത്രചെയ്യാൻപോലും കഴിയാത്ത തരത്തിലേയ്ക്കുള്ള സൗധങ്ങളാണ് ഉയർന്നുവരുന്നത്. അതിന്റെ ഭാഗമായി ഈ ഭേദഗതിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് അനധികൃത കെട്ടിടനിർമ്മാണം രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് ക്രമവത്ക്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നുണ്ട്. തീർച്ചയായും വീടുകളുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾക്ക് അത്തരം പരിഹാരം കണ്ടെത്താൻ കഴിയും. എന്നാൽ ഇതിന്റെ മറവിൽ വലിയ ഫ്ളാറ്റുകാരും കൈയേറ്റക്കാരും ഈ ഇളവ് ഉപയോഗപ്പെടുത്താനുള്ള സാധ്യതയുണ്ട്. അത് നിയമാനുസൃതം തടയുവാനുള്ള സംവിധാനം ഉയർന്നുവന്നില്ലെങ്കിൽ നഗരങ്ങളിൽ വലിയ തോതിലുള്ള പാരിസ്ഥിതിക പ്രശ്നമായി ഇത് മാറും. അതോടൊപ്പം പൊതു സ്ഥലങ്ങൾ, പാർക്കുകൾ ഒക്കെ പരിപാലിക്കുന്നതിന് വരുമാനത്തിന്റെ കുറവുകൊണ്ട് നഗരസഭകൾക്ക് സാധിക്കാതെ വരികയാണ്. അതിന് നിയമാനുസൃതം ഒരു സമീപനം സ്വീകരിച്ചുകൊണ്ട് പൊതുസ്ഥലങ്ങളും മൈതാനങ്ങളും നമ്മുടെ നഗരസഭകളിൽ ഉണ്ടാകണമെന്ന് നിഷ്കർഷിക്കണം. ഇപ്പോൾ കടുത്ത വേനലാണെങ്കിലും മഴക്കാലം വരുന്നതോടെ വലിയ തോതിലുള്ള പകർച്ചവ്യാധികൾ കടന്നുവരാനുള്ള സാധ്യതയുണ്ട്. റോഡുകൾ നിർമ്മിക്കുന്നതിനോടൊപ്പം ഓടകളും നിർമ്മിക്കണമെന്ന്

നിഷ്കർഷിച്ചുകൊണ്ട് മുന്നോട്ടുപോയില്ലെങ്കിൽ നമുക്ക് വലിയ ബുദ്ധിമുട്ട് വരാനിടയുണ്ട്. നമ്മുടെ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലുമൊക്കെ അവിടത്തെ ഭരണത്തെ സംബന്ധിച്ച് വാർത്തകൾ വന്നാൽ അതിനെതിരെ പരാതി കൊടുക്കുകയും ഭരണത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് പത്രപ്രവർത്തകരെ കേസുകളിൽപ്പെടുത്തുന്ന രീതിയും ഉയർന്നുവന്നിട്ടുണ്ട്. വളരെ ഗൗരവപൂർവ്വം ഈ പ്രശ്നത്തെ കാണേണ്ടതുണ്ട്. കോഴിക്കോട് ഒരു അഴിമതി വാർത്തയാക്കിയതിന് ആ ലേഖകനെതിരെ പീഡനക്കേസ്. മലയാള മനോരമയുടെ ഒരു പ്രാദേശിക ലേഖകനെതിരെ കൊടുവള്ളി ഗ്രാമപഞ്ചാ യത്ത് പ്രസിഡണ്ട് പീഡനക്കേസ് കൊടുത്തിരിക്കുകയാണ്. അവിടെ നടന്ന ഒരു അഴിമതിയുടെ വാർത്ത വന്നതാണ്. അത് ജനമധ്യത്തിൽ ബോധ്യപ്പെടു ത്തുന്നതിന് പകരം വളരെ ബോധപൂർവ്വം ആ പ്രാദേശിക ലേഖകനെതിരെ പീഡനകേസ് കൊണ്ടുവരുന്ന ഒരു പ്രവണത ഉയർന്നുവന്നിട്ടുണ്ട്. വളരെ വ്യാപകമായ തോതിൽ ഇത്തരം കയ്യേറ്റങ്ങളും ഇന്നലെ സൂചിപ്പിച്ചതുപോലെ അബ്കാരി നിയമം ഭേദഗതി വരുത്തുന്നതിന്റെ ഭാഗമായി വലിയ തോതിലുള്ള അഴിമതിയും നമ്മുടെ പ്രാദേശിക തലങ്ങളിലേയ്ക്ക് കടന്നുവരികയാണ്. അത് തടയുവാനുള്ള സംവിധാനം കൂടി ഉണ്ടാകേണ്ടതുണ്ട്. ഈ ബില്ലിലെ ഭേദഗതികളോട് പൊതുവായി യൊജിക്കുന്ന ആളാണ് ബഹുമാനപ്പെട്ട മന്ത്രി. ഇത്തരം പ്രശ്നങ്ങൾ ഭാവനാപൂർവ്വം പരിഹരിച്ചുകൊണ്ട് കേരളത്തിലെ നഗര സഭകളിലെയ്ക്ക് ജനങ്ങൾ കടന്നുവരുന്ന തരത്തിലേയ്ക്ക് അത് മാറ്റിക്കൊണ്ടുവരാനും നമ്മുടെ കേരളത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴി വാക്കികൊണ്ടുവരാനുള്ള പരിശ്രമംകൂടി ഉണ്ടാകേണ്ടതുണ്ട്. ഈ ബില്ലിൽ വന്നില്ലെങ്കിലും അത്തരമൊരു ഭേദഗതി കൂടി ഇത്തരം നിയമനിർമ്മാണ നടപ

ടികളിൽ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. കെ. വി. വിജയദാസ്: സർ, ഈ ബില്ലിന്മേലുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ അഴിമതി ശക്തമായി നിലനിൽക്കുന്നുണ്ട്. അത് ബഹുമാന പ്പെട്ട മന്ത്രി വളരെ ഗൗരവത്തിലെടുക്കുകയും ടൗൺ പ്ലാനിംഗ് വിഭാഗത്തെ അഴിമതിമുക്ത മേഖലയാക്കി മാറ്റാൻ ഗൗരവമായ ഒരു ശ്രമം നടത്തണമെ ന്നാണ് എനിക്ക് അതിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. മാത്രമല്ല കെട്ടിട നിർമ്മാണത്തിനുവേണ്ടി പെർമിറ്റ് കൊടുക്കുന്ന ഒരു സ്ഥിതിമൂലം ധാരാളം അനധികൃതമായിട്ടുള്ള കെട്ടിടങ്ങൾ പ്രത്യേകിച്ച് ഫ്ളാറ്റ് സമുച്ചയങ്ങൾ ഉയർന്നുവരികയാണ്. അക്കാര്യത്തെ സംബന്ധിച്ച് ശാസ്ത്രീയമായിട്ടുള്ള ഒരു വീക്ഷണം ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും വേണം. അതിന് ഗവൺമെന്റ് മുൻകൈ എടുക്കണം. ഫ്ളാറ്റ് മാഫിയകളുടെ കൈകളിലാണ് പട്ടണം നില നിൽക്കുന്നത്. അതിന് ആവശ്യമായ ഒരു സത്വര ശ്രദ്ധ ബഹുമാനപ്പെട്ട മന്ത്രി യുടെ ഭാഗത്തുനിന്നുണ്ടാകണം. ഫ്ളാറ്റ് മാഫിയകളുടെ കൈകളിൽനിന്ന് നഗ രത്തെ മോചിപ്പിക്കാൻ ശക്തമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ്. മാത്രമല്ല മാലിന്യങ്ങൾ വലിയ ഒരു ഭീഷണിയായി മാറിയിരിക്കുന്നു. ഗ്രാമത്തി ലടക്കം ചെറുപട്ടണങ്ങളിലും അതുപോലെ ഇടത്തരം നഗരങ്ങളിലും വൻ നഗരങ്ങളിലുമെല്ലാം വളരെ ഗൗരവമായ വിഷയമാണ്. കെട്ടിടനിർമ്മാ ണത്തിന് പെർമിറ്റ് കൊടുക്കുമ്പോൾത്തന്നെ മാലിന്യനിർമ്മാർജ്ജനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന നിബന്ധനയും ഉണ്ടാകേണ്ടതാണ്. അനധികൃതമായ കെട്ടിടങ്ങൾ വൻകിടക്കാരും ചെറുകിടക്കാരും നിർമ്മിക്കു

ന്നുണ്ട്. ചെറുകിടക്കാരുടെ നേരെ ശക്തമായ പോലീസ് നടപടിയും മറ്റ് ആക്ഷനുമൊക്കെ അതിവേഗത്തിൽ നീങ്ങുകയും വൻകിടക്കാരുടെ, വൻതോക്കുകളുടെ ഈ നിയമ ലംഘനം കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുന്ന സ്ഥിതി ഇന്ന് നിലനിൽക്കുന്നുണ്ട്. ഈ രണ്ട് നീതി ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ഒരു ഇടപെടൽ നടത്തണം എന്നുള്ളതാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. റ്റി. എ. റഹിം</u>: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇതിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയം അംഗൻവാടി, ബാലവാടി വർക്കേഴ്സിനെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുവദിക്കുന്നുവെന്നുള്ളതാണ്. ഈ ഓർഡിനൻസ് കൊണ്ടുവന്ന കാലഘട്ടത്തിൽ ആശാവർക്കർമാർ എന്നുപറയുന്ന ഒരു വിഭാഗം ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽത്തന്നെ അവർക്ക് ഓണറേറിയം ഉണ്ടായിരുന്നില്ല. ഈ രണ്ടുവിഭാഗത്തെ ഒഴിവാക്കുന്ന അവസരത്തിൽ ആശാവർക്കർമാരെ കൂടി ഒഴിവാക്കുന്നത് ഉചിതമായിരിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരു കാര്യം ഇങ്ങനെ ഒഴിവാക്കുന്ന അവസരത്തിൽ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുവദിക്കുന്നതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് ഏറെ പ്രശ്നങ്ങളുണ്ടാകും എന്ന് ഓർക്കേണ്ടതാണെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. കാരണം ഗവൺമെന്റ് അദ്ധ്യാപകർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും dying-in-harness appointment ഉൾപ്പെടെ സ്വകാര്യ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും ലഭിക്കുന്നുണ്ട്. പക്ഷേ അവർക്ക് ഇലക്ഷനിൽ മത്സരിക്കുവാനുള്ള അവകാശവും കൊടുക്കുന്നതോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജോലിയും സ്കൂളിലെ ജോലിയും നടക്കില്ല എന്ന പ്രയാസകരമായ ഒരു

സാഹചര്യമുണ്ട്. നിയമം നിർമ്മിക്കുമ്പോൾ ഇക്കാര്യത്തിൽ ഒരു പുനർവിചിന്തനം ആവശ്യമായി വരും അതിന് ഒരു റെസ്ട്രിക്ഷൻ ഏതെങ്കിലും രൂപത്തിൽ കൊണ്ടുവരാൻ സാധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരു അമെന്റ്മെന്റ് ഈ വിഷയത്തിലുള്ളത് കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ റെഗുലറൈസ് ചെയ്യാനുള്ളതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് റെഗുലറൈസ് ചെയ്യാൻ സാധിക്കാത്ത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്ത് കൊടുക്കേണ്ടത് അത്യാവശ്യമാണെന്നുതന്നെയാണ് എന്റെ പക്ഷം. ഇക്കാര്യത്തിൽ വലിയ അഴിമതികൾ ഇപ്പോൾ നടക്കുന്നുണ്ട്. അഴിമതികൾ നടക്കുന്നു പഞ്ചായത്തിന് അതിനുള്ള വരുമാനം ലഭിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനത്തിന് വരുമാനം ലഭിക്കുന്നില്ല. എന്നാൽ ഈ നിയമനിർമ്മാണം നടക്കുന്നതോടുകൂടി, ഈ വ്യവസ്ഥ വരുന്നതോടകൂടി റഗുലറൈസ് ചെയ്യുന്ന കെട്ടിടങ്ങളിൽ നിന്നും ആവശ്യമായ ഒരു വരുമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നുവെന്നുള്ളത് ആശ്വാസകരമായ കാര്യം തന്നെയാണ്. ഇത്രയും കാര്യങ്ങളാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യങ്ങളെ പ്രത്യേകിച്ച് അദ്ധ്യാപകരെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുവദിക്കണമെന്നത് സംബന്ധിച്ച് എല്ലാ വിഭാഗം ആളുകളും കൂടി ഒരു പുനർവിചിന്തനം നടത്തേണ്ടതാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിറുത്തുന്നു.

<u>ശ്രീ. ജോസഫ് വാഴക്കൻ:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1994-ലെ കേരള മുനിസിപ്പാലി ആക്ടിൽ, വാർഡ് വിഭജനം, സംവരണം, തുടങ്ങിയ കാര്യങ്ങൾക്കായി രൂപം കൊടുത്തിട്ടുള്ള

ഡീ ലിമിറ്റേഷൻ കമ്മീഷന്റെ എല്ലാ ഉത്തരവുകളും ഗസറ്റിൽ പബ്ലിഷ് ചെയ്ത് അതിന് നിയമപ്രാബല്യമുണ്ടാക്കുക എന്നത് ഈ ഭേദഗതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. മുമ്പത്തെ ഓർഡിനൻസ് പ്രകാരം ഈ ഭേദഗതി വന്നെങ്കിലും അത് ലാപ്സായിരിക്കുന്ന അവസരത്തിലാണ് ഈ ഓർഡിനൻസ് ബില്ലാക്കുന്നതിനുവേണ്ടിയുള്ള പുതിയ നിർദ്ദേശം വന്നത്. ഇന്ന് വാർഡ് വിഭജനം എന്നുപറയുന്നത് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് നടക്കുന്ന ഒരു വലിയ ബഹളവും അതിനിടയിൽ നടക്കുന്ന സംവിധാനവുമായി മാറിയിരിക്കുകയാണ്. അതിനകത്ത് സുതാര്യത പലപ്പോഴും കാണാറില്ല. മുനിസിപ്പാലിറ്റി ആക്ടും അതുപോലെ പഞ്ചായത്ത് രാജ് ആക്ടും നിലവിൽ വന്നതിനുശേഷം എല്ലാ അഞ്ച് വർഷം കൂടുമ്പോഴും തെരഞ്ഞെടുപ്പ് നടത്തിയശേഷം ഒക്ടോബർ മാസം 2–ാം തീയതി ഗാന്ധിജയന്തി ദിനത്തിൽ പുതിയ മുനിസിപ്പൽ ഭരണസമിതിയും പഞ്ചായത്ത് ഭരണസമിതിയും അധികാരത്തിലേറുമെന്നായിരുന്നു ധാരണ. ഡീ ലിമിറ്റേഷനും ഇതുമായി ബന്ധപ്പെട്ട കോലാഹലങ്ങൾക്കുമിടയിൽ കഴിഞ്ഞ വർഷം തെരഞ്ഞെടുപ്പ് നടക്കാതെ വരികയും ഭരണഘടനാവിരുദ്ധമായി അഞ്ച് വർഷത്തിനുശേഷം ഒരു മാസം കൂടി നീട്ടിക്കൊടുക്കുകയും ചെയ്യേണ്ടിവന്നു. ഇതിന്റെ ഫലമായി നവംബർ മാസത്തിലാണ് പുതിയ ഭരണസമിതി ചാർജ്ജെടുത്തത്. ഡീ ലിമിറ്റേഷൻ കമ്മീഷന്റെ കാര്യത്തിൽ, അവരുടെ തീരുമാനങ്ങൾ അവരുടെ നടപടികൾ എന്നിവ സംബന്ധിച്ച് അതിന് നിയമപ്രാബല്യം ഇല്ലാത്തതിന്റെ പേരിലാണ് ഈ സ്ഥിതി ഉണ്ടാകുന്നത് എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് തെരഞ്ഞെടുപ്പിന് ആറ് മാസം മുമ്പ് വാർഡ് വിഭജനം പൂർത്തിയാക്കുകയും അത് ഗസറ്റിൽ പബ്ലിഷ് ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും, വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടി ഒന്നുകിൽ കേന്ദ്ര ഇല

ക്ഷൻ കമ്മീഷന്റെ വോട്ടേഴ്സ് ലിസ്റ്റ് എടുത്ത് ആ ലിസ്റ്റ് ഈ വാർഡിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുകയോ അതല്ലെങ്കിൽ എന്യൂമറേഷൻ നടത്തി പുതിയ മുനിസിപ്പാലിറ്റിക്കുവേണ്ടി വേറെ വോട്ടർമാരെ തീരുമാനിക്കുകയോ ചെയ്തുകൊണ്ട് ഈ തെരഞ്ഞെടുപ്പ് കൂടുതൽ സുതാര്യവും യാതൊരു വിധത്തിലുള്ള കൃത്രിമവും നടക്കാതെ സത്യസന്ധവുമായ രീതിയിൽ ഇതിന്റെ റൂൾസ് കൊണ്ടുവരാൻ ശ്രദ്ധിക്കണമെന്നതാണ് എന്റെ അഭിപ്രായം. ഇവിടത്തെ രണ്ടാമത്തെ പ്രധാനപ്പെട്ട നിർദ്ദേശം, അംഗനവാടി/ബാലവാടി ജീവനക്കാരെ അയോഗ്യതയിൽനിന്നും ഒഴിവാക്കുക എന്നതാണ്. ഇത് വളരെ നല്ലൊരു നിർദ്ദേശമാണ്. പക്ഷേ ഓണറേറിയം വാങ്ങുന്ന എല്ലാവരെയും ഇതിൽനിന്ന് ഒഴിവാക്കണം എന്നുപറയുമ്പോൾ ചെറിയ രീതിയിലുള്ള ഓണറേറിയം വാങ്ങുന്നവരെ ഇതിൽനിന്ന് ഒഴിവാക്കുന്നതിൽ വലിയ അത്ഥമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. സത്യത്തിൽ റേഷൻകടക്കാരെ ഇതിൽനിന്നും ഒഴിവാക്കുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. മുഴുവൻ സമയം പ്രവർത്തകരായിട്ടുള്ള എത്രയോ ആളുകൾ അതിലുണ്ട്. അവരെയെല്ലാം ഒഴിവാക്കുന്നത് എന്തിനാണ്?

ശ്രീ. പി.ടി.എ. റഹീം: സർ, റേഷൻ കടക്കാരെ സംബന്ധിച്ചാണ് ഞാനിവിടെ പറഞ്ഞത്. ഇതിൽ പൊതുപ്രവർത്തകരില്ല എന്നല്ല ഞാൻ പറഞ്ഞത്. റേഷൻ കടക്കാർക്ക് സർക്കാരുമായി ഒരു എഗ്രിമെന്റുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് വാഴക്കൻ: സർ, അങ്ങ് പറഞ്ഞതിനോട് നിയമപരമായി ഞാൻ യോജിക്കുന്നു. എയ്ഡഡ് കോളേജ് അധ്യാപകരേയും എയ്ഡഡ് സ്കൂൾ അധ്യാപകരേയും ഇതിൽനിന്ന് ഒഴിവാക്കണമെന്ന് അങ്ങ് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. കാരണം അവർ എത്ര രൂപയാണ് ഗവൺമെന്റിൽ

നിന്നും നേരിട്ട് ശമ്പള ഇനത്തിൽ പറ്റിക്കൊണ്ടിരിക്കുന്നത്. തുച്ഛമായ ഓണറേറിയം പറ്റുന്ന ആളുകളെ ഇതിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുക എന്ന് പറയുന്നതിൽ ചെറിയ നീതികേട് തോന്നിയതുകൊണ്ട് അതിനെക്കുറിച്ച് ആലോചിക്കണമെന്നുള്ള നിലയിൽ മാത്രമാണ് ഞാനിത് പറഞ്ഞത്. മാത്രമല്ല, ആശാവർക്കേഴ്സിനെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്നത് നല്ലൊരു നിർദ്ദേശമാണ്. അംഗനവാടി ജീവനക്കാരെക്കാൾ വളരെ ബുദ്ധിമുട്ടിൽ കഴിയുന്ന, നിസ്സാര തുക ഓണറേറിയമായി സ്വീകരിക്കുന്ന ധാരാളം ആളുകളുണ്ട്. അവരെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്നതാണ് എന്റെ നിർദ്ദേശം. അതുപോലെ അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ധാരാളം നികുതി നഷ്ടമുണ്ടാകുന്നു എന്നതാണ് വേറൊരു പ്രധാനപ്പെട്ട ആക്ഷേപം. ഇവിടെ നികുതി നഷ്ടമുണ്ടാകുന്നു എന്നത് സത്യമാണ്. എവിടെയങ്കിലും അനധികൃത നിർമ്മാണം നടന്നിട്ടുണ്ടെങ്കിൽ അവിടെയെല്ലാം അതിന്റെ പേരിൽ അഴിമതിയും നടക്കുന്നുണ്ട്. അഴിമതിക്കാരായ ഉദ്യോഗസ്ഥർക്ക് പണമുണ്ടാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാതെ അത് റഗുലറൈസ് ചെയ്യുന്നത് നല്ല കാര്യമാണ്. പക്ഷേ റഗുലറൈസ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത്, വലിയ വൻകിടക്കാരായ ഫ്ളാറ്റ് ഉടമകളെ സംരക്ഷിക്കുന്നതിന് മാത്രമുള്ള ഒരു ഏർപ്പാടായി ഇത് മാറരുത്. ഫ്ളാറ്റുകളിൽ സുരക്ഷാ സംവിധാനം വേണം. അതായത് ഫ്ളാറ്റിന് ചുറ്റും ഫയർ എഞ്ചിൻ ഓടിക്കുന്നതിനുള്ള സ്ഥലമുണ്ടായിരിക്കണം, അവിടെ താമസിക്കുന്ന എല്ലാവരുടെയും വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യമുണ്ടായിരിക്കണം, കൂടാതെ ഫ്ളാറ്റിൽ വരുന്ന മറ്റ് വ്യക്തികളുടെ വാഹനം പാർക്ക് ചെയ്യുന്നതിന് 40 ശതമാനം സ്ഥലം ഓപ്പൺ സ്പേസ് ഉണ്ടായിരിക്കണം. ഇത്തരത്തിലുള്ള ധാരാളം നിബന്ധനകൾക്ക് ഇത് വിധേയമായിരിക്കണം. എവിടെയങ്കിലും ചെറിയ വയലേഷൻ

ഉണ്ടെങ്കിൽ അത് റഗുലറൈസ് ചെയ്ത് കൊടുക്കണം. ഇത് കൃത്യമായി അറിഞ്ഞുകൊണ്ട് ഏതെങ്കിലും കാലഘട്ടത്തിൽ റെഗുലറൈസ് ചെയ്യുമെന്നുള്ള ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ പല ആളുകളും മനഃപൂർവ്വമായി ഈ വയലേഷൻ നടത്തിയിട്ടുണ്ടെന്നുള്ളത് സത്യമാണ്. പ്രത്യേകിച്ച് വലിയ ഫ്ളാറ്റ് ഉടമകൾ. അതുകൊണ്ട് അത്തരം കാര്യങ്ങൾക്ക് കൂട്ടുനിൽക്കുന്ന രീതിയിലുള്ള ഒരു നിയമനിർമ്മാണമായി ഇത് മാറരുത്. ഇത് റെഗുലറൈസ് ചെയ്യുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റും ലഭിക്കേണ്ട വരുമാനം ലഭിക്കുകയും വേണം. ഏതെങ്കിലും സമയത്ത് ഇത് റെഗുലറൈസ് ചെയ്യണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത്, 1999–ലാണ് ആദ്യമായി ഈ ബിൽ വന്നത്. പിന്നെ പല തവണ ഇതിന്റെ ഓർഡിനൻസുകൾ വന്നു. അതുകഴിഞ്ഞ് 2000–ൽ വീണ്ടും ഭേദഗതി ചെയ്തു. 2010 –ൽ ഇതുസംബന്ധിച്ച് ഒരു ഓർഡിനൻസ് വന്നു. ആ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ 2008 ഡിസംബർ 31–വരെയുള്ളത് റെഗുലറൈസ് ചെയ്തു. പുതിയ നിയമം വന്നാലും അത് റെഗുലറൈസ് ചെയ്യുന്നതിൽ മിച്ചമൊന്നും കാണുകയില്ല. ഒന്നുരണ്ട് കൊല്ലത്തിനകത്തുള്ളത് മാത്രമേ റെഗുലറൈസ് ചെയ്യാൻ ഉണ്ടാകൂ. ബാക്കിയെല്ലാം റെഗുലറൈസ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ ഇതുസംബന്ധിച്ചാണ് കഴിഞ്ഞ ദിവസം റൂളിംഗ് നടത്തിയത്. ഈ രീതിയിൽ റൂൾസിറക്കി എല്ലാം റെഗുലറൈസ് ചെയ്തതിനുശേഷം ബില്ലാക്കാതിരിക്കുക എന്ന് പറഞ്ഞാൽ അത് നിയമസഭയുടെ അധികാരത്തെ കവർന്നെടുക്കുന്നതിന് തുല്യമാണെന്നുള്ള റൂളിംഗ്പോലും ഇവിടെ നൽകേണ്ടിവന്നു. ഈ രീതിയിലുള്ള ഒരു നിയമലംഘനം, അല്ലെങ്കിൽ ചട്ടലംഘനം സംഭവിച്ച സുപ്രധാനമായ ഒരു ഭേദഗതിയാണിത്. ഏതായാലും ഇത് ബില്ലാക്കി മാറ്റാനും നിയമസഭയുടെ അംഗീകാരം നേടിയെടുക്കാനും

മുന്നോട്ട് വന്നതിൽ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇത് നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രമിക്കണം. വൻകിട ഫ്ളാറ്റുടമകളെ സംരക്ഷിക്കുന്നതോടൊപ്പം ചെറിയ ആളുകളുടെ ഏതെങ്കിലും വയലേഷൻസുണ്ടെങ്കിൽ അത് റെഗുലറൈസ് ചെയ്ത് കൊടുക്കണം. അതൊന്നും വലിയ കാര്യമല്ല. ഇത് ചെറിയ ശിക്ഷയിൽ അവസാനിപ്പിക്കരുത്. റെഗുലറൈസ് ചെയ്യുന്നുണ്ടെങ്കിലും നല്ല ഫീസുവാങ്ങി നമ്മുടെ ഖജനാവിലേക്ക് പണമുണ്ടാക്കുന്നതിന് ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കെട്ടിട നിർമ്മാണം നടത്തി അത് റെഗുലറൈസ് ചെയ്ത് കൊടുക്കുക എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമായ പ്രശ്നങ്ങൾ ഉയർന്ന് വന്നിട്ടുള്ള, വന്നുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ്. ഇവിടെ മൂന്ന് കാര്യങ്ങളാണ് പ്രധാനമായിട്ടുള്ളത്. അതിൽ ഒന്നാമത്തേത് വാർഡ് വിഭജനവുമായി ബന്ധപ്പെട്ടതാണ്. ഇവിടെ ശ്രീ. ജോസഫ് വാഴക്കൻ ചൂണ്ടിക്കാണിച്ചതുപോലെ വാർഡ് വിഭജനം തെരെഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ് വരുന്നത്. അപ്പോൾ അതൃത്തി നിശ്ചയിക്കലും എണ്ണം തിട്ടപ്പെടുത്തലുമെല്ലാമായി വലിയ ഉത്രാടപ്പാച്ചിലിന്റെ ശ്രമമാണ് ആ സമയത്തുള്ളത്. കൃത്യമായ ഒരു നീതിനിർവ്വഹണം ഇവിടെ നടക്കുന്നില്ല എന്നതാണ് സത്യം. എൽ.ഡി.എഫ്. ഭരിച്ചാലും യു.ഡി.എഫ്. ഭരിച്ചാലും ഭരണത്തിന്റെ സ്വാധീനം അതിലുണ്ടാകും. നീതിപൂർവ്വം ഇത് നടപ്പാക്കാൻ

സാധിക്കാത്ത നിലയിൽ ഇപ്പോഴത്തെ വ്യവസ്ഥയിൽ ഒരു ഇളവ് നൽകി ക്കൊണ്ട് അഞ്ചോ ആറോ മാസത്തിനുള്ളിൽ ഇത് പൂർത്തിയാക്കാൻ സാധി ക്കുമോയെന്ന് ആലോചിക്കേണ്ടതുണ്ട്. മറ്റൊന്ന് ജീവനക്കാരുടെ കാര്യ ത്തിൽ, പൊതുവിൽ പ്രൈവറ്റ് സ്കൂൾ അധ്യാപകരെയെല്ലാം അംഗീകരിക്കു കയും എന്നാൽ ആശാവർക്കർമാരെ ജീവനക്കാരായി പരിഗണിച്ച് അവരെ ദ്രോഹിക്കുന്ന ഒരു സമീപനമാണ് ഇക്കാര്യത്തിൽ എടുത്തിരിക്കുന്നത്. അതിനും കുറച്ച് മാറ്റം വരേണ്ടതുണ്ട്. അനധികൃതമായി നിർമ്മിച്ചിരി ക്കുന്ന കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തോടുകൂടി അംഗീകാരം നൽകുക എന്നുള്ളതിനെപ്പറ്റിയാണ് ഈ ബില്ലിൽ പ്രധാനമായി ചർച്ച ചെയ്യു ന്നത്. അങ്ങനെ വരുമ്പോൾ 407ാം വകുപ്പ് ഭേദഗതി ചെയ്യുന്നതോടുകൂടി സ്വാ ഭാവികമായി ടൗൺ പ്ലാനിംഗ് രംഗത്ത് പ്രവർത്തിക്കുന്നവരുടെയും തദ്ദേശസ്വ യംഭരണ രംഗത്തും പ്രവർത്തിക്കുന്നവരുടെയും അറിവില്ലാതെ ഇത്തരത്തി ലുള്ള കെട്ടിടങ്ങൾ നിർമ്മിക്കാൻ സാധിക്കുകയില്ല. അപ്പോൾ അവരുടെ അറി വോടുകൂടി തന്നെയാണ് ഈ കെട്ടിടങ്ങളെല്ലാം നിലവിൽ വന്നിരിക്കുന്നത്. ഏതായാലും ഇങ്ങനെ നിർമ്മിച്ച കെട്ടിടങ്ങൾക്കെല്ലാം അംഗീകാരം നൽകാൻ പോവുകയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഈ രംഗത്ത് വൻതോതിൽ പണം ഈടാക്കുന്ന ഒരു രീതി ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഇത്തരത്തിലുള്ള നിയമമൊക്കെ വരുമ്പോൾ ഇത് ഒഴിവാക്കാൻ കഴിയുകയും ഗവൺമെന്റിന്റെ ഖജനാവിലേയ്ക്ക് സ്ഥിരമായി കുറച്ച് പണം വരുന്ന ഏർപ്പാ ടുമുണ്ടാകും. പക്ഷേ, ഈ ഭേദഗതിയോടുകൂടി വൻകിട കെട്ടിട/ഫ്ളാറ്റ് ഉടമസ്ഥരാണ് ഈ നിയമത്തിന്റെ കൂടുതൽ ഗുണമനുഭവിക്കാൻ പോകുന്ന തെന്നൊരു സ്ഥിതിയുണ്ട്. വീതി കുറഞ്ഞ റോഡരികിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ അവകാശം വേണമെന്നും നേരത്തെ വച്ച കെട്ടിടങ്ങൾക്കുള്ള

അവകാശം സ്ഥിരപ്പെടുത്തിക്കിട്ടണമെന്നും കെട്ടിടം വയ്ക്കുന്നതിനുള്ള പ്ലിന്ത് ഏരിയ നിയമങ്ങൾ പരിഷ്ക്കരിക്കണമെന്നുള്ളതാണ് യഥാർത്ഥത്തിൽ ഇവിടത്തെ പ്രശ്നം. അപ്പോൾ ഇക്കാര്യങ്ങളെല്ലാം പ്രധാനമായി വൻകിട കെട്ടിട ഉടമസ്ഥന്മാരുടെ ആവശ്യമാണ്. ഇപ്പോൾത്തന്നെ ഈ നിയമം വരുന്നതോടുകൂടി കേരളത്തിന്റെ അവസ്ഥയെന്താണെന്ന് പരിശോധിക്കുകയാണെങ്കിൽ റോഡ്സൈഡ് കയ്യേറി കെട്ടിടങ്ങൾ വയ്ക്കുന്നവരും മറ്റ് സ്ഥാപനങ്ങളുണ്ടാക്കുന്നവരും മതസ്ഥാപനങ്ങളുമുണ്ട്. അവരെല്ലാവരും റോഡ്സൈഡ് കയ്യേറി ധാരാളം കെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അതിന് പ്രോത്സാഹനം നൽകുന്ന രൂപത്തിലാകരുത് ഈ നിയമമെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നിലവിലുള്ള നിയമമനുസരിച്ച് അനധികൃതമായി ഒരു കെട്ടിടം നിർമ്മിച്ചാൽ ആ കെട്ടിടം ടൗൺ പ്ലാനിംഗ് അധികാരികൾക്കോ മുനിസിപ്പാലിറ്റിക്കോ കോർപ്പറേഷനോ പഞ്ചായത്തുകൾക്കോ പൊളിച്ചുമാറ്റാനുള്ള അവകാശമുണ്ടെന്ന് മാത്രമല്ല, പൊളിച്ചുമാറ്റുന്നതിന് എത്ര സംഖ്യയാണോ ചെലവായത് ആ ചെലവ് മുഴുവനും കക്ഷികളിൽനിന്ന് ഈടാക്കാനുള്ള അധികാരവും നിലവിലുണ്ട്. അങ്ങനെ അത്തരം അധികാരങ്ങൾ വിനിയോഗിച്ച് നല്ല നടപടികൾ സ്വീകരിച്ചവരും നമ്മുടെ ഭരണരംഗത്ത് ധാരാളമായി ഉണ്ട്. ഈ നിയമഭേദഗതി നിലവിൽ വരുന്നതോടുകൂടി അനധികൃതമായി നിർമ്മിച്ച ഫ്ളാറ്റുകൾക്കും വൻകിട കെട്ടിടങ്ങൾക്കും നിയമസാധുത ലഭിക്കുന്നുവെന്നുമാത്രമല്ല അവരുടെ കയ്യേറ്റങ്ങളെല്ലാം നിയമപരമായി തീരുകയാണെന്ന് മാത്രമല്ല, അതിനൊക്കെ നിയമ പരിരക്ഷയും നൽകുകയാണ്. ഇതുകൂടാതെ ഈ ബില്ലിൽ മറ്റൊരു സെക്ഷൻകൂടിയുണ്ട്. ഗവൺമെന്റുമായി ഈ രൂപത്തിൽ ഏറ്റുമുട്ടാൻ കഴിയാത്ത സാധാരണക്കാരും ദരിദ്രരുമായിട്ടുള്ള ഒരു വിഭാഗം ആളുകളുണ്ട്. അവർക്ക് എങ്ങനെ നിയമസംരക്ഷണം നൽകാൻ

കഴിയുമെന്ന കാര്യവും ഇതിനോടൊപ്പംതന്നെ പരിശോധിക്കേണ്ടതുണ്ട്. അതു സംബന്ധിച്ച് വ്യക്തമായൊരു ധാരണ ഈ ബില്ലിൽ കാണുന്നില്ല. ഇവിടെ കേന്ദ്രഗവൺമെന്റ് ബഹുനില മന്ദിരങ്ങളുടെ നിർമ്മാണത്തിൽ പാലിക്കേണ്ട മാർഗ്ഗരേഖ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയിട്ടുള്ള കാര്യം എല്ലാ വരുടെയും ശ്രദ്ധയിൽവന്നിട്ടുണ്ട്. യഥാർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശങ്ങൾ ഈ ബിൽ പാസ്സാകുന്നതോടുകൂടി പൂർണ്ണമായി അട്ടിമറിക്ക പ്പെടുകയാണ്. അതായത് കെട്ടിടത്തിന്റെ ഉയരം, അതോടൊപ്പംതന്നെ എന്തെ ങ്കിലും അപകടങ്ങൾ ഉണ്ടായാൽ അതിന് സംരക്ഷണം കൊടുക്കുന്നതിനുള്ള അഗ്നിശമന സംവിധാനങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് കേന്ദ്രഗവൺമെന്റ് പുതിയ മാർഗ്ഗനിർദ്ദേശം നൽകിയിരിക്കുന്നത്. ഇവിടെ ഈ ബില്ലിൽ ഇളവ് നൽകുമ്പോൾ അതിനോട് സമാനമായ നിർദ്ദേശങ്ങളൊന്നും തന്നെ ഇതിൽ പറയുന്നില്ല. 15 മീറ്ററിന് മുകളിൽ ഉയരമുള്ള കെട്ടിടം പണിയ ണമെങ്കിൽ റോഡിൽ നിന്ന് 15 മുതൽ 18 മീറ്റർ വരെ അകലമുണ്ടായിരിക്കണ മെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങളിൽ പറയുന്നത്. അപ്പോൾ അകലത്തെ സംബന്ധിച്ച് ഒരുതരത്തിലുള്ള വ്യവസ്ഥയും ബില്ലിന്റെ ഭാഗമായി വരുന്നില്ല. അതുപോലെ തന്നെ 20 മീറ്റർ വരെയുള്ള കെട്ടിടം നിർമ്മിക്കണമെ ങ്കിൽ 24-30 മീറ്റർ വരെ റോഡിൽനിന്ന് വീതിയുണ്ടായിരിക്കണമെന്നാണ്. 20 മീറ്ററിന് മുകളിൽ നിലകളുള്ളതാണെങ്കിൽ 30-45 ഇടയ്ക്ക് മീറ്റർ നീളമുണ്ടാ യിരിക്കണം. ചുരുക്കത്തിൽ കെട്ടിടത്തിന്റെ ഉയരത്തിനനുസരിച്ച് റോഡിൽനിന്നുള്ള അകലം കൂടിക്കൂടി വരണമെന്നാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ 5-8 കിലോമീറ്ററിനിടയിൽ ഫയർ സ്റ്റേഷനും മറ്റ് സൗകര്യങ്ങളും വേണമെന്ന് പറയുന്നുണ്ട്. ഇതാണ് കേന്ദ്രഗ വൺമെന്റിന്റെ നിയമമല്ല, കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കെട്ടിടങ്ങൾ വയ്ക്കു

ന്നതുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ചിട്ടുള്ള പുതിയ നിർദ്ദേശങ്ങൾ. അപ്പോൾ അതിന്റെ ചുവടുപിടിച്ചുകൊണ്ട്, ആ നിയമം അതുപോലെ പകർത്തണമെന്ന് പറയുന്നില്ലെങ്കിൽ പോലും അതിനോട് സമാനമായ ഒരു പരിശോധന ഇവിടെ നടത്തിയിട്ടില്ല. അതുപോലെതന്നെ ഗവൺമെന്റിന്റെ നിർദ്ദേശങ്ങളിൽ മറ്റൊരു പ്രത്യേക കാര്യംകൂടി പറയുന്നുണ്ട്. സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ സമിതിക്ക് സാഹചര്യങ്ങൾക്കനുസരിച്ച് മാർഗ്ഗനിർദ്ദേശങ്ങളിൽ കൂടുതൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അങ്ങനെ ചെയ്യാനുള്ള അവകാശ മുണ്ടെന്നും അങ്ങനെ ചെയ്യാവുന്നതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല, കേരളം, മഹാരാഷ്ട്ര, ഹരിയാന സംസ്ഥാനങ്ങളിൽ ബഹുനില കെട്ടിട ങ്ങൾക്കുള്ള പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുവേണ്ടി ധാരാളം അപേക്ഷകൾ വരുന്ന സാഹചര്യത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഇങ്ങനെ യൊരു നിർദ്ദേശം വച്ചിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യം വളരെ വ്യക്തത യോടുകൂടി പരിശോധിച്ചുപോകേണ്ടതാണ്. കേരളത്തിൽ നിലവിലുള്ളതും നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതുമായ ബഹുനില കെട്ടിട ങ്ങളിൽ ബഹുഭൂരിപക്ഷവും ഇരുപത് മീറ്ററിൽ കൂടുതൽ ഉയരത്തിലുള്ളതാ ണ്. അതാണ് ഇവിടെ മുഖ്യമായി പരിശോധിക്കപ്പെടേണ്ട കാര്യം. അതു കൊണ്ട് ഈ നിയമം പാസ്സാകുന്നതോടുകൂടി, ഇപ്പോൾ വന്നുപോയതിനെന്ത് എന്നതിനേക്കാളുപരി വരാൻ പോകുന്നതിന് എത്രവരെയാകാമെന്നുള്ളതിന് കൃത്യമായ നിബന്ധനകൾ ഉണ്ടാകണമെന്നതാണ് എന്റെ അഭിപ്രായം. കാരണം ഇത്, കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. അതുകൊണ്ട് കേന്ദ്ര നിർദ്ദേശങ്ങൾ അതുപോലെ പാലിക്കപ്പെട്ടില്ലെങ്കിലും സ്വാഭാവികമായി മൂന്ന് നിലയാണോ നാല് നിലയാണോ അഞ്ച് നിലയാണോ എന്നുള്ളതിനെപ്പറ്റിയും എവിടെവരെയാകാമെന്നതിനെപ്പറ്റിയും പ്രത്യേകം

പരിശോധിക്കണം. അതാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് എല്ലാവരുടെയും അഭിപ്രായത്തെ മാനിച്ചുകൊണ്ട് കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ബഹുജനങ്ങളുടെ അഭിപ്രായമാരായുന്നതിനുവേണ്ടി വീണ്ടും അയയ്ക്കണമെന്നാണ് ഇത് സംബന്ധിച്ച് പറയാനുള്ളത്.

**ക്രമപ്രശ്നം**

ശ്രീ. എ.കെ. ബാലൻ: ഇന്ന് രാവിലെ റൂൾ 113 അനുസരിച്ചുള്ള ഒരു റിപ്പോർട്ട് ബഹുമാനപ്പെട്ട സെക്രട്ടറി സഭയുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച് സിറ്റിസൺ പ്രൊട്ടക്ഷൻ ഫോറം പ്രസിഡന്റ് ശ്രീ. എം. കൃഷ്ണൻ നായർ സമർപ്പിച്ച ഹർജിയാണ് സെക്രട്ടറി ഇന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് ഗവൺമെന്റ് മേശപ്പുറത്ത് വച്ചതാണ് എന്നുള്ളതുകൊണ്ടുതന്നെ ആ ഹർജിയിൽ പറയുന്ന പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ പറയാം, In the light of the above circumstances, there is every possible...... to misuse the power by the authorities concerned including the Hon'ble Minister for Local Self Government Administration, Government of Kerala with dishonest intension to favour Bhoomi mafia and Flat lobby in Kerala. I cannot be tolerated on any account in the interest of the justice. ഇത് മേശപ്പുറത്ത് വയ്ക്കുന്നത് ഗവൺമെന്റാണ്, ഞങ്ങളല്ല. ഒരു പരാതിയുടെ അടിസ്ഥാനത്തിൽ സെക്രട്ടറിയാണ് വയ്ക്കുന്നത്. പരാതിയുടെ അടിസ്ഥാനത്തിൽ

സെക്രട്ടറി ഒരു രേഖ മേശപ്പുറത്ത് വയ്ക്കണമെങ്കിൽ contemplate ചെയ്യേണ്ട ചില ചട്ടങ്ങളുണ്ട്. ഞാൻ ഇതിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടക്കുന്നില്ല. ഹർജി സംബന്ധിച്ച നിയമസഭാ നടപടികൾ ചട്ടം 107 മുതൽ 115 വരെയാണ് അനുശാസിക്കുന്നത്. അങ്ങനെ ഒരു പരാതി ബഹുമാനപ്പെട്ട സെക്രട്ടറി ഈ സഭയുടെ മുമ്പാകെ വയ്ക്കണമെങ്കിൽ ഒരു എം.എൽ.എ. യുടെ മേലൊപ്പ് അതിൽ വേണം. മേലൊപ്പ് അതിൽ ഇല്ല. പ്രിസ്ക്രൈബ്ഡ് ഫോറത്തിലായിരിക്കണം ഇത് വയ്ക്കേണ്ടത്, അതില്ല. ഈ കത്ത് അഡ്രസ്സ് ചെയ്യേണ്ടത് ലെജിസ്ലേറ്റീവ് അസംബ്ലിക്കാണ്, അത് അതിൽ ഇല്ല. ബഹുമാനപ്പെട്ട സ്പീക്കർക്കാണ് അത് അഡ്രസ്സ് ചെയ്തിട്ടുള്ളത്. പ്രിസ്ക്രൈബ്ഡ് ഫോറവുമായി ബന്ധപ്പെട്ടുകൊണ്ട് ഒന്നാം പട്ടികയിൽ 'ഹർജിയുടെ രൂപം ലെജിസ്ലേറ്റീവ് അസംബ്ലിക്ക്' എന്നാണ് കൃത്യമായി പറയുന്നത്. ചട്ടവിരുദ്ധമായിട്ടാണ് സെക്രട്ടറി ഇന്ന് കേരള നിയമസഭയുടെ മുമ്പാകെ ഒരു രേഖ, പരാതിയുടെ അടിസ്ഥാനത്തിലുള്ള ഒരു റിപ്പോർട്ട് ഇവിടെ വച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട സ്പീക്കറെയാണ് ഇതിൽ അഡ്രസ്സ് ചെയ്തിട്ടുള്ളതെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ബഹുമാനപ്പെട്ട സ്പീക്കറെ അഡ്രസ്സ് ചെയ്ത ഒരു പരാതി, ചട്ടം 113 പ്രകാരം സെക്രട്ടറി ഇവിടെ അവതരിപ്പിച്ചത് ഒരു രൂപത്തിലും ചട്ടത്തിന് നിരക്കുന്നതല്ലെന്ന് മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രിയെ അവഹേളിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഇതെന്നുള്ളത് ഈ പെറ്റിഷൻ വായിച്ചാൽ മനസ്സിലാകും. ഏത് സാഹചര്യത്തിലാണ് സെക്രട്ടറി ഇത് ഈ നിയമസഭയിൽ അവതരിപ്പിച്ചതെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകണം.

<u>മി. സ്പീക്കർ</u>: ഒന്നാമതായി അത് സ്പീക്കർക്ക് അഡ്രസ്സ് ചെയ്തത് വെട്ടി സെക്രട്ടറിക്കാണ് തന്നിരിക്കുന്നത്.

<u>ശ്രീ. എ. കെ. ബാലൻ</u>: ആരാണ് അത് വെട്ടിയത്?

<u>മി. സ്പീക്കർ</u>: അങ്ങനെ തന്നെയാണ് വന്നത്. ഇതിനകത്തൊക്കെ നമുക്കെന്താണ് കാര്യം?

<u>ശ്രീ. എ. കെ. ബാലൻ</u>: ....................

<u>മി. സ്പീക്കർ</u>: എല്ലാ നിയമവും അറിയാവുന്ന ആളല്ലല്ലോ തന്നത്?

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഇന്ന് നിയമസഭയിൽ സമർപ്പിച്ച ഹർജി സെക്രട്ടറിക്ക് ചട്ടപ്രകാരം ലഭിച്ചതാണ്. 'Hon'ble Assembly' എന്നാണ് അതിൽ എഴുതിയിരിക്കുന്നത്, 'സെക്രട്ടറി' എന്നോ 'സ്പീക്കർ' എന്നോ അല്ല. പ്രസ്തുത ഹർജി ഒരംഗത്തിന്റെ മേലൊപ്പോടുകൂടി മാത്രമേ സമർപ്പിക്കാവൂ എന്ന് ചട്ടത്തിൽ നിബന്ധനയില്ല. ഒരു നിയമസഭാംഗം ഹാജരാക്കുന്ന ഹർജിയിലാണ് അദ്ദേഹം മേലൊപ്പിട്ട് സമർപ്പിക്കേണ്ടത്. ശക്ധർ ആന്റ് കൗളിൽ ഇപ്രകാരം പറയുന്നു - In exceptionable cases where presentation of a petition by a member cannot be arranged or would not be possible before the subject-matter of the petition is taken up in the House and the Speaker considers that the petition should be presented to the House, the Secretary-General is directed by the Speaker to report the petition to the House. ശക്ധർ ആന്റ് കൗളിലെ പേജ് 1011. ഇന്ന് സഭയിൽ വരുന്ന ഒരു ബില്ലിനെ സംബന്ധിച്ചുള്ള പെറ്റിഷൻ ആയതിനാലാണ് സെക്രട്ടറി അതുസംബന്ധിച്ച അറിയിപ്പ്

നൽകാൻ നിർദ്ദേശിച്ചത്. നമ്മുടെ സഭയിൽ ഇതിനുമുമ്പ് 20–12–1961, 22–06 –1983, 02–07–1986, 29–06–1988 എന്നീ തീയതികളിലും സഭയ്ക്ക് ലഭിച്ച പെറ്റിഷൻ, അംഗങ്ങളുടെ മേലൊപ്പില്ലാതെ, സെക്രട്ടറി സഭയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. എ.കെ. ബാലന്റെ മറ്റൊരു പരാതി, സെക്രട്ടറി നിശ്ചയിച്ചിട്ടുള്ള ഫോറത്തിലല്ല ഹർജി സഭയിൽ റിപ്പോർട്ട് ചെയ്തതെന്നാണ്. ശക്ധർ ആന്റ് കൗളിൽത്തന്നെ .........the Secretary-General while reporting the receipt of a petition uses a short formula to save the time of the House. എന്ന് പറയുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സെക്രട്ടറിയുടെ നടപടി ചട്ട പ്രകാരം തന്നെയെന്ന് ചെയർ അറിയിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, സഭയിൽ ഒരു രേഖയായി ഇതൊക്കെ കിടക്കേണ്ടതാണ്. അതുകൊണ്ട് ഞാൻ പറയുകയാണ്, പേജ് 111 നോക്കുക. ഹർജികളിൽ മേലൊപ്പിടൽ: അംഗം ഹാജരാക്കുന്ന ഏതൊരു ഹർജിയിലും അദ്ദേഹം മോലൊപ്പിടേണ്ടതാണ്. ഒരു അംഗം മുഖേന മാത്രമേ ഇത് സമർപ്പിക്കാൻ സാധിക്കൂ. നേരിട്ട് സാധിക്കുകയില്ല. അപ്പോൾ ഏത് എം.എൽ.എ. മുഖേനയാണ് ഇത് ബഹുമാനപ്പെട്ട സ്പീക്കർക്ക് തന്നിട്ടുള്ളത്?

മി. സ്പീക്കർ: അത് ചെയർ പറഞ്ഞല്ലോ? ഒരംഗത്തിന്റെ മോലൊപ്പോടുകൂടിയല്ല വന്നത്.

ശ്രീ. എ. കെ. ബാലൻ: ......ആദ്യം പറയുമ്പോൾ വെട്ടിവെട്ടി. ആദ്യം സ്പീക്കർക്കാണെന്ന് പറഞ്ഞു, പിന്നെ സെക്രട്ടറിക്കാണെന്ന് പറഞ്ഞു, പിന്നെ ലെജിസ്ലേച്ചറിനാണെന്ന് പറഞ്ഞു.

മി. സ്പീക്കർ: അങ്ങനെയൊന്നും പറഞ്ഞില്ല. സ്പീക്കർക്കല്ലെന്നാണ് പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: അതൊക്കെ ഓഫീസിൽനിന്ന് ചെയ്യാം. അതിനെപ്പറ്റി പറയുന്നില്ല. ഒരംഗത്തിന്റെ മേലൊപ്പ് കൂടാതെ ഇത്തരമൊരു ഹർജി സഭയുടെ പരിഗണനയ്ക്ക് വരാൻ സാധ്യമല്ലെന്ന് ബഹുമാനപ്പെട്ട അങ്ങ് സൂചിപ്പിച്ച ശക്ധർ ആന്റ് കൗൾ അഞ്ചാമത് എഡിഷൻ പേജ് 96–ൽ സ്പെസിഫിക്കായി പറയുന്നുണ്ട്, അതിന്റെ കോപ്പി ഞാൻ സമർപ്പിച്ചതാണ്. ഒരു ബില്ലിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ടുകൊണ്ട് ആരെങ്കിലും ഒരു ഹർജി തന്നാൽ എന്തിനുവേണ്ടിയാണ് ഒരു മന്ത്രിയെ അപമാനിക്കുന്നതിനുവേണ്ടി ഇന്ന് ഇത് വച്ചുവെന്നുള്ളതാണ് എന്റെ ചോദ്യം? ഇത് ശരിയല്ല. ആരൊക്കെ ഇതിന്റെ പിന്നിലുണ്ടെങ്കിലും അത് ശരിയല്ല.

ശ്രീ. വി. ശിവൻകുട്ടി: ഈ ഹർജിക്കാരന്റെ സ്ഥിരം പരിപാടിയാണിത്.

..........(മൈക്ക് ഓഫ്).............

മി. സ്പീക്കർ: ചെയർ റൂൾ ചെയ്തുകഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്യുന്നില്ല. റൂളിംഗ് അങ്ങ് പറഞ്ഞത് ശരിതന്നെയാണ്. പക്ഷേ ഈ ഹർജി വായിച്ച് നോക്കുമ്പോൾ ഇതിനകത്ത് ചില ദുരുദ്ദേശമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഭരണപക്ഷത്തുള്ള ആളല്ലാത്തതുകൊണ്ട് നമുക്ക് അത് പ്രശ്നമായി എടുക്കേണ്ടതില്ല. ഭരണപക്ഷത്തുള്ള മെമ്പർമാരാണ് ഹർജി പരിശോധിക്കേണ്ടത്. ഒരു മന്ത്രിക്കെതിരായിട്ടുള്ള അലിഗേഷനാണ്. നേരത്തെയുള്ള ഒരു മന്ത്രി, ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്കെതിരായി വിജിലൻസ് കേസ് വന്നതിനെക്കുറിച്ച് അതിനകത്ത് പറയുകയാണ്. ഭരണപക്ഷത്തുള്ള ഒരു മന്ത്രിക്കെതിരായിട്ടുള്ള ബോധപൂർവ്വമായ ഒരു കാര്യം, ഇത് ചർച്ച ചെയ്യുന്ന സമയത്തുതന്നെ ഇവിടെ ഒരു ഹർജിയായി വന്നത് സദുദ്ദേശപരമല്ല. അതുകൊണ്ട് പ്രതിപക്ഷത്തിന് പ്രശ്നമില്ല. ഞങ്ങൾക്ക് വേണമെങ്കിൽ

ഗവൺമെന്റിനെതിരായി അത് ഉപയോഗിക്കാം. ഞങ്ങൾ ഇപ്പോൾ അത് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നില്ല. ഗവൺമെന്റ് പക്ഷത്തുനിന്ന് ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയില്ല. അതാണ് ഇതിനകത്ത് സംഭവിച്ചിരിക്കുന്ന പ്രശ്നം. നിങ്ങളാണ് പരിശോധിച്ച് പറയേണ്ടത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇവിടെ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. അങ്ങ് റൂളിംഗ് നൽകിക്കഴിഞ്ഞു. ഇത് മേശപ്പുറത്ത് വയ്ക്കാം. അങ്ങനെ കീഴ്വഴക്കമുണ്ട്. അതിനെയും ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഇത്തരമൊരു ഹർജി വന്നുകഴിഞ്ഞാൽ അത് മേശപ്പുറത്ത് വയ്ക്കേണ്ടതുണ്ടോ; അതിനെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ? ഇത്തരം പരാതികൾ ആര് ഫയൽ ചെയ്തുകഴിഞ്ഞാലും അതൊക്കെ അസംബ്ലിയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന ഒരു നിർബന്ധ ബുദ്ധി വന്നുകഴിഞ്ഞാൽ ഇതിനൊരു അവസാനമുണ്ടാകുകയില്ല. അതുകൊണ്ട് അക്കാര്യത്തിൽ ഒരു നിയന്ത്രണം ആവശ്യമാണ്. ആ നിയന്ത്രണമുണ്ടാകുന്നില്ലെങ്കിൽ, we are opening a flood gate. അത് ശരിയല്ല എന്ന്.......

മി. സ്പീക്കർ: ഇവിടെ ഒരു ഓപ്പണിംഗും ഇല്ല. നിങ്ങൾ തെറ്റിദ്ധരിച്ച് സംസാരിക്കുകയാണ്. സഭയുടെ മേശപ്പുറത്തല്ല ഇത് വച്ചത്. ഇവിടെ വന്ന ഒരു പെറ്റിഷൻ റിപ്പോർട്ട് ചെയ്തതാണ്. രണ്ടും രണ്ടാണ്. സഭയുടെ മേശപ്പുറത്തല്ല വച്ചത്.

ശ്രീ. വി. ശിവൻകുട്ടി: ................(മൈക്ക് ഓഫ്).............

മി. സ്പീക്കർ: അങ്ങനെ റിപ്പോർട്ട് ചെയ്ത കീഴ്വഴക്കമുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: ................(മൈക്ക് ഓഫ്)..............

മി. സ്പീക്കർ: നിങ്ങൾ പറഞ്ഞുകൊണ്ട് വരുന്നതിന്റെ അർത്ഥമെന്താണ്? ശ്രീ. എ.കെ. ബാലൻ പറഞ്ഞതുപോലെ മിനിസ്റ്ററെ........ അങ്ങനെ കൊണ്ടുവന്നുവെന്നാണോ നിങ്ങൾ പറയുന്നത്. .......(ബഹളം)........

ശ്രീ. വി. ശിവൻകുട്ടി: .........................(മൈക്ക് ഓഫ്).........

മി. സ്പീക്കർ: മിനിസ്റ്ററെ ഒന്ന് ചെറുതാക്കാൻ വേണ്ടി മന:പൂർവ്വം വച്ചതെന്നാണോ പറയുന്നത്? ..................(ബഹളം)...............യെസ്............യെസ്...... ശ്രീ. കെ. എൻ. എ. ഖാദർ..............

ശ്രീ. കെ. എൻ. എ. ഖാദർ: മിനിസ്റ്ററെ ചെറുതാക്കി കാണിക്കാൻ വേണ്ടി തന്നു, ദുരുദ്ദേശത്തോടുകൂടി വച്ചുവെന്നുള്ള ആക്ഷേപം ഞങ്ങൾക്കില്ല. അതല്ല ആക്ഷേപം. ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യത്തിന് പുറത്തുനിന്ന് ഒരു തേർഡ് പാർട്ടി ഒരു ഹർജി തന്നാൽ അത് നിയമസഭയിൽ പ്രസന്റ് ചെയ്യുന്നത് മാൻഡേറ്ററിയായ ഒരു നടപടിയല്ല. അങ്ങനെ പ്രസന്റ് ചെയ്തില്ലെങ്കിൽ ഒന്നും സംഭവിക്കാൻ പോകുന്നില്ല. മാത്രമല്ല, ഇപ്പോൾ തന്ന ഈ ഹർജിയിലെ ഉള്ളടക്കം വളരെ മോശമായിട്ടുള്ളതാണ്. അങ്ങനെ ദുരുദ്ദേശത്തോടുകൂടി ഈ സഭയുടെ ചട്ടങ്ങളെ ദുരുപയോഗപ്പെടുത്താൻ പുറത്തുള്ള ഒരാൾ ഉദ്ദേശിച്ചാൽ, അതിനൊരു അവസരം നൽകുന്ന തരത്തിൽ അതിനൊരു ആയുധമായി തീരാൻ പാടില്ലായിരുന്നു. അത് വച്ചത് ശരിയായില്ല.

ശ്രീ. പാലോട് രവി: സർ, അങ്ങയുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുകയല്ല.

മി. സ്പീക്കർ: അങ്ങനെ ഭംഗിവാക്ക് വേണ്ട. ചോദ്യം ചെയ്തുതന്നെ പറഞ്ഞോളൂ.

<u>ശ്രീ. പാലോട് രവി</u>: സർ, പരാതി തന്നയാളെ.......... ശ്രീ. വി. ശിവൻകുട്ടി പറയാൻ എഴുന്നേറ്റത് അതാണ്. തിരുവനന്തപുരത്ത് ആര് കെട്ടിടം വയ്ക്കുകയാണെങ്കിലും അതിനെതിരെ പരാതി കൊടുക്കുന്ന ഒരാളാണ്. അത് അറിയണം. എത്രയെത്ര പരാതികളാണ് വന്നിട്ടുള്ളതെന്ന് അറിയാമോ? അതുകൊണ്ടാണ് പറഞ്ഞത്.

<u>മി. സ്പീക്കർ</u>: ഒരവസരം കിട്ടിയപ്പോൾ നിങ്ങളെല്ലാവരുംകൂടി..... പറഞ്ഞോളൂ.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കൃഷ്ണൻ നായർ എന്നുപറയുന്ന വ്യക്തി തിരുവനന്തപുരത്തുകാരനാണ്. ഇതുപോലെ അടിസ്ഥാനരഹിതമായ ആക്ഷേപവും ആരോപണവുമെഴുതി ഇത്തരം വേദികളിൽ കൊടുക്കുകയെന്നത് ഇയാളുടെ സ്ഥിരം തൊഴിലാണ്. ഇയാളെ പത്തിരുപത് വർഷമായി എനിക്കറിയാവുന്നതാണ്. തിരുവനന്തപുരത്തെ പല ആഫീസും ഇയാളെ നൂയിസൻസായി പ്രഖ്യാപിച്ചിരിക്കുകയാണ്. ........ (ബഹളം).........

<u>മി. സ്പീക്കർ</u>: യേസ്........ യേസ്.......... ഞാനൊന്ന് പറഞ്ഞോട്ടെ. ഇവിടെ ഈ വ്യക്തിയെക്കുറിച്ച് പറഞ്ഞതൊക്കെ എനിക്ക് പുതിയ വിവരമാണ്. ഈ വ്യക്തിയെ എനിക്കറിയില്ല. ഇതിനുമുമ്പ് ഇങ്ങനെ ഇത് അവതരിപ്പിച്ച കീഴ്വഴക്കം ഞാൻ മൂന്നെണ്ണം ക്വാട്ട് ചെയ്തു. പക്ഷേ ഇത് വേണമെങ്കിൽ ഒഴിവാക്കാമായിരുന്നുവെന്ന് എനിക്കിപ്പോൾ തോന്നുന്നു. അതിനെ നിങ്ങൾ ഇങ്ങനെ കയ്യടിച്ചൊന്നും പ്രോത്സാഹിപ്പിക്കണ്ട. I can understand it. അതൊക്കെ എനിക്ക് മനസ്സിലാകുന്നുണ്ട്. അപ്പോൾ എനിക്കാണ് തെറ്റുപറ്റിയതെങ്കിൽ നിങ്ങളെല്ലാവരുംകൂടി ഒരുമിച്ച് ആരവമുണ്ടാക്കണ്ട. ഞാൻ അത് സമ്മതിച്ചാൽ മതിയല്ലോ. ഇത് സദുദ്ദേശത്തോടുകൂടി കീഴ്വഴക്കങ്ങളുടെ

അടിസ്ഥാനത്തിൽ, ഞാൻ ശ്രീ. എ. കെ. ബാലനോട് അപ്പോൾത്തന്നെ പറഞ്ഞു. ശ്രീ. എ. കെ. ബാലൻ പറഞ്ഞത് ശരിയാണ്. ഞാൻ മൂന്നെണ്ണം വായിച്ചു. ആ മൂന്നെണ്ണവും ബിൽ ചർച്ച ചെയ്യുന്ന അന്നേദിവസം കൊണ്ടുവന്ന് വച്ചതാണ്. ഇവിടെ സമയമൊന്നുമില്ല. നിങ്ങൾ പോയതിനുശേഷം 107. Scope of Petitions എടുത്ത് വായിച്ച് നോക്കിയാൽ മതി. ഞാൻ ഇവിടെ വായിക്കുന്നില്ല. അതനുസരിച്ചാണ് ഇവിടെ ചെയ്തത്. ശക്ധർ ആന്റ് കൗളിൽ സെക്രട്ടറി-ജനറലെന്ന് പറഞ്ഞതുകൊണ്ടാണ് ഇവിടെ സെക്രട്ടറി റിപ്പോർട്ട് ചെയ്തത്. ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞതുപോലെ സഭയുടെ മേശപ്പുറത്തല്ല വച്ചത്. സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സഭയുടെ പ്രോപ്പർട്ടിയാണ്. സഭയുടെ മേശപ്പുറത്തല്ല വച്ചത്. സെക്രട്ടറി ഇവിടെ റിപ്പോർട്ട് ചെയ്തു. വേണമെങ്കിൽ ഒഴിവാക്കാമായിരുന്നുവെന്ന് ഈ ചർച്ച വന്നപ്പോഴാണ് എനിക്ക് തോന്നിയത്. ഇതാരും മനപ്പൂർവ്വമായി ചെയ്തതല്ല. ഇതാരും ആരെയും മിസ്‌ലീഡ് ചെയ്തതല്ല. അതുകൊണ്ട് നിങ്ങൾക്കും നിയമസഭാ സെക്രട്ടേറിയറ്റിനും വന്ന പിശകല്ല. ഇത് ചെയറിനുവന്ന പിശകാണ്. ചെയറിനുള്ള പിശകാണെന്ന് ഇവിടെ സമ്മതിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, അങ്ങ് ഇത്രയധികം പറഞ്ഞ സ്ഥിതിക്ക് ഇതിന്റെ കാര്യങ്ങൾ സംസാരിക്കാൻ എനിക്ക് 10 മിനിട്ട് തരണം.

മി. സ്പീക്കർ: ഇതുമാത്രമായി എന്തിനാണ് ചുരുക്കുന്നത്. അങ്ങ് ആവശ്യമുള്ള സമയം എടുത്തോളൂ.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മടിയിൽ കനമുള്ളവനെ വഴിയിൽ പേടിക്കേണ്ടതുള്ളു. എനിക്ക് ഇതിൽ യാതൊരു പേടിയും സംശയവുമില്ല.

അദ്ദേഹം പല പ്രാവശ്യം എന്റെ ഓഫീസ്സിൽവന്ന് പലർക്കുമെതിരെ പല പരാതികളും തന്നിട്ടുണ്ട്. പത്തോ പന്ത്രണ്ടോ ആളുകളെ പ്രതികളാക്കിക്കൊണ്ട് പല കേസ്സുകളുമൊക്കെ നടത്തുന്നുണ്ട്. ഞാൻ അതിനെപ്പറ്റി പറയുന്നില്ല. അത് അദ്ദേഹത്തിന്റെ ഒരു ഹാബിറ്റായിരിക്കാം. ശ്രീ. ഇ. കെ. വിജയൻ, ശ്രീ. കെ. വി. വിജയദാസ്, ശ്രീ. പി. ടി. എ. റഹീം, ശ്രീ. ജോസഫ് വാഴക്കൻ, ശ്രീ. കെ. കെ. ജയചന്ദ്രൻ എന്നിവരൊക്കെ സംസാരിച്ചപ്പോൾ മൂന്നുനാല് കാര്യങ്ങൾ മാത്രമേ പറഞ്ഞുള്ളൂ. പഞ്ചായത്ത് ഇലക്ഷൻ/മുനിസിപ്പൽ ഇലക്ഷൻ, വാർഡ് വിഭജനം, എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ ഒഴിവാക്കൽ, റിസർവേഷൻ എന്നീ കാര്യങ്ങളെപ്പറ്റി കഴിഞ്ഞ പ്രാവശ്യം വളരെ ഡീറ്റെയിൽഡായി സംസാരിച്ചതാണ്. ഇതിൽ ഒരു സംശയവുമില്ല. അതിൽ മാറ്റം വരുത്തണം. സബ്ജക്ട് കമ്മിറ്റി ഇതിനായി വിളിച്ചുകൂട്ടണം. വാർഡ് വിഭജനത്തിന് ഇപ്പോൾ നടക്കുന്ന രീതി ശരിയല്ല. ഓരോരോ ആളുകൾ ഓരോരോ താൽപര്യത്തിനനുസരിച്ച് വാർഡ് വിഭജിക്കുമ്പോൾ അവിടെയുള്ള വികസനത്തെ അത് വളരെയധികം ബാധിക്കുന്നുണ്ട്. അതുപോലെ ഒരു പ്രാവശ്യം റിസർവേഷൻ...... അടുത്ത പ്രാവശ്യം ആ ആൾ അവിടെയല്ല മൽസരിക്കുന്നതെന്ന് അവർക്കറിയാം. അതുകൊണ്ടുതന്നെ ആ പ്രദേശത്ത് യാതൊരു വികസനവും എത്തുന്നില്ല. അതിനൊക്കെ നമ്മളെല്ലാവരും കൂടിയിരുന്ന് ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിയിൽ വളരെ വലിയ വ്യത്യാസം അതിനുണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം. ഇലക്ഷന്റെ ഒരു വർഷംമുമ്പ് മാത്രമേ ഇതിനുവേണ്ടി പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. സബ്ജക്ട് കമ്മിറ്റിയിലിരുന്ന് അതിനെപ്പറ്റി വിശദമായി ചർച്ച ചെയ്യണമെന്നുള്ള ഒരു സജഷൻ ഞങ്ങൾ കഴിഞ്ഞ പ്രാവശ്യംതന്നെ വച്ചിരുന്നു. വേറൊന്ന് പറഞ്ഞത്, ബിൽഡിംഗ് റൂൾസിനെപ്പറ്റിയാണ്. അൺഓതറൈസ്ഡ്......... ഇതിനായി ഒരു

സബ്ജക്ട് കമ്മിറ്റി വിളിച്ചുകൂട്ടി കാര്യങ്ങൾ സംസാരിക്കാം. എല്ലാവരും ഇതിനെപ്പറ്റി വളരെ പ്രധാനമായിത്തന്നെ പറഞ്ഞു. എന്തുകൊണ്ട് സബ്ജക്ട് കമ്മിറ്റിയിൽ സംസാരിച്ചുകൂടാ? സംസാരിച്ചുകൂടായെന്നൊന്നുമില്ലല്ലോ. ..........ഈ ബിൽ ഇനിയും സബ്ജക്ട് കമ്മിറ്റിക്ക് പോകുന്നില്ല. പക്ഷേ ഈ ബിൽ ഇവിടെനിന്ന് പാസ്സാക്കിയതിനുശേഷം ഈ കാര്യങ്ങൾക്കുവേണ്ടി മാത്രം ഒരു സബ്ജക്ട് കമ്മിറ്റി പ്രത്യേകമായി വിളിച്ചുകൊണ്ട് അതിനൊരു സമവായത്തിലെത്തണം. എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ മൽസരിപ്പിക്കാൻ പാടില്ലായെന്ന് രണ്ടുഭാഗത്തുനിന്നുമുള്ള ആളുകൾ പറയുന്നുണ്ട്. അങ്ങ് അതിന് അനുവദിക്കുമോയെന്ന് അറിയില്ല. അപ്പോൾ എല്ലാവരും തമ്മിൽ സമവായമുണ്ടായാൽ ഒരു നല്ല സജഷനായിട്ടാണ് എനിക്ക് തോന്നുന്നത്. കെട്ടിടനിർമ്മാണ ചട്ടങ്ങളിൽനിന്നും വ്യതിചലിച്ച് ധാരാളം കൺസ്ട്രക്ഷൻസ് നമ്മുടെ കേരളത്തിലുണ്ടെന്നുള്ളത് സത്യമാണ്. അതിനെതിരായ ശക്തമായ ഒരു നടപടി സ്വീകരിക്കാനുള്ള ഒരു വലിയ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായി. അതുകൊണ്ട് സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്)-ഉം അദ്ദേഹത്തിന്റെ സ്റ്റാഫുംകൂടി മുന്നൂറോളം കെട്ടിടങ്ങൾ പരിശോധിച്ചു. അതിൽ 80 ശതമാനം കെട്ടിടങ്ങളിലും ചെറിയ തരത്തിലുള്ള ഡീവിയേഷൻസുണ്ട്. ചെറിയ ചെറിയ കാര്യങ്ങളാണ്. വലിയ വലിയ കൺസ്ട്രക്ഷൻസിലില്ല. ഫ്ളാറ്റുകളെക്കുറിച്ച് ഇവിടെ പല ആളുകളും പറഞ്ഞു. ഈ മിസ്റ്റേക്കുള്ളത് ഫ്ളാറ്റുകളിലല്ല. വലിയ വലിയ ഫ്ളാറ്റുകളിൽ കൃത്യമായ പ്ലാനൊക്കെ വരച്ച് അതിനനുസരിച്ച് മാത്രമാണ് സബ്മിറ്റ് ചെയ്യുന്നത്. വലിയ വലിയ കൺസ്ട്രക്ഷൻസിലല്ല ഇന്നത്തെ നിലയിൽ പ്രശ്നങ്ങളുള്ളത്. വലിയ കൺസ്ട്രക്ഷൻസിൽ ചിലപ്പോഴുള്ളത് പാർക്കിംഗ്..... പ്ലാനിലൊക്കെ പാർക്കിംഗ് കാണി

ക്കും. നമ്പർ കിട്ടിയാൽ പാർക്കിംഗ് മാറ്റി അത് ചിലപ്പോൾ ഗോഡൗണാക്കും അല്ലെങ്കിൽ മറ്റുള്ള ഏതെങ്കിലും വെയർഹൗസാക്കുകയോ ഷോപ്പുകളാക്കുകയോ ചെയ്യും. അതല്ലാത്ത രീതിയിൽ വലിയ പ്രശ്നങ്ങളൊന്നുമില്ല. സിംഗിൾ ഓണർ ബിൽഡിംഗുകളൊക്കെയുണ്ടല്ലോ. അതിലാണ് കൂടുതലും പ്രശ്നങ്ങളുള്ളത്. ദൂരം പാലിക്കാത്ത കെട്ടിടങ്ങളുണ്ട്. റോഡിൽനിന്ന് ഇത്ര മീറ്റർ വിടണമെന്നുണ്ട്. പക്ഷേ പലപ്പോഴും ആ ദൂരപരിധി പാലിക്കാറില്ല. ഒരു പ്രശ്നം അതാണ്. രണ്ട്, മാസ്റ്റർ പ്ലാനിനനുസരിച്ചുള്ള കെട്ടിങ്ങൾ ഉണ്ടാക്കുന്നതിനുപകരം അത് ലംഘിച്ചുകൊണ്ടുള്ള കെട്ടിടങ്ങളാണ് ഉണ്ടാക്കുന്നത്. അതുപോലെ കവറേജ് ഏരിയ, ഒരു പത്തുസെന്റ് സ്ഥലമുണ്ടെങ്കിൽ അതിന്റെ നാലുസെന്റ് സ്ഥലത്ത് മാത്രമേ..........

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, പരിതസ്ഥിതിയുമായി ബന്ധപ്പെട്ട് നിയമങ്ങളെ ബഹിഷ്ക്കരിക്കാൻ എന്തെങ്കിലും നിർദ്ദേശമുണ്ടോ; എൻവയോൺമെന്റുമായി ബന്ധപ്പെട്ട് എന്തൊക്കെയാണ് ഉദ്ദേശിക്കുന്നത്? ഉദാഹരണത്തിന് നല്ല തണുപ്പുള്ള സ്ഥലങ്ങളിലൊക്കെ ചൂടൊക്കെ കൂടിവരികയാണ്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, കെ.എം.ബി.ആർ. (കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ്) ചർച്ച ചെയ്യുന്ന സമയത്ത് അത് കൂടുതൽ ചർച്ച ചെയ്യാം. അൺഓതറൈസ്ഡ് ആയ കൺസ്ട്രക്ഷൻസ് എങ്ങനെയെങ്കിലും റെഗുലറൈസ് ചെയ്യാൻ സാധിക്കുമോ, സേഫ്റ്റി സെക്യൂരിറ്റിക്ക് യാതൊരു വിധത്തിലുള്ള ഒഴിവും കൊടുക്കാതെ അത് റെഗുലറൈസ് ചെയ്യാൻ സാധിക്കുമോയെന്നുള്ളതാണ് നമ്മൾ ഇപ്പോൾ ആലോചിക്കുന്നത്. 40 പെർസെന്റും 50 പെർസെന്റും കവറേജ് ഏരിയാണ് ബിൽഡിംഗുണ്ടാക്കാൻ വേണ്ടത്.

ഇപ്പോൾ 40 പെർസെന്റ് എന്നുള്ളത് 45 പെർസെന്റ് ആയിട്ടുണ്ടാകാം. അല്ലെങ്കിൽ രണ്ടുമൂന്ന് പെർസെന്റേജ് കൂട്ടിയിട്ടുണ്ടാകാം. അത് നമുക്ക് എങ്ങനെയെങ്കിലും റെഗുലറൈസ് ചെയ്തുകൊടുക്കുവാൻ പറ്റുമോയെന്നുള്ളതാണ് വേറൊന്ന്. അതുപോലെ കാർ പാർക്കിംഗിന്റെ കാര്യം പറഞ്ഞു. ഇത്ര പാർക്കിംഗ് വേണമെന്ന് നിർബന്ധമായിട്ടുണ്ടായിരുന്നു. പക്ഷേ പലപ്പോഴും പാർക്കിംഗ് നമ്പർ കിട്ടിയാൽ അത് വേറെ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതായിട്ടാണ് നമ്മൾ കാണുന്നത്. റിക്രിയേഷൻ ഓപ്പൺ സ്പേസില്ലാത്ത ഫ്ളാറ്റുകൾ ധാരാളമുണ്ട്. പഴയ കാലത്ത് ലൈസൻസ് കിട്ടിയ കാലങ്ങളിൽ അതിലുണ്ടായിരുന്നു. പക്ഷേ അത് പലപ്പോഴും മാറ്റിയിട്ടുണ്ട്. കൺസ്ട്രക്ഷൻസ് കഴിഞ്ഞതിനുശേഷം അത് വേറെ പലതിനുവേണ്ടിയും ഉപയോഗിക്കുകയാണ്. ലൈസൻസ് കാലവധി, ഗൾഫിൽനിന്നൊക്കെ ആളുകൾ വന്ന് ലൈസൻസ് എടുക്കും. ബിൽഡിംഗിന്റെ വർക്ക് തുടങ്ങും, തറപ്പണി കഴിയുമ്പോൾ അവരുടെ പണം തീരും, അവർ വീണ്ടും ഗൾഫിലേയ്ക്കു തന്നെ മടങ്ങിപ്പോകും. പിന്നെ രണ്ടോ മൂന്നോ വർഷം കഴിഞ്ഞ് മടങ്ങിവരുമ്പോൾ ആ പണംകൊണ്ട് വേറെ കുറച്ച് പണി നടത്തും. അങ്ങനെ സാധാരണഗതിയിൽ രണ്ടോ മൂന്നോ ട്രിപ്പിനാണ് വീട് പൂർത്തിയാക്കുന്നത്. അപ്പോഴേയ്ക്കും ആ ലൈസൻസ് എക്സ്പയറായിട്ടുണ്ടാകും. ആ കാലഘട്ടത്തിനിടയിൽ നമ്മുടെ ബിൽഡിംഗ് റൂളിൽ മാറ്റങ്ങൾ വന്നിട്ടുണ്ടാകും. അപ്പോൾ അവർക്ക് നമ്പർ കിട്ടാത്ത ഒരു സ്ഥിതിയുണ്ട്. അതൊക്കെ റെഗുലറൈസ് ചെയ്യാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

വേറൊരു കാര്യമുള്ളത് ചില കെട്ടിടങ്ങൾ സുരക്ഷാ കാര്യങ്ങളിൽ വീഴ്ച വരുത്തിയതായി കാണുന്നുണ്ട്. സാമ്പത്തികലാഭം മാത്രമുദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഒരു കാരണവശാലും റെഗുലറൈസ് ചെയ്തുകൊടുക്കാൻ കഴിയില്ല. എത്രതന്നെ ഫീസ് വാങ്ങിയിട്ടായാലും സെക്യൂരിറ്റിയേയും സേഫ്റ്റിയേയും ബാധിക്കുന്ന കാര്യമായതുകൊണ്ട് അത് ചെയ്തുകൊടുക്കാൻ കഴിയില്ലെന്നാണ് പറയാനുള്ളത്. ഇത് വളരെ സുതാര്യമായിട്ടാണ് നടത്തുന്നത്. 50 ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടഭാഗങ്ങൾ ക്രമവൽക്കരിച്ചു കിട്ടേണ്ടവർ അതാത് നഗരസഭാ ഓഫീസുകളിലും 100 ചതുരശ്ര മീറ്റർ വരെയുള്ളവ ജില്ലാ ടൗൺ പ്ലാനറുടെ ഓഫീസുകളിലും 500 ചതുരശ്രമീറ്റർ വരെയുള്ളവ ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിലും 500 ചതുരശ്ര മീറ്ററിന് മുകളിലുള്ളവ സർക്കാരിനും അതത് നഗരസഭകൾ മുഖേന അപേക്ഷ സമർപ്പിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അതത് നഗരസഭകളുടെ സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ, ജില്ലാ ടൗൺ പ്ലാനർ തുടങ്ങിയവർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയാണ് വിവിധ നഗരസഭകളിൽ വൺഡേ പെർമിറ്റ് മാതൃകയിൽ ഇത്തരം കേസ്സുകൾ തീർപ്പാക്കുന്നത്. റെസിഡൻഷ്യൽ ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഇത്തരം നിർമ്മാണങ്ങൾക്ക് ക്രമവൽക്കരണം നൽകുന്നതിന് മറ്റുള്ള കമേഴ്സ്യൽ ബിൽഡിംഗുകളേക്കാളും തുക കുറച്ചുകൊണ്ട് രാജിയാക്കൽ ഫീസ് വസൂൽ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ നഗരങ്ങളിൽ നിലവിലുള്ള വാസഗൃഹങ്ങളോട് കൂട്ടിച്ചേർത്ത് അനധികൃതമായി നിർമ്മിച്ച കെട്ടിടഭാഗങ്ങൾക്ക് മാത്രം ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകുന്ന ഈ അവസരം ഒരു നിശ്ചിത കാലത്തേയ്ക്ക് മാത്രമായിരിക്കും ഉണ്ടാകുന്നത്. ഈ അടുത്ത കാലത്ത് എറണാകുളത്ത് ഒരു സർവ്വേ നടത്തി

യിരുന്നു. കഴിഞ്ഞ മാർച്ച് മാസം 31–ാം തീയതി പുതിയ ടാക്സ് റൂൾ വന്നു, ബിൽഡിംഗ്സ് ടാക്സ് ഇത്ര പെർസെന്റ് കളക്ട് ചെയ്യണമെന്ന് ഒരു നിയമമുണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ ഒരു സർവ്വേ നടത്തിക്കൊണ്ടിരിക്കുകയാണ്. ആ സർവ്വേയിൽ 64 വാർഡുകൾ പരിശോധിച്ചതിൽ 12000–ത്തോളം ചെറിയ കൺസ്ട്രക്ഷനുകളിൽ ഇതുപോലുള്ള വയലേഷനുണ്ടായി എന്നാണ് മനസ്സിലാക്കുന്നത്. വയലേഷൻ എന്നു പറഞ്ഞാൽ ഭീമമായിട്ടുള്ള വയലേഷൻ എന്നല്ല. 2000 സ്ക്വയർഫീറ്റുള്ള ഒരു വീടിന് 50 സ്ക്വയർഫീറ്റുള്ള ഒരു ബാത്ത്റൂമുണ്ടാക്കി അല്ലെങ്കിൽ 100 സ്ക്വയർഫീറ്റുള്ള കിച്ചനുണ്ടാക്കി. അങ്ങനെയുള്ള വയലേഷനാണ് ഇതിലുള്ളത്. സ്വഭാവികമായും ഇപ്പോൾ ചെയ്യുന്നത് ഇതുപോലെയുള്ള കൺസ്ട്രക്ഷനുകൾക്ക് യു.എ.(അൺആതറൈസ്ഡ്) നമ്പർ കൊടുക്കുകയും ഒരു പ്രാവശ്യം ടാക്സ് കുറച്ച് കൂടുതൽ ചാർജ്ജ് ചെയ്യുകയും ചെയ്യും. രണ്ടാമത്തെ പ്രാവശ്യം മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ചെയ്യുന്നത് യു.എ. നമ്പർ മായ്ച്ചുകൊണ്ട് നമ്പർ അവിടെ സ്ഥിരപ്പെടുത്തും. ടാക്സ് പഴയ രീതിയിൽ വരും. സ്വഭാവികമായും അതുവഴി വളരെ വലിയ രീതിയിലുള്ള സാമ്പത്തിക ലോസ് മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമുണ്ട്. അത് പരിഹരിക്കാൻ കഴിയുമെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. ഈ ആവശ്യത്തിലേയ്ക്ക് കെട്ടിടമുടമ ഒരു സെൽഫ് അസെസ്മെന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നൽകേണ്ടതും അതോടൊപ്പം അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഭാഗം കാണിച്ചുകൊണ്ടുള്ള ഡ്രോയിംഗ്സ് മറ്റ് വിശദാംശങ്ങൾ എന്നിവ നൽകേണ്ടതുമാണ്. ഒരു സാംപിൾ ടെസ്റ്റിംഗ് മാത്രമേയുള്ളൂ. ഒരു ഇൻസ്പെക്ഷൻ മാത്രമാണുണ്ടാകുക, ഇതുകൊണ്ട് ജനങ്ങളെ ബുദ്ധിമുട്ടിക്കാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ, കമേഴ്സ്യൽ ബിൽഡിംഗുകളിൽ വലിയ പ്രശ്നങ്ങളുണ്ടെങ്കിൽ അത് ഒരു കാരണവശാലും റെഗുലറൈസ്

ചെയ്തുകൊടുക്കാൻ പോകുന്നില്ല. ഇത് പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ജോസഫ് വാഴക്കൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. കെ. ജയചന്ദ്രൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. കെ. ജയചന്ദ്രൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുത്തിരിക്കുന്നു.

2-ാം വകുപ്പ്

<u>ശ്രീ. എം. ഹംസ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 69 (2എ)-യിൽ "ഈ വകുപ്പിൻകീഴിൽ" എന്നീ വാക്കുകൾക്ക് പകരം "തീരുമാനം ചുരുങ്ങിയത് തെരഞ്ഞെടുപ്പിന്റെ ആറുമാസം മുമ്പെങ്കിലും" എന്നീ വാക്കുകൾ ചേർക്കുക.

ഇതിൽ വാർഡ് വിഭജനത്തിന് ശേഷമുള്ള ഗസറ്റ് നോട്ടിഫിക്കേഷൻ പറയുന്നുണ്ട്. ഗസറ്റ് നോട്ടിഫിക്കേഷനും വാർഡ് വിഭജനവും തെരഞ്ഞെടുപ്പിന്റെ ആറ് മാസം മുമ്പുതന്നെ പൂർത്തിയാക്കുക എന്നത് നിയമപരമായി ഉറപ്പുവരുത്തണം. അത് തെരഞ്ഞെടുപ്പിന്റെ അവസാന നിമിഷത്തിലേയ്ക്ക് പോകാൻ പാടില്ല. അതുകൊണ്ടാണ് "തെരഞ്ഞെടുപ്പിന്റെ ആറുമാസം മുമ്പെങ്കിലും" എന്ന ഭേദഗതി മൂവ് ചെയ്യുന്നത്.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

113. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 69 (2എ)-യിൽ "വകുപ്പിൻ കീഴിൽ" എന്നീ വാക്കുകൾക്കു പകരം "വകുപ്പിലെ വ്യവസ്ഥകൾക്കനുസരിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 69 (2എ)-യിൽ “ഡീലിമിറ്റേഷൻ കമ്മീഷൻ” എന്നീ വാക്കുകൾക്ക് പകരം “അതിർത്തി നിർണ്ണയ അധികാരസഭ” എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 69 (2എ)-യിൽ “ഗസറ്റിൽ” എന്ന വാക്കിനു പകരം “സർക്കാർ പത്രികയിൽ” എന്നീ വാക്കുകൾ ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഹംസ, അങ്ങയുടെ 112-ാം ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഹംസ : സർ, ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u> 35

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. എം. എ. ബേബി
3. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
4. ശ്രീ. എ. കെ. ബാലൻ
5. ശ്രീമതി ഇ. എസ്. ബിജിമോൾ
6. ശ്രീ. എം. ചന്ദ്രൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ചിറ്റയം ഗോപകുമാർ
10. ശ്രീ. പി. കെ. ഗുരുദാസൻ
11. ശ്രീ. എം. ഹംസ
12. ശ്രീമതി ജമീലാ പ്രകാശം
13. ശ്രീ. ജെയിംസ് മാത്യു
14. ശ്രീ. കെ. കെ. ജയചന്ദ്രൻ
15. ശ്രീ. ജി. എസ്. ജയലാൽ
16. ശ്രീ. ഇ. പി. ജയരാജൻ
17. ശ്രീ. എ. പ്രദീപ്കുമാർ
18. ശ്രീ. പുരുഷൻ കടലുണ്ടി
19. ശ്രീ. കെ. രാധാകൃഷ്ണൻ
20. ശ്രീ. പി. റ്റി. എ. റഹീം
21. ശ്രീ. എസ്. രാജേന്ദ്രൻ
22. ശ്രീ. ആർ. രാജേഷ്
23. ശ്രീ. കെ. രാജു
24. ശ്രീ. രാജു എബ്രഹാം
25. ശ്രീ. മുല്ലക്കര രത്നാകരൻ
26. ശ്രീമതി കെ. എസ്. സലീഖ
27. ശ്രീ. വി. ശശി
28. ശ്രീ. ബി. സത്യൻ

29. ശ്രീ. വി. ശിവൻകുട്ടി
30. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
31. ശ്രീ. വി. എസ്. സുനിൽകുമാർ
32. ശ്രീ. പി. തിലോത്തമൻ
33. ഡോ. ടി. എം. തോമസ് ഐസക്
34. ശ്രീ. ഇ. കെ. വിജയൻ
35. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u> 65

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. ആര്യാടൻ മുഹമ്മദ്
38. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
39. ഡോ. എം. കെ. മുനീർ
40. ശ്രീ. കെ. മുരളീധരൻ
41. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
42. ശ്രീ. ഉമ്മൻ ചാണ്ടി
43. ശ്രീ. അടൂർ പ്രകാശ്
44. ശ്രീ. റ്റി. എൻ. പ്രതാപൻ
45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീ. പാലോട് രവി
47. ശ്രീ. റോഷി അഗസ്റ്റിൻ
48. ശ്രീ. വി. പി. സജീന്ദ്രൻ

49. ശ്രീ. എൻ. ശക്തൻ
50. ശ്രീ. വി. ഡി സതീശൻ
51. ശ്രീ. ഷാഫി പറമ്പിൽ
52. ശ്രീ. കെ. എം. ഷാജി
53. ശ്രീ. എൻ. ഷംസുദ്ദീൻ
54. ശ്രീ. ആർ. സെൽവരാജ്
55. ശ്രീ. ഷിബു ബേബി ജോൺ
56. ശ്രീ. കെ. ശിവദാസൻ നായർ
57. ശ്രീ. സണ്ണി ജോസഫ്
58. ശ്രീ. സി. എഫ്. തോമസ്
59. ശ്രീ. തോമസ് ഉണ്ണിയാടൻ
60. ശ്രീ. പി. ഉബൈദുള്ള
61. ശ്രീ. എം. ഉമ്മർ
62. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
63. ശ്രീ. എം. എ. വാഹീദ്
64. ശ്രീ. എം. പി. വിൻസെന്റ്
65. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ...... 35

പ്രതികൂലിക്കുന്നവർ..... 65

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 113–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 86(1)-ന്റെ വിശദീകരണം 2-ൽ"അംഗനവാടി" എന്ന വാക്കിനു പകരം "അങ്കണവാടി " എന്ന വാക്കു ചേർക്കുക.

. അംഗനവാടി എന്നാണ് നമ്മൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നതും എഴുതികൊണ്ടിരിക്കുന്നതും, ആ പ്രയോഗം തെറ്റാണ്. Anganvadi is derived from the word Angan which refers to the courtyard of a House. ഡിക്ഷണറിയിൽ അംഗന എന്നു പറഞ്ഞാൽ അർത്ഥം A woman or a beautiful woman, സുന്ദരിയായ, അംഗലാവണ്യമുള്ള ഒരു സ്ത്രീ എന്നാണ്. അതേ

സമയത്ത് അങ്കണം എന്നു പറഞ്ഞാൽ അർത്ഥം Courtyard എന്നും Open space എന്നുമാണ്. അതുകൊണ്ട് അംഗനവാടി എന്ന് തെറ്റായി പ്രയോഗിച്ചിരിക്കുന്നത് അങ്കണവാടി എന്നാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. വി. ശശി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

117. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 86(1)-ന്റെ വിശദീകരണം 2-ൽ"അംഗനവാടി ജീവനക്കാരും ബാലവാടി ജീവനക്കാരും" എന്നീ വാക്കുകൾക്കുശേഷം "ആശാവർക്കർമാരും" എന്ന വാക്കു ചേർക്കുക.

ശ്രീ. കെ. വി. വിജയദാസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 86 (1)-ന്റെ വിശദീകരണം 2-ൽ "ഒഴികെയുള്ള" എന്ന വാക്കിനു പകരം "ഉൾപ്പെടെയുള്ള" എന്ന വാക്കു ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

119. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 86 (1) ന്റെ വിശദീകരണം 2-ൽ " ബാലവാടി ജീവനക്കാരും ഒഴികെയുള്ള" എന്നീ വാക്കുകൾക്ക് ശേഷം "എയ്ഡഡ് സ്കൂൾ അദ്ധ്യാപകരും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 86 (1)–ന്റെ വിശദീകരണം 2–ൽ " ഓണറേറിയം" എന്ന വാക്കിനു പകരം " മാനവേതനം" എന്ന വാക്ക് ചേർക്കുക .

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 86(1)–ന്റെ വിശദീകരണം 2–ൽ"അംഗനവാടി" എന്ന വാക്കിനു പകരം "അങ്കണവാടി " എന്ന വാക്കു ചേർക്കുക എന്ന 116–ാം നമ്പർ ഭേദഗതിയും ശ്രീ. വി. ശശി അവതരിപ്പിച്ച ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 86(1)–ന്റെ വിശദീകരണം 2–ൽ "അംഗനവാടി ജീവനക്കാരും ബാലവാടി ജീവനക്കാരും" എന്നീ വാക്കുകൾക്കുശേഷം "ആശാവർക്കർമാരും" എന്ന വാക്കു ചേർക്കുക എന്ന 117–ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 116–ാം നമ്പർ ഭേദഗതിയും ശ്രീ. വി. ശശി അവതരിപ്പിച്ച 117–ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 118–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 119–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 120–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4–ാം വകുപ്പ്

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 407(1)4100–ൽ "2013 മാർച്ച് 31–ാം തീയതിയോ" എന്നതിനു പകരം "2008 ഡിസംബർ 31–ാം തീയതിയോ" എന്ന് ചേർക്കുക.

ശ്രീമതി. കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 407 (1) – ൽ "2013 മാർച്ച് 31–ാം തീയതിയോ" എന്നതിനു പകരം "2012 ഡിസംബർ 31–ാം തീയതിയോ" എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 121–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 123–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.................

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

125. ഖണ്ഡം 5(1)(എ)–യിൽ ആദ്യവരിയിൽ ''ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ'' എന്ന ഭാഗം ഒഴിവാക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126. ഖണ്ഡം 5(1)(എ)–യിൽ ''എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ'' എന്ന ഭാഗം നീക്കം ചെയ്യുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. ഖണ്ഡം 5(2)-ൽ ''ബാലവാടി ജീവനക്കാരെയും'' എന്നീ വാക്കുകൾക്ക് ശേഷം ''ആശ വർക്കർമാരെയും'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128. ഖണ്ഡം 5(1) (എ) താഴെപ്പറയും പ്രകാരം മാറ്റുക

"(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ കാര്യങ്ങളും എടുത്തതോ, എടുത്തതായി കരുതപ്പെടുന്നതോ ആയ നടപടികളും സാധുവായി കരുതപ്പെടേണ്ടതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;"

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

130 ഖണ്ഡം 5 (1) (ബി)യിൽ " അംഗനവാടി "എന്ന വാക്കിനു പകരം "അങ്കണവാടി"എന്ന വാക്ക് ചേർക്കുക.

പ്രസ്തുത വിഷയം അംഗനവാടിയെക്കുറിച്ചുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചതുകൊണ്ട് മൂവ് ചെയ്യുന്നില്ല.

ശ്രീ. എം. എ. ബേബി : താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

135. ഖണ്ഡം 5(1) (ബി) താഴെപ്പറയും പ്രകാരം മാറ്റുക.

"(ബി). പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി അവസാനിച്ച ശേഷവും ഈ നിയമം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിക്ക് മുമ്പും അനധികൃത കെട്ടിടനിർമ്മാണം ക്രമപ്പെടുത്തിയ നടപടികൾ പ്രസ്തുത ഓർഡിനൻസു പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായി കണക്കാക്കാൻ പാടില്ലാത്തതും അത്തരം നടപടികൾ നിയമസാധുത ഇല്ലാത്തതുമാണ്" .

ശ്രീ. കെ.എൻ.എ. ഖാദർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

136. ഖണ്ഡം 5(2)–ൽ "അംഗനവാടി" എന്ന വാക്കിനുപകരം "അങ്കണവാടി" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. ശിവൻകുട്ടി : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

137. ഖണ്ഡം 5(2)–ൽ "തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന്" എന്നീ വാക്കുകൾക്ക് ശേഷം "ജോലി രാജിവച്ചതിനുശേഷമോ, രാജിവയ്ക്കാതെയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 5(2) താഴെപ്പറയും പ്രകാരം മാറ്റുക.

" പ്രസ്തുത ഓർഡിനൻസു പ്രകാരം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അംഗൻവാടികളിലെയും ബാലവാടികളിലെയും ജീവ

നക്കാരുടെ അയോഗ്യത നീക്കിയത് 2011 മാർച്ച് 17-ാം തീയതി കേരള ഗവർണ്ണർ ആ ഓർഡിനൻസ് വിളംബരപ്പെടുത്തിയത് മുതലായതിനാൽ ആ തീയതിക്ക് മുമ്പ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് ജോലി രാജി വച്ചവർക്ക് അവർ ജോലി ചെയ്തിരുന്ന തസ്തികകളിൽ തുടരുന്നതിന് യോഗ്യതയല്ലാത്തതുമാകുന്നു."

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141. ഖണ്ഡം 5(3) താഴെപ്പറയും പ്രകാരം മാറ്റുക.

" (3) 2011 ജൂലൈ 31-ാം തീയതി പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി അവസാനിക്കുന്നതിനാൽ ആ ദിവസത്തിനുശേഷം പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും അവകാശമോ അധികാരമോ ആർജ്ജിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് നിയമസാധുത ഉണ്ടായിരിക്കുന്നതല്ല. "

ഇതിൽ ബില്ലിനു പകരമുള്ള ഓർഡിനൻസിന്റെ കാലാവധി 2011 ജൂലൈ 13-ന് അവസാനിക്കുകയാണ്. 2013 മാർച്ച് 31 വരെയുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമപ്പെടുത്താനാണ് ഈ ബിൽ. അതായത് ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞ് രണ്ടുവർഷത്തിനുശേഷമാണ് ഈ ബിൽ കൊണ്ടുവരുന്നത്. ഈ കാലയളവിനുള്ളിൽ നിരവധി അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടന്നിട്ടുണ്ട്. അതിനു പിന്നിൽ വ്യാപകമായിട്ടുള്ള ആരോപണങ്ങളും ആക്ഷേപങ്ങളും അഴിമതികളും വന്നുകഴിഞ്ഞു. ഈ ഒരു സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ നല്ലത് ഈ പറയുന്ന ഭേദഗതി

അതേ രൂപത്തിൽ അംഗീകരിക്കുന്നതാണ്. ഞാനതിനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചതാണ്. അത് ഈ രൂപത്തിൽ മാറ്റുന്നതായിരിക്കും നന്നാവുക. 2011 ജൂലൈ 31–ാം തീയതി പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി അവസാനിക്കുന്നതിനാൽ ആ ദിവസത്തിനുശേഷം പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും അവകാശമോ അധികാരമോ ആർജ്ജിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് നിയമസാധുത്വം ഉണ്ടായിരിക്കുന്നതല്ല. ഞാൻ നേരത്തെ പറഞ്ഞ പെറ്റീഷൻ കൂടി ഉള്ളത് ബഹുമാനപ്പെട്ട മന്ത്രി കണക്കിലെടുക്കുക. ഞങ്ങൾ ഇത് അനാവശ്യമായി ഉപയോഗിക്കാറില്ല. അന്തസ്സുള്ള രാഷ്ട്രീയമേ ഞങ്ങൾ നടത്താറുള്ളു. അതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. ഇതായിരിക്കും താങ്കൾക്ക് നല്ലത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 130–ാം നമ്പർ ഭേദഗതി, ശ്രീ. എം. ഹംസയുടെ 137–ാം നമ്പർ ഭേദഗതി – ഇത് രണ്ടും സ്വീകരിക്കുന്നു. ബഹുമാനപ്പെട്ട ശ്രീ. എ.കെ. ബാലൻ പറഞ്ഞത് 2011 ജൂലൈ 31–ാം തീയതി പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി അവസാനിക്കുന്നതാണെന്നാണ്. ഈ കാലാവധി രണ്ടുമാസം മുമ്പാണ് അവസാനിച്ചത്. 2011–നല്ല. ഈ അടുത്ത കാലത്താണ് അവസാനിച്ചിട്ടുള്ളത്. 2011 ജൂലൈ 31–നല്ല.

മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : 127–ഉം 132 –ഉം ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ശ്രീ.എം.പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 130–ാം നമ്പർ ഭേദഗതിയും

ശ്രീ. എം. ഹംസ അവതരിപ്പിച്ച 137–ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 125–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി.ബി. അബ്ദുൾ റസാക് അഅവതരിപ്പിച്ച 126–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 128–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. എ. ബേബി അവതരിപ്പിച്ച 135–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 136–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 138–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 139–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 141–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1 –ാം വകുപ്പും പീഠികയും പേരും

ശ്രീമതി കെ. എസ്. സലീഖ :സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

107. ശീർഷകം താഴെ പറയും പ്രകാരം മാറ്റുക.

"കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ – 2013"

കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ – 2013 എന്നാക്കി മാറ്റുന്നതാണ് ഉചിതമെന്നുള്ളതാണ്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

108. പീഠികയിൽ "ആക്റ്റ്" എന്ന വാക്കിനു പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എം. ഷാജി : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

109. പീഠികയിൽ "ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി" എന്നീ വാക്കുകൾ ഒഴിവാക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

110. ഖണ്ഡം 1(1)–ൽ ബില്ലിന്റെ ചുരുക്കപ്പേരിൽ "രണ്ടാം " എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110 എ. ഖണ്ഡം 1(1) ചുവടെ ചേർക്കും പ്രകാരം മാറ്റുക.

"(1) ഈ നിയമം 2013–ലെ കേരള മുൻസിപ്പാലിറ്റി (രണ്ടാം ഭേദഗതി) നിയമം" എന്ന പേരിൽ അറിയപ്പെടുന്നതാണ്.

ദിവസവും നമ്മൾ ചർച്ച ചെയ്ത സർവ്വകലാശാല മലയാളീകരിക്കുക എന്നൊരു തത്വത്തോടുകൂടി ചേരുന്ന ഒരു ഭേദഗതിയാണ് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണ് എന്റെ അപേക്ഷ.

ശ്രീ. ആർ. രാജേഷ് : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

111. ഖണ്ഡം 1(2)ൽ "2–ഉം 3–ഉം വകുപ്പുകൾ" എന്നതിന് പകരം "രണ്ടാം വകുപ്പ്" എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): മറ്റു ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 110–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 107–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 108–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 109–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം.പി അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 110 എ– നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 111–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ ......

ഭേദഗതി ചെയ്ത പ്രകാരമുള്ള 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

## മൂന്നാം വായന

മി. സ്പീക്കർ: നഗര കാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിക്ക് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

മി. സ്പീക്കർ : ഇവിടെ ചർച്ചാ വിഷയമായ വിഷയം, ദയവ് ചെയ്ത് നിങ്ങൾ ഫ്രീ ആയിട്ടിരിക്കുമ്പോൾ നിയമപുസ്തകങ്ങളും റൂൾ ബുക്കുകളുമെടുത്ത് അത് നിർബന്ധമായിട്ടും മനസ്സിരുത്തി വായിക്കണമെന്ന് ചെയർ ഇവിടെ വീണ്ടും നിങ്ങളോട് അഭ്യർത്ഥിക്കുന്നു. നിയമം പദാനുപദവും ചില വാക്കുകൾക്ക് ഒരുപാട് അർത്ഥവുമുണ്ട്. അത് വായിക്കുമ്പോൾ മനസ്സിലാകും. ഞാനത് എനിക്ക് പറ്റിയ തെറ്റാണെന്ന് പറയാൻ കാരണം അതങ്ങനെയൊരു സ്വന്തം റൂളുണ്ടാക്കണ്ട എന്നുകരുതിത്തന്നെയാണ്.

## (4) 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

മി. സ്പീക്കർ: ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്ക് 2011-ലെ ഇൻഡ്യൻ പങ്കാളിത്ത

(കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(ശ്രീ. അനൂപ് ജേക്കബ്) : സർ, ഇത് പാർട്ട്ണർഷിപ്പ് നിയമത്തിന്റെ 71-ാം വകുപ്പിന്റെ ഭാഗമായ ഒന്നാം പട്ടികയിൽ നിർദ്ദേശിച്ചിരിക്കുന്ന ഫീസുകളുടെ വർദ്ധനവാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. 50 വയസ്സുമുതൽ 75 രൂപ വരെയായിരുന്നത് 100 മുതൽ 300 രൂപ വരെയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ ഭേദഗതിയാണ് ഈ ബില്ലിലൂടെ മൂവ് ചെയ്യുന്നത്.

ശ്രീ. ബെന്നി ബെഹനാൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ നമ്മുടെ പാർട്ണർഷിപ്പ് 1973-ലെ ആക്ടിന്റെ ഒരു ചെറിയ വകുപ്പിന്റെ റൂൾ അനുസരിച്ച് ഇതിന്റെ ഡോക്യുമെന്റ്സിന്റെ ചാർജ് കൂട്ടിയ ഒരു ചെറിയ ഭേദഗതിയാണ് ഇത്. 15 പൈസ മുതൽ 50 പൈസ വരെയുണ്ടായിരുന്നത് വർദ്ധിപ്പി

ക്കണമെന്നുള്ളതാണ്. അത് വർദ്ധിപ്പിക്കേണ്ടതാണ്. അതുകൊണ്ടുമാത്രം നമ്മുടെ പാർട്ട്ണർഷിപ്പിന്റെ അപാകതകൾ പരിഹരിക്കപ്പെടില്ല. നമ്മുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിക്കുന്നതിനുമുമ്പ് 1932–ലാണ് ഈ നിയമമുണ്ടായത്. 1932–ൽ സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് ഉണ്ടാക്കിയതാണ് ഈ ആക്ട്. കേരള സംസ്ഥാനം പിറന്നതിനുശേഷം ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാ ക്കുന്നതിന് രജിസ്ട്രാർ ഓഫ് ടേംസിനെ ചുമതലപ്പെടുത്തി. കേന്ദ്ര ആക്ടനു സരിച്ച് സംസ്ഥാനങ്ങൾക്ക് യോജിക്കുന്ന വിധത്തിൽ നിയമമുണ്ടാക്കുന്നതിന് സെക്ഷൻ 71 അനുസരിച്ച് തീരുമാനമുണ്ടായി. ഇതനുസരിച്ചാണ് ഇപ്പോൾ ഇവിടെ 1973–ൽ നിയമമുണ്ടായത്. ഇതിൽ പറഞ്ഞ ഡോക്യുമെന്റ്സ് ഫീസാണ് ഈ 15 പൈസ മുതൽ 50 പൈസ വരെ ഉണ്ടായിട്ടുള്ളത്. അത് നല്ല കാര്യമാണ്. ഇൻഡ്യൻ കോൺട്രാക്ട് ആക്ട് അനുസരിച്ച് നമ്മുടെ പാർട്ട്ണർഷിപ്പ് അതിൽ ഒത്തിരി തട്ടിപ്പും വെട്ടിപ്പും അതുപോലെ സംസ്ഥാന ത്തിന് ലഭിക്കേണ്ട പല വരുമാനങ്ങളും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇതിന്റെ ഡോക്യു മെന്റ് ഫീസ് വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം നമുക്ക് ഈ പാർട്ട്ണർ ഷിപ്പ് ആക്ടിലെ അപാകതകൾ പരിഹരിക്കാൻ കഴിയുകയില്ല. ഇൻഡ്യൻ കോൺട്രാക്ട് ആക്ട് പ്രകാരം പാർട്ട്ണർമാർ തമ്മിൽ കരാർ ഉണ്ടാക്കി ബിസിനസ് നടത്തി അതിന്റെ ലാഭം പങ്കിട്ടെടുക്കുന്നതിനും പങ്കു വയ്ക്കുന്ന തിനും നിയമപരമായ വ്യവസ്ഥയുണ്ടാക്കുക എന്നതാണ് പങ്കാളിത്ത ആക്ടിന്റെ ഉദ്ദേശ്യം.

പാർട്ട്ണർമാർ തമ്മിലുള്ള ബന്ധം, തേർഡ് പാർട്ടി ബന്ധം, പങ്കാളിത്ത ബിസിനസ്സിൽ ചേരുന്നതിനും പുറത്തുപോകുന്നതിനുമുള്ള ബിസിനസ്സ്

സ്ഥാപനം dissolve ചെയ്യുക അഥവാ പാർട്ട്ണർഷിപ്പ് ബന്ധം അവസാനിപ്പിക്കുക എന്നീ വ്യവസ്ഥകളാണ് ഇതിലുള്ളത്. അതനുസരിച്ച് ഫേമിന്റെ രജിസ്ട്രേഷനുവേണ്ടിയുള്ള ഫീസ്; ഫേമിൽ വരുത്തുന്ന മാറ്റങ്ങൾ, ഫേമിന്റെ പെരുമാറ്റങ്ങൾ, ബിസിനസ്സ് നടത്തേണ്ട സ്ഥലത്തിന്റെ മാറ്റം എന്നിവ റിക്കോർഡ് ചെയ്യുന്നതിനുള്ള ഫീസ്; അടച്ചുപൂട്ടുകയും പുതുതായി തുറക്കുകയും ചെയ്യുന്ന ബ്രാഞ്ചുകളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഫീസ്; പാർട്ട്ണേഴ്സിന്റെ അഡ്രസ്സിലും പേരുകളിലും വരുത്തുന്ന മാറ്റങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഫീസ്; ഫേം പൂട്ടുന്നതിനും മാറ്റങ്ങൾ രേഖപ്പെടുത്തുന്നതിനുമുള്ള ഫീസ്; രജിസ്ട്രാർ ഓഫ് ഫേമിന്റെ റിക്കോർഡിൽ വരുത്തുന്ന തെറ്റുകൾ തിരുത്തുന്നതിനുള്ള ഫീസ്; ഫേമിന്റെ രജിസ്റ്ററുകൾ ഇൻസ്പെക്റ്റ് ചെയ്യുന്നതിനും ഡോക്യുമെന്റ് ഫയൽ ചെയ്യുന്നതിനുമുള്ള ഫീസ്; രജിസ്ട്രാർ ഓഫ് ഫേമിൽ നിന്നും കോപ്പികൾ ലഭിക്കുന്നതിനുള്ള ഫീസ് (കോപ്പികൾ ലഭിക്കുന്നതിനുള്ള ഫീസ് പണ്ട് 15 പൈസയായിരുന്നത് ഇപ്പോൾ വർദ്ധിപ്പിച്ചിരിക്കുന്നു) – ഇവകൊണ്ടുമാത്രമേ പാർട്ട്ണർഷിപ്പ് ബിസിനസ്സിലെ അപാകതകൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഇന്നത്തെ നിയമമനുസരിച്ചുള്ള പാർട്ട്ണർഷിപ്പ് ബിസിനസ്സിനെക്കുറിച്ച് നമുക്കറിയാം; 2 മുതൽ 20 വരെയുള്ള ആളുകൾ യോജിക്കുന്നതാണ് പാർട്ട്ണർഷിപ്പ്. 20–ൽ കൂടുതൽ ആളുകളുണ്ടെങ്കിൽ അത് കമ്പനിയാകും, കമ്പനി ആക്ട് അനുസരിച്ചാണ് മൂവ് ചെയ്യുന്നത്. ഇന്നത്തെ നിയമമനുസരിച്ച് ഒരു പാർട്ട്ണർഷിപ്പ് ഡീഡ് രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ പിന്നെ അതിനെക്കുറിച്ച് ഒരു അന്വേഷണവും നടത്താൻ സാധിക്കുകയില്ല, അത് dissolve ചെയ്യുമ്പോഴാണ് പല

പ്പോഴും നമുക്കിതിൽ മാറ്റംവരുത്തേണ്ടിവരിക. ഇപ്പോൾ ഫോം 1 അനുസരിച്ച് കമ്പനി രജിസ്ട്രാറുടെ മുന്നിലാണ് ആപ്ലിക്കേഷൻ കൊടുക്കേണ്ടത്. അങ്ങനെ ആപ്ലിക്കേഷൻ കൊടുക്കുമ്പോൾ ഒരു acknowledgement കൊടുക്കും. അത് ലഭിച്ചാൽ പാർട്ട്ണർഷിപ്പായി. ആ പാർട്ട്ണർഷിപ്പിൽ രജിസ്റ്റർ ചെയ്താൽ അതിന്റെ മാറ്റത്തിനും dissolution- നും മാത്രമേ രജിസ്ട്രാർ ഓഫ് ഫേംസിനെ സമീപിക്കേണ്ടതുള്ളൂ. മറ്റൊരു കാര്യത്തിനും രജിസ്ട്രാർ ഓഫ് ഫേംസിനെ സമീപിക്കാൻ സാധിക്കില്ല. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത്, പാർട്ട്ണർഷിപ്പ് ആക്ട് പ്രകാരം ആദ്യം രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ഒരു ഡീഡ് രജിസ്റ്റർ ചെയ്യണം. അതിന് ഇപ്പോൾ 3,000 രൂപ വരെയാണ് ചെലവ്. 3,000 രൂപ വരെയുള്ള ഡീഡ് രജിസ്റ്റർ ചെയ്ത് ഐ.ജി. ഓഫ് രജിസ്ട്രാർ ഇതിനെക്കുറിച്ചൊരു പ്രാഥമിക അന്വേഷണം നടത്തി ഇതിൽ എന്തെങ്കിലും അപാകതകളുണ്ടോ തട്ടിപ്പുണ്ടോ വെട്ടിപ്പുണ്ടോ എന്നൊക്കെ മനസ്സിലാക്കിയതിനുശേഷമേ രജിസ്ട്രാർ ഓഫ് ഫേംസിന് ആപ്ലിക്കേഷൻ കൊടുക്കാൻ അനുവദിക്കാവൂ. ഇന്ന് പാർട്ട്ണർഷിപ്പിൽ കള്ളയൊപ്പിട്ട്, എന്റെ ഒപ്പിട്ട് വേറെ ആർക്കെങ്കിലും അല്ലെങ്കിൽ എനിക്ക് വേണമെങ്കിൽ അങ്ങയുടെ ഒപ്പിട്ട് പോലും ഒരു പാർട്ട്ണർഷിപ്പ് ഡീഡ് ഉണ്ടാക്കാൻ സാധിക്കും. അതിനെക്കുറിച്ച് സമയോചിതമായ ഒരു അന്വേഷണമില്ല. പാർട്ട്ണർഷിപ്പ് ഡീഡ് രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ഒരു സമയപരിധി വച്ച് അത് രജിസ്റ്റർ ചെയ്യുന്നതിനും അതിനെക്കുറിച്ച് വളരെ വ്യക്തമായ ഒരു അന്വേഷണം നടത്തി അതിന്റെ അപാകതകൾ പരിഹരിച്ചതിനുശേഷം മാത്രമേ കേന്ദ്ര ആക്ട് പ്രകാരമുള്ള കമ്പനി രജിസ്ട്രാർക്ക്

രജിസ്റ്റർ ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഇന്ന് നമുക്ക് ഇതിന്റെ പ്രവർത്തനങ്ങൾക്കായി വേണ്ടത്ര സ്റ്റാഫും ഓഫീസുകളുമില്ല. അതുകൊണ്ട് മേഖലാടിസ്ഥാനത്തിൽ ഓഫീസുകൾ ഉണ്ടാക്കുകയും ആ ഓഫീസുകളിൽ കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും വേണം. ഇന്ന് കമ്പ്യൂട്ടർ യുഗമാണ്. ഇതെല്ലാം ഓൺ ലൈനാക്കി ഇതിനെക്കുറിച്ച് വിശദമായ പരിശോധന നടത്താൻ നമുക്കാകണം. ജില്ലാ ഇൻസ്പെക്ടറേറ്റിലുള്ള തസ്തികകൾ ഇടയ്ക്കിടയ്ക്ക് പരിശോധിക്കണം. എല്ലാ വസ്തുതകളുടെയും റിട്ടേൺ ഫയൽ ചെയ്യണം, അങ്ങനെ ചെയ്യാൻ തീരുമാനിച്ചാൽ സർക്കാരിന് പണം ലഭിക്കും. അല്ലാതെ പണം കിട്ടാൻ പോകുന്നില്ല. അതുകൊണ്ട് അതിനുള്ള നടപടിയുണ്ടാക്കണം. റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് ഇന്ന് ........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ, അംഗങ്ങളുടെ സ്പിരിറ്റ് മനസ്സിലായല്ലോ?

<u>ശ്രീ. ബെന്നി ബെഹനാൻ</u>: മനസ്സിലായി. എല്ലാവർക്കും ട്രെയിനിൽ പോകണമെന്നുള്ളത് അറിയാം. പാർട്ട്ണർഷിപ്പ് ഡീഡിനെക്കുറിച്ച് കേൾക്കാൻ ആരും തയ്യാറല്ല. എല്ലാ വർഷവും രജിസ്ട്രേഷൻ ഡീഡ് പുതുക്കാൻ, അതിനൊരു ഫീസ് വയ്ക്കാൻ, ഗവൺമെന്റിലേയ്ക്ക് വരുമാനമുണ്ടാക്കാൻ അങ്ങനെ പാർട്ട്ണർഷിപ്പ് ആക്ടിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനും ഇതിന്റെ പേരിൽ....... എത്ര റിയൽ എസ്റ്റേറ്റ് കമ്പനികളാണ് പാർട്ട്ണർഷിപ്പ് ഡീഡുണ്ടാക്കി തട്ടിപ്പ് നടത്തി, എത്രപേരുടെ കണ്ണുനീർ കണ്ടു; എത്ര പേരെ വഞ്ചിച്ചു? ഇതിനെക്കുറിച്ചൊന്നും അന്വേഷിക്കാൻ ഇന്നത്തെ നിയമത്തിൽ നടപടിയില്ല. ഒരു വർഷം ചുരുങ്ങിയത് 5,000

പാർട്ട്ണർഷിപ്പ് ഫേമുകളാണ് ഇവിടെ രജിസ്റ്റർ ചെയ്യുന്നത്. ഇവയിൽ പലതും തട്ടിപ്പാണ്. അതുകൊണ്ട് നിലവിലുള്ള പാർട്ട്ണർഷിപ്പ് സിസ്റ്റം അവസാനിപ്പിക്കണം. .......(ബഹളം)........

<u>ശ്രീമതി ജമീല പ്രകാശം</u>: സാധാരണ ജനങ്ങളോട് ഈ സഭയിലെ ഒരു മെമ്പർ പറയുമ്പോൾ അത് വലിയൊരു ജനദ്രോഹമായി മാറും. നമ്മൾ ഇന്ന് കൈയിലെടുത്തിരിക്കുന്ന എല്ലാ കരാറുകൾക്കും മൂന്ന് വർഷമാണ് കാലാവധി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അത് ബെന്നിയുടെ അഭിപ്രായമാണ്.

<u>ശ്രീമതി ജമീല പ്രകാശം</u>: ഗവൺമെന്റിന് കാശ്...........

<u>ശ്രീ. ബെന്നി ബെഹനാൻ</u>: എല്ലാ വർഷവും പുതുക്കേണ്ട, റിട്ടേൺ കൊടുക്കാൻ തയ്യാറാകണം. ഇപ്പോൾ റിട്ടേൺ കൊടുക്കുന്നില്ല. ഏതെങ്കിലും ഒരു വർഷം ഇന്ന നിയമമനുസരിച്ച് ......ഞാൻ ആ നിയമം പഠിച്ചിട്ടില്ല, എന്നാലും എന്റെ കയ്യിൽ സെൻട്രൽ ആക്ട് ഉണ്ട്. ഏതെങ്കിലും ഒരു വർഷം രജിസ്റ്റർ ചെയ്താൽ പിന്നെ അത് dissolve ചെയ്യാൻ നേരത്ത് മാത്രമേ പാർട്ട്ണർഷിപ്പ് ആക്ടിനെ സംബന്ധിച്ച് ഇടപെടാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് എല്ലാ വർഷവും ഇതിന്റെ റിട്ടേൺ കൊടുക്കാൻ തയ്യാറായി ഒരു ചെറിയ ഫീസ് വച്ചാൽ......(ബഹളം)........ഞാൻ പുതുക്കണമെന്ന് പറയുന്നില്ല. എല്ലാ വർഷവും ഇത് .....(ബഹളം)............നിങ്ങൾക്ക് പാർട്ട്ണർഷിപ്പും ബിസിനസ്സും വേറെ എന്തെങ്കിലും അഭിപ്രായമുണ്ടെങ്കിൽ അത് പറയാം. എന്റെ സമയം കളയല്ലേ? ഞാൻ വഴങ്ങുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാന്യയായ ജമീല പ്രകാശം പ്ലീസ്....... പ്ലീസ്....... please resume your seat.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: ഇന്ന് കേരളത്തിലെ റിയൽ എസ്റ്റേറ്റ് മാഫിയയും മറ്റും ഏറ്റവും കൂടുതൽ തട്ടിപ്പ് നടത്തുന്നതും വെട്ടിപ്പ് നടത്തുന്നതും പാർട്ട്ണർഷിപ്പ് ബിസിനസ്സിലൂടെയാണ്. പല ആളുകളും ഡീഡ് രജിസ്റ്റർ ചെയ്യുന്നു. ഇവരിൽ പലരും യഥാർത്ഥ ആളുകളോ ഈ നാട്ടിലുള്ളവരോ അല്ല. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ കഴിയുന്നില്ല. രജിസ്റ്റർ ചെയ്ത് പോയാൽ ആരാണെന്ന് അറിയില്ല. എല്ലാ വർഷവും രജിസ്ട്രാറുടെ മുന്നിൽ റിട്ടേൺ കൊടുക്കുന്നതിനായി നേരത്തെ പറഞ്ഞ 8 കാര്യങ്ങളിലുള്ള ഫീസ് മാത്രമേ വർദ്ധിപ്പിച്ചിട്ടുള്ളൂ. ഒരു പുതിയ വകുപ്പുണ്ടാക്കി എല്ലാ വർഷവും റിട്ടേൺ കൊടുക്കാൻ തീരുമാനിച്ച് ഗവൺമെന്റ് ഒരു ഫീസ് വച്ചാൽ അത് ഗവൺമെന്റിന് കിട്ടും. അതുകൊണ്ട് പാർട്ട്ണർഷിപ്പ് ആക്ടിൽ ഇന്ന് പറയുന്ന അപാകതകൾ പരിഹരിക്കുന്നതിന് ഡോക്യുമെന്റേഷൻ ഫീസ് വർദ്ധിപ്പിക്കുകയെന്ന ചെറിയൊരു അമന്റ്മെന്റല്ല വേണ്ടത്. 1932-ൽ ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് മുമ്പ് ഉണ്ടാക്കിയ കേന്ദ്ര ആക്ട്, അതിൽ 1973-ലാണ് നമുക്കൊരു അമന്റ്മെന്റ് വന്നത്. അതിനുശേഷം നമ്മൾ ഇതുവരെയും ഒരു മാറ്റവും വരുത്തിയിട്ടില്ല. ബഹുമാനപ്പെട്ട മാണി സാർ, അതുകൊണ്ട് സമഗ്രമായ ഒരു നിയമം ഈ വിഷയത്തിലുണ്ടാക്കി പാർട്ട്ണർഷിപ്പിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ അവസാനിപ്പിക്കുന്നതിനായി കേരള നിയമസഭ തയ്യാറാകണമെന്നുള്ള അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വ്യാജ മുദ്രപ്പത്രങ്ങളുടെ വ്യാപനം വർദ്ധിച്ചുവരുന്ന വർത്തമാന കാലത്താണ് 2011-ലെ ഇൻഡ്യൻ പങ്കാളിത്ത കേരള ഭേദഗതി ബിൽ അവതരിപ്പിക്കുന്നത്. പാർട്ട്ണർഷിപ്പ് ആക്ടിനെക്കുറിച്ചുള്ള വിശദാംശമൊക്കെ ശ്രീ. ബെന്നി ബെഹനാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. മുദ്രപ്പത്രം വാങ്ങി അവയുടെ മുദ്രയും സീലും വ്യാജപ്പത്രങ്ങൾക്കായി ഉപയോഗിച്ചതിനുശേഷം യഥാർത്ഥ പത്രം ട്രഷറിയിൽ തിരികെ നൽകി പണം മടക്കിവാങ്ങുന്ന ഏജന്റുമാരെക്കുറിച്ച് ആധാരമെഴുത്തുകാരുടെ ഒരു സംഘടന വ്യക്തമായ തെളിവുകളുമായി രംഗത്തുവന്ന പശ്ചാത്തലത്തിലാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. 1932-ൽ നിശ്ചയിച്ച ഫീസ് നിരക്കുകൾ പുതുക്കി നിശ്ചയിക്കുക എന്നത് സ്വാഗതാർഹമാണ്. 50 പൈസ മുതൽ 15 രൂപ വരെയുള്ള, നിലവിലുള്ള ഫീസ് നിരക്കുകൾ 1973-ൽ പ്രാബല്യത്തിൽ വന്നതാണ്. അത് 50 രൂപ മുതൽ 300 രൂപ വരെ ആക്കി വർദ്ധിപ്പിക്കുന്നതിനുള്ളതാണ് ഇപ്പോഴത്തെ നിർദ്ദേശം. ഇപ്പോൾ ഫീസ് മാത്രം വർദ്ധിപ്പിക്കുകയും ആക്ടിന്റെ മറ്റ് ആശയങ്ങളും നിർദ്ദേശങ്ങളും നിലനിൽക്കുകയുമാണ്, അത് തെറ്റാണ്. 1991-നുശേഷം ഇൻഡ്യയിൽ പുതിയ സാമ്പത്തിക നയം നടപ്പിലാക്കിയതിനുശേഷം എല്ലാ മേഖലകളിലും ഊഹക്കച്ചവടക്കാരുടെയും കള്ളപ്പണത്തിന്റേയും ആധിപത്യം വർദ്ധിച്ചുവരികയാണ്. 1991-ന് മുമ്പുള്ള പല നിയമങ്ങളും പാടെ മാറ്റിമറിച്ചിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ 1932-ലെ മൂലനിയമം നിലനിൽക്കില്ലായെന്ന് ആർക്കും ബോധ്യം വരുന്നതാണ്. ജനങ്ങളുടെ മേൽ ആയിരക്കണക്കിന് കോടി രൂപയുടെ നികുതി ഭാരം

ഏൽപ്പിക്കുന്ന കേരളത്തിൽ ഈ വർഷം 1138 കോടി രൂപയുടെ അധികഭാരം ഏർപ്പെടുത്തിയിരിക്കുന്നതായി കാണാം. ഓരോ നികുതി വർദ്ധനവുമുണ്ടാക്കുന്ന സാമ്പത്തിക പ്രശ്നം ചർച്ച ചെയ്യപ്പെടേണ്ടതാണ്.

അതുകൊണ്ട് ഏകപക്ഷീയമായി വരുമാനം വർദ്ധിപ്പിക്കാൻ മാത്രം ശ്രമിച്ചാൽ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വരും. കാലോചിതമായി ആക്ട് പരിഷ്ക്കരിച്ച് അതിന് പൂരകമായി ഫീസ് വർദ്ധനവ് ആവശ്യമുണ്ടെങ്കിൽ അത് വരുത്താം. ഇത് സമഗ്രമല്ല. അതുകൊണ്ട് ഞാൻ വിയോജിക്കുന്നു. ഇവിടെ ശ്രീ. ബെന്നി ബെഹനാൻ സൂചിപ്പിച്ചതുപോലെ നിയമങ്ങളില്ലാത്തതുകൊണ്ടല്ല, അത് പാലിക്കാൻ ബാധ്യസ്ഥരായവർ കണ്ണടയ്ക്കുമ്പോഴാണ് ക്രിമിനലുകൾ ആധിപത്യം സ്ഥാപിക്കുന്നത്. രജിസ്ട്രേഷൻ വകുപ്പിലും സ്ഥലമാറ്റങ്ങളടക്കമുള്ള അഴിമതികൾ നടക്കുന്നുവെന്നത് അത്ഭുതപ്പെടുത്തുന്നതാണ്. സംസ്ഥാനത്ത് അടുത്തിടെ കോടതികളിലെത്തിയ മുദ്രപ്പത്രങ്ങൾ വ്യാജമാണെന്ന് തെളിഞ്ഞിട്ടും നടപടികളെടുത്തതായി കാണുന്നില്ല. ട്രഷറികളിൽ വിറ്റ സ്റ്റാമ്പുകൾ തന്നെയാണോ രജിസ്ട്രേഷൻ വിഭാഗത്തിൽ ഉപയോഗിക്കുന്നത് എന്നത് പരിശോധിക്കാൻ നമുക്ക് സംവിധാനമുണ്ടാകണം. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വളരെ കാര്യക്ഷമമായി നടന്ന ഒരു മേഖലയിൽ ഇന്ന് അഴിമതിയുടെ പെരുമഴയാണ് നടക്കുന്നത്. വർദ്ധിച്ചുവരുന്ന അഴിമതിയുടെ നീരാളിക്കൈകൾ വെട്ടിമാറ്റാൻ സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ കൂടി നമ്മൾ തയ്യാറാകണം. നിയമങ്ങളില്ലാത്തതുകൊണ്ടല്ല, അത് പാലിക്കാനും നടപ്പിലാക്കാനും നമ്മൾ തയ്യാറാകണം. 'മോന്തായം വളഞ്ഞാൽ കഴുക്കോൽ വളയും' എന്ന പഴമൊഴി ഞാൻ ഓർക്കുന്നു.

സർക്കാരിനും ജനത്തിനും നഷ്ടം, കൈക്കൂലിക്കാർക്കും മാഫിയകൾക്കും നഷ്ടം. മന്ത്രിക്കുവേണ്ടി റേഷൻഷോപ്പുകാരിൽ നിന്ന് പിരിച്ച ഒരു ലക്ഷം രൂപയാണ് വിജിലൻസുകാർ പിടികൂടിയത് എന്ന പത്രവാർത്ത നമ്മളെ ഞെട്ടിപ്പിക്കുന്നു. മന്ത്രിയുടെ നിർദ്ദേശമോ അനുഗ്രഹമോ ഇല്ലാതെ ഇത്രയും വലിയ തുക പിരിച്ചെടുക്കാൻ ഉദ്യോഗസ്ഥന്മാർക്ക് എങ്ങനെ ധൈര്യം വന്നു. നമ്മൾ ഒരു നിയമം ഉണ്ടാക്കുമ്പോൾ താഴെത്തട്ടുമുതൽ മുകൾത്തട്ടുവരെ വീതം വച്ചുനടക്കുന്ന കേന്ദ്രമായി ഈ മേഖല മാറരുത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: പത്ര വാർത്ത ഉദ്ധരിച്ചുകൊണ്ട് മന്ത്രിക്ക് വേണ്ടി എന്നൊക്കെ പറഞ്ഞുള്ള ആരോപണങ്ങൾ ബഹുമാനപ്പെട്ട പുരുഷൻ കടലുണ്ടി ഉദ്ധരിക്കുന്നത് എഴുതി തന്നിട്ടാണോ എന്നുള്ള കാര്യം ബഹുമാനപ്പെട്ട ചെയർ പരിശോധിക്കണം. എഴുതി നൽകാതെ ഇങ്ങനെ ആരോപണങ്ങൾ ഉന്നയിക്കാൻ കഴിയുമോ?

മി. സ്പീക്കർ: എഴുതി തന്നിട്ടില്ല.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, രാഷ്ട്രീയ നേതാക്കൾ കൂടി പങ്ക് പറ്റുന്നുവെന്നത് പരസ്യമായ രഹസ്യമാണ്. നിയമം ഇല്ലാത്തതുകൊണ്ടാണോ 'ആമയെ ചുടുമ്പോൾ മലർത്തി ചുടണേ രാമനാരായണാ' എന്ന് പറഞ്ഞതു പോലെയാകരുത് മന്ത്രിയും ബില്ലും. സമഗ്രമല്ലാത്ത ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഈ ബില്ലിൽ സൂചിപ്പിച്ചതുപോലെ പാർട്ട്ണർഷിപ്പ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സർക്കാരിൽ അടയ്ക്കേണ്ട വിവിധ ഫീസുകളുടെ വർദ്ധനവാണ് വച്ചിരിക്കു

ന്നത്. 1974-ന് ശേഷമാണ് ഇത് പുതുക്കുന്നത്. ഏതാണ്ട് 39-40 വർഷത്തെ കാലയളവിന് ശേഷമാണ് ഈ വർദ്ധനവ് വന്നിരിക്കുന്നത്. ഇത് തികച്ചും ന്യായീകരിക്കാവുന്ന ഒന്നുതന്നെയാണ്. എല്ലാ സേവനങ്ങൾക്കും നിരക്കുകൾ പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് നോക്കുമ്പോൾ കുറച്ചു കൂടി ഇഫക്ടീവായി ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളെ കൊണ്ടു പോകാനും സഹായകരമാകും. ഈ ആക്ടിൽ സമഗ്രമായ മാറ്റം വേണമെന്ന് ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇത് സെൻട്രൽ ആക്ടാണ്. ഇതിനകത്ത് കുറച്ചുകൂടി സേവനം സുതാര്യമാക്കാനുള്ള സാഹചര്യങ്ങളും ഇന്ന് ഗവൺമെന്റ് ഒരുക്കുന്നുണ്ട്. ഫോമുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അതിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ച് മുന്നോട്ട് പോകുകയാണ്. ഇത് ജനങ്ങൾക്ക് എളുപ്പത്തിൽ കാര്യക്ഷമമായ സേവനം ലഭ്യമാക്കുവാനുള്ള അവസരങ്ങൾ ഒരുക്കും. ഇ-പേയ്മെന്റ് സമ്പ്രദായങ്ങൾ കൂടി ഏർപ്പെടുത്തിക്കഴിയുമ്പോൾ ഇ-രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകാനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും. ഡിജിറ്റൽ ഒപ്പോടുകൂടിയുള്ള പാർട്ട്ണർഷിപ്പ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന് സെപ്പറേറ്റായി 500 രൂപ ഫീസ് ഈടാക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ ഗുണമേന്മയും സേവനവുമൊക്കെ താരതമ്യം ചെയ്യുമ്പോൾ അതൊരു വലിയ തുകയായി കണക്കാക്കാൻ കഴിയില്ല. ഇതിനകത്ത് ഏറ്റവും രസകരമായ സംഗതിയെന്ന് പറയുന്നത്, ഏതെങ്കിലും തെറ്റ് വന്നാൽ 25 പൈസ മാത്രം ചെലവായി ഇങ്ങോട്ടു വരുന്നതിന് മറുപടി അയയ്ക്കണമെങ്കിൽ 5 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ചുവേണം പോസ്റ്റ് ചെയ്യാനുള്ളത്. ചെലവുകൾ പലപ്പോഴും വർദ്ധിച്ചുവരുന്നുവെന്ന

സാഹചര്യവും നിലനിൽക്കുന്നു. ഈ വർദ്ധനവ് വളരെ അനിവാര്യമാണ്. അതിന്റെ പ്രവർത്തനങ്ങൾ കുറച്ചു കൂടി കാര്യക്ഷമമാക്കുമെന്നതിൽ സംശയമില്ല. ശ്രീ. പുരുഷൻ കടലുണ്ടി അനാവശ്യമായ കാര്യങ്ങൾ നിയമ സഭയിൽ കൊണ്ടുവന്ന് പറയുന്നത് ശരിയായ പ്രവർത്തിയല്ല. എവിടെയും കേട്ടുകേൾവിക്ക് അനുസരിച്ച് ഇവിടെ പറയരുത്. എഴുതി തന്നത് വായി ക്കാതെ താങ്കൾക്ക് ബോധ്യമുള്ള കാര്യങ്ങൾ അവതരിപ്പിക്കുക. അതാണ് കുറച്ചുകൂടി ഉചിതം. ഈ ബിൽ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പുരുഷൻ കടലുണ്ടി അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ാം വകുപ്പ്</u>

<u>Shri. Benny Behanan</u>: Sir, I move the following amendment:

66. In the entry in column (2) against item 1 of the 1st Schedule to the principal Act proposed to be substituted by clause 2, for the words “Three hundred rupees” substitute the words “Four hundred rupees.”

<u>Shri. M.A. Vaheed</u>: Sir, I move the following amendment:

67. In the entry in column (2) against item 1 of the 1st Schedule to the principal Act proposed to be substituted by clause 2, for the words “Three hundred rupees” substitute the words “Five hundred rupees.”

<u>Shri. Joseph Vazhackan</u>: Sir, I move the following amendment:

112. In the entry in column (2) against item 2 of the 1st Schedule to the principal Act proposed to be substituted by clause 2, for the words "Two hundred rupees" substitute the words "Four hundred rupees".

<u>Shri. K.Sivadasan Nair</u>: Sir, I move the following amendment:

116. In the entry in column (2) against item 3 of the Ist Schedule to the principal Act proposed to be substituted by clause 2, for the words "Two hundred rupees" substitute the words "Four hundred rupees".

<u>Shri. Dominic Presentation</u> : Sir, I move the following amendment:

119. In the entry in column (2) against item 4 of the 1st Schedule to the principal Act proposed to be substituted by clause 2, for the words "Two hundred rupees" substitute the words " Three hundred and fifty rupees".

Shri.P.C.Vishnunadh: Sir, I move the following amendment:

125. In the entry in column (2) against item 8 of the Ist Schedule to the principal Act proposed to be substituted by clause 2, for the words "One hundred rupees" substitute the words "One hundred fifty rupees."

Shri. K. Muraleedharan: Sir, I move the following amendment:

127. In the entry in column (2) against item 9 of the 1st Schedule to the principal Act proposed to be substituted by clause 2, for the words "One hundred rupees" substitute the words "One hundred and fifty rupees".

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ശ്രീ. എം. എ. വാഹിദ് അവതരിപ്പിച്ച ഫീസ് നിരക്ക് 500 രൂപയായി വർദ്ധിപ്പിക്കണമെന്ന 108-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. എ. വാഹിദ് അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ് അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതി ഇല്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.............

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

## മൂന്നാം വായന

മി. സ്പീക്കർ: ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്ക് 2011-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 2011-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2011-ലെ ഇന്ത്യൻ പങ്കാളിത്ത കേരള (ഭേദഗതി ബിൽ) പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

### അവകാശലംഘനപ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചവ

ശ്രീമതി ഇ.എസ്. ബിജിമോൾ, ശ്രീമതി ഗീതാഗോപി എന്നീ എം.എൽ.എ. മാർക്കെതിരെ പോലീസ് അതിക്രമം നടന്നതായി പറയപ്പെടുന്നത് സംബന്ധിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നിവർക്കെതിരെ ശ്രീ. എം.എ. ബേബി നൽകിയ നോട്ടീസ്.

<u>പരിഗണനയിലിരിക്കുന്നവ</u>

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ.കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ എന്നിവർ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദനെതിരെ ശ്രീ. ബെന്നി ബെഹനാൻ നൽകിയ നോട്ടീസും തിരുവനന്തപുരം ആയുർവ്വേദ ആശുപത്രി സൂപ്രണ്ടിനെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസും ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എ. പ്രദീപ് കുമാർ എന്നിവർ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. എസ്. സുനിൽ കുമാർ നൽകിയ നോട്ടീസും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻ വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാർ എന്നിവർക്കെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്. വിശദമായ റൂളിംഗ് ലൈബ്രറിയിൽ ലഭ്യമാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, തൽക്കാലം സഭ മുമ്പാകെ വയ്ക്കാൻ ഗവൺമെന്റ് ബിസിനസ്സുകൾ ഒന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതക്കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

## എട്ടാം സമ്മേളനം അവലോകനം

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനമാണ് ഇന്ന് ഇപ്പോൾ അവസാനിക്കുന്നത്. മാർച്ച് 15 മുതൽ ഏപ്രിൽ 10 വരെ 13 ദിവസങ്ങളാണ് സഭ സമ്മേളിച്ചത്. മാർച്ച് 15-ന് ധനകാര്യ വകുപ്പുമന്ത്രിയുടെ 2013-14 വർഷത്തേക്കുള്ള ബഡ്ജറ്റ് അവതരണത്തോടെയാണ് സമ്മേളനം ആരംഭിച്ചത്. തുടർന്ന് 18, 19, 20 തീയതികളിൽ ബഡ്ജറ്റ് ചർച്ച നടന്നു. 21-ന് വോട്ട് ഓൺ അക്കൗണ്ടും 26-ന് ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും പാസ്സായി.

തുടർന്നുള്ള ദിനങ്ങളിൽ 10 ബില്ലുകൾ പാസ്സായി. ഇതിൽ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലാ ബില്ലിന്റെ ചർച്ച എട്ട് മണിക്കൂറിലധികം നീണ്ടു നിന്നു. ആയിരത്തിലേറെ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടു. കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു. കേരള ധനകാര്യ ബില്ലും അവതരിപ്പിക്കപ്പെട്ടു.

11 അടിയന്തരപ്രമേയ നോട്ടീസുകൾക്കുള്ള അവതരണാനുമതി നോട്ടീസ് പരിഗണിച്ചു. ഇതിൽ സംസ്ഥാനത്തെ വരൾച്ചയെക്കുറിച്ചുള്ള പ്രമേയം സഭ ഇന്ന് ചർച്ച ചെയ്തു.

360 നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളും 3684 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിക്കപ്പെട്ടു. സഭയിൽ 42 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകി. 393 ഉപചോദ്യങ്ങൾക്കും വാക്കാൽ മറുപടി ലഭിച്ചു. കൂടാതെ രണ്ട് അടിയന്തര ചോദ്യങ്ങളും സഭയിൽ ഉന്നയിച്ചു.

22 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെ വിവിധ പ്രശ്നങ്ങൾ അംഗങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. 130 സബ്മിഷനുകളും സഭയിൽ അവതരിപ്പിച്ചു. ഇവയ്ക്കെല്ലാം ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയുണ്ടായി. സഭയിൽ അവതരിപ്പിക്കപ്പെടാത്ത സബ്മിഷനുകൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ നേരിട്ട് മറുപടി നൽകും.

അനൗദ്യോഗിക അംഗങ്ങളുടെ 6 ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ സഭ മുമ്പാകെ കൊണ്ടുവന്നു.

ആവശ്യമായ ചർച്ചകളില്ലാതെ ബില്ലുകൾ പാസ്സാക്കുന്നതിനെതിരെ ചെയർ പലപ്പോഴും ആശങ്കകൾ പങ്കുവച്ചിട്ടുണ്ട്. ഇത്തവണതന്നെ 3 ബില്ലുകൾ ഇങ്ങനെ പാസ്സാക്കേണ്ടതായി വന്നിട്ടുണ്ട്. 2 എണ്ണം സബ്ജക്ട് കമ്മിറ്റിക്കും അയച്ചു. ബിൽ ചർച്ച കൂടാതെ പാസ്സാക്കുമ്പോൾ യഥാർത്ഥ ജനഹിതം അതിൽ പ്രതിഫലിക്കപ്പെടുന്നില്ല എന്ന വസ്തുത സഭ വിസ്മരിക്കരുത് എന്നാണ് ചെയറിന്റെ വീണ്ടുമുള്ള അഭിപ്രായം.

ഈ സമ്മേളനവുമായി സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷിനേതാക്കൾ, ബഹുമാനപ്പെട്ട അംഗങ്ങൾ, നിയമസഭാ

സെക്രട്ടേറിയറ്റിലെയും മറ്റ് വകുപ്പുകളിലെയും ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ തുടങ്ങിയ എല്ലാവർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

എല്ലാവർക്കും ക്ഷേമം നിറഞ്ഞ വിഷു ആശംസകൾ നേരുന്നു.

ഓർഡർ.... ഓർഡർ... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനം ആലപിച്ചു)

(2013 ഏപ്രിൽ മാസം 10–ാം തീയതി രാത്രി 7.14–ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു).

******************